
# സംന്യാസം
# സംന്യാസി
# സമുദായം



സ്വാമി പരമേശ്വരാനന്ദ

ശ്രേയസ്

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.

ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in

# സംന്യാസം സംന്യാസി സമുദായം

(രണ്ടാം പതിപ്പ്)

സ്വാമി പരമേശ്വരാനന്ദ സരസ്വതി (സാധുശീലൻ കെ.പരമേശ്വരൻ പിള്ള) 1962-നു മുമ്പുതന്നെ ദേശീയവും സംഘടനാപരവും സാംസ്കാരികവുമായ വിഷയങ്ങളെ അധികരിച്ച് 60-ൽ പരം ലഘുപുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ലേഖനരൂപത്തിൽ 10 ചെറുകഥകൾ, 2 നാടകങ്ങൾ-പരമു, കൃ.പ., ശിവം എന്നീ തൂലികാനാമങ്ങളിൽ രാഷ്ട്രീയവും സാമൂഹികവുമായ വിമർശനം മുതലായവ വേറെയും.

## പിന്നീട് പ്രസിദ്ധപ്പെടുത്തിയ പ്രധാന ഗ്രന്ഥങ്ങൾ:-

ജയജഗജ്ജനനി
ഹിന്ദുധർമ്മപരിചയം (4-പതിപ്പ്)
ടി തമിഴ് തർജ്ജമ (2-പതിപ്പ്)
കന്യാകുമാരി സ്ഥലപുരാണം (6-പതിപ്പുകൾ)
ടി തമിഴ് തർജ്ജമ (4-പതിപ്പ്)
കന്യാകുമാരിയും ചുറ്റുക്ഷേത്രങ്ങളും
കന്യാകുമാരി മുതൽ കപിലവാസ്തു വരെ (2-പതിപ്പ്)
മഹാത്മാഗാന്ധി - മാർഗ്ഗവും ലക്ഷ്യവും
ഷോഡശ സംസ്കാരകർമ്മങ്ങൾ (3-പതിപ്പ്)
കൃഷ്ണം ശരണം ഗച്ഛാമി
പുണ്യചരിതാവലി
ധർമ്മരശ്മികൾ
ആർഷരശ്മികൾ
ജീവിതജ്യോതി
വിജ്ഞാനപ്രഭ
സംന്യാസം, സംന്യാസി, സമുദായം
സത്സംഗവും ജീവിതവും
വന്ദേമാതരം
ഭാരതഭാഗ്യവിധാതാ ഭഗവാൻ ശ്രീകൃഷ്ണൻ

# സംന്യാസം
# സംന്യാസി
# സമുദായം

(രണ്ടാം പതിപ്പ്)

സ്വാമി പരമേശ്വരാനന്ദ

വിതരണം :

ജ്ഞാനാനന്ദകുടീരം
ഇരുനിലംകോട്, തൃശ്ശൂർ

Malayalam

**Sannyasom, Sannyasi, Samudayam**
(Monkhood, Monk, Community)

by
Swami Parameswarananda

First published - January 1990

Second impression - July 2006

Published by
Jnanananda Kutiram Asramam
Irunilamcode, Mulloorkara P.O.
Thrissur Dist.

Right reserved Publishers only

Printed at
Harikrishnans, Tvm
Phone : 0471-2725205, 3254277

Price : 50/-

# വിഷയവിവരം


| | |
|---|---|
| ഗുരുപരമ്പരയ്ക്കു നമസ്കാരം | vii |
| സാമാന്യ ധർമ്മവചനങ്ങൾ | ix |
| സ്വാമി പരമേശ്വരാനന്ദ - ജീവചരിത്രക്കുറിപ്പ് | xi |
| ദുർവ്യസാന പ്രതീകാരദശകം | 1 |
| സംന്യാസം, സംന്യാസി, സമുദായം - പീഠിക | 3 |
| സംന്യാസ പാരമ്പര്യം | 9 |
| സംന്യാസപരമ്പര - കേരളത്തിൽ | 22 |
| ഗീതോപദിഷ്ട സംന്യാസം | 32 |
| ത്യാഗാത് ശാന്തിരനന്തരം | 39 |
| സംന്യാസത്തിലെ സംസ്കാര വൈവിധ്യം | 45 |
| സംന്യാസത്തെപ്പറ്റി സ്വാമിവിവേകാനന്ദൻ | 50 |
| സംന്യാസി ഗീതം | 57 |
| സംന്യാസത്തെപ്പറ്റി ശിവാനന്ദജി | 60 |
| സംന്യാസവും ശങ്കരഭഗവൽപാദരും | 69 |
| സംന്യാസ ധർമ്മം | 79 |
| സംന്യാസ ദീക്ഷ | 87 |
| വിരജാഹോമം | 97 |

# ഗുരുപരമ്പരയ്ക്കു നമസ്കാരം

നാരായണം പദ്മഭുവം വസിഷ്ഠം
ശക്തിം ച തത്പുത്ര പരാശരം ച
വ്യാസം ശുകം ഗൗഡപദം മഹാന്തം
ഗോവിന്ദയോഗീന്ദ്രമഥാസ്യ ശിഷ്യം
ശ്രീ ശങ്കരാചാര്യമഥാസ്യ പദ്മ-
പാദം ച ഹസ്താമലകം ച ശിഷ്യം
തം ത്രോടകം വാർത്തികകാരമന്യാ-
നസ്മദ് ഗുരൂൻ സന്തതമാനതോസ്മി

(ഇങ്ങനെ ആദിനാരായണൻ മുതൽ സുരേശ്വരാചാര്യർ വരെ ബ്രഹ്മവിദ്യാസമ്പ്രദായപ്രവർത്തകരായ ആചാര്യന്മാരെയും ആ മഹാത്മാക്കളുടെ ശിഷ്യപരമ്പരയിൽപ്പെട്ട ഞങ്ങളുടെ മറ്റു ഗുരുനാഥന്മാരെയും എപ്പോഴും ഞാൻ നമസ്കരിക്കുന്നു.)

# സാമാന്യ ധർമ്മ വചനങ്ങൾ

(അരുൾപ്പെരും ജ്യോതി ശ്രീരാമലിംഗ സ്വാമികൾ)

1. നിങ്ങളുടെ ആവശ്യങ്ങളെ കഴിയുന്നതും കുറയ്ക്കുക.
2. പരിതഃസ്ഥിതിക്കു തക്കവണ്ണം പെരുമാറുക.
3. ഏതു സാധനത്തിലും ഏതു വ്യക്തിയിലും മമത വെടിയണം.
4. ഞാൻ കർത്താവല്ല, സാക്ഷി മാത്രമാണ് എന്നു വിചാരിക്കുക.
5. മധുരമായും മിതമായും സംസാരിക്കുക.
6. ഈശ്വരനെ ദർശിക്കുവാൻ തീവ്രമായി ആഗ്രഹിക്കുക.
7. അതിയായ ക്ഷമയും അശ്രാന്തപരിശ്രമവും വേണം.
8. താനാരാണെന്ന് ഗാഢമായി ചിന്തിച്ചുനോക്കുക.
9. ഗുരു നിങ്ങൾക്ക് വഴി തെളിയിക്കുക മാത്രമാണ് ചെയ്യുന്നത്. ആ വഴിയിൽ പ്രവർത്തിക്കേണ്ടത് നിങ്ങളാണ്.
10. ഇന്നു ചെയ്യാനുള്ള കാര്യം നാളെയാകട്ടെ എന്ന് നീട്ടി വെയ്ക്കരുത്.
11. ആത്മപ്രശംസ പാടില്ല. തന്റെ പ്രഭാവത്തിനെ പ്രദർശിപ്പിക്കണ്ട. എളിമയോടും ആത്മസംയമനത്തോടും ജീവിക്കുക.
12. സർവ്വദാ സുസ്മേരവദനനായിരിക്കു. വ്യാകുലം ഉപേക്ഷിക്കുക.
13. നിങ്ങൾക്ക് ആവശ്യമില്ലാത്ത കാര്യങ്ങളിൽ നിശ്ചിന്തനായിരിക്കുക.
14. ജനത്തിരക്കിൽ നിന്നും തർക്കങ്ങളിൽനിന്നും അത്യന്തം വിരമിക്കുക.
15. ദിവസേന കുറച്ചു സമയം (ചില മണിക്കൂറുകൾ) ഏകാന്തമായിരിക്കുക.
16. വിവേക, വൈരാഗ്യാദികൾകൊണ്ട് നിങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കുക.
17. എല്ലായ്പോഴും മനസ്സമാധാനം പരിപാലിക്കുക.
18. നിങ്ങൾ സംസാരിക്കുന്നതിനുമുമ്പ് രണ്ടു പ്രാവശ്യം ചിന്തിക്കുക, ഒരു കാര്യം ചെയ്യാൻ തുടങ്ങുന്നതിനുമുമ്പ് മൂന്നു പ്രാവശ്യം ചിന്തിക്കുക.
19. അന്യന്മാർ നിങ്ങൾക്കു ചെയ്തിട്ടുള്ള ദ്രോഹങ്ങളെ ക്ഷമിച്ച് വിസ്മരിക്കുക.

20. നിങ്ങളുടെ ശത്രുക്കൾക്കും നന്മതന്നെ ചെയ്യുക.

21. ഏതു ദുഃഖത്തേയും സഹിക്കുവാൻ സന്നദ്ധനായിരിക്കുക.

22. നിങ്ങളുടെ തെറ്റുകളെ ശരിക്കും സമ്മതിക്കുക.

23. ദാനശീലം കൊണ്ട് നിങ്ങളുടെ ഹൃദയത്തെ പരിശുദ്ധമാക്കുക.

24. ഈശ്വരനെയൊഴിച്ച് മാറ്റാരോടും അത്യന്തമായ സമ്പർക്കം പുലർത്താതിരിക്കുക.

25. വിശന്നിരിക്കുക, തനിച്ചിരിക്കുക, ഉണർന്നിരിക്കുക-സത്യത്തെ അറിയുവാൻ സാധിക്കും.

26. ഏതു കാര്യത്തിലും മിതമായിരിക്കുക. അമിതം സർവ്വദാ ആപൽക്കരമാണ്.

27. ആരെങ്കിലും നിങ്ങളെ അപമാനിച്ചാലും പരിഹസിച്ചാലും കോപപ്പെടണ്ട. അവ വെറും വാക്കുകൾ മാത്രമാണ്, ശബ്ദഭേദമാണ്.

28. നിങ്ങളുടെ മനസ്സിനെ ഈശ്വരോന്മുഖമാക്കി യഥാർത്ഥമായ ജീവിതം നയിക്കുക.

29. ഇന്ദ്രിയങ്ങളെ ഒന്നൊന്നായി നിയന്ത്രിക്കുക.

30. ശാന്തിയോടും ധൈര്യത്തോടും കൂടി തടസ്സങ്ങളെ നേരിടുക.

31. ദ്രോഹം ചെയ്യുന്നവർ സ്വയം നശിക്കും.

# സ്വാമി പരമേശ്വരാനന്ദ – ജീവചരിത്രക്കുറിപ്പ്

തിരുവനന്തപുരം ജില്ലയിൽ, ചിറയിൻകീഴ്-നെടുമങ്ങാട് താലൂക്കുകളുടെ അതിർത്തിഗ്രാമമായ മുദാക്കൽ, വാവൂക്കോണത്തുവീട്ടിൽ 1920 ആഗസ്റ്റ് 14ന് ആയില്യം നക്ഷത്രത്തിൽ, പരമഭക്തരായ കൃഷ്ണപിള്ള, ലക്ഷ്മി അമ്മ ദമ്പതികളുടെ പുത്രനായി ജനിച്ചു. ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെയും ശ്രീ നാരായണഗുരുവിന്റെയും സമകാലീനനും അവരുടെ സുഹൃത്തുമായിരുന്ന പരമേശ്വരത്ത് പരമേശ്വരനാശാൻ (ജ്ഞാനി ആശാൻ) ആയിരുന്നു പിതാമഹൻ. പരമേശ്വരൻ പിള്ള എന്ന പേരുതന്നെ കുട്ടിക്ക് അച്ഛനമ്മമാർ ഇട്ടു. ആ ബാലനിൽ ഈശ്വരഭക്തി, വിനയം, ശാന്തശീലം, സത്സംഗതാല്പര്യം എന്നിവ കണ്ട്, കുളത്തൂർ സ്വയം പ്രകാശ യോഗിനിയമ്മ സാധുശീലൻ പരമേശ്വരൻപിള്ള എന്നു വിളിച്ചു. 60-ാംമത്തെ വയസ്സിൽ സന്യാസം സ്വീകരിക്കുന്നതുവരെ ആ പേരിലാണ് അറിയപ്പെട്ടതും, എഴുതിയിരുന്നതും.

വളരെ ദരിദ്രമായ ഒരു കർഷകകുടുംബത്തിൽ ജനിച്ചതിനാൽ ഔപചാരിക വിദ്യാഭ്യാസം കൂടുതൽ നേടാനായില്ലെന്നതു മാത്രമല്ല ജീവിതവൃത്തിക്ക് ബാലവേലവരെ ചെയ്യേണ്ടിവന്നു. 14-ാമത്തെ വയസ്സിൽ ഒരു നിയോഗം പോലെ വീടുവിട്ടിറങ്ങി 27-ാമത്തെ വയസ്സിലാണ് തിരികെ നാട്ടിൽ വരുന്നത്. ഇക്കാലയളവിൽ, ഒരു സത്യാന്വേഷിയായി ഒരു പരിവ്രാജകനെപ്പോലെ ഭാരതമൊട്ടാകെ സഞ്ചരിച്ചു. കയ്യിൽ പണമില്ലാതെ, ഒരു സഹായിയുമില്ലാതെ, ഇന്നത്തെ ഗതാഗത സൗകര്യങ്ങളോ, വാർത്താവിനിമയ സൗകര്യങ്ങളോ വിരളമായി മാത്രമുള്ള അക്കാലത്തെ ആ യാത്രയുടെ വിഷമതകൾ വിവരണാതീതമാണ്. ഭാരതത്തെ കണ്ടെത്താനുള്ള അദമ്യമായ ആഗ്രഹം മാത്രമായിരുന്നു ലക്ഷ്യം. പുണ്യാത്മാക്കളുടെ വാസസ്ഥാനങ്ങൾ, പുണ്യസ്ഥലങ്ങൾ, മഹാക്ഷേത്രങ്ങൾ, ഹിമാലയ സാനുക്കൾ തുടങ്ങി ശ്രീ ബുദ്ധന്റെ ജന്മസ്ഥലം വരെ സന്ദർശിച്ചു. അക്കാലത്തെ ഭാരതത്തിലെ പ്രസിദ്ധസന്യാസിമാർ, യോഗികൾ, സിദ്ധന്മാർ എന്നിവരുമായും ഗാന്ധിജി, വീരസവർക്കർ, നേതാജി സുഭാഷ്ചന്ദ്രബോസ്, ശ്യാമപ്രസാദ് മുഖർജി, ശ്രീ സത്യമൂർത്തി, ബാരിസ്റ്റർ എൻ.സി. ചാറ്റർജി, ജ്വാലാപ്രസാദ് ശ്രീവാസ്തവ, ഡോ. ഹെഡ്ഗേവാർ, രവീന്ദ്രനാഥ ടാഗോർ തുടങ്ങിയ ദേശീയ നേതാക്കളുമായും സാംസ്കാരിക നേതാക്കളുമായും സ്വാമി അഭേദാനന്ദ മഹാരാജ് (ബംഗാൾ) ശ്രീമദ് വിരജാനന്ദ സ്വാമികൾ തുടങ്ങിയ അനേകം ആദ്ധ്യാത്മികാചാര്യന്മാരുമായും സമ്പർക്കപ്പെട്ടു. ഡൽഹിയിൽവച്ച് സ്വാതന്ത്ര്യ സമരത്തിലും പങ്കെടുത്തു അറസ്റ്റിലായിട്ടുണ്ട്. ഒടുവിൽ ജീവിതവൃത്തിയ്ക്ക് ഇന്ത്യാഗവൺമെന്റിൽ ഒരു ചെറിയ ഉദ്യോഗം സ്വീകരിച്ചെങ്കിലും അതു രാജിവെച്ചിട്ട് ദൈവനിയോഗം ഏറ്റെടുക്കാൻ അഖിലഭാരത ആര്യ (ഹിന്ദു) ധർമ്മ സേവാസംഘത്തിലെ ഒരു മിഷണറിയായി കേരളത്തിലെത്തുകയാണു ചെയ്തത്. പിന്നീടുള്ള ജീവിതം കേരളത്തിന്റെ സാംസ്കാരിക, ആദ്ധ്യാത്മിക രംഗത്തിന്റെ ഭാഗമായിതീർന്നു. ഇവിടെയും അദ്ദേഹം ബന്ധപ്പെടാത്ത ആശ്രമങ്ങൾ, ക്ഷേത്രങ്ങൾ, മഠങ്ങൾ, ആചാര്യന്മാർ, സാംസ്കാരിക നായകന്മാർ വിരളമായിരു

ന്നു. ശ്രീമദ് ആഗമനാനന്ദസ്വാമികൾ, വേദബന്ധു, പി.ആർ. രാജരാജവർമ്മ, മന്നത്തു വത്മനാഭൻ തുടങ്ങി അനേകം പേരുമായി ഊഷ്മളമായ ബന്ധമാണുണ്ടായിരുന്നത്. 1957 മുതൽ 62 വരെ 'കേസരി'യുടെ പത്രാധിപരായിരുന്നു. കോഴിക്കോട് ശ്രീകൃഷ്ണ ജന്മാഷ്ടമി സമിതി; ഗോഹത്യ നിരോധന സമിതി, ശ്രീശാരദാ ഭക്തസമിതി എന്നിവ സംഘടിപ്പിച്ചു.

1962-ൽ കന്യാകുമാരിയിൽ വിവേകാനന്ദ ശിലാസ്മാരകം നിർമ്മിക്കുന്നതിനുള്ള ചുമതല ഏറ്റെടുത്തു. എല്ലാവിധ എതിർപ്പുകളെയും അതിജീവിച്ച് 1964ൽ ആരംഭിച്ച പണി. വ്യക്തികളുടെയും, സ്ഥാപനങ്ങളുടെയും, സ്റ്റേറ്റു ഗവണ്മെന്റുകളുടെയുമൊക്കെ സഹായത്താൽ 1970-ൽ പൂർത്തിയാക്കി. രണ്ടുമാസത്തെ ഉൽഘാടന പരിപാടികൾക്കു നേതൃത്വം നൽകി.

1980-ൽ അറുപതാം വയസ്സിൽ പ്രസിദ്ധ ആദ്ധ്യാത്മികാചാര്യനായിരുന്ന ശ്രീമദ് ജ്ഞാനാനന്ദ സരസ്വതി സ്വാമികളിൽ നിന്നും പരമേശ്വരാനന്ദ സരസ്വതി എന്ന പേരിൽ സന്യാസം സ്വീകരിക്കുന്നതുവരെ കന്യാകുമാരി വിവേകാനന്ദ കേന്ദ്രത്തിന്റെ ഭരണസമിതിയിൽ പ്രവർത്തിച്ചു. സന്യാസിയായ ശേഷം ഭൗതികമായ ചുമതലകളെല്ലാം വിട്ടു കന്യാകുമാരിയിൽ ശ്രീ കൃഷ്ണമന്ദിർ ആശ്രമം സ്ഥാപനിച്ച് 18 വർഷം ഗുരുനാഥനോടൊപ്പം ജ്ഞാനയജ്ഞം നടത്തി. ഗുരുവിന്റെ സമാധിക്കുശേഷം 1998ൽ കൊടകരയ്ക്കടുത്ത് ശ്രീകൃഷ്ണാശ്രമം സ്ഥാപിച്ചു. ആ സ്ഥലം ഇപ്പോൾ പരമേശ്വരം എന്നറിയപ്പെടുന്നു. ആറ് വർഷത്തിനുശേഷം തൃശ്ശൂർ വടക്കാഞ്ചേരി മുള്ളൂർക്കരവഴി ഇരുനിലക്കോടു ഗുഹാക്ഷേത്രത്തിനടുത്ത് ജ്ഞാനാനന്ദ കുടീരം സ്ഥാപിച്ചു.

സംസ്കൃതം, ഹിന്ദി, ഇംഗ്ലീഷ്, മലയാളം, തമിഴ് തുടങ്ങിയ ഭാഷകളിൽ അവഗാഹം നേടിയ സ്വാമിജി അനേകം ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. അവയിൽ ഹിന്ദുധർമ്മപരിചയം, ഷോഡശസംസ്കാരങ്ങൾ തുടങ്ങിയവ വളരെ പ്രസിദ്ധങ്ങളും അനേകം പതിപ്പുകൾ വേണ്ടിവന്നവയുമാണ്.

ശ്രീ കൃഷ്ണധർമ്മ പ്രചരണത്തിനു നല്കിയ സംഭാവനകളെ മാനിച്ച് 2004-ൽ സ്വാമിജിക്ക് ജന്മാഷ്ടമി പുരസ്കാരം നല്കപ്പെട്ടു.

സ്വാമിജിക്ക് 28 സന്യാസിശിഷ്യന്മാരുണ്ട്. പിതാവിന്റെ നിർദ്ദേശം മാനിച്ച് ഗൃഹസ്ഥാശ്രമം സ്വീകരിച്ചിരുന്നു. പൂർവ്വാശ്രമത്തിൽ ഭാര്യയും നാലു മക്കളുമുണ്ട്. ഭാര്യയുടെ പേർ ടി.കെ. വിജയമ്മ (റിട്ട: ഗവ: സർവ്വീസ്) മകൻ വിജയകൃഷ്ണൻ (പ്രസിദ്ധ നിരൂപകനും സാഹിത്യകാരനും, സിനിമാ സീരിയൽ ഡയരക്ടറും) പെൺമക്കൾ: ഗീത (കുടുംബിനി) ഗിരിജാ ദേവീ (അദ്ധ്യാപിക) ശോഭന (അദ്ധ്യാപിക)

സ്വാമിജിക്ക് പൂർവ്വാശ്രമത്തിൽ ഒരു സഹോദരിയും നാലു സഹോദരന്മാരും ഉണ്ട്. ശ്രീമാന്മാർ കെ. മാധവൻപിള്ള (എക്സ്സർവ്വീസ്) എൽ. ഭവാനിയമ്മ (കുടുംബിനി) കെ. അനന്തൻപിള്ള (റിട്ട: അദ്ധ്യാപകൻ) കെ. രാമൻപിള്ള (ബി.ജെ.പി. ദേശീയ കൗൺസിൽ മെമ്പർ) കെ. രാജേന്ദ്രൻ (റിട്ട: അസി: സെക്രട്ടറി, ഹെൽത്ത്) എല്ലാവരും ആദ്ധ്യാത്മികരംഗത്തും സാമൂഹ്യ രംഗങ്ങളിലും പ്രവർത്തിക്കുന്നു.

– 19 ജൂലായ് 2006

# ദുർവ്വാസന പ്രതീകാര ദശകം

## (ശ്രീ വിദ്യാരണ്യസ്വാമികൃതം)

പ്രാതർ വൈദിക കർമ്മതസ്തദനുസദ്
വേദാന്ത സഞ്ചിന്തയാ
പശ്ചാദ് ഭാരത മോക്ഷ ധർമ്മകഥയാ
വാസിഷ്ഠ രാമായണാത്
സായം ഭാഗവതാർത്ഥ തത്വ കഥയാ
രാത്രൗ നിദിധ്യാസനാത്
കാലോ ഗച്ഛതു നഃ ശരീരഭരണം
പ്രാരബ്ധ കണ്ഠാർപ്പിതം

അജ്ഞാനം ത്യജ ഹേ മനോ മമ
സദാ ബ്രഹ്മാത്മ സദ്ഭാവനാത്
സങ്കല്പാനഖിലാനപത്യജ ജഗ-
ന്മിഥ്യാത്വ സംഭാവനാത്
കാമം സാധന സാധന ശ്രമപരി
ധ്യാനാദജസ്രം ത്യജ
ക്രോധം തു ക്ഷമയാ സദാ ജഹി
ബലാല്ലോഭം തു സന്തോഷതഃ

ജിഹ്വോപസ്ഥ സുഖഭ്രമം ത്യജ മനഃ
പര്യന്ത ദുഃഖേക്ഷണാത്
പാരുഷ്യം മൃദുഭാഷണാത്ത്യജ
വൃഥാലാപ ശ്രമം മൗനതഃ
ദുഃസംഗം ത്യജ സാധുസംഗമ ബലാത്
ഗർവ്വം തു ഭംഗേ ക്ഷണാത്
നിന്ദാ ദുഃഖമനിന്ദ്യ ദേവ മുനിഭിർ
നിന്ദാ കഥാ സംസ്കൃതേ

നിദ്രാം സാത്വികവസ്തു സേവനതയാ
സ്വപ്നം സദാ ജാഗരാത്
രോഗാൻ ജീർണ്ണസിതാശനാദ് ജഹി
സദാ ദൈന്യം മഹാധൈര്യതഃ
അർത്ഥാനർത്ഥപരിഗ്രഹം ത്യജ
വൃഥാ സംസർഗ്ഗ സംത്യാഗതഃ
സ്ത്രീ വാഞ്ഛാം ത്യജ ദോഷ ദർശ-
നബലാദ് ദുഃഖം സുഖാത്മേക്ഷണാത്

ദാരാസക്തിമനാദരാത് സുത ധനാസക്തിം
ത്വ നിത്യത്വതഃ
സ്നേഹം മോഹ വിസർജ്ജനാത് കരുണയാ
നൈഷ്ഠുര്യമന്തസ്ത്യജ
ഔദാസീന്യ സമാശ്രയാ ത്യജ സുഹൃൻ
മിത്രാരി ദുർവാസനാം

സർവ്വാനർത്ഥകരാൻ ദശേന്ദ്രിയ രിപൂ-
നേകാന്തവാസാജ്ജഹി

ആലസ്യം ത്വര ശ്രമം ശമധിയാ
തന്ദ്രിം സമുത്ഥാനതോ
ഭേദ ഭ്രാന്തിമഭേദ ദർശനബലാ-
ന്മിഥ്യാ ത്വതഃസത്യതാം
മർമ്മോക്തിം നിജമർമ്മ കർമ്മകഥയാ
ക്രോധം സ്വസാമ്യേക്ഷണാത്
ആക്രോശം കുശലോക്തിതസ്ത്യജ
മനച്ഛിന്ധ്യ പ്രമാദാദ് ഭയം

ഭൂതാർത്ഥസ്മരണം വൃഥാഭ്രമധിയാ
പ്രാപ്തം തുഹാനേക്ഷണാത്
ഭവ്യാർത്ഥ വ്യസനം സദാ ത്യജ മനഃ
പ്രാരബ്ധ ചോദ്യേക്ഷണാത്
ശിഷ്ടാശിഷ്ട ജനക്രിയാം ത്യജ വൃഥാ
കഷ്ടാനുസംധാനതഃ
സ്നേഹാദ്വേഷമതിം സദാ ത്യജ ജനം
ഭസ്മാന്തതാ സംസ്കൃതേഃ

അദ്ധ്യാത്മാദിഭവം സദാ ത്യജ മന-
സ്താപം സ്വഭാവേക്ഷണാത്
വൈഷമ്യം സമഭാവതഃ പരകഥാ
വിക്ഷേപമക്ഷോഭതഃ
ധിക്കാരാദിഭവം തു ദുഃഖമനിശം
തദ്യോഗ്യതാ ഭാവനാത്
തജ്ഞാതജ്ഞശിശൂൻ ക്ഷമസ്വ കൃപയാ
കർമ്മക്ഷയാത്താഡനം.

ആയുർഗച്ഛതി പേടികാമിവജലം
സംത്യജ്യ ദേഹം ജവാത്
ഗച്ഛന്തിന്ദ്രിയശക്തയോപി കുലടാ
യദ്വന്നരം നിർദ്ധനം
പ്രജ്ഞാഗച്ഛതി ദാവദാഹസമയേ
നീഡം മൃഗീവത്ക്വവാ
ജ്ഞാത്വാ സത്വരമാശ്രയാത്മപദവീം
ദേഹം വൃഥാമാകൃഥാഃ

ധൈര്യൈരാവത ശാന്തിധേനു
ദമനാ മന്ദാരവൃക്ഷം സദാ
മൈത്ര്യാദ്യപ്സരസം വിവേകതുരഗം
സന്തോഷ ചിന്താമണിം
ആത്മജ്ഞാന മഹാമൃതം സമരസം
വൈരാഗ്യ ചന്ദ്രോദയം
വേദാന്താർണ്ണവമാശ്രയന്നനുദിനം
സേവസ്വ മുക്തിശ്രിയം

# സംന്യാസം, സംന്യാസി, സമുദായം – പീഠിക

മനുഷ്യർ മാത്രമല്ല, ഈ ലോകത്തിൽ ജനിക്കുന്ന എല്ലാ ജീവജാലങ്ങളും വളർന്നു വികസിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്ക് ഒരു ദിവസം എല്ലാമെല്ലാം വിട്ടുപോകാൻ ബാദ്ധ്യസ്ഥരാണല്ലോ. എങ്ങോട്ടാണ് പോകുന്നത്? എവിടെ നിന്നു വന്നു? എന്തിനു വന്നു? ജീവിക്കുന്നതെന്തിന്? സുഖ-ദുഃഖമിശ്രമായ ഈ ജിവിതവും ലക്ഷ്യവുമെന്തു്? ഇത്യാദി എത്രയെത്ര സംശയങ്ങൾ!

ജീവികളിൽ ചിന്തിക്കാൻ ശക്തിയുള്ള മനുഷ്യൻ ഭൗതിക നിലവാരത്തിൽ തലപുകഞ്ഞ് ആലോചിക്കാറുണ്ടെങ്കിലും തൃപ്തികരമായ സമാധാനം കിട്ടുന്നില്ലെന്നു മാത്രമല്ല സംശയം ശേഷിക്കുകയും ചെയ്യുന്നു. 'സംശയാത്മാവിനശ്യതി'യെന്നാണല്ലോ ഭഗവദ്വചനം. താനും തന്റേതെന്നുമുള്ള അഹന്തയും അഭിമാനവും അദ്ധ്യാത്മജ്ഞാനത്തിലൂടെ സംസ്കരിച്ചെങ്കിൽ മാത്രമേ സംശയനിവാരണത്തിന്റെ രാജപാത നിരാവരണമാവൂ. അപ്പോൾ ബോദ്ധ്യപ്പെടും സർവ്വസ്വവും ഉപേക്ഷിക്കേണ്ടവരായ നമ്മുടെ ജീവിത ലക്ഷ്യം തന്നെ സംന്യാസമാണെന്ന്!

പരമലക്ഷ്യബോധത്തോടുകൂടിയ അപൂർവ്വം നരജീവിതങ്ങളിലെങ്കിലും സമാധാനത്തിന്റെയും ജീവകാരുണ്യത്തിന്റെയും പ്രകാശകാന്തി സ്വാഭാവികമായും അനുഭവപ്പെടുന്നുണ്ട്. അവർക്ക് ആത്മഹത്യയിലല്ല, സംന്യാസത്തിലാണ് അഭിരുചിയുണ്ടാവുക.

കലിയുഗസ്വഭാവമനുസരിച്ച് കലക്കാനും കലങ്ങിയ വെള്ളത്തിൽ മുതലെടുക്കാനും മത്സരിക്കുന്ന പ്രവണത മുന്നേറിക്കൊണ്ടിരിക്കും. കുടിവെള്ളം കിട്ടിയെങ്കിൽപ്പൊലും തെളിയാൻ സമ്മതിക്കില്ല. സഹസ്രാബ്ദങ്ങളായി വിവിധ സമുദായങ്ങളുടെ സ്പർശനമേറ്റുവന്ന ജീവിത മൂല്യത്തിന്റെ അധർമ്മാവരണമുണ്ടാവാമെങ്കിലും ചിന്തിച്ച് (മനനം ചെയ്ത്) സത്യമറിയുക മനുഷ്യധർമ്മമാണല്ലോ.

വർണ്ണാശ്രമധർമ്മത്തിന്റെ വികലവും വികടവുമായ ധാരണകളുടെ പരിണാമമാണ് ഗുരുത്വക്കേട് അഥവാ ഗുരു-ശിഷ്യ പാരമ്പര്യത്തിന്റെ ശിഥിലീകരണം. സദ്ഗുരുമുഖത്തിൽ നിന്നു കേൾക്കുകയും, മനനം ചെയ്ത് അനുഷ്ഠിക്കുകയും ചെയ്യുന്ന പവിത്ര ജീവിത പദ്ധതിയിലാണ് തത്വമസ്യാദിമഹാവാക്യങ്ങളുടെ (വേദവിദ്യയുടെ) പ്രസക്തി.

സംസ്കാരവൈവിധ്യമനുസരിച്ച്, സത്യസാക്ഷാത്കാരത്തിന്റെ ഏറ്റക്കുറവുകളനുസരിച്ച് സംന്യാസിമാരുടെ ബാഹ്യാഭ്യന്തര പ്രകൃതികളിൽ വൈവിധ്യങ്ങളും വൈരുധ്യങ്ങളും കാണാം. ആത്മജ്ഞാനത്തിൽ അറിവും അനുഭവവും എത്രത്തോളം ഉണ്ടെന്നതാണ് പ്രധാനം.

സമുദായത്തിലെ സാമാന്യധർമ്മച്യുതി നിമിത്തം, മിഥ്യാപ്രപഞ്ചത്തെ സത്യസർവ്വസ്വമായും, ഈശ്വരസത്യത്തെ മിഥ്യാസങ്കല്പമായും വിക്ഷേപാവരണങ്ങളിൽ മുഴുകിയിരിക്കുന്ന മാനവസമുദായത്തിന്റെ പുരോഗതിയെല്ലാം നാശത്തിലേക്കുതന്നെ. അരനൂറ്റാണ്ടിനു മുൻപുവരെ മനുഷ്യജന്മം സന്തോഷപ്രദമായിരുന്നു. 'വന്ദേമാതര'കാലത്തെ അവിഭക്തഭാരതത്തിൽ മുപ്പതുകോടി ജനങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ ഇപ്പോഴത് നൂറുകോടി കവിഞ്ഞിരിക്കുന്നു! അനിയന്ത്രിതമായ ജനവർദ്ധന നിരോധിക്കാനും നശിപ്പിക്കാനും ലോകരാഷ്ട്രങ്ങൾ പലതും പരിഭ്രാന്തരായി പദ്ധതികളിലൂടെ പ്രവർത്തനരംഗത്തുണ്ട്. മറ്റു പല പ്രശ്നങ്ങളുടെ തുടക്കമായിരിക്കും കൃത്രിമവും അഹന്താജന്യവുമായ പദ്ധതികളുടെ പുരോഗതി! ആത്മവസ്തുവിനെ അവഗണിച്ചുകൊണ്ട് അനാത്മവസ്തുക്കളിൽ പുരോഗതി കണ്ടെത്താനാവില്ല. ലോകൈഷണയിൽപ്പെട്ട നേതൃത്വമോഹവും മോഹഭംഗങ്ങളും അതിന്റെ ദുസ്സന്തതികളായ പകയും പകപോക്കലും മറ്റു മറ്റും ക്രൂരമുഖങ്ങളിലൂടെ അട്ടഹസിച്ചുകൊണ്ടുയരുന്നുണ്ട്. ഇതിനിടയ്ക്ക് കർമ്മഠന്മാരുടെ സംന്യാസിപരിവേഷം പരിഹാസപാത്രമാവുന്നതും സാധാരണം.

മദ്ധ്യപ്രദേശിൽ മന്ത്രിപദവിയിലിരുന്ന ഒരു സംന്യാസി കൂടക്കൂടെ ഏകാന്തവാസത്തിനു പോയതിനാൽ ജനങ്ങൾ വേവലാതിപ്പെട്ടുവത്രെ. ആ 'സംന്യാസി' എത്ര നല്ലവനായാലും മന്ത്രിപദവി സ്വീകരിച്ചുകൊണ്ട് സംന്യാസധർമ്മച്യുതിയെന്ന കുടുക്കിലാണ് കുടുങ്ങിയത്. തനിക്കു സംന്യാസമാണ് ലക്ഷ്യമെന്നും, പക്ഷേ കുറേദി

വസമെങ്കിലും മന്ത്രിപദവിയിലിരിക്കുമെന്നും പറഞ്ഞു കൊണ്ടിരുന്ന ഒരു സ്ഥിരം എം.എൽ.എ.യുടെ മോഹഭംഗവും, അഭിനയത്തിലൂടെ ജനങ്ങളെ പാട്ടിലാക്കാമെന്നു (ഇന്നത്തെ നേരും നെറിയും കെട്ട രാഷ്ട്രീയത്തിൽ) തെളിയിച്ച ആന്ധ്രയിലെ മുഖ്യമന്ത്രി സംന്യാസി വേഷമിട്ട് താൻ സംന്യാസിയാണേയെന്നു ആണയിട്ടുകൊണ്ടിരിക്കുന്നതും മറ്റും മറ്റും സംന്യാസത്തിന്റെ പേരിൽ നടമാടുന്ന അനാചാരങ്ങളുടെ നാലുപേർ അറിയുന്ന ചില ഉദാഹരണങ്ങൾ മാത്രം.

ശ്രേഷ്ഠരെന്നും നേതാക്കളെന്നും അറിയപ്പെടുന്ന വ്യക്തികൾ സ്വേച്ഛാനുസരണം ധർമ്മനീതികളെ വികലമാക്കി അനുയായികളെക്കൊണ്ട് ആചരിപ്പിക്കുന്നതിന്റെ ദുരന്തഫലങ്ങളാണ് ചുറ്റുപാടും കാണപ്പെടുന്ന അസ്വാസ്ഥ്യങ്ങളും അലങ്കോലങ്ങളും.

യദ്യദാചരതി ശ്രേഷ്ഠസ്തത് തദേവേതരോ ജനഃ

സയത്പ്രമാണം കുരുതേ ലോകസ്തദനുവർത്തതേ!

ഉയർന്ന വ്യക്തികളുടെ ആചരണങ്ങൾ കണ്ടിട്ടാണ് ജനങ്ങളവ അനുകരിക്കുന്നത്. നേതാക്കന്മാർ പ്രമാണമാക്കുന്നതിന്റെ വഴിക്ക് ജനങ്ങളും ചരിക്കുന്നു. (ഗിത 3-21)

സംന്യാസിയുടെ നിയതധർമ്മം നിവർത്തനസ്വരൂപമായ പരമപുരുഷാർത്ഥമാണെങ്കിലും മനുഷ്യനെന്ന നിലയിൽ സമൂഹബന്ധത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ പറ്റുമോ? കന്യാസ്ത്രീകളും പാതിരിമാരും മുല്ലമാരും മറ്റും അവരവരുടെ സമുദായാഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുപോലെ ഈ ഹിന്ദുസംന്യാസിമാർക്കും പ്രവർത്തിച്ചുകൂടെ? കേൾക്കാൻ സുഖമുള്ള ഈ ചോദ്യത്തിനു മുൻപ് ഓരോ ഹിന്ദുവും പത്തു പ്രാവശ്യം ചിന്തിക്കട്ടെ. ഇതര കുടുംബങ്ങളിൽ നിന്നും ഓരോ അംഗമെങ്കിലും സംന്യാസപുരോഹിതരാവുന്നതിൽ അഭിമാനിക്കുന്നതുപോലെ എത്ര ഹിന്ദു കുടുംബങ്ങളുണ്ട് അങ്ങനെ സന്തോഷിക്കുന്നതായി? ഇതര സംഘടിത മതക്കാരും അവരുടെ സമ്മാന്യരായ മതപുരോഹിതരും തമ്മിൽ പുലർത്തുന്ന ഏതുതരം പ്രതിബദ്ധതയാണ് ഹിന്ദുസമുദായവും സംന്യാസിമാരും തമ്മിലുള്ളത്? സമുദായത്തിൽ സംന്യാസിമാരെ ആദരിക്കുന്ന രാഷ്ട്രീയക്കാർ സംന്യാസിയുടെ ഉപദേശം കേൾക്കുന്നുണ്ടോ? പരസ്പര സമീപനരീതിതന്നെ എത്ര വിചിത്രം!

സംന്യാസധർമ്മം അതിന്റെ നിഷ്കൃഷ്ടാർത്ഥത്തിൽ സത്യ സാക്ഷാത്ക്കാരം മാത്രമാണ്. കാലഗതിക്കനുസരിച്ച് സംന്യാസിമാർ പലവിധമുണ്ടാവാം, ആകൃതിയും പ്രകൃതിയും മാറാം, പക്ഷേ, സംന്യാസം സംന്യാസം മാത്രമാണ്. സംന്യാസിമാരുടെ കുറവുകൾ കാണാൻ ശ്രമിക്കുന്നവർ അവരുടെ നിറവുകൾ കണ്ടറിയാൻ പ്രയത്നിച്ചാൽ സമാധാനമായി. അതിനു ഗുരുത്വം വേണം, ബാല്യത്തിലേ മാതാ പിതാ ഗുരുദൈവം-ഗുരുജനങ്ങളെ പാദംതൊട്ടു നമസ്കരിക്കുന്ന പാരമ്പര്യ സംസ്കാരത്തിന്റെ കാതലാണത്. സ്വധർമ്മാചരണം തെറ്റിയാൽ ജീവിതാദർശത്തിന്റെ അസ്തിവാരത്തിനാണ് ഇളക്കുമുണ്ടാവുക. അങ്ങനെ സാമൂഹികവും സാംസ്കാരികവും രാജനൈതികവുമായ ധർമ്മങ്ങൾക്കും കോട്ടം തട്ടുന്നു. ഹിന്ദു സംന്യാസ ജീവിതം ഇതരമത പുരോഹിതവൃത്തികളുമായി, അവരുടെ സംഘടിത മതപ്രവർത്തനങ്ങളുമായി താരതമ്യപ്പെടുത്തുന്നതു തന്നെ തമസാവൃതമായ അജ്ഞതനിമിത്തം. കുറഞ്ഞപക്ഷം സാധ്യസംന്യാസിമാരും സാധകസംന്യാസിമാരും തങ്ങുന്ന ആശ്രമങ്ങളുടെ സ്ഥിതിഗതികളും അവരുടെ ദിനചര്യകളും കണ്ടറിയുക, അപ്പോൾ ബോദ്ധ്യപ്പെടും ഭൂരിപക്ഷം ഹിന്ദുക്കളും ഒരു വിധമല്ലെങ്കിൽ മറ്റൊരുവിധം സ്വകർത്തവ്യവിമുഖരായി നഷ്ടജീവിതമാണ് നയിക്കുന്നതെന്ന്! സംന്യാസത്തെ ആദരിച്ചില്ലെങ്കിലും സംന്യാസത്തെപ്പറ്റി തെറ്റിദ്ധരിക്കുന്നതും തെറ്റിദ്ധരിപ്പിക്കുന്നതും സമുദായസദാചാരത്തെ പ്രതികൂലമായി ബാധിക്കുമെന്നോർക്കണം.

കർമ്മ-ധർമ്മങ്ങൾ ഒടുങ്ങുന്നേടത്താണ് സംന്യാസം ഉരുത്തിരിയുന്നത്. 'സംന്യാസം' അതിന്റെ സമ്പൂർണ്ണാർത്ഥത്തിൽ സമ്പൂർണ്ണത്യാഗമത്രെ. കർത്തവ്യകർമ്മങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടമല്ല സംന്യാസം. മന്ത്രദ്രഷ്ടാവായ യാജ്ഞവാല്ക്യർ കർത്തവ്യകർമ്മം പൂർത്തിയാക്കിയിട്ട് സംന്യാസം വരിച്ചു. സംന്യാസവൃത്തിയിൽത്തന്നെ അദ്വൈത സിദ്ധാന്തം സ്ഥാപിച്ചിട്ട് ജഗൽഗുരു ശങ്കരാചാര്യർ ഏകാന്തതയിൽ ലയിച്ചു. അവതാര പുരുഷനായ പരശുരാമൻ അവതാരകൃത്യം നിർവ്വഹിച്ചിട്ട് സംന്യസ്തനായി. ധർമ്മസ്വരൂപനായ ശ്രീരാമചന്ദ്രനും അവതാര ജീവിതത്തിൽ പ്രകാശിപ്പിച്ചത് ഈ സനാതനധർമ്മതത്വം തന്നെ. ചക്രവർത്തിയായിരിക്കവേ തന്നെ, ലൗകികദൃഷ്ട്യാ വിലമതിക്കപ്പെടുന്ന സമസ്തവും ഒന്നൊന്നായി ത്യജിച്ചുകൊണ്ട് അവസാനം സനാതനധർമ്മസ്വരൂപനായി പ്രകാശിക്കുന്നു.

നൈമിഷികവും ചഞ്ചലവുമായ സുഖസൗകര്യങ്ങളിലാസക്തരായിരുന്നുകൊണ്ട് സംന്യാസം ഗ്രഹിക്കാനാവില്ല. ധർമ്മപഥസഞ്ചാരികളായ സത്തുക്കളുടെ ലക്ഷ്യം ഈശ്വരപ്രാപ്തിയാണ്. സുനിശ്ചിതമായ ഈ ലക്ഷ്യബോധം വേണ്ടവിധം ഉറച്ചിട്ടില്ലെങ്കിൽ വിപരീത സമ്മർദ്ദങ്ങൾ നിമിത്തം വ്യതിചലിക്കാനെളുപ്പമുണ്ട്. അന്യരെ സ്വേച്ഛാനുസരണം പ്രലോഭിപ്പിക്കുകയും പീഡിപ്പിക്കുകയും ചെയ്യും കപടഭക്തൻ. പരപീഡനം സ്വയം ഏറ്റെടുത്തു സന്തോഷിക്കുന്നവനാണ് ഈശ്വരഭക്തൻ. ആരംഭത്തിൽ ആനന്ദിക്കുകയും അഹങ്കരിക്കുകയും ചെയ്യുന്ന കപടസംന്യാസിക്ക് അനന്തരഫലം ദുരന്തദുഃഖം തന്നെ. രാമായണപ്രസിദ്ധനായ രാവണൻതന്നെ ഒന്നാമത്തെ ഉദാഹരണം.

കാമം(ആഗ്രഹം), ക്രോധം, ലോഭം-ഇവ മൂന്നും നരകത്തിലേക്കുള്ള മൂന്നു വാതിലുകളാണെന്നു ഭഗവദ്വചനം. കഠോരതപസ്സുകൾ അനുഷ്ഠിച്ച് നിഗ്രഹാനുഗ്രഹശക്തി സമ്പാദിച്ച മഹർഷിയാണ് ദുർവ്വാസസ്. ഒരൊറ്റ ശാപവാക്കുകൊണ്ടു ലോകത്തെ കീഴ്മേൽ മറിക്കാൻ കഴിയുമെന്ന് അദ്ദേഹം തെളിയിച്ചിട്ടുമുണ്ട്. പക്ഷേ, തീയിൽ കുരുത്ത ദ്രൗപതിയുടെയും പരമഭക്തനായ അംബരീഷന്റെയും മുമ്പിൽ അദ്ദേഹത്തിന്റെ ക്രോധശാപം തിരിച്ചടിച്ചു!

കാമം, ക്രോധം, ലോഭം-എന്നിവയിൽ ഒന്നിന്റെയെങ്കിലും ബാധയുണ്ടായാൽതന്നെ സംന്യാസി വഴിതെറ്റുകയും ആലസ്യത്തിന്റെയും മിഥ്യാചാരത്തിന്റെയും പടുകുഴിയിലേക്കു തള്ളപ്പെടുകയും ചെയ്യും. അതിനാൽ ജ്ഞാനികളായ സംന്യാസിമാർപോലും യജ്ഞ-ദാന-തപസ്സുകൾ ചെയ്തുകൊണ്ടിരിക്കും.

യജ്ഞോദാനം തപശ്ചൈവ പാവനാനി മനീഷിണാം.

(ഗീത 18-5)

ഭാരതീയ സംസ്കാരമെന്നത് ആദ്ധ്യാത്മിക സംസ്കാരം തന്നെ. അതു അനാത്മനിഷ്ഠമല്ല; ആത്മനിഷ്ഠമാകുന്നു. "സംന്യാസത്തിന്റെ നാട്" എന്ന് വിദേശതത്വചിന്തകന്മാരും ഭാരതത്തെ പ്രകീർത്തിക്കുന്നതിന്റെ പൊരുൾ ഇന്നാട്ടുകാർ മറക്കാതിരിക്കട്ടെ.

"ഹിന്ദുമതം നശിക്കുന്നുണ്ടെങ്കിൽ ബ്രഹ്മമല്ലാതെ മറ്റൊന്നുമില്ലെന്നുള്ള വേദോപനിഷത്തുക്കളുടെ മഹാസന്ദേശം, മഹാവാക്യം നാം ജീവിതത്തിൽ നടപ്പാക്കാത്തതുകൊണ്ടായിരിക്കും" എന്നു മഹാ

ത്മാഗാന്ധി പറഞ്ഞത് ഓർമ്മിക്കുക. "ലഘുജീവിതവും ഉന്നതലക്ഷ്യവും", "സ്വയം ശുദ്ധരായി മറ്റുള്ളവരെയും ശുദ്ധരാക്കുക"-ഈ ദൃശവാക്യങ്ങൾ അടിമത്തച്ചങ്ങലകൊണ്ട് തളച്ചിട്ടിരുന്ന ഭാരത സമുദായത്തോട് അന്നത്തെ മഹാത്മാക്കൾ ഉപദേശിച്ചു. ഉപദേശമനുസരിച്ച് സ്വയം ജീവിക്കുകയും ചെയ്തു. ഭോഗേച്ഛയുടെ സ്വതന്ത്രഭാരതത്തിലെന്നതിനെക്കാൾ ത്യാഗേച്ഛയുടെ അസ്വതന്ത്രഭാരതത്തിൽ സംന്യാസത്തിനു മതിപ്പും ബഹുമാനവും ഉണ്ടായിരുന്നതായി കാണാം. ഈ പരിസ്ഥിതിയിൽ സംന്യാസത്തെപ്പറ്റി സാമാന്യമായെങ്കിലും പരിചയപ്പെടുത്തുകയെന്ന ഈ എളിയശ്രമം കുറേപ്പേർക്കെങ്കിലും പ്രയോജനപ്പെടുമെങ്കിൽ കൃതാർത്ഥനാവാം.

സത്യമേവ ജയതേ നാനൃതം
സത്യേന പന്ഥാ വിതതോ ദേവയാനഃ
യേനാക്രമന്തി ഋഷയോഹ്യാപ്തകാമാഃ
യത്ര തത് സത്യസ്യ പരമം നിധാനം.

സത്യമേ ജയിക്കുന്നുള്ളൂ, കളവു ജയിക്കുന്നില്ല. ദേവയാനത്തിൽ സത്യം വിരിച്ചിരിക്കുന്നു. എല്ലാം നേടിക്കഴിഞ്ഞ ഋഷിമാർ എത്തിച്ചേരുന്ന സ്ഥാനം സത്യത്തിന്റെ ഇരിപ്പിടമാകുന്നു. (മുണ്ഡകോപനിഷത്ത് 3.6.1)

# 2. സംന്യാസപാരമ്പര്യം

പ്രപഞ്ചോൽപ്പത്തിയോളം പഴക്കമുള്ളതാണ് സംന്യാസസമ്പ്രദായവും സംസ്കാരവും. സൃഷ്ടികർത്താവായ ബ്രഹ്മാവിന്റെ മാനസപുത്രന്മാരായ സനക-സനന്ദന-സനാതന-സനല്ക്കുമാരന്മാരും നാരദാദികളും സൃഷ്ടികർത്താവിനെപ്പോലും അമ്പരപ്പിച്ചുകൊണ്ട് ജന്മനാസംന്യാസിമാരായി. ഓരോ യുഗസ്വഭാവമനുസരിച്ച് അവർക്ക് ഇഹത്തിലും പരത്തിലും സ്ഥൂല-സൂക്ഷ്മാദി ശരീരങ്ങളിലൂടെ ദേവാസുരാദിമണ്ഡലങ്ങളിലെല്ലാം യഥേഷ്ടം സഞ്ചരിക്കാം. ഈ ബ്രഹ്മാണ്ഡകടാഹങ്ങളിലെല്ലാം പരാപ്രകൃതിയെ (ജീവസമൂഹങ്ങളെ) യഥായോഗ്യം സഹായിച്ചുകൊണ്ടിരിക്കുന്ന നിത്യസംന്യാസിമാരാണവർ.

'സൃഷ്ടികർത്താവിനെപ്പോലും അമ്പരപ്പിച്ചുകൊണ്ടെ'ന്നു പറയാൻ കാരണം പ്രപഞ്ചസൃഷ്ടി പെരുപ്പിക്കുകയെന്ന സ്വകർത്തവ്യനിർവ്വഹണത്തിന് സംന്യാസമല്ല, കർമ്മമാണാവശ്യം. ആത്മനിഷ്ഠരായ സംന്യാസിമാർക്ക് അനാത്മതയിലേക്ക് ഇറങ്ങിവരാനും താൽപര്യമുണ്ടാവില്ല. ഈ സ്ഥിതിക്ക്-സങ്കല്പ സൃഷ്ടികൾകൊണ്ട് പ്രപഞ്ചവ്യവഹാരത്തിൽ മടുത്ത-സൃഷ്ടികർത്താവ് പ്രശ്നപരിഹാരാർത്ഥം വീണ്ടും തപസ്സിൽ മുഴുകി. അങ്ങനെ ജീവോപാധികൾക്ക് (ശരീരങ്ങൾക്കു) സ്ത്രീ-പുരുഷാദി ലിംഗഭേദങ്ങളുണ്ടായിക്കണ്ടതിൽ സൃഷ്ടികർത്താവിനെ സംബന്ധിച്ചിടത്തോളം ആശ്വാസമായി! അപൂർണ്ണതയിലാണെന്ന ഭാവത്തിലൂടെ സ്ത്രീ-പുരുഷൻമാർക്ക് പരസ്പരാകർഷണവും അഭിനിവേശവുമുണ്ടാവും തുടർന്ന് ഈശ്വരീയമൂലപ്രകൃതിയിൽ ജീവജാലങ്ങളുടേതായ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ നടന്നുകൊണ്ടിരിക്കും. മനുപ്രജാപതികളെപ്പോലെ ബ്രഹ്മാവും സന്തോഷിച്ചു.

പഞ്ചദ്രവ്യങ്ങളാണ് ഈശ്വരസൃഷ്ടികൾ:-

1. ദ്രവ്യം : മായ മുതൽ ഇങ്ങോട്ട് ആകാശാദി പഞ്ചഭൂതങ്ങൾ വരെ.

2. കർമ്മം : അന്യോന്യം കൂടിച്ചേരുകയും വിട്ടുപിരിയുകയും ചെയ്യുന്ന സംയോജകശക്തി.

3. കാലം : സഞ്ചലനംകൊണ്ട് കൂട്ടിചേർക്കുകയും മാറ്റുകയും ചെയ്യുന്ന ശക്തി.

4. സ്വഭാവം : സ്വാഭാവികത, നിയതി

6. ജീവൻ : അനുഭവസ്ഥൻ

ഇവയഞ്ചും ചേർന്ന പഞ്ചദ്രവ്യങ്ങൾ ഈശ്വരസൃഷ്ടികൾ അഥവാ 'സർഗ്ഗം' എന്നറിയപ്പെടുന്നു. ഈശ്വരാംശഭൂതനായ ജീവന് തന്റെ അറിവും ശക്തിയും കൊണ്ട് ഈ പഞ്ചദ്രവ്യങ്ങളെ അവലംബിച്ച് എല്ലാവിധ സൃഷ്ടികളും നടത്താൻ സ്വാതന്ത്ര്യമുണ്ട്. നാമരൂപാത്മകമായ ഈ പ്രപഞ്ചത്തിൽ അസ്തി-ഭാതി-പ്രിയം എന്നീ ഈശ്വരീയ ഭാവങ്ങളുടെ പ്രചോദനം കൊണ്ട് ആത്മനിഷ്ഠനായ ജീവന് ഈശ്വരനോളം ഉയരാം. അനാത്മനിഷ്ഠനാണെങ്കിൽ പുഴു-പുല്ലുകളോളം താഴാം. ഓരോ ജീവനും അവരവരുടെ ഭാഗ്യവിധാതാക്കളാണ്. മനുഷ്യസൃഷ്ടികൾക്കുള്ള ശാസ്ത്രസംജ്ഞ 'വിസർഗ്ഗം' എന്നാണ്.

സത്വരജസ്തമോഗുണങ്ങളുടെ സങ്കോചവികാസങ്ങളനുസരിച്ച് കർമ്മബഹുലമായ ഈ പ്രപഞ്ചം സഹസ്രാബ്ദങ്ങളുടെ യുഗങ്ങളും മന്വന്തരങ്ങളും പിന്നിട്ടുകൊണ്ട് സൃഷ്ടിസ്ഥിതിലയങ്ങളിലൂടെ പുരോഗമിച്ചുകൊണ്ടിരുന്നു! ഇതിനിടയ്ക്ക് എത്രയെത്ര കണ്ടുപിടിത്തങ്ങൾ, എന്തെല്ലാം പരിഷ്കാരങ്ങൾ! സജാതീയ-വിജാതീയ-സ്വഗതാദിഭേദങ്ങളും അവയിലൂടെ ഉളവായ വൈരുദ്ധ്യങ്ങളും വൈവിധ്യങ്ങളും അസംഖ്യം. കർമ്മത്തിന്റെ കൂടപ്പിറവിയാണല്ലോ പരസ്പരമത്സരവും. 24 മണിക്കൂറും പകലാക്കി മാറ്റി സപ്തസമുദ്രങ്ങൾ ഉണ്ടാക്കിയതും എല്ലാവിധ സുഖസൗകര്യങ്ങളോടുകൂടിയ അനേകനിലകളുള്ള ആകാശവിമാനങ്ങളും-എന്തിനേറെ ഈശ്വരസൃഷ്ടിയെപ്പോലും വെല്ലുവിളിക്കുന്ന അത്യത്ഭുത മനുഷ്യ സൃഷ്ടികൾ എത്രയെത്ര!

## യജ്ഞസംസ്കാരത്തിലൂടെ

ആത്മനിഷ്ഠനായ സംന്യാസിയെ സംബന്ധിച്ചേടത്തോളം 'നേതി നേതി' ഇതല്ല ഇതല്ല ഇതെല്ലാം ആവർത്തനപുനരാവർത്തനങ്ങൾ മാത്രം. ഉണ്ടായി മറഞ്ഞുകൊണ്ടിരിക്കുന്നവ. ഉണ്ടാവാത്തതും

നശിക്കാത്തതുമായ ഒന്നുണ്ട്, അതാണ് ഈശ്വരൻ-പരമാത്മാ. ആ പരമാത്മാവിനെ പ്രാപിക്കലാണ് ഓരോ ജീവാത്മാവിന്റെയും പരമ ലക്ഷ്യം. മറ്റെല്ലാം താത്ക്കാലികങ്ങളാണെങ്കിലും ഈ പ്രകൃതിയിൽ കുടുങ്ങിപ്പോയ ജീവന് പ്രകൃതിമാതാവിനെ പിണക്കാനാവില്ല. ഇണക്കത്തിലൂടെ പരസ്പരാത്മഭാവത്തിലൂടെ വേണം വിമോചനം നേടി കൃതാർത്ഥനാവാൻ. വിശ്വോത്തരമായ പാരമാർത്ഥിക സത്യം സാക്ഷാത്കരിച്ച മഹർഷിമാർതന്നെ മനുഷ്യ ജീവിതത്തിലെ കർമ്മ വാസനകൾക്കനുസൃതമാംവിധം ചില ചിട്ടകൾ ഏർപ്പെടുത്തി. അതാണ് ധർമ്മം. ആദ്യത്തെ ഈശ്വരാവതാരം യജ്ഞസ്വരൂപനായിരുന്നു. യജ്ഞമെന്നാൽ ത്യാഗമെന്നർത്ഥം. യജ്ഞസംസ്കാരത്തിലൂടെ മാനവജീവിതത്തിൽ ഉപാധികളോടുകൂടിയ വർണ്ണാശ്രമധർമ്മം വ്യവസ്ഥപ്പെടുത്തി. മനുഷ്യജീവിതം ഇതരജന്തുക്കളെപ്പോലെ ഭോഗാധിഷ്ഠിതമല്ല, ത്യാഗാധിഷ്ഠിതമാണ്. ഈ ധർമ്മനിഷ്ഠയിലൂടെ വേണം നിരുപാധികമായ സനാതനധർമ്മം പ്രാപിക്കാൻ; സനാതനധർമ്മം തന്നെ പരമധർമ്മം. പരമധർമ്മത്തിന്റെ നിഷ്കൃഷ്ടാർത്ഥം ജിവേശ്വരൈക്യം തന്നെ.

സത്യം, ദയ, ദാനം, തപസ്സ്-എന്നീ ചതുഷ്പാദ സ്വരൂപമായ ധർമ്മത്തിന് കാലാന്തരത്തിൽ ഉണ്ടായ ച്യുതിഹേതുവായി ഭരണവ്യവസ്ഥകൾ വേണ്ടിവന്നു. ഒരു ബ്രഹ്മചാരിയെ സംബന്ധിച്ചേടത്തോളം ബ്രഹ്മചര്യാശ്രമവൃത്തികളാണ് അയാളുടെ സ്വധർമ്മം. ജ്ഞാന-വിജ്ഞാനങ്ങൾക്കൊപ്പം അടുത്ത ഗൃഹസ്ഥാശ്രമകർത്തവ്യങ്ങളെപ്പറ്റി പഠിച്ചിരിക്കണം. അതിനടുത്ത വാനപ്രസ്ഥ-സംന്യാസാശ്രമങ്ങളെപ്പറ്റി പൊതുവായി ഗ്രഹിച്ചിരിക്കുമെങ്കിലും പിന്നീടുള്ള ജീവിതപരിചയത്തിലൂടെയും വാനപ്രസ്ഥാശ്രമത്തിലെ വിശേഷപഠനത്തിലൂടെയും സംന്യാസധർമ്മം വേണ്ടപോലെ അറിയണം. ഗൃഹാശ്രമജീവിതം ധർമ്മനിഷ്ഠമാണെങ്കിൽ അവിടെ ജീവശുദ്ധിവൃത്തികളും- സംസ്കാരകർമ്മങ്ങൾ, പഞ്ചയജ്ഞങ്ങൾ, സത്സംഗം, സ്വാദ്ധ്യായം, പരാർത്ഥവും പാരമാർത്ഥികവുമായ കർത്തവ്യങ്ങൾ മുതലായവ സ്വാഭാവികമായി നടന്നുകൊണ്ടിരിക്കും. ചതുർത്ഥാശ്രമമായ സംന്യാസത്തിലാണ് മനുഷ്യ ജീവിതത്തിന്റെ പൂർണ്ണത തെളിയേണ്ടത്. സത്യധർമ്മാദി ഈശ്വരീയ ഗുണങ്ങളെല്ലാം വ്യഷ്ടിയിൽ പ്രഫുല്ലമായി സമഷ്ടിയോട് ലയിക്കുന്നതവിടെയാണ്.

ബ്രഹ്മചര്യാശ്രമത്തിൽതന്നെ, ജന്മാന്തരസുകൃതത്താൽ വേണ്ടുവോളം വിവേക-വൈരാഗ്യങ്ങൾ സിദ്ധിച്ചുവെങ്കിൽ ഗൃഹ-വാനപ്രസ്ഥാശ്രമങ്ങളെ നോക്കാതെ ഒരാൾക്ക് സംന്യാസം സ്വീകരിക്കാം. അയാളുടെ സംന്യാസഗ്രഹണത്തിനുള്ള യോഗ്യതകളെപ്പറ്റി ഗുരുകലാചാര്യൻ തീരുമാനിക്കണം; രക്ഷാകർത്താക്കളുടെ അനുമതിയും വേണം.

രാജ്യം ഭരിക്കുന്ന രാജാവും ആശ്രമജീവിതം പാലിച്ചിരുന്നതുകൊണ്ട് പൊതുവെ അധികാരവടംവലി കുറഞ്ഞിരുന്നു. ജനങ്ങളുടെ യോഗക്ഷേമങ്ങളും ധർമ്മപരിപാലനവും ഭരണാധികാരിയായ ക്ഷത്രിയന്റെ പ്രധാന കർത്തവ്യമായിരുന്നു. കാലമെത്തുമ്പോൾ അദ്ദേഹവും സർവ്വവും ഉപേക്ഷിച്ച് സംന്യാസം സ്വീകരിക്കുക സ്വാഭാവികമായിരുന്നു. ഇങ്ങനെ നാനാസമൂഹങ്ങളുടെയും ഭരണാധികാരികളുടെയും ജീവിതത്തിൽ ആത്മനിഷ്ഠരായ സംന്യാസിമാർ ബഹുമാനിക്കപ്പെടുകയും മാർഗ്ഗദർശികളായി ഭവിക്കുകയും ചെയ്തിരുന്നു. ഏകാത്മതയുടെ ആധികാരിക വക്താക്കളായ ഈ മഹാത്മാക്കൾ പുണ്യഭാരതത്തിലെ ഗുഹാഗഹ്വരങ്ങളിലാണ് വസിച്ചിരുന്നതെങ്കിലും അവരിൽ നിന്നും ബഹിർഗമിച്ച ആത്മജ്ഞാനജ്യോതിസ്സ് ഭാരതത്തിലെന്ന പോലെ വിശ്വമാസകലം ഭാവാത്മൈക്യത്തിന്റെയും സുഖസമാധാനങ്ങളുടെയും അനശ്വരപ്രഭയാൽ ഐശ്വര്യവത്താക്കിച്ചെയ്തു.

സ്വായംഭൂവ മന്വന്തരത്തിലെ ഭൂലോക ചക്രവർത്തിമാരുടെ ആസ്ഥാനമായിരുന്ന ഈ ഉപഭൂഖണ്ഡത്തിൽ മനുഷ്യ ജീവിതത്തെ 'അദ്ധ്യാത്മജീവിത'മെന്ന് നിർവചിച്ചിരുന്നു. അതായത് ചക്രവർത്തിമാരും രാജാക്കന്മാരും പ്രജകളും ധർമ്മത്തെ ആധാരമാക്കി ജീവിതാഗ്രഹങ്ങൾ സാധിക്കുകയും ധനമാർജ്ജിക്കുകയും മോക്ഷത്തെ ലക്ഷ്യമാക്കി അവ വിനിയോഗിക്കുകയും ചെയ്തിരുന്നു. അതാണ് ധർമ്മാർത്ഥകാമമോക്ഷങ്ങളെന്ന പുരുഷാർത്ഥം.

ഈ പരമ്പരയിൽ വന്ന നാഭിയെന്ന രാജാവിന്റെ പുത്രനാണ് ഋഷഭദേവൻ. ഇദ്ദേഹത്തിന്റെ പുത്രനായ ഭരതന്റെ പേരിലാണല്ലോ പില്ക്കാല ഭാരതം അറിയപ്പെടുന്നത്. അതിനുമുമ്പ് 'അജനാഭ'മെന്ന പേരിലറിയപ്പെടുന്ന ഭാരതം ഇന്നത്തെ ഇൻഡ്യയെക്കാൾ പതിന്മടങ്ങ് വലിപ്പമുള്ളതായിരുന്നു. ഋഷഭദേവൻ, ജയന്തിയെന്ന ധർമ്മപത്നിയോടുകൂടി മാതൃകാപരമായ ഗൃഹസ്ഥാശ്രമജീവിതവും രാജ്യ

ഭരണവും നടത്തി. സ്വപുത്രസമാനം പ്രജകളുടെ യോഗക്ഷേമങ്ങളും സാധിച്ചിരുന്നു. പ്രായമെത്തിയപ്പോൾ മൂത്തപുത്രനായ ഭരതനു രാജ്യ ഭരണമേൽപ്പിച്ചു. മറ്റു പുത്രന്മാർ ജന്മനാതന്നെ ബ്രഹ്മനിഷ്ഠരായതിനാൽ നവയോഗികളെന്നു പ്രസിദ്ധരായി ഇഹ-പരലോകങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരുന്നു.

ഋഷഭദേവൻ ഈ ലോകത്തിൽ തന്റേതായി കരുതപ്പെടുന്ന സമസ്തവും സന്ത്യജിച്ച് ധർമ്മപ്രചരണാർത്ഥം പുറപ്പെടുന്നതിനു മുമ്പായി സ്വപുത്രരുൾപ്പെടെ ഭരണതന്ത്രജ്ഞരായ മന്ത്രിമാരെയും ജനപ്രതിനിധികളെയും ക്ഷണിച്ചുവരുത്തി ഒരു മഹാസമ്മേളനം നടത്തി. ഏതു ജീവിതമണ്ഡലത്തിലായാലും സ്വധർമ്മാചരണം കൊണ്ടു സത്യത്തെ അറിഞ്ഞ് അമൃതാനുഭവത്തിനു യോഗ്യനാവണമെന്നു വ്യക്തമാക്കിയ ഋഷഭദേവൻ ആ സദസ്സിനെ അഭിസംബോധനം ചെയ്തു. അപൂർവ്വമായ മനുഷ്യ ജീവിത മഹത്വം ഉദ്ബോധിപ്പിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു:- പ്രിയപ്പെട്ട കുട്ടികളേ! മനുഷ്യ ശരീരം വിഷയഭോഗത്തിനുള്ളതല്ല; തപസ്സിന്നുള്ളതാകുന്നു. വിഷയങ്ങളെ അനുഭവിക്കുവാൻ വീര്യമുള്ള മനുഷ്യശരീരം വേണമെന്നില്ല. ഏത് ശരീരത്തിൽ ഇരിക്കുമ്പോഴും ആവാം. കൃമികീടങ്ങളും വിഷയങ്ങളെ അനുഭവിക്കുന്നുണ്ട്. വീര്യവും വിശേഷ ബുദ്ധിയുമുള്ള മനുഷ്യശരീരം കിട്ടുന്നത് തപസ്സുചെയ്ത് ആത്മശുദ്ധിയെ സമ്പാദിച്ചു ജന്മസാഫല്യമാകുന്ന കൈവല്യത്തെ പ്രാപിക്കാൻ വേണ്ടിയാണ്. മഹാത്മാക്കളായ സജ്ജനങ്ങളുമായുള്ള സമ്പർക്കം കൊണ്ട് ഇതൊക്കെ അറിയാനും പ്രവർത്തിച്ച് അനുഭവത്തിൽ വരുത്താനും സാധിക്കും. എപ്പോഴും ഈശ്വരനോടുള്ള ചേർച്ചകൊണ്ട് ഈശ്വര സ്വരൂപികളായിത്തീർന്ന ശാന്തന്മാരാണ് സജ്ജനങ്ങൾ. അവരെപ്പോഴും മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ജിവിക്കുന്നവരും പ്രവർത്തിക്കുന്നവരുമാണ്. ശുദ്ധമനസ്ക്കന്മാരും വീര്യശാലികളുമായ അവരുടെ ചേർച്ച വളരെ വേഗത്തിൽ ഒരാളെ സംസാരത്തിൽ നിന്ന് വിടർത്തി ഈശ്വരനോടടുപ്പിക്കുന്നതാണ്............................ ഗുരു ശിഷ്യന്മാരെയും, അമ്മയച്ഛന്മാർ മക്കളെയും, രാജാവ് പ്രജകളെയും അവരുടെ കർമ്മക്കുടുക്കിൽനിന്ന് വിടർത്തി ജന്മ-മൃത്യുക്കളിൽ നിന്ന് രക്ഷിക്കാൻ കടപ്പെട്ടവരാണ്. അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ അവർ തങ്ങളുടെ ചുമതല പാലിക്കാത്തവരും അപകാരികളുമാണെന്നു കരുതണം. അറിയേണ്ടതിനെ അറിയാനുള്ളതാണ് ബുദ്ധി.

നിങ്ങൾക്കൊക്കെ ഈശ്വരൻ ബുദ്ധിതന്നിട്ടുണ്ട്. അതിനെ വേണ്ട പോലെ ഉപയോഗിക്കമാത്രമേ വേണ്ടതുള്ളൂ. എന്നാൽ അറിയേണ്ട തിനെയൊക്കെ അറിയാനിടവരും. അതിനാൽ അറിയേണ്ടതിനെ അറി ഞ്ഞ്, ചെയ്യേണ്ടതിനെ ചെയ്ത് സംതൃപ്തിയോടും സമാധാന ത്തോടും കൂടി ഇഹത്തിലും പരത്തിലും ജീവിക്കുക.

പരാഭവസ്താവദബോധജാതോ
യാവന്ന ജിജ്ഞാസത ആത്മതത്വം
യാവത് ക്രിയാസ്താവദിദം മനോവൈ
കർമ്മാത്മകം യേന ശരീരബന്ധഃ

(ഭാഗവതം 5-5-5)

സാരം:- ഏതുവരെ ആത്മതത്വം ചിന്തിക്കപ്പെടുന്നില്ലയോ അതുവരെ അജ്ഞാനജന്യമായ ആത്മതിരസ്കാരം ഉണ്ടായിക്കൊ ണ്ടിരിക്കും. ക്രിയകൾ ഏതുവരെയുണ്ടോ അതുവരെ മനസ്സ് കർമ്മാ ത്മകമായിത്തന്നെ വർത്തിക്കും. കർമ്മാത്മകമായ ആ മനസ്സുകൊ ണ്ടാണ് ശരീരാദികളിൽ പിന്നെയും പിന്നെയും ബന്ധങ്ങളും അവ സാനമില്ലാത്ത ക്ലേശങ്ങളും തുടരുന്നത്.

ജനിച്ചാൽ വ്യവഹാരം ഒഴിവാക്കാനാവില്ല. ജന്തുസഹജമായ ആഗ്രഹങ്ങൾ സാധിക്കുന്നതിനുള്ള വൃത്തികൾ വ്യവഹാരം. ഈശ്വ രോപാസനയുക്തമായ വ്യവഹാരം, കർമ്മം-അത് യജ്ഞസ്വരൂപ ത്തിലാവുമ്പോൾ ധർമ്മം-അത് അനാത്മ വഴിക്ക് തിരിയുമ്പോൾ ഏഷണത്രയങ്ങൾ പെരുകി ജീവന്റെ ബന്ധനഹേതുവാകുന്നു; ആത്മാവിന്റെ വഴിക്കുതിരിയുമ്പോൾ തന്നെപ്പോലെ അന്യരെ സ്നേഹിക്കാനും ഏഷണത്രയങ്ങളിൽ നിന്നു വിട്ടകലാനും ആത്മ നിഷ്ഠനായി ബന്ധവിമുക്തനാവാനും സാധിക്കുന്നു. അജ്ഞനും അലസനും മിഥ്യാചാരിയുമായിരിക്കുന്നവൻ ചത്തടിഞ്ഞ് ക്ഷുദ്രജീ വിയായി പിറക്കും.

## സംന്യാസമെന്നാൽ സമ്പൂർണ്ണത്യാഗം

ആത്മനിഷ്ഠനായാൽ പിന്നെ സംന്യാസദീക്ഷ വേണമെ ന്നുണ്ടോ? എന്നാണെങ്കിൽ മനുഷ്യ ജീവിതത്തിൽ "സംന്യാസം" അനിവാര്യമാണെന്ന് ശ്രുതി-യുക്തി അനുഭവങ്ങൾകൊണ്ട് ബോദ്ധ്യ പ്പെടും.

"ആശ്രമാദാശ്രമം ഗച്ഛേദ്

ക്ഷണമപ്യനാശ്രമീ ന തിഷ്ഠേൽ"
ബ്രഹ്മചര്യം സമാപ്യ ഗൃഹീഭവേത്
ഗൃഹീഭൂത്വാ വനേ ഭവേത്
വനീഭൂത്വാ പ്രവ്രജേത്-എന്ന് വേദവാക്യം.
"സമ്യങ് ന്യസ്യന്ത്യ ധർമ്മാചരണാനിയേന വാ സമ്യങ്നിത്യം
സത്ക്കർമ്മസ്വാസ്ത ഉപവിശതി സ്ഥിരീഭവതിയേന സ സംന്യാസഃ
സംന്യാസോ വിദ്യതേ യസ്യ സ സംന്യാസി"

ഈ 'അനുക്രമ സംന്യാസ' വ്യവസ്ഥകൂടാതെ ഒരാൾക്ക് ആത്മനിഷ്ഠമായ വിവേകവൈരാഗ്യങ്ങൾ ദൃഢപ്പെട്ടിരിക്കുന്നുവെന്നു ബോദ്ധ്യമായാൽ ഒരു അദ്ധ്യാത്മഗുരുവിന്റെ അനുമതിയോടുകൂടി സംന്യാസം സ്വീകരിക്കാം-

യദഹരേവ വിരജേത് തദഹരേവ
പ്രവ്രജേദ്വനാദ്വാ ഗൃഹാദ്വാ
(ജാബാലോപനിഷത്)

'സംന്യാസം' എന്നാൽ സമ്പൂർണ്ണത്യാഗമെന്നർത്ഥം. ത്യാഗത്തിന്റെയും ജ്ഞാനാഗ്നിയുടെയും പ്രതീകമാണ് കാവിവസ്ത്രം. സംന്യാസധർമ്മം വേണ്ടപോലെ ആചരിക്കുന്നവർ പരിവ്രാജകന്മാർ. ആത്മാനാത്മവിവേകപൂർവ്വം ബന്ധു-മിത്രാദിമമതകൾ, ധനസമ്പത്തുകളിലും സ്ഥാനമാനാദികളിലും ലോകപ്രശസ്തിയിലുമുള്ള ആഗ്രഹങ്ങൾ- എന്നീ ഏഷണത്രയങ്ങൾ (ദാരേഷണ, വിത്തേഷണ, ലോകേഷണ) നിശ്ശേഷം ത്യജിച്ചവരായിരിക്കണം സംന്യാസിമാർ.

സാധകർ എന്നും സിദ്ധൻ എന്നും പൊതുവേ സംന്യാസിമാർ രണ്ടുതരക്കാരുള്ളതിൽ സാധക സംന്യാസി ശരീര നിർവ്വഹണത്തിനുവേണ്ടി ആഹാരം ആവശ്യപ്പെടുകയും യജ്ഞതുല്യമായ കർത്തവ്യകർമ്മമനുഷ്ഠിക്കുകയും വേണം. സിദ്ധസംന്യാസി സർവ്വവും സന്ത്യജിച്ച് സദാ പരമാത്മാവിൽ രമിക്കുന്നതിനാൽ പരമഹംസനെന്നും ജ്ഞാനിയെന്നും അറിയപ്പെടുന്നു. അത്യാശ്രമികളും ആത്മാരാമന്മാരും ബ്രഹ്മനിഷ്ഠരുമായ സിദ്ധസംന്യാസിമാർ ഒരിടത്ത് ഇരുന്നാൽ മതി. ആർത്തന്മാരും അർത്ഥാർത്ഥികളും ജ്ഞാനജിജ്ഞാസുക്കളുമായ ഭക്തന്മാർ ആ മഹാത്മാവിനെ വേണ്ടവിധം സമീപിച്ച് അവരവരുടെ പ്രശ്നങ്ങൾ പരിഹരിച്ച് കൃതാർത്ഥരാവും.

സാധകസംന്യാസിമാർ അവരുടെ സാന്നിദ്ധ്യം, സദുപദേശം (സത് സംഗം) തുടങ്ങിയ കാര്യക്രമങ്ങളാൽ സമുദായത്തിൽ ധർമ്മ

പ്രചാരവും ആത്മൈക്യബോധവും ഉളവാക്കുന്നു. ഈ സംന്യാസിമാർ ഒരു വർഷത്തിൽ 8 മാസവും സഞ്ചരിച്ചുകൊണ്ടിരിക്കണം ജനങ്ങളുടെ ധാർമ്മിക ജീവിതത്തിനും ആദ്ധ്യാത്മിക ഉന്നതിക്കും വേണ്ടി. "ഗ്രാമേത്രിരാത്രം, നഗരേ പഞ്ചരാത്രം"-ഗ്രാമങ്ങളിൽ മൂന്നു ദിവസവും നഗരങ്ങളിൽ അഞ്ചു ദിവസവും തങ്ങി സത്സംഗം നടത്തിക്കൊണ്ട് സഞ്ചരിക്കണം. ജീവിതശുദ്ധിയും ശ്രദ്ധയും ഉള്ളവരിൽ നിന്നുമാത്രം ഭിക്ഷാന്നം സ്വീകരിക്കാം. പ്രതിവർഷം ഗുരുപൂർണ്ണിമയ്ക്കുമുമ്പു ഈ പരിവ്രാജകസഞ്ചാരം പൂർത്തിയാക്കി തന്റെ ഗുരുനാഥന്റെ ആസ്ഥാനത്തിലോ സജ്ജനങ്ങൾ ധാരാളമുള്ള ഗ്രാമ-നഗര-സത്രങ്ങളിലോ ചെന്നെത്തണം. ആഷാഢമാസത്തിലെ വ്യാസജയന്തി (ഗുരുപൂർണ്ണിമ)ക്ക് ഗുരുപൂജ നടത്തിയിട്ടു കാർത്തികമാസം ശുക്രദ്വാദശിവരെ "ചാതുർമ്മാസ്യവ്രതം" ആചരിക്കണമെന്നുണ്ട്. ഈ കാലയളവിൽ ഗൃഹസ്ഥാശ്രമികൾ ഉൾപ്പെടെ ആത്മജിജ്ഞാസുക്കൾ അവിടെ ചെന്ന് ധാർമ്മികവും ആദ്ധ്യാത്മികവുമായ സന്ദേഹ നിവൃത്തിനേടി കൃതാർത്ഥരാവും. ഭരണാധികാരികളും ഓരോ തൊഴിലിലേർപ്പെട്ടിരിക്കുന്നവരും സേവനതത്പരരും വിദ്വാന്മാരും എല്ലാം ആ ആദ്ധ്യാത്മിക കേന്ദ്രത്തിൽ ഒത്തുകൂടി ധാർമ്മികവും ആദ്ധ്യാത്മികവുമായ പ്രേരണയും പ്രചോദനവും ഉൾക്കൊണ്ടിരുന്നു.

പിന്നെയും സഹസ്രാബ്ദങ്ങൾ കൊണ്ട് മനുഷ്യവർഗ്ഗങ്ങൾ വർദ്ധിച്ചു. ജീവിതമൂല്യമറിയാതെ ധർമ്മത്തിൽ നിന്ന് വ്യതിചലിച്ചവർ കർമ്മഠന്മാരായി പ്രബലന്മാരായിവന്നു. യജ്ഞസംസ്കാരത്തിന്റെ സ്ഥാനത്തു ആഗ്രഹനിവൃത്തിക്കുള്ള യാഗാദികർമ്മങ്ങൾക്കു പ്രചാരമുണ്ടായി. ഋഷിമാർ നേരത്തെ പ്രവചിച്ചിരുന്നവിധം കലികല്മഷങ്ങളെക്കൊണ്ട് നിറഞ്ഞ പരിസ്ഥിതിയിൽ അനാത്മവൃത്തികൾകൊടികുത്തി.

## ശ്രീബുദ്ധന്റെ ആവിർഭാവം

ഈ സന്ദർഭത്തിലാണ് ശ്രീബുദ്ധമുനിയുടെ ആവിർഭാവം. വിരാമമില്ലാത്ത കർമ്മഠത്വം ഹേതുവായി ഹിംസാദി അധർമ്മങ്ങളും പരോപദ്രവങ്ങളും വർദ്ധിച്ചുകൊണ്ടിരുന്നു. അധോഗതിയിലാണ്ട ജനസമൂഹങ്ങളിൽ ധർമ്മപ്രചാരം ചെയ്യത്തക്കവണ്ണം ആത്മവീര്യവും തപോബലവും ആർജ്ജിച്ചിരുന്ന ശ്രീബുദ്ധദേവൻ വിവേക-വൈരാഗ്യമുള്ള ഭിക്ഷുക്കളെയും ഭിക്ഷുണികളെയും വാർത്തെടുത്ത് ജന

ങ്ങളുടെയിടയിൽ ധർമ്മപ്രചാരത്തിനയച്ചുകൊണ്ടിരുന്നു. ജനങ്ങളെ ധർമ്മാചാരതത്പരരാക്കി ജീവിതശുദ്ധി സംജാതമാക്കിയാലേ ആത്മ വിശ്വാസവും ഈശ്വരവിചാരവും അങ്കുരിപ്പിക്കാനാവൂ എന്നു കണ്ടിരുന്ന ശ്രീബുദ്ധന്റെയും ശിഷ്യഗണങ്ങളുടെയും ധർമ്മപ്രചാരം ഏതാനും നൂറ്റാണ്ടുകൾ നീണ്ടുനിന്നു. അതിനിടയ്ക്ക് ബുദ്ധാനുയായികൾ ബുദ്ധന്റെ പേരിൽ ഒരു മതം സ്ഥാപിക്കുന്നതിന്റെ വ്യഗ്രതയിലായി. അതിന്റേതായ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തു പ്രാവർത്തികമാക്കണമല്ലോ. അതു മുൻ പറഞ്ഞ കർമ്മഠന്മാരെക്കാൾ താണനിലയിലേക്കു പതിച്ചു. കാരണം ആത്മവിസ്മൃതിയും അനാത്മസംഗത്തിന്റെ അതിപ്രസരവും തന്നെ.

വിത്തമേവകലൗനൃണാം ജന്മാചാരഗുണോദയഃ
ധർമ്മന്യായ വ്യവസ്ഥായാം കാരണം ബലമേവഹി
ആവൃത്ത്യാന്യായ ദൗർബ്ബല്യം പാണ്ഡിത്യേ ചാപലം വചഃ
അനാഢ്യതൈവാ സാധുത്വേ ദംഭ ഏവതു
സ്വീകാര ഏവ ചോദ്വാഹേ സ്നാനമേവ പ്രസാധനം
ദൂരേ വാര്യയനം തീർത്ഥം ലാവണ്യം കേശ ധാരണം
ഉദരംഭരതാ സ്വാർത്ഥഃസത്യത്വേ ധാർഷ്ട്യമേവഹി
ദാക്ഷ്യം കുടുംബഭരണം യശോർത്ഥേ ധർമ്മസേവനം
ഏവം പ്രജാഭിർ ദുഷ്ടാഭിരാകീർണേ സ്ഥിതിമണ്ഡലേ

....................................................................................................

അനാവൃഷ്ട്യാ വിനങ്ക്ഷ്യന്തി ദുർഭിക്ഷകരപീഡിതാഃ
ശീതവാതാതപപ്രാവൃഡ്ഹിമൈരന്യോന്യതഃപ്രജാഃ
(മഹാഭാരതം-12-ാംസ്കന്ധം)

ഈ വിധ കലിയുഗലക്ഷണങ്ങൾ അനുഭവപ്പെട്ടു തുടങ്ങിയപ്പോൾ 'സംഘേ ശക്തിഃകലൗയുഗേ' എന്ന ആപ്തോക്തിപ്രകാരം അവിടവിയെയായി ഒതുങ്ങിയിരുന്ന തപോധനന്മാരായ സംന്യാസിമാരെയും പരിവ്രാജകാചാര്യന്മാരെയും അങ്ങോട്ടുചെന്നുകാണണമെന്നും അവരുടെ ഉപദേശപ്രകാരം വ്യക്തിപരവും സാമൂഹികവുമായ ധാർമ്മികജീവിതനിലവാരം ഉയർത്താൻ ശ്രമിക്കണമെന്നും ധർമ്മിഷ്ഠരായ ചില ചില രാജാക്കന്മാർക്കു തോന്നി. ഇടയ്ക്കു മുറിഞ്ഞിരുന്ന സംന്യാസിമാരുടെ പരിവ്രജന സഞ്ചാരം വീണ്ടും സംഘടിതമായി തുടർന്നു. വിദേശാക്രമണങ്ങളും ദേശത്തിലെ വിഘടനപരമായ അന്തഃഛിദ്രങ്ങളുംകൊണ്ട് ഭാരതം വീണ്ടും ഒരു പ്രതി

സന്ധിഘട്ടം നേരിടേണ്ടിവന്ന സന്ദർഭം. ഭരണാധികാരികളിൽ പലരും പ്രശ്നപരിഹാരാർത്ഥം സംന്യാസിമാരെയും പരിവ്രാജകാചാര്യന്മാരെയും സമീപിച്ചു. സംഘടിത തീർത്ഥയാത്രകൾ പുനരാരംഭിക്കുകയും മുഖ്യതീർത്ഥങ്ങൾതോറും 'ധാർമ്മികമേളകൾ' നടത്തുകയും ചെയ്തു. എല്ലാ സമ്പ്രദായത്തിൽപ്പെട്ട സംന്യാസിമാരും സാധുക്കളും അവിടെ സമ്മേളിച്ചു ജനങ്ങൾക്ക് ആത്മവിശ്വാസത്തിന്റെയും ഐക്യത്തിന്റേതുമായ പ്രബോധനങ്ങൾ നല്കി. രാജാക്കന്മാരെയും മന്ത്രിമാരെയും രാഷ്ട്രധർമ്മം ഉൽബോധിപ്പിച്ചു കൃതകൃത്യരാക്കി.

## രാജാവിനെ കർത്തവ്യ നിഷ്ഠനാക്കാൻ

ഈ പുണ്യഭാരതത്തിന്റെ വലിപ്പത്തിലും അതിർത്തികളിലും കാലാന്തരത്തിലുണ്ടായിക്കൊണ്ടിരുന്ന മാറ്റങ്ങളൊന്നും അന്തഃസത്തയെ വാധിച്ചിട്ടില്ല. ഈ ദേശത്തിന് ഭാരതമെന്ന നാമകരണത്തിന് ഹേതുഭൂതനായ ഭരതചക്രവർത്തി ചതുർത്ഥാശ്രമം സ്വീകരിച്ച് സംന്യസിച്ചപ്പോൾ ജീവകാരുണ്യപരമായ ദയ ആർദ്രസ്വരൂപമായി. നിവൃത്തധർമ്മത്തിൽ നിന്ന് വ്യതിചലിച്ച് പ്രവൃത്തധർമ്മനിരതനാവുക സംന്യാസധർമ്മത്തിനു യോജിച്ചതല്ല. ആത്മവിചാരത്തിൽ നിന്ന് അനാത്മവിചാരത്തിലേയ്ക്കുള്ള വീഴ്ചയാണത്. മറ്റൊരു ജന്മമെടുത്ത് ജഡഭരതനെന്ന പേരിലാണല്ലോ അദ്ദേഹം ജീവന്മുക്തനായത്. ആ സന്ദർഭത്തിൽ ആകസ്മികമായി അദ്ദേഹത്തിന്റെ മഹത്വം അറിഞ്ഞ രഹൂഗണനെന്ന രാജശ്രേഷ്ഠൻ പറഞ്ഞു:-

നാഹം വിശങ്കേ സുരരാജ വജ്രാ-
ന്നത്ര്യക്ഷശൂലാന്ന യമസ്യദണ്ഡാത്
നാഗ്ന്യർക്ക സോമാ നിലവിത്തപാസ്ത്രാ-
ച്ഛങ്കേഭൃശം ബ്രഹ്മകുലാവമാനാത്.
തദ്ബ്രൂഹ്യസംഗോ ജഡവന്നിഗൂഢ-
വിജ്ഞാനവീര്യോ വിചരസ്യപാരഃ
വചാംസി യോഗഗ്രഥിതാനി സാധോ
നനഃക്ഷമതേമനസാ പിഭേത്തും.

(മഹാഭാഗവതം 5,10,11,12)

"ഞാൻ ഇന്ദ്രന്റെ വജ്രായുധത്തെയോ ശ്രീരുദ്രന്റെ ത്രിശൂലത്തെയോ യമദണ്ഡത്തെയോ, അഗ്നി, സൂര്യൻ, ചന്ദ്രൻ, വായു, കുബേരൻ എന്നിവരുടെ അസ്ത്രങ്ങളെയോ ഭയപ്പെടുന്നില്ല. എന്നാൽ ബ്രഹ്മജ്ഞാനികുലത്തെ അപമാനിക്കുന്നതിൽ നിന്നു

ഞാൻ ഏറ്റവവും ഭയപ്പെടുന്നു. അസംഗനായും അപാരമഹിമാവായും തന്റെ വിജ്ഞാനമാകുന്ന പ്രഭാവത്തെ മറച്ചു ജഡനെന്നപോലെ സഞ്ചരിക്കുന്നവനുമായ അവിടുന്ന് ആരാണെന്ന് അരുളിച്ചെയ്താലും. ഹേമഹാത്മാവേ, അവിടുത്തെ യോഗസമ്മതങ്ങളായ വാക്കുകൾ മനസ്സുകൊണ്ടുപോലും ഭേദിക്കുവാൻ ഞങ്ങൾക്കു സാധ്യമല്ല. നേരത്തെതന്നെ അങ്ങയെ അറിയാത്ത എനിക്കു മാപ്പ് നല്കി അനുഗ്രഹിക്കേണമേ". ധർമ്മപരിപാലനതത്പരരായ ഭരണാധികാരികൾ സംന്യാസിമാരെയും ബ്രഹ്മജ്ഞാനികളെയും ഏത്ര ബഹുമാനപൂർവ്വം ആദരിക്കുകയും അവരുടെ സദുപദേശങ്ങൾ സ്വധർമ്മാചരണത്തിലൂടെ പ്രചരിപ്പിക്കുകയും ചെയ്തിരുന്നുവെന്നതിന് ഇതേപോലെ അനേകം ഉദാഹരണങ്ങൾ ഗതയുഗചരിത്രങ്ങളിൽ കാണാം.

ശ്രീ വിശ്വാമിത്രമഹർഷിക്ക് വേണമെങ്കിൽ ഒരൊറ്റശാപവാക്കുകൊണ്ട് തന്നെ ഉപദ്രവിക്കുവാൻ വന്ന രാക്ഷസന്മാരെ ഭസ്മമാക്കാൻ കഴിയും. എന്നാൽ രാജനൈതികധർമ്മമനുസരിച്ച് രാജാവിന്റെ കർത്തവ്യമാണ് ഋഷിസങ്കേതങ്ങളെ സംരക്ഷിക്കുകയെന്നത്. സ്വപുത്രന്മാരോടുള്ള സ്നേഹാർദ്രത നിമിത്തം ദശരഥമഹാരാജാവ് സ്വധർമ്മത്തിൽനിന്നും വ്യതിചലിക്കുന്നുവെന്നു കണ്ട ഋഷിമനപൂർവ്വം രാമലക്ഷ്മണകുമാരന്മാരെത്തന്നെ ആവശ്യപ്പെട്ടു. ദശരഥൻ അതുകേട്ട് സംശയഗ്രസ്തനായി. പിന്നീട് വസിഷ്ഠ മഹർഷിയുടെ സന്ദർഭോചിത സാന്നിദ്ധ്യം കൊണ്ടാണല്ലോ ദശരഥന് അനുകൂലമായ ബുദ്ധി തെളിഞ്ഞത്. ഇവിടെ ക്ഷത്രിയധർമ്മത്തെ ക്ഷത്രിയർ വേണ്ടവിധം അനുഷ്ഠിക്കുവാനാണ് ഋഷി പ്രേരിപ്പിച്ചത്. അതുകണ്ട് ജനങ്ങളും പരസ്പര സ്നേഹത്തിലും ഐക്യത്തിലും ജീവിക്കുവാനിടയാവുന്നു. അത് സമുദായൈക്യത്തിനും ദേശീയൈക്യത്തിനുമുള്ള പ്രേരകശക്തിയായി ഭവിക്കുന്നു.

ധർമ്മാചരണത്തിനുള്ള സ്ഥാനമാണ് ഓരോ ആശ്രമവും. കർമ്മത്തിൽ ഈശ്വരൻ അനുകൂലമായാൽ സുഖസന്തോഷങ്ങളും സമാധാനവും. കർമ്മത്തിൽ ഈശ്വരൻ പ്രതികൂലമായാൽ ദുഃഖദുരിതങ്ങളും അശാന്തിയും തന്നെ. ചതുഷ്പാദ ധർമ്മത്തിന്റെ മൂന്നുപാദങ്ങൾക്കും ഉടവുതട്ടിയ ആപദ്ധർമ്മ സ്വരൂപമാണീ കലിയുഗത്തിൽ. അനാത്മ സ്വരൂപമെങ്കിലും ആത്മചൈതന്യചേർച്ചയാൽ ചലിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിയെത്തന്നെ വികൃതവും വികലവുമാക്കി

എന്തുകിട്ടിയാലും 'പോരാ പോരാ' എന്ന ഭോഗാർത്തിയിലൂടെ സദാ പ്രകടനബദ്ധമാണ് മനുഷ്യസമൂഹങ്ങൾ. സൽക്കർമ്മങ്ങൾ ഈശ്വരോന്മുഖമാവണമെങ്കിൽ തപോയജ്ഞദാനാദികളെക്കൊണ്ട് ബുദ്ധിശുദ്ധിയും അന്തർമുഖതയും നേടിയിരിക്കണം. ആദ്ധ്യാത്മിക ജിജ്ഞാസാപൂർവ്വം പരാർത്ഥമായി ചെയ്യുന്ന കർമ്മങ്ങൾ തന്നെ തപസ്സ്, പരോപകാരപ്രദമായ ഭാവനതന്നെ യജ്ഞം, കാലദേശപാത്രമറിഞ്ഞ് ധർമ്മാഭിവൃത്തിക്കുതകുംവിധം ചെയ്യുന്നതാണ് ദാനം. ഇങ്ങനെ 'ഉദ്ധരേദാത്മനാത്മാനം' വഴി വ്യക്തികളുടെയും തദ്വാരാ സമൂഹത്തിന്റെയും അന്തസ്സത്ത ഉണർന്നാലേ ഏകാത്മഭാവവും ഐക്യവും സാദ്ധ്യമാവുയുള്ളു.

## ആദി ശങ്കരാചാര്യർ

ആയിരം വർഷങ്ങൾക്കുമുമ്പ്, ഭാരതത്തിന്റെ അനശ്വര സമ്പത്തായ 'ആത്മജ്ഞാനം' സർവ്വത്ര വ്യാപരിച്ചുകൊണ്ട് സഞ്ചരിച്ച ജഗദ്ഗുരു ശങ്കരാചാര്യർ ഏകാത്മ ഐക്യത്തിന്റെ യുഗാചാര്യനാണ്. എല്ലാവിധത്തിലും അധഃപതിച്ചുകൊണ്ടിരുന്ന ജനങ്ങൾക്ക് ആത്മവീര്യം പകർന്നുകൊടുത്തുകൊണ്ട് അദ്ദേഹം പല പ്രാവശ്യം ഭാരതത്തിന്റെ നാലുദിക്കിലും സംന്യാസിമഠങ്ങൾ സ്ഥാപിക്കുകയും ധർമ്മച്യുതിക്ക് വിധേയമായ ബുദ്ധമതത്തിന്റെ അനാത്മപ്രസരത്താലും അന്യ സംഘടിതമതങ്ങളുടെ ആക്രമണങ്ങളാലും ശോഷിച്ചിരുന്ന സംന്യാസിധർമ്മത്തെ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. വനം, അരണ്യം, സരസ്വതി, ഭാരതി, പുരീ, തീർത്ഥ, ആശ്രമം, ഗിരി, സാഗര, പർവ്വത-എന്നീ ദശനാമി സംന്യാസിസംമ്പ്രദായം ഏർപ്പെടുത്തി. 'ഏകമേവാദ്വിതീയം' ദഹിക്കാത്ത ബഹുഭൂരിപക്ഷത്തെ "ഭജഗോവിന്ദം ഭജഗോവിന്ദം ഗോവിന്ദം ഭജ മൂഢമതേ" ഇത്യാദി പഥസഞ്ചലനഗാനങ്ങളിലൂടെ തട്ടിയുണർത്തി. ജീവിക്കുവാൻ സമ്പത്തു വേണം. അത് ധാർമ്മികമാർഗ്ഗത്തിലൂടെ ആർജ്ജിച്ച് ധർമ്മം ആചരിക്കുവാനായി വിനയോഗിക്കുക. അങ്ങനെ ചെയ്തില്ലെങ്കിൽ ധനം തന്നെ വിപല്ക്കരമാവുന്നതാണ്. അതിനെക്കാൾ ശ്രേഷ്ഠം ദാരിദ്ര്യമാകുന്നു. താരതമ്യേന ജീവനെ ധനത്തെപ്പോലെ അപകടത്തിൽ ചാടിക്കുന്നതല്ല ദാരിദ്ര്യമെന്ന് സമാധാനിക്കാം. ജീവിതത്തെ സാമ്പത്തികാടിസ്ഥാനത്തിലല്ല. സാംസ്കാരികാടിസ്ഥാനത്തിലാണ് വീക്ഷിക്കേണ്ടത്. "സർവ്വവേദാന്ത സിദ്ധാന്ത സാരസംഗ്രഹ"ത്തിൽ ശ്രീ ശങ്കരഭഗവൽപാദർ അരുളിച്ചെയ്യുന്നു.

സംപന്നോ/ന്ധവദേവ കിഞ്ചിദപരം
നോ വീക്ഷതേ ചക്ഷുഷാ-
സത്ഭിർവ്വർജ്ജിതമാർഗ്ഗ ഏവചരതി
പ്രോത്സാരിതോ ബാലിശൈഃ
തസ്മിന്നേവ മുഹുഃസ്ഖലൻ പ്രതിപദം
ഗത്വാന്ധകൂപേ പത-
ത്യസ്യാന്ധത്വ നിവർത്തകൗഷധമിദം
ദാരിദ്ര്യ മേവാഞ്ജനം

ശ്രീ ശങ്കരഭഗവൽപാദരെ തുടർന്ന് പല മഹാത്മാക്കളും ആവിർഭവിച്ച് ഭാരതത്തിന്റെയും സനാതന സംസ്കാരത്തിന്റെയും ഏകാത്മകത്വം ഉജ്ജ്വലമാക്കിച്ചെയ്തു. ഭഗവന്നാമസങ്കീർത്തനങ്ങളിലൂടെ സനാതനതത്ത്വങ്ങൾ പ്രചരിപ്പിച്ച ഭക്തിപ്രസ്ഥാനങ്ങൾ കലികാലത്തിന്റെ പ്രധാന പ്രത്യൗഷധമായി ഭവിച്ചു. ദയാനന്ദ ഋഷിയും ആര്യസമാജവും വേദോദ്ധാരണത്തോടൊപ്പം ദേശീയതയെയും ജനതയെയും ഏകോപിപ്പിക്കുവാൻ നല്കിയ. സംഭാവന ചരിത്ര പ്രധാനമാകുന്നു. ("ഹിന്ദു ധർമ്മപരിചയ"ത്തിലെ 'നവോത്ഥാന പരമ്പര'യെന്ന അദ്ധ്യായം നോക്കുക). യുഗപ്രഭാവനായ സ്വാമി വിവേകാനന്ദൻ അസേതുഹിമാചലം പരിവ്രാജകനായി സഞ്ചരിച്ച് നാടിന്റെ സ്ഥിതി ശരിക്കു കണ്ടറിഞ്ഞശേഷമാണ് വിദേശങ്ങളിലേക്കു പോയത്. അങ്ങനെ ഭാരതസംന്യാസിമാർക്ക് കാലധർമ്മമനുസരിച്ചുള്ള ഒരു സേവാധർമ്മ പദ്ധതിതന്നെ സ്വാമിജി ആവിഷ്കരിച്ച് നടപ്പിലാക്കി. ജീവനെ ശിവബുദ്ധ്യാ -നരനെ നാരായണഭാവേന-സേവിക്കുന്ന സനാതനധർമ്മതത്വം തന്നെ ആധുനികനിലവാരത്തിലേക്ക് വ്യാപരിപ്പിച്ച ശ്രേയസ്സ് സ്വാമി വിവേകാനന്ദനാണ്. ഇതിലേക്കുള്ള പ്രമാണഗ്രന്ഥം ശ്രീമൽ ഭഗവൽഗീത തന്നെ. സമന്വയാത്മകമായ ജീവിത സന്ദേശത്തിന്റെ സമാധാനവും സാന്ത്വനവും ഗീതാമാതാവ് നല്കുന്നു. കലിയുഗം കഴിഞ്ഞ് കൃതയുഗം ആരംഭിക്കുമ്പോഴേക്കും അനുകൂലവും പ്രതികൂലവുമായ പലവിധ പരിവർത്തനങ്ങളിലൂടെ പ്രകൃതിയുടെ ആവർത്തനമുണ്ടാവും. സനാതനധർമ്മത്തിന്റെ ഊനമില്ലാത്ത ചതുഷ്പാദ ധർമ്മസ്വരൂപം വീണ്ടും പൂർവ്വാധികം ഉജ്ജ്വലവത്തായി പ്രകാശിക്കുകയും ചെയ്യുമെന്നതാണ് ഈശ്വരനിയതി.

ഋതം വദന്നൃതദ്യുമ്നസത്യം വദൻത്സത്യകർമ്മൻ
ശ്രദ്ധാംവദൻ ത്സോമരാജൻ ധാത്രാ
സോമ പരിഷ്കൃത ഇന്ദ്രായേന്ദോ പരിസ്രവ.
(ഋഗ്വേദം മണ്ഡലം 9-സൂക്തം 113-മന്ത്രം 4)

# 3. സംന്യാസപരമ്പര-
# കേരളത്തിൽ

ഭാർഗ്ഗവരാമചരിതവുമായി ബന്ധപ്പെട്ടിരിക്കുന്ന കേരള ഭൂവിഭാഗത്തിന്റെ അതിർത്തി കന്യാകുമാരി മുതൽ ഗോകർണ്ണം വരെയാണ്. പടിഞ്ഞാറ് സിന്ധു സാഗരവും കിഴക്ക് സഹ്യാദ്രിയുമാണല്ലോ. പലപ്പോഴും സഹ്യാദ്രിയും കടന്ന് തമിഴ്നാടിന്റെ പല ഭാഗങ്ങളും ഉൾപ്പെടുത്തി കേരള രാജാക്കന്മാർ ഭരിച്ചിരുന്നതായും ചരിത്രരേഖകളും സംസ്കാരപാരമ്പര്യവും വ്യക്തമാക്കുന്നു. ശ്രീ പരശുരാമൻ തന്റെ അവതാര കൃത്യങ്ങളെല്ലാം സന്ത്യജിച്ച്-സംന്യാസിച്ച്- മഹേന്ദ്രഗിരിയിലേക്ക് പോയെന്ന് പുരാണേതിഹാസങ്ങളിൽ പറയുന്നു. ഈ മഹേന്ദ്രഗിരി കേരളത്തെ സ്പർശിച്ചുകൊണ്ട് തമിഴ്നാട്ടിൽ സ്ഥിതിചെയ്യുന്നു.

പ്രജാക്ഷേമതത്പരരും ധർമ്മപാലകരുമായിരിക്കണം ഭരണാധികാരികൾ. ക്ഷത്രിയസംജ്ഞയാലറിയപ്പെടുന്ന ഈ വർഗ്ഗം സ്വധർമ്മത്തിൽനിന്ന് വ്യതിചലിച്ച് കർമ്മം പ്രബലരായി പരസ്പര വിദ്വേഷവും സംഘർഷവും പെരുപ്പിച്ചു. ധർമ്മാധർമ്മങ്ങൾ നോക്കാതെ അഹങ്കാരം മുറ്റുമ്പോൾ 'തോന്ന്യാസ'മാണല്ലോ നടമാടുന്നത്. അതു നിമിത്തം അധർമ്മവും അശാന്തിയും സർവ്വത്ര വ്യാപിച്ചപ്പോൾ ധർമ്മസംസ്ഥാപനാർത്ഥം ഭഗവാൻ പരശുരാമനായി അവതരിച്ചു.

ത്രിവിധകർമ്മങ്ങളിലൂടെ ധർമ്മസംസ്ഥാപനം നിർവ്വഹിക്കുന്നതാരോ അതാണ് ഭഗവദവതാരം. യാതൊരുവൻ മനസ്സുകൊണ്ടുതന്നെ വിശ്വത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ ചെയ്യുന്നു, ആ മഹാമനസ്കനാണ് ഭഗവാൻ. "മനസൈവ ജഗത്സൃഷ്ടിം സംഹാരം ച കരോതി യഃ"- (വി.പു.)

ഇതുപോലെ 'ഭഗവാൻ' ശബ്ദത്തെ സംബന്ധിച്ച നിർവ്വചനങ്ങളും ശ്രദ്ധേയമാണ്:-സമ്പൂർണ്ണമായ ഐശ്വര്യം, വീര്യം, യശസ്സ്, ശ്രീ, ജ്ഞാനം, വൈരാഗ്യം എന്നീ ആറും തികഞ്ഞ ഭഗസ്വരൂപിയാണ് ഭഗവാൻ.

2-ഉൽപത്തി, പ്രളയം, പ്രാണിജാലങ്ങളുടെ വരവും പോക്കും, വിദ്യ, അവിദ്യ എന്നിവ അറിയുന്നവനെ ഭഗവാൻ എന്നറിയണം.

ഐശ്വര്യസ്യ സമഗ്രസ്യ വീര്യസ്യ യശസഃശ്രിയഃ
ജ്ഞാന വൈരാഗ്യയോശ്ചൈവ ഷണ്ണാം ഭഗ ഇതീരണാ
ഉൽപത്തിം പ്രളയം ചൈവ ഭൂതാനാമാഗതിം ഗതിം
വേത്തി വിദ്യാമവിദ്യാം ച സവാച്യോ ഭഗവാനിതി

ശ്രീവിഷ്ണു സഹസ്രനാമസ്തോത്രത്തൽ 'ഖണ്ഡപരശുഃ', 'സംന്യാസകൃത്', 'ശമഃ' എന്നീ തിരുനാമങ്ങളും കാണാം. ശത്രുക്കളെ ഖണ്ഡനം ചെയ്യുന്ന പരശു, ജമദഗ്നി പുത്രനായ യാതൊരു ഭഗവാനുണ്ടോ അദ്ദേഹം ഘണ്ഡപരശു.

മോക്ഷത്തിനുവേണ്ടി ചതുർത്ഥാശ്രമമായ സംന്യാസത്തെ ഏർപ്പെടുത്തിയതിനാൽ സംന്യാസകൃത്.

സംന്യാസിമാർക്ക് ജ്ഞാനസാധനമായ ശമത്തെ പ്രധാനമായി ഉപദേശിച്ചിട്ടുള്ളതിനാൽ ശമൻ. അധർമ്മികളായ ക്ഷത്രിയർക്കെല്ലാം കാലസ്വരൂപനായ പരശുരാമ ഭഗവാൻ ധർമ്മം പുനഃസ്ഥാപിച്ചിട്ട് സ്വയം സംന്യാസം സ്വീകരിച്ച് പ്രശാന്തനും സച്ചിദാനന്ദസ്വരൂപനുമായിയെന്ന് താൽപര്യം. ബാഹ്യമായി മറ്റു ജീവികളെപ്പോലെ ജനന-മരണങ്ങളെപ്പറ്റി പറയുമെങ്കിലും അവതാരപുരുഷന്മാർ ജനിക്കുകയോ മരിക്കുകയോ അല്ല, പ്രകാശിക്കുകയും മറയുകയുമാണ് ചെയ്യുന്നത്.

വർണ്ണാശ്രമ ധർമ്മഭ്രഷ്ടരായ ക്ഷത്രിയ ഭരണാധികാരികളുടെ കാലശേഷം ബ്രാഹ്മണമേധാവിത്വം നിലവിൽ വന്നു. ഇതിനിടയ്ക്ക് സമൂഹത്തിൽ നിന്നകന്ന്, ഗ്രാമത്തിനു വെളിയിൽ കഴിയുകയായിരുന്നു സംന്യാസിമാരിൽ ഭൂരിഭാഗവും. ബ്രാഹ്മണ ഭരണത്തിൽ വരണാശ്രമധർമ്മം പുനഃസ്ഥാപിക്കപ്പെടുകയും സംന്യാസിമാർ സമൂഹവുമായി ബന്ധപ്പെടുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്തു. ബ്രഹ്മചര്യം, ഗാർഹപത്യം എന്നീ പ്രവൃത്തിപരമായ ആശ്രമധർമ്മങ്ങളെ വേണ്ടവിധം അറിഞ്ഞ് ആചരിച്ചശേഷം വാനപ്രസ്ഥം, സംന്യാസം എന്നീ നിവൃത്തിപരമായ ആശ്രമധർമ്മങ്ങളിൽ പ്രവേശിക്കുന്നവരായിരുന്നു ഭൂരിപക്ഷവും. എന്നാൽ കാലാന്തരത്തിൽ ബ്രാഹ്മണമേധാവിത്വം കർമ്മഠത്വം കൊണ്ട് ദുഷിച്ചുവശായി. അതായത് ഈശ്വരോപാസനവും യജ്ഞദാനാദി ധർമ്മങ്ങളും ഓരോരു

ത്തരുടെ (ഏഷണത്രയങ്ങളിലടങ്ങുന്ന) അഭീഷ്ടസിദ്ധ്യർത്ഥമായി ഈ അധസ്ഥിതാവസ്ഥയിൽ ധാർമ്മികമായ പരാർത്ഥഭാവം ലോപിച്ചു. ഈശ്വരോന്മുഖമായ സമഷ്ടിപരാർത്ഥഭാവമില്ലെങ്കിൽ ശരിയായ വൈരാഗ്യവും വിവേകവും സ്ഫുരിക്കയില്ല. ചെറുതും വലുതുമായ സ്വാർത്ഥതയ്ക്കായിരിക്കും മുൻഗണന. പരസ്പരസദ്ഭാവം ഇല്ലാതാവുമ്പോൾ പിന്നെ അന്യോന്യസ്പർദ്ധയും ബലാബലപരീക്ഷണങ്ങളും പിടിവാശിയും പകപോക്കൽ മനോഭാവവും ആഭിചാരകർമ്മങ്ങളും വികസിച്ച് നാശോന്മുഖമാക്കിതീർക്കും.

ക്ഷത്രിയബലവും ബ്രാഹ്മണബലവും പരീക്ഷിച്ചറിഞ്ഞ വിശ്വാമിത്രൻ-

ധിക്ബലം ക്ഷത്രിയബലം ബ്രഹ്മതേജോ ബലം ബലം
ബലാബലം വിനിശ്ചിത്യ തപ ഏവ പരം ബലം

(ക്ഷ്ത്രിയബലം നിസ്സാരം, യഥാർത്ഥബലം ബ്രഹ്മതേജസ്സിനാണ്. എന്നാൽ തപോബലം തന്നെ പരമപ്രാധാനം) എന്നുൽഘോഷിച്ചുകൊണ്ട് വീണ്ടും തപസ്സിനായി തിരിക്കുന്നത് ശ്രദ്ധേയമാണ്. ഈ അനുഭവജ്ഞാനത്തിലെത്തിയവരാണ് യഥാർത്ഥ സംന്യാസിമാർ.

ഭരണാധികാരികൾ ധർമ്മത്തേക്കാൾ അവരവരുടെ രാജ്യവിസ്തൃതിയിൽ മനസ്സിരുത്തി പരസ്പരം പോരാടിക്കൊണ്ടിരുന്ന സന്ദർഭങ്ങളിൽ ആർത്തരും അർത്ഥാർത്ഥികളുമായ ജനങ്ങൾ ഈശ്വരഭക്തന്മാരും യോഗികളുമായ പുണ്യാത്മാക്കളെ ആശ്രയിച്ച് ആശ്വസിച്ചുകൊണ്ടിരുന്നു. "നാരദപരിവ്രാജകോപനിഷത്തിൽ" പറയുന്ന ആറുവിധ സംന്യാസിമാർ അക്കാലത്തു കേരളത്തിലെവിടെയും കാണാമായിരുന്നു.

സംന്യാസ ഷഡ്വിധോ ഭവതി, കുടീചകോ ബഹൂദകോ
ഹംസഃ പരമഹംസസ്തുര്യാതീതോ വധൂതശ്ചേതി.

കുടീചകൻ, ബഹൂദകൻ, ഹംസൻ, പരമഹംസൻ, തുര്യാതീതൻ, അവധൂതൻ-എന്നീ ആറുവിധം സംന്യാസിമാരിൽ ആദ്യത്തെ മൂന്നു പേർ യഥാക്രമം ആശ്രമവിധി പ്രകാരം സംന്യസിച്ചവരും മറ്റു മൂന്നുപേരും കമണ്ഡലു, ദണ്ഡ്, വസ്ത്രം, ആഹാരം ഇവയിൽ സമ്പ്രദായ നിയമങ്ങളൊന്നുമില്ലാതെ സഞ്ചരിച്ചിരുന്നവരുമായിരുന്നു. കർമ്മ-ഭക്തിയോഗ സാധനകളായിരുന്നു പ്രധാനം. അപൂർവ്വമായിട്ടെങ്കിലും അവിടവിടെയായി ഹഠയോഗികളും സിദ്ധന്മാരും ജ്ഞാനികളും ഉണ്ടായിരുന്നു. തൊഴിലാളി വർഗ്ഗത്തിൽപ്പെട്ടവർ മിക്കവരും ഭക്തന്മാർ തന്നെ. ഇഷ്ടദേവതോപാസനകളും

താന്ത്രികമായ കർമ്മങ്ങളും കൊണ്ട് അഭീഷ്ടകാര്യങ്ങൾ സാധിച്ചു കൊണ്ടിരുന്നു. ജ്ഞാനഭക്തന്മാരുടെ സമ്പർക്കം ഹേതുവായി ഭരണാധികാരികളിൽ തന്നെ കുലശേഖര പെരുമാൾ, ചേരമാൻ പെരുമാൾ ഉൾപ്പെടെ പലരും പരമഭക്തന്മാരായി മാറിയിരുന്നു. തിരുനെൽവേലിയിൽ മന്നാർകാവിൽ എന്നറിയപ്പെടുന്ന വേദനാരായണപുരത്ത് മൂന്നു നിലവിഷ്ണുക്ഷേത്രത്തോടനുബന്ധിച്ച് കുലശേഖര പെരുമാളുടെ സമാധിക്ഷേത്രം ഉള്ളത് ഇപ്പോഴും ദർശനീയമാണ്.

ഇവർക്ക് മുൻപുതന്നെ ജൈനമുനിമാരും ബുദ്ധഭിക്ഷുക്കളും കേരളജനതയിൽ സ്വാധീനം ചെലുത്തി. പലയിടങ്ങളിൽ മഠങ്ങൾ സ്ഥാപിച്ച് ഇതര സംന്യാസിമാരോടൊപ്പം ധർമ്മപ്രചരണം ചെയ്തു. ഇവരുടെ സംഘടിതമായ പ്രചാരവും വാസവും സംന്യാസിമാർക്ക് ഒരു പുതുമയായനുഭവപ്പെട്ടു. അങ്ങനെ ജൈനരും ബൗദ്ധരുമായി മാറിയ ചില കേരളീയർ ഭിക്ഷു (സംന്യാസി)ക്കളായി നാട്ടിലും മറുനാടുകളിലും സഞ്ചരിച്ച് മതപ്രചാരം ചെയ്തിട്ടുണ്ട്. ജപ്പാനിൽ "സെന്റ് ബുദ്ധിസ്റ്റ്" സമ്പ്രദായം സ്ഥാപിച്ച വജ്രൂബോധിഭിക്ഷു ഒരു കേരളീയനാണെന്നറിയപ്പെടുന്നു.

സംഘടിതരെങ്കിലും ജൈന-ബൗദ്ധ സംന്യാസി ധർമ്മങ്ങളിലെ പല അപാകതകളും വൈകല്യങ്ങളും ഹിന്ദുസംന്യാസിമാരിലും കടന്നുകൂടി. ഭക്തന്മാരെന്നനിലയിൽ വിവാഹജീവിതം ഉപേക്ഷിക്കാതെയും വിവിധ കാര്യസിദ്ധ്യർത്ഥം തന്ത്രകർമ്മങ്ങളിൽ മുഴുകിയും കഴിഞ്ഞവർക്ക് സംന്യാസധർമ്മത്തിന്റെ വാച്യാർത്ഥം പോലും പാലിക്കാൻ സാധിച്ചില്ല. ഈവിധ പാഷണ്ഡമതങ്ങളുടെ വേലിയേറ്റ ഘട്ടത്തിലാണ് കേരളത്തിലെ കാലടി ഗ്രാമത്തിൽ ശ്രീശങ്കരഭഗവദ്പാദരുടെ ആവിർഭാവം.

ഒരു വ്യക്തിജീവിതത്തിൽ ആചാര്യൻ അല്ലെങ്കിൽ ഗുരു എന്ന നിലയിൽ പലരും നമ്മെ വഴികാട്ടി സഹായിച്ചിരിക്കും. എന്നാൽ 'മോക്ഷഗുരു'വിന്റെ സ്ഥാനം മറ്റു ഗുരുക്കന്മാരെക്കാൾ പരമപ്രധാനമാണ്. അറിവിന്റെ ഉപകരണങ്ങൾ വേണ്ടവിധം ഉപയോഗപ്പെടുത്തിക്കൊണ്ട് അവസാനം ഉപകരണമുക്തമായ അറിവിനെകൊണ്ട് തന്നിൽ താനായി വിളങ്ങുന്ന സാക്ഷാൽ അറിവിൽ ഉണർന്നു അനുഭവപ്പെടുത്തുകയാണ് മോക്ഷഗുരുവിൽക്കൂടി സാധിക്കേണ്ടത്. ശ്രോത്രിയനും ബ്രഹ്മനിഷ്ഠനുമായ ഒരു ഗുരുവിനു മാത്രമേ ഈ ജീവിതലക്ഷ്യത്തിലെത്തിക്കുവാൻ സാധിക്കൂ. സർവ്വസംഗപരിത്യാ

ഗികളായ ആചാര്യന്മാർ അഥവാ സംന്യാസിമാർക്കുള്ള പരമോന്ന തസ്ഥാനവും അതാണു കാട്ടുന്നത്. 1200 വർഷങ്ങൾക്കുമുമ്പ് കേരളത്തിൽ ജനിച്ച ശ്രീ ശങ്കരൻ ആർഷഭാരതത്തിന്റെ നാലുദിക്കിലും സംന്യാസിമഠങ്ങൾ സ്ഥാപിച്ചുകൊണ്ട് മാർഗ്ഗദർശനം നൽകിയതും ശ്രുതിയുക്ത്യനുഭവസിദ്ധമായ ഈ തത്ത്വത്തിന്റെ അടിസ്താനത്തിലാണ്.

പുതുമതസ്ഥാപനരീതിയിൽ, കേരളമുൾപ്പെടെ ഭാരതത്തിലും വിദേശങ്ങളിലും പ്രബലമായിക്കഴിഞ്ഞിരുന്ന ബുദ്ധമതത്തിലെയും ജൈനമതത്തിലെയും സംന്യാസിമാർ പ്രവർത്തനപ്രധാനരായിരുന്നു. പരിമിതമായ അന്തർമ്മുഖത്വംകൊണ്ട് സ്വയം രക്ഷപ്പെടാൻപോലും അവർക്ക് സാധിച്ചിരുന്നില്ല. ഹിന്ദുമതത്തിലെ കർമ്മ-ഭക്തി-യോഗമാർഗ്ഗസംന്യാസിമാരും താൽകാലികനുഭൂതിതല്പരായിരുന്നതിനാൽ സനാതനധർമ്മത്തിലെ കാതലായ ആത്മജ്ഞാനതത്ത്വം സ്വാനുഭവപ്പെടുത്തിയവരും പ്രകാശിപ്പിക്കുവാൻ കഴിയുന്നവരും വളരെ വിരളം. ഈ പരിസ്ഥിതിയിൽ വിദേശമതപ്രചാരകരും ഭാരതത്തിൽ കടന്ന് ത്രിവിധകരണങ്ങളും കൊണ്ട് ഹിന്ദുമതത്തെ നാമാവശേഷമാക്കാനും ഹിന്ദുക്കളെ അവരവരുടെ മതങ്ങളിൽ ചെർക്കുവാനും പ്രവർത്തിച്ചുതുടങ്ങിയിരുന്നു.

സനാതനധർമ്മത്തിലെ ആത്യന്തിക ലക്ഷ്യത്തിൽ ഊന്നിക്കൊണ്ടുതന്നെ ശ്രീ ശങ്കരൻ ധർമ്മസംസ്ഥാപനം നിർവ്വഹിച്ചു. അലങ്കോലപ്പെട്ടിരുന്ന സംന്യാസജീവിതത്തെ കാലോചിതമായി വ്യവസ്ഥപ്പെടുത്തിയ ശ്രീ ശങ്കരാചാര്യർ നാലുദിക്കിലും സ്ഥാപിച്ച മഠങ്ങളിലൂടെ ഈ ദശനാമീസംന്യാസശിഷ്യപരമ്പരയ്ക്ക് ബീജാവാപം ചെയ്തു. വനം, ആരണ്യം, സരസ്വതി, ഭാരതി, പുരി, തീർത്ഥൻ, ആശ്രമം, ഗിരി, പർവ്വതം, സാഗരം ഇവയാണ് ഈ പരമ്പരയിലെ സംന്യാസദീക്ഷാനാമങ്ങൾ.

ദേശീയ-ധാർമ്മിക സംസ്കാരംകൊണ്ട് സംശുദ്ധമായ വ്യക്തിയിലും സമൂഹത്തിലും അദ്ധ്യാത്മജ്ഞാനം വേണ്ടവിധം സ്ഫുരിച്ചു പ്രഫുല്ലമാവും. ശാസ്ത്രീയസദാചാരങ്ങളുടെ സ്ഥാനത്ത് അശാസ്ത്രീയാനാചാരങ്ങൾ വേരുന്നിയ ജനജീവിതത്തിൽ വിവിധ ജാതികളും തജ്ജന്യമായ ഉച്ചനീചത്വങ്ങളും വളർന്നു പന്തലിച്ചു. ഓരോ ജാതിക്കും പ്രത്യേക ദേവതയും പ്രതിഷ്ഠയും ആരാധനരീതിയും ഉണ്ടായി. സാമ്പത്തികമായി മുൻനിരയിൽ വന്നവർക്ക്

വെവ്വേറെ ആചാര്യന്മാരും മഠങ്ങളും ഉണ്ടായി. മറ്റുള്ളവർ അവരവ രുടെ സ്വഭാവമനുസരിച്ച് ദേവതാരാധന ചെയ്തിരുന്നു. ഇത്തരം ചട്ടക്കൂടുകളിലൊന്നും പെടാതെ പലരും ജന്മാന്തരസുകൃതങ്ങളാൽ സ്വതന്ത്രരായി അവിടവിടെ ജിവന്മുക്തരായി കാണപ്പെട്ടിരുന്നു. ആ മഹാത്മാക്കളെ ചുറ്റിപറ്റിജാതിമതഭേദമന്യെ കൂട്ടംകൂടിയിരുന്ന സുകൃ തികൾ എത്രയെങ്കിലുമുണ്ട്. (ജീവന്മുക്തലക്ഷണത്തെപ്പറ്റി "വിവേ കചൂഢാമണി" 424 മുതൽ 443 വരെ ശ്ലോകങ്ങളിൽ വ്യക്തമാക്കിയി രിക്കുന്നത് നോക്കുക).

പില്ക്കാലത്ത് കേരളത്തിലും പുറത്തും ധാർമ്മികവും ആദ്ധ്യാത്മികവുമായ ഉത്തേജനം നല്കി സഞ്ചരിച്ചിരുന്ന ഒരു മഹാ ത്മാവാണ് സദ്ഗുരു സദാനന്ദശിഷ്യനായ ശ്രീ മഹാപ്രസാദ് ഭാരതി തൃപ്പാദങ്ങൾ. കൊട്ടാരക്കരയ്ക്കടുത്ത് സദാനന്ദപുരത്ത് അപൂർവ്വ അഗസ്ത്യാദിപ്രതിഷ്ഠകളോടുകൂടിയ അദ്ദേഹത്തിന്റെ അവധൂതാ ശ്രമം ഇപ്പോഴും കാണാം. സനാതന ധർമ്മപ്രചരണാർത്ഥം ഇവിടെ നിന്നും "കേരളധർമ്മം" എന്നൊരു മാസികയും പ്രസിദ്ധപ്പെടുത്തി യിരുന്നു. ഇങ്ങനെ ഓരോ ഘട്ടങ്ങളിൽ പ്രകാശിച്ച പല പുണ്യാത്മാ ക്കളുടെയും ആശ്രമങ്ങൾ ഇന്ന് മങ്ങി മറവിലകപ്പെട്ടിരിക്കുന്നതും കാണാം.

ഇന്നത്തെ ജീവിതസൗകര്യങ്ങളൊന്നുമില്ലാതിരുന്ന മുൻകാ ലങ്ങളിൽ ലക്ഷ്യപ്രാപ്തിക്കുവേണ്ടി വളരെ ക്ലേശങ്ങൾ അനുഭവി ക്കണം. ഈ ക്ലേശങ്ങൾക്കുപരി സാധനാനുഷ്ഠാനങ്ങളിൽ ദൃഢ ചിത്തരായിരുന്നു അന്നത്തെ മുമുക്ഷുക്കൾ. വിനയം, ഗുരുശുശ്രൂഷ, ഭക്തി, കൃത്യനിഷ്ഠ, അടക്കം, ഒതുക്കം, വൈരാഗ്യം, ജീവകാരുണ്യം ഇത്യാദി ഉത്തമഭാവങ്ങൾ ഒരു സാധകനിൽ എപ്പോഴും സ്ഫുരിച്ചു കൊണ്ടിരുന്നു. അവരുടെ സമ്പർക്കം കൊണ്ടുതന്നെ ദുഃഖനിവൃ ത്തരാവുന്നവർ സർവ്വസാധാരണമായിരുന്നു. ഈ വഴിക്ക് സർവ്വോ രാധ്യരായ രണ്ട് മഹാത്മാക്കളാണല്ലോ ശ്രീ വിദ്യാധിരാജ ചട്ടമ്പി സ്വാമികളും ശ്രീനാരായണഗുരുസ്വാമികളും.

ജാതിക്കോട്ടകൾ ദൃഢതരമായിരുന്ന അക്കാലത്ത് നായർ സമുദായം ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമികളെയും ഈഴവസമു ദായം ശ്രീനാരായണഗുരുസ്വാമികളെയും അവരവരുടെ സമുദാ യാചാര്യന്മാരാക്കി വാഴിക്കാൻ ശ്രമിച്ചിരുന്നു. ഈഴവരെ അപേക്ഷിച്ച് നായന്മാർക്ക് അന്ന് സവർണ്ണരെന്ന അഭിമാനത്തിൽ 'തലഘനം' കൂടി

യിരുന്നതിനാലും അതറിയാവുന്ന ശ്രീ വിദ്യാധിരാജസ്വാമികൾ മിക്ക സമയവും അന്തർമ്മുഖനായിരുന്നതിനാലും നായന്മാരുടെ ശ്രമം വേണ്ടവിധം ഫലിച്ചില്ല. മറ്റൊന്നുമില്ലെങ്കിലും ഭക്തി വിനയാന്വിത രായി ശ്രീ നാരായണഗുരുവിനെ സമീപിച്ചിരുന്ന ഈഴവ സമുദായ ത്തിന് ജീവിതത്തിന്റെ നാനാമണ്ഡലങ്ങളിലും ഉയരാൻ സാധിച്ചു. പാരമാർത്ഥികദൃഷ്ടിയിൽ ഈ രണ്ട് ആചാര്യന്മാരും ജാതിമതഭേ ദങ്ങൾക്കെല്ലാം അതീതരായി വർത്തിച്ചിരുന്നുവെന്ന വസ്തുതയും മറയ്ക്കാവതല്ല. ശ്രീ തീർത്ഥപാദ സംന്യാസ സമ്പ്രദായം സ്ഥാപിച്ച സദ്ഗുരുവാണ് ശ്രീ വിദ്യാധിരാജ തീർത്ഥപാദ സ്വാമികൾ* എന്നും ജാതിഭേദം, മതഭേദം തുടങ്ങിയ ദുരാചാരങ്ങളെ പ്രചരിപ്പിച്ചുകൊ ണ്ടിരുന്ന യാഥാസ്ഥിതികർക്ക് ഭയങ്കരനും, സംസാരദുഃഖത്തിൽ ഉഴ ലുന്നവർക്ക് അഭയപ്രദനും ജ്ഞാനനിധിയുമാണ് ശ്രീനാരായണ ഗുരുവെന്നും ഗുരു സ്മരണം ചെയ്യാറുണ്ട്. ഈ രണ്ട് ഗുരുസ്ഥാന ങ്ങളും കേരളത്തിന്റെ തനതായ തലയെടുപ്പോടെ നിലകൊള്ളുന്നു.

***** *വൈദികവും ദ്രവിഡവുമായ ആചാരാനുഷ്ഠാനങ്ങളെ അധിക രിച്ച് കേരളത്തിൽ രൂപം കൊണ്ടതാണ് തീർത്ഥപാദ സമ്പ്രദായം.***

ഇരുപതാം നൂറ്റാണ്ടിൽ വിശ്വമെങ്ങും ദ്രുതഗതിയിൽ ഉളവായിക്കൊ ണ്ടിരിക്കുന്ന ചലനവിശേഷങ്ങൾക്കനുസൃതമാം വിധം ഭാരതത്തിലെ സംന്യാസ സമ്പ്രദായത്തിലും പുതുമകൾ പലതും ഉണ്ടായി. അഭി കാമ്യമായ പുതുമകളുടെ ഉത്ഭവസ്ഥാനം ശ്രീരാമകൃഷ്ണ-വിവേ കാനന്ദ പ്രസ്ഥാനങ്ങൾ തന്നെ. ബഹുജനഹിതവും ആത്മമോക്ഷവും ലക്ഷ്യമാക്കി മിഷനറിഭാവത്തോടുകൂടി ജനതാമദ്ധ്യത്തിൽ സേവന സന്നദ്ധരായി സഞ്ചരിച്ച സംന്യാസിമാർ ഭാരതത്തിന്റെ ദേശീയവും ധർമ്മപരവുമായ നവോത്ഥാനത്തിന്റെ മുന്നോടിയായി ഭവിച്ചു. ശ്രീരാ മകൃഷ്ണശിഷ്യനും ശ്രീവിവേകാനന്ദന്റെ ഗുരുഭായിയുമായ ശ്രീമത് നിർമ്മലാനന്ദസ്വാമികൾ (തുളസീ മഹാരാജ്) ശ്രീരാമകൃഷ്ണസന്ദേ ശവാഹകനായി കേരളത്തിലുടനീളം സഞ്ചരിച്ച് പഠിപ്പിലും പദവി യിലും ഉന്നതരാണെന്ന് ഭാവിച്ചിരുന്നവരുടെയിടയിലേക്ക് കടന്നു ചെന്നു. ജീവിതസത്യം തുറന്നുകാട്ടിക്കൊണ്ട് അവരുടെ മിഥ്യധാര ണകളകറ്റാനും ജനസാമാന്യരുടെയിടയിലേക്ക് ഇറക്കിക്കൊണ്ടുവ രാനും അദ്ദേഹത്തിന് സാധിച്ചു. അങ്ങനെ സേവാധർമ്മത്തിലേക്ക് ആനയിക്കപ്പെട്ടവരിൽ മന്ത്രദീക്ഷ സ്വീകരിച്ച ഭക്തന്മാരും ബ്രഹ്മച

ര്യദീക്ഷ സ്വീകരിച്ച യുവാക്കളും ഉണ്ടായി. ശ്രീ തോതാപുരി സ്വാമികളുടെ ശിഷ്യത്വത്തിലൂടെ ശ്രീരാമ കൃഷ്ണ സംന്യാസിപരമ്പര 'പുരി' എന്ന സംന്യാസദീക്ഷാനാമമാണ് സ്വീകരിച്ചിരിക്കുന്നത്. ഈ വഴിക്ക് കേരളീയരായ അനേകം സംന്യാസിമാർ കേരളത്തിലും മറുനാടുകളിലും വിദേശങ്ങളിലും പ്രവർത്തിച്ചുവരുന്നു.

ആദ്യകാല സംന്യാസിമാരിൽ ശ്രീമദ് ആഗമാനന്ദ സ്വാമികളുടെയും ശ്രീമദ് ത്യാഗീശാനന്ദ സ്വാമികളുടെയും നാമങ്ങൾ കേരള സംന്യാസപാരമ്പര്യത്തിലെ പ്രധാന രേഖകളാണ്. ഇരുവശത്തുനിന്നുമുള്ള എതിർപ്പുകളും പ്രതിബന്ധങ്ങളും തരണം ചെയ്തുകൊണ്ട് കേരള ഹിന്ദുജനതയ്ക്കു മതപരവും സാമൂഹികവുമായ രംഗങ്ങിലെല്ലാം മാർഗ്ഗദർശനം നൽകിയിരുന്ന കർമ്മയോഗിയാണ് ശ്രീ ആഗമാനന്ദസ്വാമികൾ. ജഗദ്ഗുരു ശ്രീ ശങ്കരന്റെ ജന്മസ്ഥലമായ കാലടി ഗ്രാമത്തിൽ ശ്രീരാമകൃഷ്ണ അദ്വൈതാശ്രമം സ്ഥാപിച്ചുകൊണ്ട്, അദ്ദേഹം നാനാരംഗങ്ങളിലും പ്രവർത്തിച്ചു. ശ്രീ ശങ്കരകോളേജും സ്വാമിജിയുടെ പ്രയത്നഫലമാണ്. കാലടി ഒരു സുപ്രധാന തീർത്ഥാനട കേന്ദ്രമാക്കണമെന്ന അദ്ദേഹത്തിന്റെ ആഗ്രഹം സഫലമായിക്കൊണ്ടിരിക്കുന്നു. അതുപോലെ ശ്രോത്രിയനും ബ്രഹ്മനിഷ്ഠനുമായ ശ്രീത്യാഗീശാനന്ദ സ്വാമികളാണ് തൃശൂർ രാമകൃഷ്ണാശ്രമത്തിന്റെ സ്ഥാപകൻ. അദ്ദേഹത്തിന്റെ ഉത്തമ സങ്കല്പങ്ങളും സഫലീകൃതമായിക്കൊണ്ടിരിക്കുന്നു. കേരളീയർക്കഭിമാനിക്കാം, അന്താരാഷ്ട്രപ്രശസ്തനായ ശ്രീരംഗനാഥാനന്ദസ്വാമികൾ ഒരു കേരളീയനാണെന്നതിൽ. കൂടാതെ വിദേശങ്ങളിൽ സഞ്ചരിച്ച് ധർമ്മപ്രചാരം ചെയ്യുന്ന സംന്യാസിനിമാരിൽ കേരള സംന്യാസിനിമാരും ഉൾപ്പെടുന്നു.

ശ്രീ രാമകൃഷ്ണമഠങ്ങളോടനുബന്ധിച്ച് ഇപ്പോൾ തിരുവനന്തപുരം, തൃശൂർ, കാലടി എന്നീ സ്ഥലങ്ങളിൽ സംന്യാസിനിമാരുടെ ശാരദാമഠങ്ങളും മാതൃകാപരമായി സ്ഥാപിച്ച് നടത്തിവരുന്നു. അഭ്യസ്തവിദ്യരായ കേരളീയർക്ക് ഇതൊരത്യാവശ്യമായിരുന്നു. ഒറ്റപ്പാലം ആശ്രമത്തിലും ഒരു സംന്യാസിനിമഠമുണ്ട്. കാഞ്ഞങ്ങാട് ശ്രീരാമദാസ് സ്വാമികളാൽ സ്ഥാപിക്കപ്പെട്ട ആനന്ദാശ്രമത്തിലെ മഠാധിപതി ശ്രീകൃഷ്ണാബായി അമ്മയായിരുന്നു. തിരുവനന്തപുരത്ത് ശ്രീ സ്വയംപ്രകാശ യോഗിനിഅമ്മ തങ്ങിയിരുന്ന് മഹാസമാധി പ്രാപിച്ച സ്ഥലത്ത് സ്വയം പ്രകാശയോഗിനി ആശ്രമം എന്ന

പേരിൽ അഭ്യസ്തവിദ്യരും വൈരാഗ്യവും ഭക്തിയും ഉള്ള സ്ത്രീജ നങ്ങളുടെ അഭയകേന്ദ്രമായി പ്രശോഭിക്കുന്നു. ആശ്രമാദ്ധ്യക്ഷയായ സംന്യാസിനി അമ്മയുടെ കീഴിൽ ബ്രഹ്മചാരിണിമാരും സംന്യാസി നിമാരും ഇവിടെ ക്രിയായോഗനിഷ്ഠരായി കഴിയുന്നു. കേരളത്തിൽ വേറെയും ചില ആശ്രമങ്ങൾ സ്ത്രീകളുടേതായിട്ടുണ്ട്.

ഈയിടെ മഹാസമാധി പ്രാപിച്ച ശ്രീ വിദ്യാനന്ദ തീർത്ഥ പാദസ്വാമികളും ശ്രീ അഭേദാനന്ദഭാരതി സ്വാമികളും അവരുടെ ആശ്രമങ്ങളും സർവ്വവിദിതമാണല്ലോ. ഇപ്പോഴും സർവ്വാകർഷക മായി നിലകൊള്ളുന്ന ശിവഗിരിമഠവും ശ്രീ നാരായണ ധർമ്മസംഘം സംന്യാസിമാരും അവരുടെ സാമൂഹികവും ആദ്ധ്യാത്മികവുമായ പ്രവർത്തനങ്ങളും ധർമ്മജിജ്ഞാസുക്കൾക്കെല്ലാം സുപരിചിതമാ ണ്. സമൂഹരംഗത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചെങ്കോട്ടു കോണം ശ്രീരാമദാസമഠവും മഠാധിപതിയായ ശ്രീ സത്യാനന്ദസര സ്വതി സ്വാമികളും, വ്യാസഗിരിയിലെ ജ്ഞാനാശ്രമവും അദ്ധ്യക്ഷ നായ ശ്രീ പുരുഷോത്തമാനന്ദസ്വാമികളും, നാരായണാശ്രമ തപോ വനവും അദ്ധ്യക്ഷനായ ശ്രീ ഭൂമാനന്ദതീർത്ഥ സ്വാമികളും, മാർഗ്ഗ ദർശകമണ്ഡലകേന്ദ്രം അദ്ധ്യക്ഷനായ ശ്രീ ദയാനന്ദതീർത്ഥ സ്വാമി കളും, ശുഭാനന്ദാശ്രമവും അതിന്റെ അനുയായികളും, ശ്രീ അമൃ താനന്ദമയി മാതാജിയും അനുയായികളും മങ്കര ശ്രീരാമാനന്ദാശ്ര മവും ശിഷ്യപരമ്പരയും വർത്തമാനകാല പ്രാധാന്യമുള്ളതും പൊതുവേ അറിയപ്പെടുന്നതുമാകയാൽ വിവരിക്കുന്നില്ല.

'സരസ്വതി'യെന്ന ദശനാമീ സംന്യാസ ദീക്ഷാനാമം സ്വീക രിച്ച് സംന്യാസ സമ്പ്രദായത്തിൽ കാലോചിതമായ ഉണർവ്വും ഉത്തേ ജനവുമേകിയ മഹാത്മാവാണല്ലോ ഋഷികേശിലെ സ്വാമി ശിവാന ന്ദസരസ്വതി. അദ്ദേഹത്തിന്റെ ശിഷ്യപരമ്പര ഭാരതത്തിൽ മാത്രമല്ല ലോകത്തെങ്ങും ഉണ്ട്. അവരിൽ ഗണ്യമായ ഒരു വിഭാഗം കേരളീ യരുമാണ്. ശ്രീ ചിന്മയാനന്ദ സരസ്വതി സ്വാമികളും, ശ്രീ വിഷ്ണു ദേവാനന്ദ സരസ്വതി (പറക്കുംസ്വാമി) സ്വാമികളും, ഭാഗവതജ്ഞാ നവേത്താവായ ശ്രീ ജ്ഞാനാനന്ദസരസ്വതിസ്വാമികളും ശിവാനന്ദ സ്വാമി തൃപ്പാദങ്ങളുടെ സംന്യാസി ശിഷ്യരാണ്. ആദ്യത്തെ ഇരു വരും ലോകപ്രശസ്തരുമാണല്ലോ. ശ്രീ ജ്ഞാനാനന്ദസരസ്വതി സ്വാമികളുടെ കൊണ്ടയൂർ ജ്ഞാനാനന്ദാശ്രമവും ഒലവക്കോട് ശിവാ

നന്ദാശ്രമവും ശിഷ്യന്മാരുടെ മേൽനോട്ടത്തിൽ എല്ലാ നല്ല മണ്ഡലങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

യശശ്ശരീരനായ ശ്രീ തപോവനസ്വാമികൾ, ശ്രീ പുരുഷോത്തമാനന്ദപുരിസ്വാമികൾ, ശ്രീ വിമലാനന്ദപുരി സ്വാമികൾ എന്നിവർ ആദ്ധ്യാത്മികജ്ഞാനത്തിൽ അഗ്രഗണ്യരും തപോനിഷ്ഠരുമായിരുന്നു. പരശുരാമക്ഷേത്രമായ കേരളത്തിൽ ജനിച്ചുവളർന്ന വിദ്വാൻമാരും ജ്ഞാനികളും ജീവന്മുക്തരുമായി മറുനാടുകളിൽ മഹാസമാധി പ്രാപിച്ച എത്രയോ മഹാത്മാക്കൾ ഉണ്ട്. അവരിൽ പലരും ഊരും പേരും വെളിപ്പെടുത്താതെ അതതു പ്രദേശങ്ങളിൽ ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠിതരായി പ്രകാശിച്ചുകൊണ്ടിരിക്കുന്നു.

വേദാന്ത വിജ്ഞാനത്തിലും സംസ്കൃതത്തിലും തർക്കശാസ്ത്രത്തിലും അഗാധപണ്ഡിതനും, വിത്തേഷണ, ദാരേഷണ, ലോകേഷണ എന്നീ ഏഷണത്രയങ്ങളിൽ നിന്നു വിമുക്തനും നിത്യമുക്തനുമായ ശ്രീമത് പ്രകാശാനന്ദസ്വാമികൾ കേരളത്തിലെ പല ഭാഗങ്ങളിലും ഏകാന്തനായിരുന്ന്, മഹാസമാധി പ്രാപിച്ചു. ഈ വിളംബരയുഗത്തിൽ ഘടദീപംപോലെ ജ്വലിച്ച് മറഞ്ഞ ഈ മഹാത്മാവിനെ വേണ്ടവിധം അറിഞ്ഞ് അടുത്തവർ വളരെ വിരളം!

അതുപോലെ ബോംബെയ്ക്ക് അടുത്തു വജ്രേശ്വരിയിലും ഗണേശപുരിയിലും സ്വസാന്നിദ്ധ്യം കൊണ്ട് ലോകത്തെങ്ങുമുള്ള സുകൃതികളെ സമാകർഷിച്ച് സമാശ്വസിപ്പിച്ചിരുന്ന ശ്രീമത് നിത്യാനാന്ദസ്വാമി തിരുവടികൾ എന്ന സിദ്ധപുരുഷൻ ഒരു കേരളീയനാണെന്ന വസ്തുത എത്രപേർക്കറിയാം!

അജ്ഞാനം പ്രശമകരം യദിന്ദ്രിയാണാം
തജ്ജ്ഞേയം യദുപനിഷത്സു നിശ്ചിതാർത്ഥം
തേ ധന്യാ ഭൂവി പരമാർത്ഥനിശ്ചിഹാഃ
ശേഷാസ്തു ഭ്രമനിലയേ പരിഭ്രമന്തി.

ഹരിഃഓം തത്സത് ഓം

# 4. ഗീതോപദിഷ്ട സംന്യാസം

ജീവജാലങ്ങളിൽ ശ്രേഷ്ഠനായ മനുഷ്യന്റെ ജീവിതം ബാല്യ-യൗവ്വന-പ്രൗഢ-വാർദ്ധക്യാദി സ്ഥിതികളിൽ ബ്രഹ്മചര്യ-ഗാർഹസ്ഥ്യ-വാനപ്രസ്ഥ-സംന്യാസാശ്രമങ്ങളായി വ്യവസ്ഥപ്പെടുത്തീട്ടുണ്ട്. ബാല്യ-കൗമാരാവസ്ഥകളിൽ ബ്രഹ്മചര്യനിഷ്ഠരായി ജീവിതധർമ്മങ്ങൾ സമഗ്രമായെങ്കിലും അഭ്യസിക്കണം. ഈ വിദ്യാർത്ഥി ജീവിതത്തിൽത്തന്നെ ഒരാൾക്കു തന്റെ ജന്മാന്തര കർമ്മവാസനകളുടെ സ്വഭാവം ഗ്രഹിക്കുവാൻ കഴിയും. തന്നിൽ മുന്തിനില്ക്കുന്ന പുണ്യ-പാപകർമ്മ വാസനകളുടെ ഏറ്റക്കുറവുകളനുസരിച്ച് ഭാവിജീവിതം എങ്ങനെ വേണമെന്നു നിശ്ചയിക്കുവാൻ സാധിക്കും. ഈ വിധം ഒരാൾക്കു തന്റെ വിവേക-വൈരാഗ്യങ്ങളനുസരിച്ച് നേരിട്ട് സംന്യാസാശ്രമം സ്വീകരിക്കാമെങ്കിലും ബ്രഹ്മചര്യ-ഗാർഹസ്ഥ്യ-വാനപ്രസ്ഥ-സംന്യാസാശ്രമങ്ങളെന്ന ക്രമമാണ് സാമാന്യനിയമം.

ജീവിത മണ്ഡലത്തിലെ ഏതുരംഗത്തായാലും അറിവും പ്രവൃത്തിയും പ്രധാനം. അറിവ് വേണ്ടവിധം ആർജ്ജിക്കുകയെന്നത് ബ്രഹ്മചര്യാശ്രമധർമ്മം. തെളിഞ്ഞു കിട്ടിയ അറിവിന്റെ പ്രകാശത്തിൽ പ്രവർത്തിക്കുക എന്നത് ഗൃഹസ്ഥാശ്രമധർമ്മം. ജീവിതരംഗങ്ങളിലെ അനുകൂലവും പ്രതികൂലവുമായ അനുഭവങ്ങൾ സമഷ്ടിചിന്ത ഉറപ്പിക്കുന്നതിനു സഹായകമാവും വാനപ്രസ്ഥാശ്രമത്തിൽ. അങ്ങനെ സമഗ്രമായ പാരാർത്ഥ വൃത്തിയിലൂടെ, ഈശ്വരോന്മുഖഭാവത്തിൽ സർവ്വസ്വാർപ്പണം (സമ്പൂർണ്ണത്യാഗം) ചെയ്തു പ്രവർത്തനത്തിൽ നിന്നും നിവൃത്തനാവുകയെന്നത് സംന്യാസധർമ്മം. ഈ വൃത്തിധർമ്മത്തിലൂടെയാണ് ജീവിതലക്ഷ്യമായ കൈവല്ല്യാനുഭൂതി നേടി കൃതകൃത്യനും സന്തുഷ്ടനുമാവാൻ.

ജീവിതത്തിന്റെ ഈ പൂർണ്ണത്വം നേടാൻ ഏതു രംഗത്തിൽ ജീവിക്കുന്നവർക്കും പൂർണ്ണസ്വാതന്ത്ര്യവും അവകാശവും ഉണ്ട്. ആദ്യമാദ്യം സ്വധർമ്മാചരണത്തിലൂടെ സംസ്കരിക്കപ്പെടുന്ന ജീവിതം ക്രമേണ പരാർത്ഥമായും, പിന്നെ പാരമാർത്ഥികമായും

പരിണമിപ്പിക്കുന്ന വ്യവസ്ഥയാണ് ആശ്രമധർമ്മങ്ങളെക്കൊണ്ട് ഉദ്ദേശിക്കുന്നത്. കാലദേശാദി ഭേദങ്ങൾക്കനുസൃതമായി പ്രവർത്തന രീതികൾക്കും ആചാരങ്ങൾക്കും വ്യത്യാസങ്ങൾ ഉണ്ടാവാമെങ്കിലും സാമാന്യധർമ്മത്തിനും ജീവിതലക്ഷ്യത്തിനും മാറ്റമില്ല. ജീവകാരുണ്യം, സമസ്യഷ്ടിസ്നേഹം, കർത്തവ്യബോധം, ത്രികരണശുദ്ധി, ലക്ഷ്യബോധം, സത്യത്തിലും സത്സംഗത്തിലും അഭിരുചി, പരസ്പര സഹവർത്തിത്വഭാവം ഇത്യാദി ഗുണങ്ങൾ ഏതുനാട്ടുകാർക്കും ഏതു കാലത്തും സ്വീകാര്യമാണല്ലോ. ഈ വിധം ദുഷ്കൃതങ്ങളെ സുകൃതമാക്കി മാറ്റികൊണ്ട് പാരമാർത്ഥിക ലക്ഷ്യമായ ഈശ്വരങ്കൽ ലയിക്കുകയാണ് സംന്യാസംകൊണ്ട് ഉദ്ദേശിക്കുന്നത്.

കർമ്മവാസനകളും സംസ്കാരവുമനുസരിച്ച് മനുഷ്യന്റെ ഇഷ്ടാനിഷ്ടങ്ങളും അഭിരുചികളും മാറികൊണ്ടിരിക്കും. അനിത്യവും ചഞ്ചലവുമായ ജീവിതം പരമലക്ഷ്യബോധപൂർവ്വം ക്രമീകരിച്ച് സംശുദ്ധമാക്കണം. അതാണ് ഓരോരുത്തരുടേയും 'സ്വധർമ്മാചരണം' കൊണ്ടുദ്ദേശിക്കുന്നത്. തനിക്ക് ഹിതവും മിതവുമായവ സ്വീകരിച്ചുകൊണ്ട് മറ്റുള്ളവ അവയുടെ അഭാവത്തിൽ ദുഃഖിക്കുന്നവർക്കുവേണ്ടി ത്യജിക്കുക (കൊടുക്കുക). താൻ കഴിക്കുന്ന ഭക്ഷണംപോലും ഉദരത്തിൽ ചെന്നുകഴിഞ്ഞാൽ അവിടെകൊള്ളേണ്ടത് കൊള്ളുകയും തള്ളേണ്ടത് തള്ളുകയും ചെയ്യുന്നു. അറിഞ്ഞോ അറിയാതെയോ കൊള്ളലും കൊടുക്കലും എന്ന പ്രക്രിയ എല്ലാ പ്രവൃത്തി രംഗങ്ങളിലും നടന്നു കൊണ്ടിരിക്കുന്നു. ത്യാഗത്തിലൂടെ ഈശ്വരപ്രാപ്തിയെന്ന പ്രകൃതിരഹസ്യമാണ് ഇതൊക്കെ വെളിപ്പെടുത്തുന്നത്. അത് ബോധപൂർവ്വം സുഗമമാക്കുന്ന മനുഷ്യജീവിത ക്രമത്തിൽ സംന്യാസം അന്തിമാശ്രമമായി കല്പിച്ചിരിക്കുന്നു. ധർമ്മം -അർത്ഥം-കാമം-മോക്ഷം-മനുഷ്യ ജീവിതത്തിന്റെ ഈ നാലു പുരുഷാർത്ഥങ്ങളിൽ കർത്തവ്യ കർമ്മാധിഷ്ഠിത ആഗ്രഹങ്ങൾ സാധിക്കുന്നതിന് ന്യായമാംവിധം ധനം ആർജ്ജിക്കുകയും ത്യജിക്കുകയും ചെയ്താലേ ധർമ്മാചരണപൂർവ്വം ജീവിക്കുവാൻ പറ്റൂ. ധർമ്മാചരണപൂർവ്വം ജീവിച്ചാലേ സനാതനധർമ്മം സാക്ഷാൽക്കരിക്കാനാവൂ. സനാതനധർമ്മസാക്ഷാത്കാരംതന്നെ മോക്ഷം എന്ന പരമപുരുഷാർത്ഥം. ഇതാണ് സമ്പൂർണ്ണത്യാഗം അഥവാ സംന്യാസം.

അല്പായുസ്സുള്ളവരായ കൃമികീടാദികൾതൊട്ടു കല്പാന്തകാലസ്വരൂപികളായ ബ്രഹ്മാദികൾവരെ സ്ഥൂലവും സൂക്ഷ്മവു

മായ ബ്രഹ്മാണ്ഡത്തിലെ ജഡപ്രകൃതികൾ എല്ലാം സജാതീയ-വിജാതീയ-സ്വഗതഭേദങ്ങളോടു കൂടിയതും ആദിമദ്ധ്യാന്തങ്ങളുള്ളതും കർമ്മവാസനകളാലും ഉപാധിഭേദത്താലും പരിച്ഛിന്നങ്ങളുമാണ്. പ്രകൃതിയിലെ പ്രാതിഭാസിക സത്യത്തിലും ജീവന്റെ വ്യാവഹാരിക സത്യത്തിലും ഭ്രമിച്ചവർ അർദ്ധസത്യത്തിന്റെയും അസത്യത്തിന്റെയും കൂടാരത്തിൽ കുഴങ്ങി സുഖദുഃഖാനുഭവങ്ങളിലൂടെ കറങ്ങിക്കൊണ്ടിരിക്കും. ആദിമധ്യാന്തരഹിതവും അപരിച്ഛിന്നവും നിത്യ-സത്യ-ശുദ്ധ-സ്വതന്ത്രസ്വരൂപവും സർവ്വാന്തര്യാമിയും സർവ്വവ്യാപിയും സർവ്വജ്ഞനും സച്ചിതാനന്ദസ്വരൂപവുമാണ് സർവ്വേശ്വരൻ. അത് ഒന്നും അനേകനുമാണെന്ന പാരമാർത്ഥികസത്യം ഉണർന്നു ജീവിക്കലാണ് മനുഷ്യന്റെ മഹാകർത്തവ്യം. ഈ ധാർമ്മിക ജീവിതത്തിൽ അറിഞ്ഞുകൊണ്ടുതന്നെ കൊള്ളുകയും കൊടുക്കുകയും ചെയ്യുന്നതോടൊപ്പം ഒന്നൊന്നായോ ഒന്നിച്ചോ ത്യാഗം ചെയ്യാൻ സമർത്ഥരായിത്തീരും. ഈശ്വരപൂജാകർമ്മങ്ങളിലെ 'ന്യാസം' ഇതാണ് സൂചിപ്പിക്കുന്നത്. ത്യജിക്കുക, യജിക്കുക എന്നീ പ്രക്രിയകൾ ഈശ്വരോപാസനയിൽ ആദ്യവസാനം ആവശ്യം. ഇവകൊണ്ട് സംശുദ്ധമായ മനഃപ്രാണേന്ദ്രിയങ്ങളും താനും പരമകാരണസ്വരൂപനായ സർവ്വേശ്വരങ്കൽ യജിക്കപ്പെടുമ്പോൾ മാത്രമാണ് ത്യാഗത്തിന്റെ യോഗങ്ങളുടെ പരമസാഫല്യമടയുന്നത്. ഈ പരമപുരുഷാർത്ഥം അഥവാ പാരമാർഥിക സത്യസാക്ഷാത്കാരമാണ് സമ്പൂർണ്ണത്യാഗമെന്ന സംന്യാസം കൊണ്ട് സാധിക്കേണ്ടത്.

സർക്കാർ ഭരണവകുപ്പുകളിലെ പല ഉദ്യോഗസ്ഥ-തൊഴിലാളി യൂണിയനുകളും നൈമിഷികമായ അഹന്തയ്ക്കു വഴിപ്പെട്ടു. 'ഞാനില്ലെങ്കിൽ ഈ നാട് അന്ധകാരത്തിൽ മുങ്ങും, ഞാനില്ലെങ്കിൽ ജനങ്ങൾ യാത്രചെയ്യാനാവാതെ വട്ടം തിരിയും, ഞാനില്ലെങ്കിൽ കുടിവെള്ളം മുട്ടിവലയും' ഇത്യാദി കിടമത്സരങ്ങളിലൂടെ സ്വല്പനേരത്തേയ്ക്കെങ്കിലും ജനജീവിതത്തെ ദുസ്സഹമാക്കുന്ന മാതിരി ദേഹേന്ദ്രിയങ്ങളുടെ മത്സരത്തെപ്പറ്റിയുള്ള കഥകൾ ഉപനിഷത്തുകളിലും കാണാം. താൻ വിട്ടുമാറിയാൽ ഈ ശരീരം നശിക്കുമെന്ന് ഓരോ ഇന്ദ്രിയവും അഭിമാനിക്കുന്നു. അങ്ങനെ ദൃഗാദി അഞ്ച് ഇന്ദ്രിയങ്ങളും വിട്ടുപോയിട്ടും ശരീരം ജീവിക്കുന്നു, അപ്പോൾ അവർക്ക് ബോദ്ധ്യമായി തങ്ങളെക്കാൾ പ്രധാനം പ്രാണശക്തിയാണെന്ന്. അതുപോലെ വിശ്വത്തിനുവെളിച്ചമേകുന്ന ശക്തി തങ്ങളുടേതാ

ണെന്ന് നക്ഷത്രങ്ങൾ വിചാരിച്ചു. കുറെകഴിഞ്ഞ് ചന്ദ്രോദയമായപ്പോൾ നക്ഷത്രങ്ങൾ പിന്നിലായി. ചന്ദ്രനും അങ്ങനെ അഭിമാനിച്ചു കൊണ്ട് തിളങ്ങുമ്പോൾ ആദിത്യന്റെ ഉദയമായി. ഈ വിധം കാര്യ കാരണബന്ധ സ്വരൂപമായ ഈ സ്ഥൂല സൂക്ഷ്മപ്രപഞ്ചത്തിന്റെ ആണ്ടവസാനമായ പതിപ്പുകളാണ് ഓരോ മനുഷ്യനും. സമഷ്ടിയി ലുള്ളതെല്ലാം വ്യഷ്ടിയിലും വ്യഷ്ടിയിലുള്ളതെല്ലാം സമഷ്ടിയിലും ഉണ്ട്. ഇവയ്ക്കെല്ലാം പരമകാരണസ്വരൂപനായ സർവ്വേശ്വരൻ ഏകവും അദ്വയവും ജ്ഞാനസ്വരൂപവുമാണ്. അവിടെ നിന്നും പുറപ്പെട്ട ജീവൻ ബ്രഹ്മാണ്ഡത്തിൽ ജന്മമൃത്യുക്കളിലൂടെ ചറ്റിക്കറങ്ങി ക്കൊണ്ടിരിക്കുന്നു. ഈ കർമ്മചക്രത്തിൽ നിന്നു വിമുക്തനായി വിശ്രാന്തിയിലെത്താനുള്ള പ്രധാനോപായമാണ് ത്യാഗമാർഗ്ഗം. ത്യാഗത്തിലൂടെ ഭഗവൽപ്രാപ്തി സാധിപ്പിക്കുന്നതാണ് സംന്യാസം. വിഷയാനുഭവങ്ങളെക്കാൾ മികച്ചതാണ് ആത്മാനുഭവമെന്ന ബോധവും തദനുസരണമായ അഭിരുചിയും ഉണ്ടായാൽ വിവേക വൈരാഗ്യങ്ങളുമുണ്ടാവുക സ്വാഭാവികമായിരിക്കും.

അവിടെ നിന്ന് ഒന്നു പലതായി വികസിച്ച് അവിദ്യയുടേതായ കർമ്മക്കുരുക്കിൽപ്പെട്ട് നട്ടംതിരിയുന്നുവെങ്കിൽ, ഈശ്വരീയ സങ്കല്പവും സാധനകളും വഴി കർമ്മകുരുക്കുകളോരോന്നും പൊട്ടിച്ചുകൊണ്ട് ഇവിടെനിന്നും ആ ശാശ്വത-സ്വതന്ത്ര-ജ്ഞാനജ്യോതിസ്സിലേക്ക് ഓരോന്നും ത്യജിച്ചും യജിച്ചും മുന്നേറുകയാണ് ജീവന്റെ രക്ഷോപായം. ആശ്രമധർമ്മങ്ങൾ പഴയ പാരമ്പര്യവഴിക്ക് അറിയുകയില്ലെങ്കിലും മുൻപറഞ്ഞ സാമാന്യധർമ്മങ്ങൾ ആത്മാർത്ഥമായി ആചരിക്കുകയും, കർമ്മം-ഭക്തി-ജ്ഞാനയോഗാദിസാധനകൾ അവരവരുടെ അർഹതയനുസരിച്ച് അറിവും അനുഭവവുമുള്ള സദ് ഗുരുവിനെ ആശ്രയിച്ച് അനുഷ്ഠിച്ചുകൊണ്ടിരിക്കുകയും വേണം. ഇത്തരം പുണ്യാത്മാക്കൾക്ക് അനായാസം അന്തിമാശ്രമമായ സംന്യാസം സ്വീകരിച്ച് ആത്മമോക്ഷവും ബഹുജനഹിതവും സാധിക്കാം. അവർ സമഭാവനയ്ക്കും സമ്യക് ദൃഷ്ടിക്കും ഉടമകളാവുന്നു.

പ്രപഞ്ചത്തെയും പ്രപഞ്ചസത്തയെയും വിശകലനം ചെയ്തുകൊണ്ട് ശ്രീകൃഷ്ണഭഗവാൻ അരുൾ ചെയ്യുന്നു:-

അനാശ്രിതഃ കർമ്മഫലം കാര്യം കർമ്മകരോതി യഃ
സ സംന്യാസീ ച യോഗീ ച ന നിരഗ് നിർന്ന ചാക്രിയഃ
യം സംന്യാസമിതി പ്രാഹുര്യോ ഗം തം വിദ്ധി പാണ്ഡവ

നഹ്യസംന്യസ്തസങ്കല്പോ യോഗീ ഭവതി കശ്ചന
ആരുരുക്ഷോർമ്മുനേര്യോഗം കർമ്മ കാരണമുച്യതേ
യദാ ഹി നേന്ദ്രിയാർത്ഥേഷു ന കർമ്മസ്വനുഷജ്ജതേ
സർവ്വസങ്കല്പ സംന്യാസീ യോഗാരൂഢസ്തദോച്യതേ
(ഭഗവൽ ഗീത 6-1,2,3,4)

അവരവരുടെ കർത്തവ്യകർമ്മങ്ങൾ ഈശ്വരാർപ്പണ ഭാവത്തിൽ ചെയ്യുന്നതോടൊപ്പം, വിഷയ വൈരാഗ്യവും ഈശ്വരപ്രേമവും ചിത്തശുദ്ധിയും സമ്പാദിച്ച് യോഗനിരതനാവുക. എല്ലാ യോഗങ്ങളും ജീവിത ലക്ഷ്യത്തിലേയ്ക്കുള്ള ഉപായങ്ങളാണെന്നു ധരിക്കണം. അവയിൽ തന്റെ മനപ്പാകതയ്ക്കനുസൃതമായ ഒരു വഴി പിടിച്ച് തീവ്രവൈരാഗ്യപൂർവ്വം മുന്നോട്ടുപോവുക. എല്ലാ യോഗങ്ങളും സമഗ്രമായി ഉപദേശിച്ച ശേഷം ബുദ്ധിമാനും വിവേകിയുമായ സാധകൻ ആവശ്യമുള്ളതിനെ തിരഞ്ഞെടുത്തു പരിശീലിക്കട്ടെയെന്നതാണ് "യഥേച്ഛസി തഥാ കുരു" എന്ന ഭഗവദുപദേശത്തിന്റെ താത്പര്യം.

ഇന്ദ്രിയ വിഷയങ്ങളിൽ ആസക്തിയോ അഭിനിവേശമോ ഇല്ലാതെ കർമ്മങ്ങളിലും കർമ്മഫലങ്ങളിലും താൽപ്പര്യമില്ലാതെ ഇവകളിലുള്ള മിഥ്യാസങ്കല്പങ്ങളെ നിർജ്ജീവമാക്കിക്കൊണ്ട് വിവേകപൂർവ്വം ജീവിക്കുന്ന പുണ്യാത്മാവാണ് യോഗാരൂഢനായ സംന്യാസിയെന്നു ഭഗവാൻ അരുൾ ചെയ്യുന്നു. ഈശ്വരൈകശരണരായി അവർ ചെയ്യേണ്ടിവരുന്ന നിഷ്കാമകർമ്മങ്ങൾ-പുണ്യകർമ്മങ്ങൾ -എല്ലാം സർവ്വേശ്വരന് പുഷ്പാർച്ചനയായി ഭവിക്കുന്നു. അവരുടെ യോഗക്ഷേമങ്ങൾ പരമകരുണാമയനായ ഭഗവാൻതന്നെ നോക്കിക്കൊള്ളും.

ഭഗവൽഗീതയിലെ അന്തിമാദ്ധ്യായത്തിന്റെ പേര് 'മോക്ഷസംന്യാസയോഗം' എന്നാണ്. വർണ്ണാശ്രമങ്ങളുടെ അവസാനം സംന്യാസമെന്നും, പുരുഷാർത്ഥങ്ങളുടെ അവസാനം മോക്ഷമെന്നും വിധിച്ചിരിക്കുന്നതിന്റെ പ്രാധാന്യം ഇവിടെ വീണ്ടും അനുസ്മരിപ്പിക്കുകയാണ്. സംന്യാസവും ത്യാഗവും വെവ്വേറെ ഗ്രഹിക്കുവാനുള്ള ജ്ഞാനജിജ്ഞാസുവിന്റെ അപേക്ഷപ്രകാരം ഒന്നുകൂടി സമഗ്രമായി ഓർമ്മിപ്പിക്കുകയാണ് ഈ അദ്ധ്യാത്തിൽ-

സംന്യാസസ്യ മഹാബാഹോ തത്വമിച്ഛാമി വേദിതും

ത്യാഗസ്യ ച ഹൃഷികേശ പൃഥക്കേശി നിഷൂദന!

സംന്യാസവും ത്യാഗവും തമ്മിലുള്ള വ്യതാസമെന്തെന്നറിയണം. 'ഗീത' 'ഗീത' എന്ന് ആവർത്തിച്ചാവർത്തിച്ച് ഉച്ചരിച്ചാൽ "ത്യാഗീ ത്യാഗീ" എന്നായിത്തീരുമെന്ന് ആപ്തവചനമുണ്ട്. ത്യാഗശാസ്ത്രം കൂടിയാണ് ഗീത.

ബാഹ്യമായ കർമ്മം ചെയ്യാതെ കർമ്മഫലങ്ങളെ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നവൻ എത്രതന്നെ പണ്ഡിതനും വാഗ്മിയുമായാലും 'മിഥ്യാചാരി'യാണ്; ധർമ്മികമായി അലസരാവുന്നവർ നാനാതരം കർമ്മകരുക്കളിൽ കുടുങ്ങും. ഒരു കർമ്മവും ചെയ്യാതെ അലസനാവുകയോ ഏറെ കർമ്മബദ്ധനാവുകയോ അല്ല സംന്യാസം. വിഹിത കർമ്മങ്ങൾ നിഷ്കാമനായി ചെയ്തുകൊണ്ട് അതിന്റെ ഗുണദോഷ ഫലങ്ങളെല്ലാം ഈശ്വരേച്ഛയ്ക്കു സമർപ്പിക്കുവാൻ തക്കവിധം ഒരു സാധകന്റെ മനോവാക് കായങ്ങൾ സംശുദ്ധമായിത്തീരണം. കർമ്മങ്ങളുടെയും കർമ്മഫലങ്ങളുടെയും പ്രാബല്യമുള്ള ഈ പ്രപഞ്ചത്തിൽ ബദ്ധനായിരിക്കുന്ന ജീവന് വിമുക്തനാവാനുള്ള പ്രഥമവും പ്രധാനവുമായ ഉപായമാണ് കർമ്മയോഗം.

കാമ്യാനാം കർമ്മണാം ന്യാസം
സംന്യാസം കവയോ വിദുഃ
സർവ്വകർമ്മഫലത്യാഗം പ്രാഹു-
സ്ത്യാഗം വിചക്ഷണാഃ

ഇഷ്ടാനിഷ്ടങ്ങളിലും സുഖദുഃഖങ്ങളിലും ഇതുപോലുള്ള എല്ലാവിധ ദ്വന്ദ്വഭാവങ്ങളിലും വികാരവിവശനാവാതെ ഈശ്വരനിഷ്ഠനായിരിക്കുകയാണ് സംന്യാസം. സംസാരബന്ധമുണ്ടാവാത്തവിധം പ്രാരബ്ധ ക്രർമ്മഫലങ്ങൾ അനുഭവിക്കുമ്പോഴും ധർമ്മം അനുഷ്ഠിക്കുമ്പോഴും നിമിത്തമാത്രനായി, ഭഗവൽകരകമലങ്ങളിലെ ഒരു കരുവായായിരിക്കുകയെന്നതാണ് ത്യാഗം. സത്വരജസ്തമോഗുണപ്രധാനങ്ങളായ ത്യാഗങ്ങളിൽ എപ്പോഴും സത്വഗുണപ്രധാനമായ ത്യാഗമാണ് സംന്യാസിക്കു വരേണ്യം.

തനിക്കിഷ്ടപ്പെട്ട ഒരു പദാർത്ഥത്തെ ഉപേക്ഷിക്കണമെങ്കിൽ അതിനെക്കാൾ ആകർഷവും ഹിതകരവുമായ മറ്റൊന്നുണ്ടാവണം. ഒരു സംന്യാസിയെ സംബന്ധിച്ചിടത്തോളം നാനാതരം കർമ്മവ്യൂഹങ്ങളുടെയും ആശാപാശങ്ങളുടേതുമായ ഈ ബ്രഹ്മാണ്ഡത്തെ

ക്കാൾ അവയ്ക്കെല്ലാം ജീവചൈതന്യമേകുന്ന സർവ്വേശ്വരനാണ് പരമ പ്രധാനം. ആദ്യത്തേതു നശ്വരവും നൈമിഷികവുമാണ്; രണ്ടാമത്തതു മാത്രമാണ് സത്യ-സത്വ-നിത്യസുഖസ്വരൂപം. അതിനാൽ ഐഹികമായ പ്രലോഭനങ്ങളിലും ദ്വന്ദ്വഭാവങ്ങളിലും ഭ്രമിക്കാതെ ശരിയായ അറിവോടുകൂടി കർമ്മ-ഭക്തി-യോഗജ്ഞാനസാധനകളുടെ സമന്വയതലത്തിൽ സംന്യാസിവർത്തിക്കുന്നു. സംന്യാസി നിയമങ്ങളായ യജ്ഞാദികർമ്മങ്ങൾ ചെയ്യുന്നതും പരോപകാരാർത്ഥമായിരിക്കും. ലക്ഷ്യം പരമാർത്ഥിക സത്യവും.

അനിഷ്ടമിഷ്ടം മിശ്രംച
ത്രിവിധം കർമ്മണഃ ഫലം
ഭവത്യത്യാഗിനാം പ്രേത്യ നതു
സംന്യാസിനാം ക്വചിൽ

കാമ്യകർമ്മനിരതരായവർക്ക് ഇഷ്ടം, അനിഷ്ടം, മിശ്രം (അനുകൂലവും പ്രതികൂലവും. അനുകൂലപ്രതികൂല മിശ്രവുമായ) എന്നീ മൂന്നു വിധം ഫലങ്ങൾ മരണശേഷവും അനുഭവിക്കേണ്ടിവരുന്നു. എന്നാൽ കർത്തവ്യകർമ്മങ്ങളിൽ പോലും കർത്തൃത്വഭോക്ത് തൃത്വാഭിമാനമില്ലാത്ത ത്യാഗമാണ് സംന്യാസിയുടെ ലക്ഷണം. ആത്മാരാമനായ ആ മഹാത്മാവിനെ ഐഹികമായ യാതൊന്നിനും അകപ്പെടുത്താനാവില്ല.

# 5. "ത്യാഗാത് ശാന്തിരനന്തരം"

പ്രകൃതിയിൽ അവിടവിടെയായി പാറക്കെട്ടുകളും ഏക്കർക ളോളം നീളവും വീതിയും പരപ്പുമുള്ള വൻപാറകളും കാണാം- അവ അചലങ്ങളാണെന്ന് അതായത് ചലനമറ്റവയാണെന്ന് നാം പറ യുന്നു. വിഗ്രഹ നിർമ്മാതാവായ ഒരു 'സ്തപതി' ശിലയിലെ സ്ത്രീ- പുരുഷ-നപുംസകലിംഗഭേദങ്ങൾ തിരിച്ചറിയുന്നു. അചലമെന്ന പോലെ കാണപ്പെടുന്ന ശിലകളിലും അതിസൂക്ഷ്മമായ ചലനമേർപ്പെ ടുന്നുണ്ട്. നമുക്കു തിട്ടപ്പെടുത്താൻ കഴിയാത്ത നീണ്ടകാലയളവിൽ നടന്നുകൊണ്ടിരിക്കുന്ന ഈ ചലനം ഹേതുവായി കല്ലുകൾപോലും തങ്ങളുടെ ഉന്നതനില കൈവരിക്കുവാൻ ശ്രമിക്കുന്നു! കല്ക്കരി യാവുന്ന കല്ലുകളിൽ ചിലതു ഭൂഗർഭത്തിൽപ്പെട്ട് കാലാന്തരത്തിൽ വിലയേറിയ രത്നങ്ങളായി പരിണമിക്കുന്നു. വൈരം, വൈഡ്യൂര്യം, മാണിക്കം, മരതകം മുതലായി സ്വയം പ്രകാശ സ്വരൂപമായിത്തീ രുന്ന ആ കല്ലുകൾ സൂക്ഷ്മമായ ത്യാഗപ്രക്രിയകളിൽ കൂടി സഹ സ്രാബ്ദങ്ങൾക്കുശേഷം പൂർണ്ണത്വം പ്രാപിക്കുന്നതിന്റെ ലക്ഷണമാ ണത്.

മനുഷ്യൻ പ്രകൃതിയെ അടക്കിബ്ഭരിക്കുവാൻ വന്നവനല്ല. പ്രകൃതിയോട് ഈശ്വരീയമായി ഇണങ്ങി, ആ പരാശക്തിയുടെ അരുൾ പ്രസാദത്തിൽ പരിപൂർണ്ണത്വം പ്രാപിക്കേണ്ടവനാണ് മനു ഷ്യൻ. പ്രപഞ്ചത്തിൽ പെട്ടെന്നു മുളച്ചു പട്ടുപോകുന്ന പുല്ലുകളും കൃമികീടാദികളും തൊട്ട് കല്പാന്തകാലത്തോളം ജീവിച്ചിരിക്കുന്ന ബ്രഹ്മാവു വരെ അറിഞ്ഞോ അറിയാതെയോ ത്യാഗജീവിതത്തിലൂ ടെയാണ് ജീവിതപുരോഗതി കൈവരിക്കുന്നതെന്നു കാണാം. നില്ക്കുന്നിടത്തുനിന്നു മുന്നോട്ടു കാൽപതിക്കുമ്പോൾ നിന്ന സ്ഥാനം ത്യജിക്കുകയാണല്ലോ ചെയ്യുന്നത്. ഈശ്വരോപാസനയ്ക്ക് അംഗന്യാസം, കരന്യാസം എന്നൊക്കെ വിധിച്ചിരിക്കുന്നതും ഓരോ അവയവും അതതിന്റെ കർമ്മങ്ങൾ ഈശ്വരാർപ്പണഭാവത്തിൽ ത്യാഗം (ന്യാസം) ചെയ്യുന്ന പ്രക്രിയയാണ്. അറിവുള്ള മനുഷ്യൻ ഈ ത്യാഗങ്ങളുടെയെല്ലാം പൂർണ്ണതയിൽ സാംഗോപാംഗമായി

തന്നെത്തന്നെയും അറിഞ്ഞുകൊണ്ടുചെയ്യുന്ന സമ്പൂർണ്ണ ത്യാഗ ത്തെയാണ് സംന്യാസം എന്നു പറയപ്പെടുന്നത്.

പലരുടെയും സൽക്കാരപ്രിയത്വം സമന്മാരിലോ തങ്ങളെ ക്കാൾ ഉയർന്നവരിലോ ചെന്നുനില്ക്കും. സൽക്കാരത്തിനുള്ള വക കൾ ഒരുക്കുമ്പോൾ പണം മുടക്കേണ്ടിവരുന്നത് ഒരുതരം ത്യാഗമാ ണല്ലോ. അയാളെ പ്രീതിപ്പെടുത്തിയാൽ തനിക്ക് ഇന്നയിന്നവിധ ത്തിൽ സഹായകമായിരിക്കുമെന്ന പ്രതീക്ഷയോ ഫലാകാംക്ഷയോ ഉണ്ടായിരിക്കുമല്ലോ. ഈ വിധ ത്യാഗങ്ങളെ സ്ഥൂലത്യാഗങ്ങളെന്നു പറയാം. ഫലാപേക്ഷകൂടാതെ, പാത്രമറിഞ്ഞു ചെയ്യുന്ന സൽക്കാ രത്തെ അതിഥിസൽക്കാരമെന്നു പറയുന്നു. യാഗത്തിനെന്നപോലെ ത്യാഗത്തിനുമുണ്ട് രണ്ട് വശങ്ങൾ. ഓരോ അഭീഷ്ടകാര്യ സിദ്ധി കൾക്കായി ചെയ്യുന്ന ത്യാഗം കർമ്മപ്രധാനവും ഈശ്വരപ്രാപ്തി മാത്രം ലക്ഷ്യമാക്കി ത്യാഗത്തിനുവേണ്ടി ത്യാഗം ചെയ്യുന്നത് ജ്ഞാന പ്രധാനവുമാകുന്നു. ആദ്യത്തേത് അനാത്മനിഷ്ഠവും രണ്ടാമത്തേത് ആത്മനിഷ്ഠവുമായിരിക്കും. രണ്ടാമത്തേതാണ്, ഐഹികമായ ധർമ്മാ ചരണത്തിനു നേർവഴി കാട്ടുകയും പാരത്രികമായ മോക്ഷത്തിലെ ത്തിക്കുകയും ചെയ്യുന്നത്. സ്ഥൂലമായി ഉണ്ടാവുന്ന പരിവർത്തന ങ്ങൾ ഓരോ ത്യാഗത്തിന്റെ പരിണതഫലമാണ്. ശിശു ബാലനാകു ന്നതും, ബാലൻ യുവാവാകുന്നതും, യുവാവ് പ്രൗഢനാവുന്നതും, പ്രൗഢൻ വൃദ്ധനാവുന്നതും ചെയ്ത കർമ്മഫലങ്ങളുടെ വാസനാ ബീജങ്ങളെല്ലാം പേറിക്കൊണ്ട് അവ അനുഭവിക്കുന്നതിനനുയോ ജ്യമായ ഒരു പുതുപ്പിറവിയെടുക്കാൻ ഈ ശരീരം ത്യജിക്കേണ്ടിവ രുന്നതും പ്രകൃത്യാ നടക്കുന്ന ത്യാഗങ്ങളുടെ അനന്തരഫലങ്ങളാ ണ്. വൈരാഗ്യവും വിവേകവുമുള്ള മനുഷ്യപ്പിറവിയിൽ മാത്രമേ സംസ്കാരങ്ങളുടെ മാറ്റുരച്ചു നോക്കാനും തന്റെ ജീവിത ലക്ഷ്യം തിരിച്ചറിഞ്ഞ് ആവഴിക്കു തിരിഞ്ഞ് സംസ്കാരസമ്പന്നനാവാനും പറ്റു. ഉപനയനാദി സംസ്കാരകർമ്മങ്ങൾ വിധിച്ചിരിക്കുന്നതിന്റെ ഉദ്ദേ ശവും അതുതന്നെ. ഇതരജന്തുക്കളെപ്പോലെയല്ല മനുഷ്യപ്പിറവി. ജീവിതത്തിന് അച്ഛനമ്മമാർ വഴിതെളിയിച്ചേക്കാം. ജീവന്റെ ശുദ്ധീ കരണത്തിനും വിവേകം സ്ഫുരിക്കുന്നതിനും തദനുസരണമുള്ള പൂർവ്വസംസ്കാരം വേണം. മനുഷ്യനിൽത്തന്നെ ഉണ്ടാവുന്ന ആ രണ്ടാം പിറവിയോടുകൂടി മനുഷ്യകുട്ടി ദ്വിജനാവുന്നു. ഇതു സ്വയം വരിക്കുന്ന ത്യാഗം മൂലമുളവാകുന്നു. സ്ഥൂലശരീരത്തിൽ അത്യഭി

മാനം കൊണ്ടിരിക്കുന്ന അച്ഛനമ്മമാരല്ല; സംസ്കാരനിഷ്ഠനായ ആചാര്യനാണ് ദ്വിജജീവന്റെ പിതാവ്. അതിനാൽ ത്യാഗജീവിതം തന്നെയാണ് ലൗകിക പുരോഗതിക്കും കാരണം. ത്യാഗമില്ലാതെ മുന്നേറ്റമില്ല.

ആശയാണ് പുരോഗതികൾക്കെല്ലാം കാരണമെന്ന ലൗകിക ന്യായത്തിനു ഒരതിർത്തിവരെ മാത്രമേ നില്പുള്ളൂ. ആദ്ധ്യാത്മിക തലത്തിലെ വിവേകം സ്ഫുരിക്കുന്നതുവരെ. പിന്നീട് "ആശാ ഹി പരമം ദുഃഖം; നൈരാശ്യം പരമം സുഖം" എന്നും അനുഭവപ്പെടുന്നു.

ഒരിക്കൽ സ്വാമിരാമതീർത്ഥർ ഒരു സ്ഥലത്തേക്കു നടന്നു പോകുകയാണ്. ഗൃഹസ്ഥനും ധനികനുമായ ഒരാൾ ത്യാഗത്തെപ്പറ്റി സംസാരിച്ചുകൊണ്ട് അദ്ദേഹത്തെ അനുഗമിക്കുന്നുണ്ട്. ഇരുവരും ഒരു നദിക്കരയിലെത്തി. കടത്തുവള്ളത്തിലേറിവേണം മറുകരയിലെത്താൻ. സ്വാമിജിയുടെ കൈവശം കാശില്ല. കടത്തുകാരനു കൊടുക്കാൻ കൂടെപോയ ആൾ കടത്തുകൂലികൊടുത്തുകൊണ്ട് ഇരുവരും അക്കരയെത്തി. അയാൾ അഭിമാനപൂർവ്വം പറഞ്ഞു:- "ലോകത്തെ ത്യജിച്ച മഹാത്മൻ! അങ്ങയെപ്പോലെ ഞാനും ധനം ത്യജിച്ചിരുന്നെങ്കിൽ നാമിരുവരുമെങ്ങനെ ഇക്കരെ വന്നെത്തും! ഞാൻ സമ്പാദിച്ച പണം ഉണ്ടായിരുന്നതിനാൽ അതുകൊടുത്തു നദി കടക്കാൻ കഴിഞ്ഞുവെന്നതല്ലേ ശരി?"

ശ്രീരാമതീർത്ഥൻ പഞ്ചിരിച്ചുകൊണ്ട് പ്രതിവചിച്ചു: പണമുള്ള പ്രഭോ! അതെ, ത്യാഗം കൊണ്ടാണ് നാമിരുവരും മറുകരപറ്റിയത്. നിങ്ങൾ നിങ്ങളുടെ പണത്തിലൊരു അംശം ത്യാഗം ചെയ്തതിനാൽ അയാൾ നമ്മെ തോണിയിലേറ്റി. നദിയെ ഉപേക്ഷിച്ചതിനാൽ ഇക്കരെയെത്തി. നാം നടക്കുമ്പോൾ ഒരു ഇഞ്ച് സ്ഥലവും ത്യജിച്ചുകൊണ്ടാണ് മുമ്പോട്ട് പോകുന്നത്. പ്രാകൃതമോ പരിഷ്കൃതമോ ആയ എല്ലാവിധ പുരോഗതിയും ത്യാഗം നിമിത്തമുളവാകുന്നു. പ്രകൃതിയെ ശരിക്കു നിരീക്ഷിച്ചാൽ എല്ലാ രംഗത്തിലും തുടർന്നുകൊണ്ടിരിക്കുന്ന ത്യാഗം കാണാം. മാതൃഗർഭസ്ഥിതനായ ശിശു പത്തു മാസം തികയുമ്പോൾ ഗർഭപാത്രം ത്യജിച്ചിട്ടു പുറത്തേക്കുവരണം. അങ്ങനെ വന്നില്ലെങ്കിൽ മാതാവിനും ശിശുവിനും ആപൽക്കരമാണ്.

ബാല്യത്തിൽ പ്രവേശിക്കുമ്പോൾ സ്വാഭാവികമായും ശൈശവം ത്യജിക്കപ്പെടുന്നു. ഒന്നാം ക്ലാസ്സിൽ ജയിച്ച വിദ്യാർത്ഥി

രണ്ടാം ക്ലാസ്സിൽ ഇരിക്കാൻ ഒന്നാം ക്ലാസ്സ് ത്യജിക്കുന്നു. താഴ്ന്ന പടികൾ ഓരോന്നും പുറംതള്ളിക്കൊണ്ട് ഉയർന്ന പടിയിലെത്തുന്ന ഒരാൾ സന്തോഷിക്കയല്ലാതെ ദുഃഖിക്കാറില്ല. അതുപോലെ, അനൃതജഡദുഃഖസ്വരൂപമായ ലൗകികജീവിതം സമ്പൂർണ്ണം ത്യജിച്ച് സംന്യാസം ഗ്രഹിക്കുന്ന ഒരാൾക്ക് അതില്പരം ഒരു ആനന്ദം ഉണ്ടാവാനില്ല. ബന്ധുമിത്രാദികൾക്കുവേണ്ടി, സാമൂഹിക ഐക്യത്തിനും രാജ്യത്തിനും വേണ്ടി ത്യാഗജീവിതം നയിക്കുന്നവർ ത്യാഗികളല്ലേ? അവരും ത്യാഗികൾ തന്നെ. എന്നാൽ ലൗകികത്തിൽ ഒട്ടിപ്പിടിച്ചിരിക്കുന്നിടത്തോളം അവർ സമ്പൂർണ്ണത്യാഗികൾ-സംന്യാസി-ആവുന്നില്ല. സർവ്വപരിത്യാഗം സംന്യാസിയുടെ പരമലക്ഷണമാകുന്നു. അനുകൂലമായ പൂർവ്വസംസ്കാരങ്ങളുടെ പിൻബലത്താൽ ഈശ്വരപ്രാപ്തിയാണ് തന്റെ ജീവിതലക്ഷ്യമെന്ന ബോധം ഉണർന്ന പുണ്യാത്മാവ് സ്വാഭാവികമായി മറ്റെല്ലാം ത്യജിക്കുന്നുവെന്നതാണ് സത്യം. അതിൽ ഐഹികവും പാരത്രികവുമായ എല്ലാവിധ ശാന്തി-സുഖ-സമാധാനങ്ങളും അടങ്ങിയിരിക്കുന്നു.

താമസം, രാജസം, സാത്വികം എന്നീ മൂന്നു ഗുണങ്ങളുടെ ഏറ്റക്കുറവുകളോടുകൂടിയതും, സ്വാർത്ഥം, പരാർത്ഥം, പരമാർത്ഥം എന്നീ മൂന്നു ഉദ്ദേശങ്ങളോടുകൂടിയതുമായ ത്യാഗഭേദങ്ങൾ കാണാം. ഈവിധം ഗൃഹസ്ഥാശ്രമികളിലും ത്യാഗികളുണ്ട്. വിശ്വകുടുംബവും കുടുംബബന്ധുക്കളുമായിരിക്കും മുഖ്യം. കുടുംബവും കുടുംബബന്ധുക്കളുമല്ല. വിശാലമായ മാനവസമുദായവും ഈശ്വരോപാസനയുമായിരിക്കും സംന്യാസിമാർക്കു മുഖ്യം. ഇങ്ങനെ പ്രവൃത്തിധർമ്മത്തിലും നിവൃത്തിധർമ്മത്തിലും മുഴുകിയിരിക്കുന്നവരും യഥാക്രമം യജനം കൊണ്ടും ത്യജനം കൊണ്ടും സ്വയം മുക്തരാവുമ്പോഴാണ് പരമത്യാഗികളാവുക. മനശുദ്ധിയും ഈശ്വരപ്രാപ്തിയും ലക്ഷ്യമാക്കി ചെയ്യുന്ന ജനസേവനം പുണ്യ സഞ്ചയത്തിനു കാരണമാവുന്നതുപോലെ സ്വാർത്ഥലാഭത്തിനുവേണ്ടി ചെയ്യുന്ന ജനസേവനം പാപസഞ്ചയത്തിനും കാരണമായിത്തീരുന്നു. പ്രേയസ്സിന്റെ സിദ്ധികളിൽ ആകൃഷ്ടരായവർക്കു കരപറ്റാൻ സാധിക്കയില്ല. ശ്രേയസ്സിന്റെ മാർഗ്ഗത്തിൽ മുന്നിട്ടു നില്ക്കുന്നതെല്ലാം ത്യാഗം മാത്രമായിരിക്കും. “തേന ത്യക്തേന ഭുഞ്ജീഥ” ഇത്യാദി വേദമന്ത്രങ്ങളുടെ അമൃതകണങ്ങൾ അനുഭവിക്കുന്ന പുണ്യാത്മാക്കളാണവർ.

ഏതു രീതിയിലായാലും രാജ്യസേവനത്തിനു പ്രതിഫലം പറ്റാൻ ആഗ്രഹിക്കുകയും ജയിൽവാസമനുഭവിച്ചതിന്റെ 'ത്യാഗമുദ്ര' സമ്പാദിച്ച് കണക്കുപറഞ്ഞ് പ്രതിഫലം പറ്റുകയും ചെയ്യുന്നവർ പ്രേയോമാർഗ്ഗത്തിലാണ് പറ്റിപ്പിടിച്ചു നില്ക്കുന്നത്. തന്റെ മാതാവിനെ ശുശ്രൂഷിക്കുകയും തന്മൂലം കുറേ ത്യാഗങ്ങൾ ചെയ്യാനിടവരികയും ചെയ്ത ഒരു സുപുത്രൻ അതിനു പ്രതിഫലം ആഗ്രഹിക്കാറുണ്ടോ! മാതൃഭൂസേവനാർത്ഥം കടുത്ത കഷ്ടനഷ്ടങ്ങൾ സഹിക്കുകയും തന്റേതായ സർവ്വസ്വവും ത്യജിക്കുകയും ചെയ്ത എത്രയോ ത്യാഗികൾ ത്യാഗത്തിൽ മാത്രം സന്തുഷ്ടരായി ശരീരം ത്യജിച്ച പുണ്യഭൂമിയാണിത്. ഇത്തരം പരാർത്ഥ ത്യാഗമാണ് പാരമാർത്ഥിക ത്യാഗത്തിലേക്ക് നയിക്കുന്നത്. കർമ്മം കൊണ്ടോ സന്തതിയെക്കൊണ്ടോ ധനം കൊണ്ടോ അല്ല; ത്യാഗം കൊണ്ടുമാത്രം അമൃതത്വം അനുഭവിക്കുന്നു എന്നു വേദവാക്യം.

ന കർമ്മണാ ന പ്രജയാ ധനേന
ത്യാഗേനൈകേ അമൃതത്വമാനശുഃ

സൽക്കർമ്മങ്ങൾ വഴി കർമ്മബുദ്ധിയും, ഭക്തി-യോഗാദികളെകൊണ്ട് അന്തക്കരണശുദ്ധിയും, സത്സംഗം, സ്വാദ്ധ്യായം, സ്വാർത്ഥത്യാഗം ഇത്യാദികളെക്കൊണ്ട ബുദ്ധിശുദ്ധിയും കൈവരിച്ചവർക്ക് സമ്പൂർണ്ണത്യാഗം അനായാസമായിത്തീരുന്നു. ശ്രേയോമാർഗ്ഗത്തിലേക്കുള്ള സദ്ഗുണങ്ങളുടെ വിളനിലമായിരിക്കും അവർ.

ഗേയം ഗീതാ നാമസഹസ്രം
ധ്യേയം ശ്രീപതി രൂപമജസ്രം
നേയം സജ്ജന സംഗേ ചിത്തം
ദേയം ദീനജനായ ചവിത്തം.

ഈ വിധമായിരിക്കും അവരുടെ ജീവിത സ്വരൂപം. ജീവിതത്തിന്റെ ഏതു മണ്ഡലത്തിലും ജീവിതത്തെ ത്യാഗസാധനയാക്കി മാറ്റാവുന്നതും അതിന്റെ പരിപക്വാവസ്ഥയിൽ സമ്പൂർണ്ണത്യാഗ-സംന്യാസ-ത്തിലൂടെ അനായാസം പരമഗതി പ്രാപിക്കാവുന്നതുമാണ്.

ശോകം, ക്രോധം, ലോഭം, കാമം, അഭിമാനം, നിദ്രാപരത്വം, അസൂയ, ഈർഷ്യ, അവിവേകം, നിന്ദാഭാവം ഇവയൊക്കെ ഈശ്വരോന്മുഖമായി ജീവിക്കുന്നവരുടെ ശത്രുക്കളാകയാൽ ത്യജിക്കപ്പെടേണ്ടവയാകുന്നു. അത്യാഗ്രഹം, നിർദ്ദയത്വം, ക്രൂരവാക്ക്,

ബഹുഭാഷിത്വം, ക്രോധധാരണം, ഉച്ചത്തിൽ ഒന്നും പറയുന്നില്ലെങ്കിലും മനസ്സുകൊണ്ട് മറ്റുള്ളവരെ നിന്ദിച്ചുകൊണ്ടിരിക്കൽ എന്നീ ദുഷ്ടധർമ്മങ്ങളും, സ്ത്രീസംഭോഗ ധർമ്മത്തിൽ വിരക്തനെങ്കിലും അതിനെ ഓർത്തുകൊണ്ടിരിക്കൽ, ആവശ്യത്തിൽകവിഞ്ഞ അഭിമാനത്തെ വളർത്തൽ, ആവശ്യപ്പെട്ട പദാർത്ഥങ്ങളെ ആവശ്യക്കാർക്കു കൊടുക്കുമെങ്കിലും കൊടുത്തുകഴിഞ്ഞാൽ അവരെ ശകാരിക്കൽ, ദുഷ്ടവിചാരങ്ങളെ വളർത്തൽ, ദൗർബല്യം, ആത്മ പ്രശംസ ചെയ്യൽ, സ്ത്രീകളെ കാരണം കൂടാതെ ദുഷിക്കൽ എന്നീ പാപപങ്കില വൃത്തികളും ത്യജിക്കണം.

(ധർമ്മനിഷ്ഠ, സത്യപരിപാലനം, തപസ്സ്, ബാഹ്യാഭ്യന്തരകരണങ്ങളെ അടക്കൽ, ആരോടും ഒന്നുകൊണ്ടും എപ്പോഴും മത്സരമില്ലാത്തവനായിരിക്കൽ, അനർഹങ്ങളായ കാര്യങ്ങളിൽ വിമുഖനായിരിക്കൽ പിറുപിറുപ്പും ആവലാതിയും കൂടാതെ ക്ലേശങ്ങളെ സഹിക്കൽ, അസൂയയില്ലായ്മ, കാലദേശോചിതങ്ങളായ ദാനങ്ങളെ കഴിവനുസരിച്ചാചരിക്കൽ, അർത്ഥബോധത്തോടുകൂടിയ വേദഗ്രഹണം, ധൈര്യം, ക്ഷമ എന്നീ ഗുണങ്ങൾ ഒരു മോക്ഷജിജ്ഞാസുവിനുണ്ടായിരിക്കണം. ഇതാണ് ഒരു സർവ്വകർമ്മഫലത്യാഗിയുടെ ലക്ഷണം. എല്ലാവിധ യോഗാഭ്യാസങ്ങളെക്കാൾ പരോക്ഷജ്ഞാനം (ശ്രവണവും ശാസ്ത്രപഠനവും കൊണ്ട് കിട്ടുന്ന അറിവ്) ശ്രേഷ്ഠമാണ്. പരോക്ഷജ്ഞാനത്തെക്കാൾ സർവ്വേശ്വരങ്കൽ ധ്യാനനിഷ്ഠനായിരിക്കുന്നതു ശ്രേഷ്ഠം. ധ്യാനത്തെക്കാൾ സർവ്വകർമ്മഫലങ്ങളും ഈശ്വരോന്മുക്തമാക്കി ത്യാഗം ചെയ്യുന്നത് ശ്രേഷ്ഠം. ത്യാഗത്താൽ പരമശാന്തി പ്രാപിക്കുന്നു. കേവലം ഈശ്വരാർപ്പണമായി കർമ്മം ചെയ്യുന്ന പരമഭക്തൻ എല്ലായ്പ്പോഴും ഈശ്വരഭാവത്തിലും, ശ്രദ്ധയിലും ജീവിക്കുന്നതിനാൽ ഈവിധ കർമ്മഫലത്യാഗം ധ്യാനത്തേക്കാൾ ഈശ്വരപ്രാപ്തിക്കു ശ്രേഷ്ഠതരമായി ഭവിക്കുന്നു. ആ ധന്യാത്മാവ് സ്വാഭാവികമായും പരമശാന്തി പ്രാപിക്കുന്നു.

ശ്രേയോ ഹി ജ്ഞാനമഭ്യാസാത്
ജ്ഞാനാദ്ധ്യാനം വിശിഷ്യതേ
ധ്യാനാൽ കർമ്മഫലത്യാഗ-
സ്ത്യാഗാൽ ശാന്തിരനന്തരം.

-ഭഗവത്ഗീത-12-12-

# 6. സംന്യാസത്തിലെ സംസ്കാര വൈവിധ്യം

ധർമ്മത്തിന്റെ വളർച്ചയും തളർച്ചയും പ്രായേണ മനുഷ്യന്റെ പൂർവ്വസംസ്കാരങ്ങൾക്കനുസൃതമായിരിക്കും. അധർമ്മത്തെ വളർത്തുന്ന കുസംസ്കാരമാണ് പരമ്പരാഗതമായി ഒരുവന്ന് സിദ്ധിച്ചിട്ടുള്ളതെങ്കിൽ അതു തിരുത്തി വേർവഴിക്കു തിരിയുവാനുള്ള അസുലഭസന്ദർഭം ഈ മനുഷ്യജന്മം തന്നെ. അറിഞ്ഞുകൊണ്ടുള്ള സ്വധർമ്മാചരണം സ്വപ്രയത്നം, ഗുരുകൃപ, ഈശ്വരകാരുണ്യം എന്നിവ സംയുക്തമായി ചേരുമ്പോൾ ക്രമീകൃതമായ ധാർമ്മിക ജീവിതമാർഗ്ഗം കണ്ടെത്തി കൃതാർത്ഥനാകുന്നു. തെളിഞ്ഞു കിട്ടിയ പൂർവ്വസംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ പ്രതിബന്ധങ്ങളെ അനായാസം തരണം ചെയ്തുകൊണ്ട് ജന്മാസാഫല്യം നേടുകയും ചെയ്യുന്നു.

ഇങ്ങനെ പാകതവരാതെ സംന്യസിച്ചാൽ സംന്യാസ ധർമ്മത്തിനും ച്യുതിയുണ്ടാവുമെന്നതിന്റെ പ്രധാന തെളിവാണ് ജൈന-ബൗദ്ധ സംന്യാസിമാരും സംന്യാസിനിമാരും. ഋഷഭദേവനും ബുദ്ധദേവനും തങ്ങളുടെ പ്രതിമകളും വിഹാരങ്ങളും നിർമ്മിക്കണമെന്നു പറഞ്ഞിട്ടില്ല. അവർ സ്വാനുഭൂതിയിലൂടെ അനുഭവപ്പെടുത്തിയ ആദ്ധ്യാത്മികതത്വങ്ങൾ ഉപദേശിച്ചു. ജീവകാരുണ്യ പ്രധാനമായ ധർമ്മനിഷ്ഠയിൽ ജീവിക്കുകയും ചെയ്തു. അർഹതയുള്ള ജീവകോടികൾക്കു ശാന്തിയും സൗഖ്യവും നല്കികൊണ്ട് ഏതാനും നൂറ്റാണ്ടുകൾ ശുദ്ധമായ ജൈന-ബൗദ്ധസന്ദേശങ്ങൾ പ്രചരിപ്പിച്ചു. അക്കാലശേഷം അശോകകാലവും കഴിഞ്ഞു. അനുയായികളുടെ എണ്ണവും വണ്ണവും വർദ്ധിപ്പിച്ചു കൊണ്ട് ലോകവ്യാപക മതങ്ങളാവാൻ വെമ്പൽ കൊണ്ടപ്പോൾ മുതൽ മതമമതയും മതമൗലികത്വവും സ്വാഭാവികമായും ഉയർന്നു. ധർമ്മനിഷ്ഠയുടെയും ആദ്ധ്യാത്മിക ജീവിതത്തിന്റെയും അന്തർമുഖത ലോപിക്കുകയും ബഹിർമ്മുഖത പുഷ്ടിപ്പെടുകയും ചെയ്തു. ഏതൊരു കർമ്മപ്രവണതയ്ക്കെതിരെ ഋഷഭദേവനും ബുദ്ധദേവനും ധർമ്മനിഷ്ഠരായി ജീവിക്കുകയും ഉപ

ദേശിക്കുകയും ചെയ്തുവോ ആ കർമ്മകലാപകുടുക്കിൽത്തന്നെ അവരുടെ മതാനുയായികൾ ചെന്നകപ്പെട്ടു. ലൗകികമായി എണ്ണവും വണ്ണവും പെരുക്കാൻ സാധിച്ചുവെങ്കിലും വ്യക്തിജീവിതത്തിൽ ധാർമ്മിക ജീവിതം ശോഷിച്ചുകൊണ്ടിരുന്നു. അങ്ങനെ ബുദ്ധമതത്തിലും പല വ്യത്യസ്തവിഭാഗങ്ങളും ഉൾപ്പിരിവുകളും ഉണ്ടായി.

അശോകചക്രവർത്തിയുടെ മതപരിവർത്തനശേഷം ബുദ്ധമതഭിക്ഷു (സംന്യാസി)കൾക്കൊപ്പം ഭിക്ഷുണികളെയും ബുദ്ധമതപ്രചരണാർത്ഥം നാനാദിക്കുകളിലേക്കും അയച്ചു. അത്രതന്നെ പ്രചാരപ്പെടാത്ത ജൈനമതപ്രചരണത്തിനും അവരുടെ സംന്യാസികൾക്കൊപ്പം സ്ത്രീ സംന്യാസിനിമാരും സഞ്ചരിക്കുകയും ജൈനമന്ദിരങ്ങളിൽ ഒന്നിച്ചുവസിക്കുകയും ചെയ്തിരുന്നതായി ജാതകകഥകളിൽ പറയുന്നുണ്ട്. പഞ്ചവ്രതപ്രതിജ്ഞയെടുത്ത സ്ത്രീയെ "സാദ്ധ്വി" എന്നു പറഞ്ഞിരുന്നു. ഇതു "സാധു" എന്ന സംന്യാസസംജ്ഞനയുടെ സ്ത്രീലിംഗവാചകമാണ്- ഇതുപോലെ 'സ്രാവക-സ്രാവി'സംജ്ഞകളും. ശ്വേതാംബര സമ്പ്രദായത്തിൽ സാദ്ധ്വി, ഉപാദ്ധ്യായിനി, ആചാര്യ ബിരുദങ്ങളും സ്ത്രീകൾക്കു നല്കിയിരുന്നു. ചമ്പാനഗര രാജാവായ ദധിവാഹനന്റെ മകൾ ചന്ദനാ, സ്രാവികളുടെ പരമാചാര്യയായിരുന്നു. പൂർവ്വേഷ്യയിലെങ്ങും മതപ്രചരണത്തിന്റെ നേതൃത്വം വഹിച്ച സാദ്ധ്വി ചന്ദന, ഇരുപതിനായിരത്തിൽപ്പരം സ്ത്രീപുരുഷന്മാരെ സ്വമതത്തിൽ ചേർത്തുവെന്നുകാണുന്നു. മഹാവീരന്റെ അനുയായികളായി പതിനാലായിരം സാധുക്കളും (സംന്യാസി), നാല്പത്തി ആറായിരം സാദ്ധ്വികളും, ഒരു ലക്ഷത്തി പതിനെണ്ണായിരം സ്രാവകരും, ഒരു ലക്ഷത്തി അൻപത്തിയെണ്ണായിരം സ്രാവികളും ഉണ്ടായിരുന്നു. "കല്പസൂത്ര" പ്രകാരം പുഷ്പ എന്ന ഭിക്ഷുണി (സംന്യാസി)ക്കു ഇരുപത്തിയെണ്ണായിരം സ്രാവികളും ഉണ്ടായിരുന്നു. ഇതേകാലത്തു സുമനാ ഭിക്ഷുണിയുടെ നേതൃത്വത്തിൽ മൂന്നുലക്ഷം സ്രാവികളും ഇരുപതിനായിരം സംന്യാസികളും മതപ്രചാര പ്രവർത്തനം ചെയ്തിരുന്നു. അർഹതി അരിഷ്ഠനേമിയുടെ നേതൃത്വത്തിൽ മൂന്നു ലക്ഷത്തി മുപ്പത്തിരണ്ടായിരം സ്രാവികൾ സർവ്വസ്വാർപ്പണം ചെയ്തവരാണ്. ഇവരിൽ മഹാസുവ്രത, ആര്യപക്ഷിണി, രാജമതി തുടങ്ങിയ നാരീമണികൾ ഉൾപ്പെടുന്നു.

ധർമ്മപ്രചാരവും പൊതുജനസേവനവും പൊതുവേ രണ്ടു വിധത്തിലുണ്ട്:

1. സർവ്വജീവരാശികളും ഈശ്വരാംശമാണെന്നും അവരെ സേവിക്കുന്നത് ഈശ്വരാരാധനമാണെന്നുമുള്ള പൂർണ്ണ ബോധപൂർവ്വം നിഷ്കാമഭാവത്തിൽ ചെയ്യുന്നത്, ശരീരസുഖത്തിനും ആത്മശുദ്ധിക്കും കാരണമായിത്തീരും. ലൗകികമായ യോഗക്ഷേമ ങ്ങൾക്കൊപ്പം ആത്മീയ ഉണർവ്വിനും (പ്രേയസ്സിനും ശ്രേയസ്സിനും) അതുപ്രചോദനം നല്കും. സേവനകർത്താക്കൾക്കും സേവന ഭോക്താക്കൾക്കും ഈ നിഷ്കാമധർമ്മംകൊണ്ട് സുഖവും ശാന്തിയും അനുഭവപ്പെടും.

2. തന്റെയോ തന്റെ സ്ഥാപനത്തിന്റെയോ പേരും പെരുമയും ലാക്കാക്കി ചെയ്യുന്ന സാമൂഹികസേവനത്തിൽ വിളം ബരത്തിനും പ്രശസ്തിക്കും മുൻതൂക്കം ഉള്ളതിനാൽ തനിലൗകി കമാണ്; പ്രേയസ്സിൽ പെട്ടതാണ്. ലൗകീകനേട്ടങ്ങൾക്ക് അത് ഒരു പരിധിവരെ ഉപകരിക്കുമെങ്കിലും ശ്രേയസ്സിന്റെ സത്യാംശത്തിലെ ത്തിക്കയില്ല. ഇതിൽ പല വ്യക്തികളുടെ ത്യാഗ-യത്നങ്ങൾ അവർ വരിക്കുന്ന പ്രസ്ഥാനത്തെ പ്രബലമാക്കുമെന്നത് നേരാണ്. വ്യക്തി യായാലും സംഘടനയായാലും ഈ വിധം കാമ്യഭാവത്തിൽ ചെയ്യുന്ന സേവനം വ്യഷ്ടി-സമഷ്ടി പ്രഭാവങ്ങൾക്കു സഹായകമാ യിരിക്കുമെങ്കിലും കിടമത്സരങ്ങളും തജ്ജന്യമായ മറ്റു പ്രശ്നങ്ങളും ഉളവാക്കും. എന്തുകൊണ്ടെന്നാൽ ഈശ്വരാർപ്പണഭാവത്തെക്കാൾ ചെറുതോ വലുതോ ആയ അഹന്തയാണ് ഇതിനെ നയിക്കുന്നത്.

രണ്ടാമത്തെ പ്രചാര-സേവനതന്ത്രങ്ങളുടെ പരിണാമമായി ജൈന ബൗദ്ധമതങ്ങൾ ആദ്ധ്യാത്മിക തകർച്ചയിലെത്തി. എണ്ണവും വണ്ണവും വർദ്ധിപ്പിച്ചതിന്റെ പിൻബലത്തിൽ തങ്ങളുടെ സതിയെ സാധൂകരിക്കാനായി ഹൈന്ദവ പുരാണേതിഹാസങ്ങളെ അനുക രിച്ച് ജൈന-ബുദ്ധപുരാണേതിഹാസങ്ങൾ രചിച്ചു പ്രചരിപ്പിച്ചെ ങ്കിലും ആദ്ധ്യാത്മികത്തകർച്ചയുടെ ദുരന്തങ്ങൾ തുടർന്നുകൊണ്ടി രുന്നു. എന്നാൽ ക്രിസ്തുമതത്തിനും മുഹമ്മദ്മതത്തിനും മതപ്രച രണത്തിന്റെ മതമൗലികാവേശത്തിന്റെ പ്രേരണ ജൈനബൗദ്ധമത പ്രചാരകരിലൂടെ ലഭിച്ചിട്ടുണ്ടെന്നും സ്മർത്തവ്യമാകന്നു. അവരുടെ ഭാരതാക്രമണകാലങ്ങളിൽ ജൈനബൗദ്ധസമുദായങ്ങളുടെ ഭൗതിക പ്രതിരോധശക്തികൂടി ക്ഷയിച്ചുകഴിഞ്ഞിരുന്നുവെന്നത് ഒരു ചരിത്ര വസ്തുതയാണ്. പല ഉദാഹരണങ്ങളിൽ ഒന്നിതാ:-

മതമൗലികബുദ്ധികളായ മുസ്ലീം ഭരണാധികാരികളുടെ മതഭ്രാന്തിനെ അതിജീവിക്കുവാൻ കരുത്താർജ്ജിച്ച ഹിന്ദു വിഭാഗമാണ് സിക്ക് സമുദായം. സനാതനധർമ്മം സ്വാനുഭവപ്പെടുത്തിയ അദ്വൈത ദാർശനികനാണ് അവരുടെ പ്രഥമാചാര്യനായ ഗുരുനാനാക്ക്. പക്ഷെ, അവരിൽ തന്നെ ഒരു വിഭാഗം തീവ്ര രാജനൈതികമായി ഉരുത്തിരിഞ്ഞപ്പോൾ പരസ്പരം കൊള്ളയും കൊലയും നടത്തുന്ന ഒരു തരം സാമൂഹിക ആത്മഹത്യക്കാരായി മാറി.

ജന്മാന്തരസുകൃതങ്ങൾ നിമിത്തം ജന്മസിദ്ധന്മാരായ അപൂർവ്വം പുണ്യാത്മാക്കളുടെ സ്ഥിതി ഒന്നുവേറെയാണ്. അവർക്ക് സ്വയം അദ്ധ്വാനിച്ച് നേടേണ്ടതായിട്ടില്ല; എങ്കിലും സമുദായത്തിനു മാർഗ്ഗദർശനത്തിനായി ധർമ്മോപദേശത്തോടൊപ്പം യജ്ഞ, ദാന, തപസ്സുകൾ സ്വയം അനുഷ്ഠിക്കാറുമുണ്ട്. ഹിന്ദുവർണ്ണആശ്രമധർമ്മത്തിലെകർമ്മഠത്വം പ്രബലപ്പെട്ട് ദുഷിക്കുകയും യാഗങ്ങളിലെ യജ്ഞസ്വഭാവത്തിന് (ത്യാഗത്തിന്) മങ്ങലേല്ക്കുകയും ചെയ്തപ്പോൾ സനാതനധർമ്മത്തിലെ സംന്യാസസംസ്കാരം കാലോചിതമായി പ്രകാശിപ്പിക്കാൻ പ്രാദുർഭവിച്ച മഹാത്മാക്കളാണ് ഋഷഭദേവനും ബുദ്ധദേവനും. അവതാരകൃത്യം നിർവ്വഹിച്ചിട്ട് അവർ ഭൂതശരീരം ഉപേക്ഷിച്ചു മഹാനിർവ്വാണം പ്രാപിച്ചു.

പില്ക്കാലത്ത് അതതനുയായികൾ മതമൗലികാവേശത്തിൽ ബ്രഹ്മചര്യ, ഗൃഹസ്ഥാദി ആശ്രമധർമ്മങ്ങൾ യഥാക്രമം പാലിക്കാതെയും, പൂർവ്വസംസ്കാരവും മനപ്പാകതയും സമ്പാദിക്കാതെയും സംന്യാസം സ്വീകരിച്ചതിന്റെ പരിണിതഫലമായി ബുദ്ധവിഹാരങ്ങളും ജൈനമന്ദിരങ്ങളും അധർമ്മാചരണത്തിന്റെ ഈറ്റില്ലങ്ങളായി മാറി. ഉന്നതമായ ഉപദേശങ്ങളോ ആദർശങ്ങളോ ഇല്ലാഞ്ഞിട്ടല്ല; അവയെക്കാൾ, സ്വധർമ്മാചരണത്തെക്കാൾ അനർഹമായ പരകീയ പ്രസക്തിയും സാമൂഹിക സ്വാർത്ഥവും തലയെടുത്തു. സ്വജീവിതത്തിലെ പ്രമാദവും ധർമ്മച്ച്യുതിയും നിമിത്തം വികലമായ സമുദായത്തിന്റെ വിഘടനഭാവം ഉല്ക്കടമാവുകയും ചെയ്തു. ഇതിന്റെ ഏറ്റവും ആധുനികമായ രണ്ട് ഉദാഹരണങ്ങളിതാ:-അഹിംസയും ജീവകാരുണ്യവും ഉപദേശിക്കുന്ന ബുദ്ധധർമ്മത്തിന്റെ അനുയായികൾ അതേ ധർമ്മരക്ഷയുടെ പേരിൽ ചൈനയിലും, ശ്രീലങ്കയിലും മറ്റും ക്രൂരമാംവിധം ചെയ്യുന്ന നരഹത്യകൾ ഒന്ന്. രണ്ടാമത്തേത് ഭാരതത്തിൽത്തന്നെ തന്റെ സ്ഥൂലബുദ്ധി സാമർത്ഥ്യങ്ങളെക്കൊണ്ട്

ഹിന്ദുധർമ്മത്തിൽ താറടിക്കാൻ ശ്രമിച്ചിട്ട് ഫലിക്കാതെ പിന്നീട് മനുസ്മൃതി വ്യാഖ്യാതാവെന്ന നിലയിൽ പ്രശസ്തനായിട്ട് ബുദ്ധമതത്തിൽ ചേരുകയും പിന്നോക്ക സമുദായങ്ങളിലെ ഒരു വിഭാഗത്തെ ബുദ്ധമതത്തിൽ ചേർത്തു പുതുബുദ്ധമതത്തിന്റെ ഉപജ്ഞാതാവായി ശാലനെപ്പോലെ പ്രത്യക്ഷപ്പെട്ടു. സൂട്ടു-ബൂട്ടു-കോട്ടുധാരിയായ ഈ നവീന ബുദ്ധാവതാരത്തിന്റെയും അനുയായികളുടെയും പരമ ലക്ഷ്യം ഹിന്ദുധർമ്മത്തിനെതിരായി തങ്ങളുടെ എണ്ണവും വണ്ണവും വർദ്ധിപ്പിക്കുകതന്നെ! എന്തൊരു വിരോധാഭാസം!

പൂർവ്വജന്മാന്തരസുകൃതം കൊണ്ടല്ലെങ്കിൽ, സ്വധർമ്മാചരണത്തിലൂടെ സമ്പാദിച്ച പൂർവ്വസംസ്കാരത്തിന്റെ പശ്ചാത്തലം സംന്യാസ സംസ്കാരത്തിന് ഉണ്ടായിരിക്കണം. ഇതാണ് ഭാരതത്തിന്റെ ധാർമ്മികവും ത്യാഗമയവുമായ ജീവിതക്രമം. സംഘർഷങ്ങൾ നിറഞ്ഞ നൂറ്റാണ്ടുകളുടെ ഇടവേളയ്ക്കുശേഷം ആവിർഭവിച്ച ശ്രീ ശങ്കരഭഗവത് പാദർ പുനസ്ഥാപിച്ച ഭാരതജീവിതക്രമം സംന്യാസ സംസ്കാരത്തെയും സനാതന ധർമ്മത്തെയും വേണ്ട വിധം പ്രകാശിപ്പിച്ചതിലൂടെ ജിവകോടികൾ സമാശ്വസിച്ചു.

# 7. സംന്യാസത്തെപ്പറ്റി സ്വാമി വിവേകാനന്ദൻ

പൂർവ്വസംസ്കാരവും സാധന തീവ്രതയുമനുസരിച്ച് സംന്യാസിമാരുടെ ആകൃതിയിലും പ്രകൃതിയിലും വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും ഉണ്ടാവാമെങ്കിലും വിവേകവും വൈരാഗ്യവും അവരുടെ പൊതു ലക്ഷണമാകുന്നു. വൈരാഗ്യം അഥവാ പ്രപഞ്ചത്തോടും പ്രപഞ്ചവ്യവഹാരങ്ങളോടുമുള്ള വിരക്തി ത്യാഗത്തിന്റെ പര്യായമാണ്. പ്രപഞ്ചത്തെയും പ്രപഞ്ചസത്തെയും തിരിച്ചറിയുന്ന അറിവിനെയാണ് ഇവിടെ വിവേകം കൊണ്ടു വിവക്ഷിക്കുന്നത്. നിത്യാനിത്യവിവേകം, ഇഹപരസുഖവൈരാഗ്യം, ശമം-ദമം-ഉപരതി-തിതിക്ഷ-സമാധാനം-ശ്രദ്ധ, ശമാദിഷഡ്ക സമ്പത്തി, മോക്ഷേച്ഛ എന്നിവ അദ്ധ്യാത്മജ്ഞാനസമ്പാദനത്തിന്റെ "സാധനചതുഷ്ടയ"മാണ്. ജന്മാന്തരസുകൃതത്താൽ ജന്മസിദ്ധരാവുന്ന അപൂർവ്വം മഹാത്മാക്കളിൽപ്പെട്ട ശ്രീവിവേകാനന്ദനിൽ ബാല്യത്തിലേതന്നെ ഈ വിവേകജ്ഞാനം 'ഉമിത്തീ'യെന്നപോലെ ഉള്ളിൽ പ്രസ്ഫുരിച്ചിരുന്നു. ഒരു സദ്ഗുരുവിന്റെ ദിവ്യസാന്നിദ്ധ്യത്തിൽ അത് ഒന്ന് ഊതിജ്വലിപ്പിക്കുകയേ വേണ്ടൂ. അതു സാധിച്ചപ്പോൾ നരേന്ദ്രനാഥൻ എന്ന തീവ്രസത്യാന്വേഷി വിവേകാനന്ദസ്വാമിയെന്ന സംന്യാസി ശ്രേഷ്ഠനായി.

ബ്രഹ്മവിദ്യയുടെ വിളനിലമാണ് ഭാരതഭൂമി. അതറിയണമെങ്കിൽ ജീവിതം ധർമ്മനിഷ്ഠമാവണം. ഈ സോപാധിക ജ്ഞാനത്തിലൂടെ നിരുപാധികജ്ഞാനം (ബ്രഹ്മജ്ഞാനം) പ്രാപിക്കുകയാണ് സാമാന്യക്രമം. ഐഹികവും പാരത്രികവുമായ ഇരുമാർഗ്ഗത്തിലും അജ്ഞത, അടിമത്തം, ആലസ്യം, ദുരഭിമാനം തുടങ്ങിയ വക്ഷേപാവരണബദ്ധമായ ഒരു കാലഘട്ടത്തിലാണ് ശ്രീവിവേകാനന്ദന്റെ ആവിർഭാവം. നൂറു വർഷങ്ങൾക്കു മുൻപ് ഭാരതത്തിന്റെ സ്ഥിതി ഓർക്കുന്നവർക്കു സ്വാമിവിവേകാനന്ദന്റെ അപൂർവ്വമഹത്വം ബോദ്ധ്യപ്പെടും. കാടും പടർപ്പും മൂടിക്കിടന്ന ധർമ്മമാർഗ്ഗം വെട്ടിത്തെളിച്ചുകൊണ്ട് അദ്ദേഹം വ്യഷ്ടി-സമഷ്ടിമോക്ഷം ദർശിപ്പിച്ചു. കർമ്മരംഗമായ ശരീരത്തിന്റെ കർമ്മയോഗവും ഉപാസനാരംഗമായ മനസ്സിന്റെ

ഭക്തിയോഗവും അറിവിന്റെ രംഗമായ ബുദ്ധിയുടെ ജ്ഞാനയോഗവും സമന്വയാത്മക സ്വരൂപത്തിൽ പ്രകാശിപ്പിച്ചു. ലൗകിക സുഖസൗകര്യങ്ങൾ എത്രയധികം ഉണ്ടായിട്ടും സുഖവും സമാധാനവുമില്ല! ഇനിയെന്ത്? എന്നു പകച്ചുകൊണ്ടിരുന്ന വിദേശ രാജ്യങ്ങളിൽ സ്വാമിജിയുടെ സനാതന ധർമ്മസന്ദേശം ആശ്വാസപൂർവ്വം അംഗീകരിച്ചപ്പോൾ, തൽക്കാല സ്ഥിതിയിൽ അജ്ഞരും അടിമകളും, ആർത്തന്മാരും, അർത്ഥാർത്ഥികളുമായി കഴിഞ്ഞിരുന്ന ഭാരതീയരും ആട്ടിൻപറ്റത്തിലെ സിംഹക്കുട്ടിയെപ്പോലെ ഒന്നുണർന്ന് കർത്തവ്യോന്മുഖരായി. ആത്മമോക്ഷത്തിനും ജഗത്തിന്റെ ഹിതത്തിനും വേണ്ടിയുള്ള യോഗ- സാധനനിരതരായ സംന്യാസിസംഘവിഭാവനയുടെ പ്രസക്തി ഇവിടെ ബോദ്ധ്യപ്പെടും-"ഉണരൂ, എഴുന്നേല്ക്കൂ. സ്വയം ഉണർത്തുവിൻ, മറ്റുള്ളവരെയും ഉണർത്തുവിൻ, മരണമടയുന്നതിന്നു മുമ്പ് മനുഷ്യ ജീവിത ലക്ഷ്യം നേടുവിൻ-എഴുന്നേല്ക്കൂ, ഉണരൂ, ശ്രേഷ്ഠരായ ഗുരുക്കന്മാരെ സമീപിച്ച് അറിവു നേടു."

"ഭാരതം ഉയർത്തപ്പെടും; മാംസബലം കൊണ്ടല്ല ആത്മബലം കൊണ്ട്; നശീകരണത്തിന്റെ പതാകയുമായല്ല, ശാന്തിയുടെ, സ്നേഹത്തിന്റെ, ത്യാഗികളുടെ ഉടുപ്പായ കാവിയുടെ പതാകയുമായി. സമ്പത്തിന്റെ പ്രതാപം കൊണ്ടല്ല, പിച്ചപ്പാത്രത്തിന്റെ ശക്തി കൊണ്ട് ഭാരതം ഉയർത്തപ്പെടും."

നല്ല വരുമാനമുണ്ടെങ്കിലും കുടുംബത്തിന്റെ അത്യാവശ്യച്ചെലവുകൾ കഴിച്ച് ബാക്കി അർഹിക്കുന്നവർക്കെല്ലാം കൊടുത്തുകൊണ്ടിരുന്ന, അഭിഭാഷകനായ സ്വപിതാവിന്റെ പെട്ടെന്നുള്ള മരണം നരേന്ദ്രനാഥനെ ഒന്നുലയ്ക്കുകതന്നെ ചെയ്തു. സാധ്വിയായ മാതാവും സഹോദരങ്ങളും വേണ്ടപോലെ സംരക്ഷിക്കപ്പെടണമെങ്കിൽ താൻ കുടുംബത്തിലേക്കു ഒതുങ്ങി പണം സമ്പാദിക്കണം! എന്തൊരു ധർമ്മസങ്കടം. സംശയിച്ചുനില്ക്കാൻ സമയമില്ല, ദക്ഷിണേശ്വരത്തിൽ ഗുരുനാഥസവിധത്തിലേക്കു ചെന്നു സങ്കടമുണർത്തി. കുടുംബത്തിലെ സാമ്പത്തിക വിഷമം മാറണം അല്ലേ, അതാ അമ്മയോടു (ജഗന്മാതാവിനോടു) പ്രാർത്ഥിക്കൂ; അമ്മ വേണ്ടതൊക്കെതന്നനുഗ്രഹിക്കും. ഗുരുവിന്റെ ആജ്ഞ കിട്ടിയ ഉടനേ നേരേകാണുന്ന ദേവീസന്നിധിയിലേക്കു പാഞ്ഞുചെന്ന നരേന്ദ്രൻ പ്രാർത്ഥിച്ചത് "അമ്മേ ഭഗവതീ" ഭവതാരിണീ എനിക്കു ഭക്തിജ്ഞാനവൈരാഗ്യങ്ങൾ തന്നു അനുഗ്രഹിക്കേണമേ"എന്നാണ്. വീണ്ടും

വീണ്ടും ഗുരുനാഥൻ പറഞ്ഞയച്ചിട്ടും നരേന്ദ്രനാഥന് ഇതല്ലാതെ മറ്റൊന്നു പ്രാർത്ഥിക്കുവാൻ കഴിഞ്ഞില്ല! ഇതേ നരേന്ദ്രനാഥൻ പില്ക്കാലത്തു വിവേകാനന്ദ സംന്യാസിയായപ്പോൾ സ്വഗുരുനാഥനെക്കുറിച്ചുള്ള അനുസ്മരണകളിൽ പറയുന്നു:-

"ഓരോ വ്യക്തിയിലുമുള്ള അദ്ധ്യാത്മസത്തയുമായി തുലനം ചെയ്യുമ്പോൾ മറ്റെല്ലാം നിസ്സാരം. ഒരുവനിൽ ഇതെത്രമാത്രം വികാസം കൊള്ളുന്നുവോ, അവനത്രയ്ക്കും ശ്രേയസ്സരുളുവാൻ സമർത്ഥനാകും, ആദ്യമതു നേടുക, അതു സമ്പാദിക്കുക; ആരേയും നിന്ദിക്കരുത്; ഓരോ വിശ്വാസത്തിലും വിഭാഗത്തിലുമുണ്ട് ചില നന്മകൾ. മതമെന്നാൽ വാക്കല്ല, നാമമല്ല, സംഘടനയല്ല; പിന്നെയോ, മതം ആത്മസാക്ഷാൽക്കാരമാണ് എന്ന് സ്വജീവിതം കൊണ്ട് തെളിയിച്ചു കാണിച്ചുകൊടുക്കുക. അനുഭവിച്ചവർക്കേ അതറിയാൻ കഴിയൂ. ആത്മദർശനം സാധിച്ചവർക്കേ അതന്യർക്ക് പ്രദാനം ചെയ്യാൻ സാധിക്കൂ. ആത്മദർശനം സാധിച്ചവർക്കേ മനുഷ്യലോകത്തിന്റെ മഹാചാര്യന്മാരാവാൻ സാധിക്കൂ. അങ്ങനെയുള്ളവർ മാത്രമാണ് പ്രകാശമരുളുന്ന പ്രഭാപുഞ്ജങ്ങൾ."

വിവേകാനന്ദവാങ്മയം സമഗ്രമായി പഠിച്ചവർക്ക്, ജീവിതത്തിൽ നിന്നുള്ള പലായനമല്ല സംന്യാസമെന്നു ബോദ്ധ്യപ്പെടും; പ്രത്യുത സംന്യാസമാണ് മനുഷ്യജീവിതത്തിന്റെ പൂർണ്ണതയെന്നും സ്പഷ്ടമാവും. ശ്രീ ശങ്കരഭഗവദ്പാദരുടെ ദശനാമീ സംന്യാസ സമ്പ്രദായത്തിലെ 'പുരി'നാമത്തിൽ സംവിധാനം ചെയ്ത ശ്രീരാമകൃഷ്ണ സംന്യാസി സംഘം കാലോചിതമായ ത്യാഗത്തിന്റെ, സേവനത്തിന്റെ, സാധനശൈലി ഉൾക്കൊണ്ടതാണ് കർമ്മ-ഭക്തി-ജ്ഞാനയോഗങ്ങളുടെ സമന്വയ നിഷ്ഠയിലൂടെ ആത്മമോക്ഷവും ശിവഭാവേന ജനസേവനവും. 1899 ജൂൺ 19ന് ബേലൂർ മഠത്തിൽ ഇളമുറക്കാരായ സംന്യാസിമാരോടു ചെയ്ത പ്രഭാഷണത്തിൽ സംന്യാസാദർശം വേണ്ടവിധം ധരിച്ച് അതെങ്ങനെ പ്രായോഗിക മാക്കാമെന്നു ചിന്തിച്ചു, പ്രവർത്തിക്കണമെന്നു ഉപദേശിച്ചു നിവൃത്തിമാർഗ്ഗമായ സംന്യാസത്തിൽ പ്രവൃത്തിയോ? അതെ, നിവൃത്തിക്കുവേണ്ടി പ്രവർത്തിക്കുക. സാധ്യസംന്യാസിമാർക്ക് അതാവശ്യമില്ല. എന്നാൽ സാധക സംന്യാസിമാർക്കു യജ്ഞ-തപസ് ദാനാദി കർമ്മങ്ങളിൽ നിന്നു ഒഴിഞ്ഞുമാറാനാവില്ല.

ശ്രീ സ്വാമിജി പറയുന്നു: 'സംന്യാസം' മരണത്തോടുള്ള സ്നേഹമാണ് എന്നു വളരെ ചുരുക്കമായി വർണ്ണിക്കാം. പ്രാപഞ്ചി

കന്മാർ ജീവിതത്തെ സ്നേഹിക്കുന്നു; സംന്യാസി മരണത്തെ സ്നേഹിക്കണം. അപ്പോൾ നാം ആത്മഹത്യചെയ്യണമോ? ഒരിക്കലുമരുത്. ആത്മഘാതികൾ മരണത്തെ സ്നേഹിക്കുന്നവരല്ല; ആത്മഹത്യയ്ക്കൊരുങ്ങിയവൻ ഒരിക്കൽ പരാജയം പറ്റിയാൽ വീണ്ടും അതിനു തുനിയാത്തതുകൊണ്ടുതന്നെ അത് സ്പഷ്ടമാണ്. പിന്നെ മരണത്തോടുള്ള സ്നേഹമെന്താണ്? നാം മരിക്കണമെന്നതു നിശ്ചയം തന്നെ; അപ്പോൾ നല്ലോരു ലക്ഷ്യത്തിനുവേണ്ടി മരിക്കാം. ഉണ്ണുക, കുടിക്കുക തുടങ്ങിയ നമ്മുടെ പ്രവൃത്തികളെല്ലാം ആത്മത്യാഗത്തിലേക്ക് ആകുന്നവയായിത്തീരട്ടെ. ഉണ്ണുന്നതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ശരീരം പോഷിപ്പിക്കുന്നു. അന്യരുടെ സുസ്ഥിതിക്കുവേണ്ടി ബലിക്കഴിക്കാനല്ല ആ ശരീരം നിങ്ങൾ പോറ്റുന്നതെങ്കിൽ ഉണ്ണുന്നതുകൊണ്ട് മെച്ചമെന്ത്? പുസ്തകവായനകൊണ്ട് നിങ്ങൾ മനസ്സ് പോഷിക്കുന്നു. ലോകത്തിനു മുഴുവൻ വേണ്ടി ബലികഴിക്കാനല്ല അതു പുലർത്തുന്നതെങ്കിൽ മാനസ പോഷണം കൊണ്ടും മെച്ചമൊന്നുമില്ല. നിങ്ങളുടെ ദശലക്ഷം സഹോദരന്മാരെ സേവിക്കുന്നതാണ് നല്ലത്; ക്ഷുദ്രമായ ഈ അഹന്ത വീർപ്പിക്കുന്നതല്ല.

"അങ്ങനെ ക്രമേണ മരിക്കുകയാണ് നിങ്ങൾ ചെയ്യേണ്ടത്. ആ മട്ടിലുള്ള മരണത്തിലത്രേ സ്വർഗ്ഗം; നന്മകളെല്ലാം അതിൽ സംഭരിച്ചിട്ടുണ്ട്. അതിനു വിപരീതമായതിലത്രേ പൈശാചികവും തീയതുമായെതല്ലാം നിലകൊള്ളുന്നതു...........സംന്യാസിമാർക്ക് അല്പം ഭാവനകൂടിയില്ലെങ്കിൽ, നിങ്ങളെ സഹായിക്കാൻ പറ്റിയ ആദർശമൊന്നുമില്ലെങ്കിൽ വെറുമൊരു മൃഗമാണ് നിങ്ങൾ. അതുകൊണ്ട് നമ്മുടെ ആദർശം താഴ്ത്താനും പാടില്ല. പ്രായോഗികത മറക്കാനും പാടില്ല. ഈ രണ്ടുതെറ്റും നാം ഒഴിവാക്കണം."

സംന്യാസി സ്വാഭാവികമായും സമസൃഷ്ടങ്ങളെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യും. ഈശ്വരീയ പ്രചോദനം മാത്രമാണ് അതിലേക്കുള്ള അദ്ദേഹത്തിന്റെ ഏകാവലംബം. ഏതോ ഗുഹാഗഹ്വരങ്ങളിലെ ഏകാന്തതയിൽ തപസ്സിലും ധ്യാനനിഷ്ഠയിലുമിരുന്ന യതിശ്രേഷ്ഠരിൽ കൂടിയാണ് മാനവസമുദായം സത്യത്തിന്റെയും ശാന്തിയുടെയും സനാതന സന്ദേശം ശ്രവിച്ച് കൃതകൃത്യരായത്. ആ ത്രികാലജ്ഞാനികളുടെ മുമ്പിൽ കിരീടമണിഞ്ഞ ഭരണാധികാരികളും സാഷ്ടാംഗപ്രണാമമർപ്പിച്ച് മാർഗ്ഗദർശനത്തി

നായി കാത്തുനിന്നിരുന്നു. എന്നാൽ ഭാരതത്തിലെ തൽക്കാല സ്ഥിതി (വിശിഷ്യ 100 വർഷത്തിനു മുൻപ്) അത്യന്തദയനീയം. ഭൗതിക പരിഷ്കാരത്തിന്റെ വേലിയേറ്റത്തിൽ അജ്ഞതയിലും അടിമത്തത്തിലും മുഴുകി ആത്മവിശ്വാസംപോലും നഷ്ടപ്പെട്ട ഒരു ജനസമുദായം. പ്രബലരുടെ അഹന്തയും പൊങ്ങച്ചങ്ങളും ഒരു വശത്ത്. അഹോരാത്രം അദ്ധ്വാനിച്ചാലും ഒരു നേരത്തെ ഭക്ഷണംപോലും ലഭ്യമല്ലാത്ത ബഹുസഹസ്രം ജനങ്ങൾ മറുവശത്ത്--ഈ സ്ഥിതിവിശേഷത്തിന്റെ മദ്ധ്യത്തിലാണ് സ്വാമി വിവേകാനന്ദന്റെ സന്യാസി പ്രസ്ഥാനം രൂപം പൂണ്ടതെന്നോർക്കണം.

ഇരുട്ടും വെളിച്ചവും, രാത്രിയും പകലും, ദുഃഖവും സുഖവും, ദുരാചാരവും സദാചാരവും, ക്രോധവും കാരുണ്യവും, അസത്യവും സത്യവും-ഇത്യാദിദ്വന്ദ്വങ്ങളെല്ലാം ഈ ലോകത്തിന്റെ കൂടെപ്പിറവികൾ. താനും തന്റെ ശരീരവുമെന്താണെന്നു തിരിച്ചറിയുന്ന വ്യക്തിയുടെയും അത്തരം വ്യക്തികൾ ഭൂരിപക്ഷമുള്ള സമൂഹത്തിന്റെയും ത്രികരണവൃത്തികളും ഈശ്വരോന്മുഖമായിരിക്കും. ഇത്തരം പുണ്യാത്മാക്കൾ അങ്ങുമിങ്ങുമായി ഒരളവുവരെ ധർമ്മവും സുഖസമാധാനങ്ങളും പുലരുന്നത്. ഈ തിരിച്ചറിവ് ഉണ്ടാവാൻ പ്രപഞ്ചവും പ്രപഞ്ചസത്തയുമെന്താണെന്നു തിരിച്ചറിയുന്ന വിവേകവും വൈരാഗ്യവുമുളവാകാൻ ഈശ്വരങ്കൽ സുദൃഢ വിശ്വാസവും ഭക്തിയും വേണം. ഭക്തിയുണ്ടാവണമെങ്കിൽ പുണ്യകർമ്മങ്ങളെക്കൊണ്ട് മനസ്സ് ശുദ്ധമാകണം; ഇതിന്റെയെല്ലാം അടിത്തളം ഗുരുത്വവും സദാചാരവുമാണ്. മാതാ, പിതാ, ഗുരു, ദൈവം - മനുഷ്യത്വം വികസിപ്പിക്കുന്ന നാല് ഉപാധികളാണിവർ. വിശേഷിച്ചും ശൈശവത്തിൽ മാതാപിതാക്കളുടെ സംസ്കാര സംക്രമണത്തിൽ ഒരു വ്യക്തിയുടെ ജീവിതം കരുപിടിക്കുകയും ക്രമേണ വളരുന്ന ചുറ്റുപാടുകളനുസരിച്ച് വികസിക്കുകയും ചെയ്യുന്നു.

ഗുരുജനങ്ങൾ ഗൃഹത്തിൽ പ്രവേശിക്കുമ്പോൾ എങ്ങനെ പെരുമാറണമെന്നു തുടങ്ങി പല കാര്യങ്ങളും ഗൃഹസ്ഥാശ്രമികൾ ശ്രദ്ധിക്കേണ്ടതുണ്ട്. സന്യാസദീക്ഷ വരിച്ചിട്ടുള്ളവരും ലൗകികത്തിൽ പ്രമാദം പറ്റാതിരിക്കണമെന്നങ്കിൽ ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുണ്ട്. ഒരു പ്രഭാഷണവേളയിൽ ശ്രീ സ്വാമിജി പറഞ്ഞു:

ഒരു സന്യാസി, താൻ അത്യുന്നതമായ തരത്തിലേക്ക് ഉയരാത്തിടത്തോലം കാലം, അതായത് ഒരു പരമഹംസനാകുംവരെ,

ഗൃഹസ്ഥന്മാർ തൊട്ടതോ ഉപയോഗിച്ചതോ ആയ ആഹാരം കിടക്ക മുതലായവ ഒഴിവാക്കണം; അവരോടു വിരോധം കൊണ്ടല്ല തന്നെ ത്താൻ രക്ഷിക്കാൻ വേണ്ടി ഒരു ഗൃഹസ്ഥൻ അദ്ദേഹത്തെ "നമോ നാരായണായ" കൊണ്ട് തൊഴണം. സന്യാസി അയാളെ അനുഗ്ര ഹിക്കയും വേണം.

മേരു സർഷപയോർയദ്വത് സൂര്യഖദ്യോതയോരിവ
സരിത് സാഗരയോർയദ്വത് തഥാ ഭിക്ഷുഗ്രഹസ്ഥയോഃ

(എത്രയും വലിയ പർവ്വതവും ഒരു കടുകും തമ്മിലും സൂര്യനും മിന്നാമിനുങ്ങും തമ്മിലും, കടലും തോടും തമ്മിലു മുള്ള വ്യത്യാസംപോലെയാണ് ഒരു സന്യാസിയും ഗൃഹസ്ഥനും തമ്മിലുള്ള വിസ്തൃതമായ വ്യത്യാസം)

(വി. സാ. സ. പാഠക്കുറിപ്പുകൾ-1)

കർമ്മവും ജ്ഞാനവുമാണ് ഇപ്രപഞ്ചം. ഈ കർമ്മജ്ഞാന സംയോജനമെങ്ങനെയെന്ന് സ്വാമിജി വ്യക്തമാക്കുന്നു:-

സ്വാമിജി : ഈ മായാ ലോകത്തിൽ 'എന്തു ചെയ്താലും ചില ദോഷങ്ങളൊക്കെ ഉണ്ടായിരിക്കും.

സർവ്വാരംഭാ ഹി ദോഷേണ ധൂമേനാഗ്നിരിവാവൃതം:

-(ഗീത)

(തീ പുകകൊണ്ടെന്നപോലെ സകല പ്രവൃത്തികളും ദോഷം കൊണ്ടു മൂടിയവയാണ്) തീയുണ്ടെങ്കിൽ പുകപൊങ്ങും. പക്ഷേ അതും പറഞ്ഞ് അനങ്ങാതിരിക്കാനൊക്കുമോ? ആവുംപോലെ നല്ല കാര്യങ്ങൾ ചെയ്തുകൊണ്ടേ ഇരിക്കണം."

ശിഷ്യൻ : എന്താണ് നല്ല കാര്യം?

സ്വാമിജി : ബ്രഹ്മപ്രകാശത്തിനു സഹായിക്കുന്നതെന്തോ അതു നല്ല കാര്യം. ഏതു കാര്യവും പ്രത്യക്ഷമായോ പരോക്ഷ മായോ ആത്മതത്വപ്രകാശത്തിനു സഹായമായി ചെയ്യാൻ കഴിയും. എന്നാൽ ഋഷി പ്രോക്തമായ പന്ഥാ വിൽകൂടി പോയാൽ ആത്മജ്ഞാനം വിളംബംകൂടാതെ വിളങ്ങും. മറിച്ച്, ശാസ്ത്രകാരന്മാർ നിഷിദ്ധമെന്നു നിർദ്ദേ ശിച്ചിട്ടുള്ള കർമ്മങ്ങൾ ചെയ്താലോ ആത്മാവിനു ബന്ധനം ഏർപ്പെടുന്നു; ചിലപ്പോൾ അതുമൂലമുണ്ടാ കുന്ന മോഹബന്ധനം ജന്മജന്മാന്തരംകൊണ്ടും നശിക്ക

യില്ല. എന്നിരുന്നാലും സർവ്വദേശത്തും സർവ്വകാലത്തും ജീവനു മുക്തി അവശ്യം ഭാവിയാണ്. കാരണം ജീവന്റെ നിജസ്വരൂപം ആത്മസ്വരൂപമാണ്. സ്വസ്വരൂപം വല്ല വർക്കും കളയാനൊക്കുമോ? നീ നിന്റെ നിഴലുമായി ഒരായിരംകൊല്ലം പടവെട്ടിയാലും നിഴലിനെ ആട്ടിപ്പാ യിക്കാൻ പറ്റുമോ? അതു നിന്റെകൂടെത്തന്നെ ഇരിക്കും.

ശിഷ്യൻ : പക്ഷേ സ്വാമിജി, ശങ്കരാചാര്യരുടെ പക്ഷത്തിൽ കർമ്മം ജ്ഞാനത്തിന്റെ എതിർപക്ഷമാണ്. ജ്ഞാനകർമ്മസമു ച്ചയത്തെ അദ്ദേഹം നാനാപ്രകാരത്തിൽ ഖണ്ഡിച്ചിരി ക്കുന്നു. അപ്പോൾപ്പിന്നെ കർമ്മം എങ്ങനെ ജ്ഞാനപ്ര കാശമാകും?

സ്വാമിജി : ആചാര്യ ശങ്കരൻ അങ്ങനെ പറഞ്ഞതിനുശഷം വീണ്ടും കർമ്മത്തെ ജ്ഞാനത്തിന്റെ ആപേക്ഷികസാഹായ്യകാരി യായും, സത്വശുദ്ധിക്ക് ഉപായമായും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ശുദ്ധജ്ഞാനത്തിൽ കർമ്മത്തിന്റെ അനുപ്രവേ ശമില്ല എന്നുള്ള ഭാഷ്യകാരന്റെ സിദ്ധാന്തത്തോട് എനി ക്കെതിരൊന്നുമില്ല. മനുഷ്യന് എത്രകാലം ക്രിയയും കർത്തൃത്വവും കർമ്മബോധവുമുണ്ടോ, അത്രകാലം കർമ്മം ചെയ്യാതെ വെറുതെയിരിക്കുക സാദ്ധ്യമാണോ? അങ്ങനെ കർമ്മം ജീവന്റെ സ്വഭാവമായിരിക്കെ, എന്തു കൊണ്ട് കർമ്മങ്ങളെല്ലാം ആത്മജ്ഞാനപ്രകാശത്തിനു സഹായമാംവിധം ചെയ്തുകൂടാ? പാരമാർത്ഥികതല ത്തിൽനിന്നു നോക്കുമ്പോൾ കർമ്മമെല്ലാം ഭ്രമാത്മകമാ ണെന്നതു വാസ്തവംതന്നെ. എന്നിരുന്നാലും വ്യവഹാര ദശയിൽ കർമ്മത്തിനു വിശേഷപ്രയോജനമുണ്ട്. നീ ആത്മ തത്വത്തെ പ്രത്യക്ഷമാക്കുമ്പോൾ കർമ്മം ചെയ്യലും ചെയ്യാതിരിക്കലും നിന്റെ ഇച്ഛാധീനമാണ്. ആ അവസ്ഥയിൽ നീ എന്തു ചെയ്താലും അതു സൽക്കർമ്മ മായിരിക്കും; അതുകൊണ്ടുജീവനും ജഗത്തിനും മംഗല മുണ്ടാകും. ബ്രഹ്മപ്രകാശമുണ്ടായാൽ നിന്റെ ശ്വാസോ ച്ഛ്വാസതരംഗംപോലും ജീവനു സഹായമായിരിക്കും. അപ്പോൾപ്പിന്നെ പ്ലാനൊന്നുംവെച്ചു കർമ്മം ചെയ്യേണ്ട തില്ല. മനസ്സിലായോ?

(വി.സാ.സ.'സംഭാഷണങ്ങളിൽ നിന്ന്')

# 8. സന്യാസിഗീതം

ശ്രീമത് വിവേകാനന്ദ സ്വാമികളുടെ ഇംഗ്ലീഷ് കവിതകളിൽ പ്രഥമവും പ്രധാനവുമായ ഒന്നാണ് സന്യാസത്തിന്റെ പൂർണ്ണത ദർശിപ്പിക്കുന്ന ഈ സന്യാസിഗീതത്തിന്റെ ഗദ്യപരിഭാഷാ ചുവടെ ചേർക്കുന്നു:-

1. "ഓം തത് സത്", ഈ ധ്വനി, ഈ ഗീതം, ഉണർത്തുക; ഇതു ജനിച്ചത് ദൂരെ, ബഹുദൂരെ, ലോകമാലിന്യം ഒരിക്കലും അരികത്തണവാൻപോലും അശക്തമായിരുന്നേടത്ത്; കാമകാഞ്ചനയശഃസ് പൃഹാനിഃശ്വാസംശാന്തിയെ ഭഞ്ജിപ്പാൻ ഒരിക്കലും ധൈര്യപ്പെട്ടിട്ടില്ലാത്തേടത്ത്; സദാനന്ദാനുഗതയായ് സത്യജ്ഞാനമഹാനദി കല്ലോലമാലിനിയായ് പ്രവഹിച്ചിരുന്നേടത്ത്; വൻപർവ്വതഗഹ്വരങ്ങളിൽ, ഗംഭീരകാന്താര പ്രസ്ഥങ്ങളിൽ ഉൽഘോഷിക്ക! ധീരസന്യാസിൻ, ഉൽഘോഷിക്ക! ധീരസന്യാസിൻ ഉൽഘോഷിക്ക; "ഓം തത് സത് ഓം."
2. സ്വബന്ധനങ്ങളെച്ഛേദിച്ചകറ്റുക! ഭാസവരസൗവർണ്ണമായോ, ഹീനകാർഷ്ണായസമായോ നിന്നെ ബന്ധിച്ചിട്ടിരിക്കുന്ന ശൃംഖലാജാലം; രാഗദ്വേഷഗുണ ദോഷാദിദ്വന്ദ്വജാതം. ദാസനെ ലാളിച്ചാലും താഡിച്ചാലും ദാസൻ ദാസൻ തന്നെ; മുക്തനല്ല; ശൃംഖല കാഞ്ചനമയമായാലും അതിന്റെ ബന്ധനശക്തിക്ക് കുറവില്ല. ഇതു ധരിക്കുക; ബന്ധമോചനം സാധിക്കുക, ധീരസന്യാസിൻ ഉൽഘോഷിക്ക! "ഓം തത് സത് ഓം."
3. അന്ധകാരം അകലട്ടെ! തമസ്സിനുമേൽ അധിക തമസ്സ് അടുക്കിവെപ്പാൻ മങ്ങി മിന്നിക്കൊണ്ടുപോകുന്നഈ ഉൽക്കാപിശാചി, ഈ ജീവിതതൃഷ്ണ; ഇതിനെ എന്നെന്നേയ്ക്കുമായി ശമിപ്പിക്ക; ഇതു ജീവനെ ജനിയിൽനിന്ന് മൃതിയിലേക്കും മൃതിയിൽനിന്ന് ജനിയിലേക്കും വലിച്ചിഴയ്ക്കുന്നു. ആത്മാവിനെ ജയിച്ചവർ സർവ്വം ജയിച്ചു; ഇതറിഞ്ഞ് ഒരിക്കലും അവശനാകാതിരിക്ക! ധീരസന്യാസിൻ ഉൽഘോഷിക്ക; "ഓം തത് സത് ഓം."
4. "വിതച്ചവൻ വിളകൊയ്യണം കാരണം അവശ്യം കാര്യമാകണം;

നന്മയ്ക്കു നന്മ, തിന്മയ്ക്കു തിന്മ. ഈ നിയമം ആരാലും ലംഘ്യമല്ല. രൂപം ധരിച്ചവൻ ബന്ധം വഹിക്കയും വേണം" എന്ന ആപ്തവാക്യമുണ്ട്. അത് എത്രയും സത്യം എങ്കിലെന്ത്? നാമത്തിനും രൂപത്തിനും രണ്ടിനും അതിദൂരെ ആയിരിക്കുന്നു ആത്മാവ്, നിത്യമുക്തം: അതാകുന്നു നീ (തത് ത്വമസി) എന്നു ബോധിക്കുക! ധീരസന്യാസിൻ ഉദ്ഘോഷിക്ക; "ഓം തത് സത് ഓം."

5. ജനകജനനീപുത്രകളത്രമിത്രാദി മിഥ്യാസ്വപ്നങ്ങൾ കാണുമ്പോൾ സത്യമറിയുന്നില്ല. സ്ത്രീപുരുഷലിംഗഭേദം ആത്മാവിനില്ല. ഏകമായ അത് ആർക്ക് പിതാവാകം, ആർക്ക് പുത്രനാകം? ആർക്ക് മിത്രം, ആർക്ക് ശത്രു? ഉള്ളത് ആത്മാവ് ഒന്നു മാത്രം; രണ്ടാമത് ഒന്നില്ല; അത് നീയാകുന്നു (തത് ത്വമസി), ധീരസന്യാസിൻ! ഉൽഘോഷിക്ക; "ഓം തത് സത് ഓം."

6. ഏകം, സത് ഒന്നേയുള്ളു.അതു മുക്തം, ജ്ഞാതാവ്, ആത്മാവ്; നാമമോ, രൂപമോ, കളങ്കമോ അതിനില്ല അതിൽ കിനാവുകൾ കണ്ടുകൊണ്ടിരിക്കുന്ന മായ; സാക്ഷി മാത്രമായ അത് പ്രകൃതിയായും ജീവനായും കാണപ്പെടുന്നു. അതാകുന്നു നീ (തത് ത്വമസി) എന്നു ബോധിക്കുക; ധീരസംന്യാസിൻ! ഉദ്ഘോഷിക്ക. "ഓം തത് സത് ഓം."

7. സ്നേഹിതാ! ആ കൈവല്യത്തിനെ തേടുന്നത് എവിടെ? അതു തരുവാൻ ഈ ലോകത്തിനോ പരലോകത്തിനോ കഴിവില്ല. ശാസ്ത്രങ്ങളിലും ക്ഷേത്രങ്ങളിലും അന്വേഷണം വ്യർത്ഥം. നിന്നെ വലിച്ചുകൊണ്ടുപോകുന്ന പാശം പിടിച്ചിരിക്കുന്ന കയ്യ് നിന്റേതുതന്നെയാകുന്നു. ഇനി ദുഃഖിക്കേണ്ട; പിടിവിട്ടേക്കുക; ധീരസംന്യാസിൻ! ഉൽഘോഷിക്ക; "ഓം തത് സത് ഓം."

8. ഇങ്ങനെ പറയുക:- 'സർവ്വർക്കും ശാന്തിഭവിക്കട്ടെ! ഉയരെ വാഴുന്നവരിലും, താഴെ ഇഴഞ്ഞു പോകുന്നവയിലും ഏതിലും ആത്മാവ് ഞാൻ ആകുന്നു. ഇവിടെയും അവിടെയും ഉള്ള സർവ്വജീവിതവും, സർവ്വസ്വർഗ്ഗഭൂനരകങ്ങളും സർവ്വാശാഭീതികളും ഞാൻ കൈവെടിയുന്നു. ഇങ്ങനെ നിന്റെ ബന്ധങ്ങളെ ച്ഛേദിക്കുക! ധീരസംന്യാസിൻ! ഉൽഘോഷിക്കുക; "ഓം തത് സത് ഓം."

9. പിന്നെ ശരീരം ഇരിക്കുന്നതോ നശിക്കുന്നതോ എങ്ങനെ എന്നു നോക്കേണ്ട. അതുകൊണ്ടുള്ള കാര്യം സാധിച്ചുകഴിഞ്ഞു. അതിനെ പ്രാരബ്ധം ഒഴുക്കിക്കൊണ്ടുപോകട്ടെ. ഈ കൂടിനെ

ഒരുവൻ മാലയണിയിച്ചുകൊള്ളട്ടെ. മറ്റൊരുവൻ മർദ്ദിച്ചുകൊള്ളട്ടെ; നീ മൌനിയായിരിക്ക. സ്തോതാവും സ്തുതനും നിന്ദകനും നിന്ദിതനും ഒന്നായിരിക്കെ സ്തുതിയോ നിന്ദയോ ഉണ്ടാവാനിടയില്ല; ആ ബോധത്തിൽ നീ ശാന്തനായിരിക്കു; ധീരസംന്യാസിൻ! ഉൽഘോഷിക്കുക; "ഓം തത് സത് ഓം."

10. കാമകാഞ്ചനയശോവാഞ്ഛയുള്ളേടത്ത് തത്വബോധം ഉദിക്കയില്ല. "ഭാര്യ" എന്ന് ഒരു സ്ത്രീയെ വിചാരിക്കുന്നവൻ സിദ്ധനാകയില്ല. അത്യല്പവസ്തുവിനെപ്പോലും സ്വന്തമെന്നു കരുതുന്നവനും കോപത്തിന്, അധീനനാകുന്നവനും മായാകവാടം തുറന്നു പുറത്തുകടക്കുവാൻ ആശിക്കേണ്ട. അതുകൊണ്ടു നീ അവയെ ത്യജിക്കുക. ധീരസംന്യാസിൻ! ഉൽഘോഷിക്കുക; "ഓം തത് സത് ഓം."

11. നിനക്കു ഗൃഹവും വേണ്ട; നിന്നെ ഉൾക്കൊള്ളുവാൻപോന്ന ഗൃഹം ഏതുണ്ട്? ആകാശം നിന്റെ മേല്പുര. പുൽത്തറ നിന്റെ കിടക്ക; ഭക്ഷണം യദൃച്ഛാലബ്ധം; അതു സുപക്വമോ കുപക്വമോ എന്നു നോക്കേണ്ട. ഒരു ഭക്ഷ്യവും ഒരു പേയവും ആത്മജ്ഞനെ അശുദ്ധമാക്കുകയില്ല; ഒഴുകും പുഴപോലെ നീ എന്നും സ്വതന്ത്രനായിരിക്ക. ധീരസംന്യാസിൻ! ഉൽഘോഷിക്കുക; "ഓം തത് സത് ഓം."

12. തത്ത്വജ്ഞർ ദുർല്ലഭം; ഇതരർ മഹാത്മാവായ നിന്നെ ദ്വേഷിക്കും, പരിഹസിക്കും; അതിൽ ദൃഷ്ടിവേണ്ട. സ്വതന്ത്രനായ നീ ദേശദേശാന്തരം സഞ്ചരിച്ചു ജനങ്ങളെ മായാവരണതമസ്സിൽനിന്ന് നിർഗ്ഗമിപ്പാൻ സഹായിക്കും. ദുഃഖത്തെ ഭയപ്പെടാതെ, സുഖത്തെ കാംക്ഷിക്കാതെ, അതിനെ രണ്ടിനെയും അതിക്രമിച്ചുപോക; ധീരസംന്യാസിൻ! ഉൽഘോഷിക്കുക; "ഓം തത് സത് ഓം."

13. പ്രാരബ്ധം ഒടുങ്ങുവോളം ഇങ്ങനെ കാലംകഴിച്ച് അന്ത്യത്തിൽ നിത്യമുക്തപദം പ്രാപിക്കും. പിന്നെ ജന്മമില്ല; ഞാൻ എന്നോ നീ എന്നോ ഈശ്വരൻ എന്നോ മനുഷ്യനെന്നോ ഒന്നുമില്ല. 'ഞാൻ' എല്ലാമായിക്കഴിഞ്ഞു; എല്ലാം ഞാനായി, ആനന്ദമായി, അതാകുന്നു നീ (തത് ത്വമസി) എന്നു സാക്ഷാൽക്കരിക്ക.ധീരസംന്യാസിൻ! ഉൽഘോഷിക്കുക; "ഓം തത് സത് ഓം."

# 9. സംന്യാസത്തെപ്പറ്റി ശിവാനന്ദജി

ജന്മമൃത്യു സ്വരുപമായ ഈ സംസാരഗതിയിൽനിന്ന് വിമോചിക്കണമെന്ന് ആഗ്രഹിക്കുന്ന ഏതൊരു ജീവനും സ്വീകാര്യമായ രണ്ട് ജീവിത പദ്ധതികളാണ് കർമ്മവും ജ്ഞാനവും. മറ്റെല്ലാ ഉപാസനോപായങ്ങളും യോഗസാധനകളും ഈ രണ്ടു പദ്ധതികളിലുൾപ്പെടും. ഈ പ്രവൃത്തി-നിവൃത്തിമാർഗ്ഗങ്ങളുടെയെല്ലാം മൗലികദർശനം വേദംതന്നെ. ആത്മവിശ്വാസമുള്ളവർ മറനീക്കി സത്യം കണ്ടെത്താൻ ശ്രമിക്കുന്നു. അനാത്മവിശ്വാസികൾ പഞ്ചേന്ദ്രിയ പ്രലോഭനങ്ങൾക്കു വിധേയരായി നൈമിഷികമായ ജഡപ്രകൃതികളിൽ രമിച്ചുകൊണ്ടിരിക്കുന്നു. അവരുടെ ബുദ്ധിയും, മനസ്സും ശരീരവും അദ്ധ്വാനിച്ചും സമ്പാദിച്ചും കൂട്ടുന്നതെല്ലാം വ്യാവഹാരികമണ്ഡലത്തിനുള്ളിലായതിനാൽ വിക്ഷേപാവരണങ്ങൾക്ക് വിധേയരായി നൈമിഷിക സുഖദുഃഖങ്ങളും, ജന്മമൃത്യുക്കളും അനുഭവിച്ചുകൊണ്ട് മായായന്ത്രത്തിൽ ചുറ്റിക്കൊണ്ടിരിക്കുന്നു.

ധർമ്മാധർമ്മങ്ങളെ തിരിച്ചറിയാനാവാത്ത ജീവജാലങ്ങളെ കൂടി അടക്കിപ്പിടിച്ച് ഭവരോഗശമനത്തിനു പരമകരുണാമയനായ ജഗദീശ്വരൻ നൽകുന്ന ഒറ്റമൂലിപ്രയോഗമാണ് പരമത്യാഗസ്വരുപമായ ശരണാഗതി. ഇതു തന്നെയാണ് സംന്യാസധർമ്മത്തിന്റെയും ആണിവേര്. എല്ലാവിധ കർമ്മധർമ്മങ്ങളും ഭഗവാങ്കൽ സമർപ്പിച്ച്, ഭഗവാനെത്തന്നെ തന്റെ എല്ലാമെല്ലാമെന്നും പരമാശ്രയമെന്നും നിസ്സംശയം കരുതുക. അയാളുടെ യോഗക്ഷേമങ്ങളെല്ലാം ഭഗവാൻ നോക്കിക്കൊള്ളും.

ന ദർശനേ തിഷ്ഠതി രൂപമസ്യ
പശ്യന്തി ചൈനം സുവിശുദ്ധസത്വാഃ
ഹിതോ മനീഷീ മനസാ ന തപ്യതേ
യേ പ്രവ്രജേയുമൃതാസ്തേ ഭവന്തി
യോഗിനസ്തം പ്രപശ്യന്തി ഭഗവന്തം സനാതനം

-സനൽസുജാതീയം 46-20

വർത്തമാന നൂറ്റാണ്ടുകളിൽ, യുഗസ്വഭാവത്തിന്നനുസൃതമായ ഭൗതിക പ്രലോഭനങ്ങളുടെ അതിപ്രസരത്തിലും അവയെ അതിക്രമിച്ച് ഉയരാൻ സാധിച്ചമൂന്നു സംന്യാസിവര്യന്മാരാണ് ദയാനന്ദ സരസ്വതിയും, വിവേകാനന്ദ സ്വാമിയും, ശിവാനന്ദസരസ്വതിയും, ജഗത്ഗുരു ശങ്കര ഭഗവദ്പാദർ പുനരുദ്ധരിച്ച സംന്യാസ സമ്പ്രദായപ്രകാരം സർവ്വസംഗപരിത്യാഗികളായ ഈ മൂന്നു മഹാത്മാക്കളും ജഗത് ഗുരുവര്യന്മാരാണ്. അവരുടെ സംന്യാസ ശിഷ്യപരമ്പരയിലും കാലദേശോചിതമായ പ്രകൃതിഭേദങ്ങൾ കാണാമെങ്കിലും മൗലിക ഭാവത്തിൽ വ്യതിചലിച്ചിട്ടില്ലെന്നും കാണാം.

വൈദികകർമ്മങ്ങളെ കാലോചിതമായി പുനരാഖ്യാനം ചെയ്ത് പ്രചരിപ്പിക്കുകയും സംഘടിതമതങ്ങളുടെ അതിക്രമങ്ങളെ ചെറുക്കുകയും, ജന്മാവകാശമായ സ്വാതന്ത്ര്യം വീണ്ടെടുക്കുകയും ചെയ്യുകയെന്നത് സാമൂഹിക കർത്തവ്യമായിരുന്നു. ഋഷി ദയാനന്ദ സരസ്വതിയും അദ്ദേഹത്തിന്റെ ആര്യസമാജവും അതിലെ സന്യാസിമാരും ആവുന്നത്ര ത്യാഗപൂർവ്വം അക്കാലത്ത് ഈ വഴിക്കു പ്രവർത്തിച്ചിരുന്നു. പിന്നീടുവന്ന ശ്രീമത് വിവേകാനന്ദ സ്വാമികൾ ആത്മമോക്ഷവും ജനഹിതവും ലക്ഷ്യമാക്കി സംവിധാനം ചെയ്തതാണ് ശ്രീരാമകൃഷ്ണാശ്രമവും സംഘവും സമുദായത്തിന്റെ കെട്ടഴിഞ്ഞ പരിതഃസ്ഥിതിയിൽ ആശ്രമത്തിലേക്കു ചേർക്കുന്ന ബ്രഹ്മചാരികളുടെ കാര്യത്തിൽ കൂടുതൽ നിഷ്കർഷയും പരിമിതികളും നിർണ്ണയിക്കേണ്ടിവന്നു. അങ്ങനെ പത്തുപന്ത്രണ്ട് വർഷങ്ങൾ ഏതെങ്കിലും ഒരു രാമകൃഷ്ണാശ്രമത്തിൽ ബ്രഹ്മചര്യയിൽ ജീവിച്ചവർക്കാണ് സംന്യാസദീക്ഷ നൽകപ്പെടുന്നത്. അവരുടെ ത്യാഗ-തപസ്സുകളും കെട്ടുറപ്പും കരുത്തും തനതായ പ്രതിഭയും വിവേകാനന്ദ സന്ദേശത്തിനനുസൃതമായി വർത്തിച്ചുകൊണ്ടിരിക്കുന്നു.

ഓരോ നിമിഷവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യയും മാറിമറിഞ്ഞുകൊണ്ടിരിക്കുന്ന മനുഷ്യപ്രകൃതിയും ആകൃതിയുമനുസരിച്ച് ഒരാൾക്കു സംന്യാസദീക്ഷ സ്വീകരിക്കണമെന്ന സങ്കല്പമുളവാകുന്ന അനർഘനിമിഷത്തെ കേന്ദ്രീകരിച്ചുകൊണ്ട് ശ്രീശിവാനന്ദസരസ്വതി ഏതൊരു വ്യക്തിയേയും സ്വീകരിക്കുന്നു. ഒരു സ്വാഭാവിക സംന്യാസിവര്യനെന്ന നിലയിൽ ഹൃഷീകേശിലെ ശിവാനന്ദാശ്രമാരംഭത്തിൽ ശ്രീശിവാനന്ദജി മഹാരാജ് ഏതു നിലയിലുള്ളവർക്കും അഭയസ്ഥാനമായിരുന്നു. ഒരു ജീവന്മുക്തന്റെ പൂർണ്ണഭാ

വത്തിൽ സമൂഹത്തിന്റെ നാനാ രംഗങ്ങളിലും അദ്ദേഹത്തിന്റെ ത്രിവിധ കരണങ്ങളും പ്രതിഫലിച്ച് ചലനമുളവാക്കിയിരുന്നു. അങ്ങനെ വ്യക്തികളിലെന്നപോലെ സമൂഹത്തിലും ദിവ്യജീവനാഭി രുചിയും ഈശ്വരോന്മുഖതയും വളർത്താനും സ്വാമിജിക്ക്സുസാ ദ്ധ്യമായി ഭവിച്ചു. സ്വാമി ശിവാനന്ദസരസ്വതി സ്വായത്തമാക്കിയ സ്വാഭാവിക ധർമ്മത്തിൽ അത്ഭുതങ്ങളുടെ പരിവേഷമണിയിക്കാൻ ശ്രമിക്കുന്നവരോട് അദ്ദേഹം കർശനമായി ഉപദേശിച്ചു; ഞാനാരു ടെയും 'ഗുരു'വാകാൻ ആഗ്രഹിച്ചില്ല. ജനങ്ങൾ എന്നെ സത്ഗുരു വെന്നും 'അവതാര'മെന്നും മറ്റും വിളിക്കുന്നതെനിക്കിഷ്ടമല്ല. 'ഗുരു' വാകലിനെതിരാണ് ഞാൻ. അതൊരു വലിയ തടസ്സമാകുന്നു. അദ്ധ്യാ ത്മപന്ഥാവിൽ ചരിക്കുന്ന മഹാന്മാരുടെ പതനത്തിനത് കാരണമാ യിത്തീർന്നിട്ടുണ്ട്. 1931-ൽ സ്വാമി ശിവാനന്ദജി തന്റെ ശിഷ്യനെഴു തിയ ഒരെഴുത്തിൽ ഇത് കൂടുതൽ സ്പഷ്ടമായി പരാമർശിച്ചിട്ടുണ്ട്; "ഞാനൊരു സാധാരണ സംന്യാസിയാകുന്നു. എനിക്ക് നിങ്ങളെ വളരെയധികം സഹായിക്കാൻ സാധിച്ചെന്നുവരില്ല. കൂടാതെ ഞാൻ ശിഷ്യന്മാരെ സമ്പാദിക്കാറില്ല. എന്റെ ജീവതാവസാനംവരെ നിങ്ങ ളുടെ ഒരു ആത്മാർത്ഥ സ്നേഹിതനാവാം. എന്റെ അടുത്ത് ആളു കളെ വളരെ നാൾ നിർത്തുന്നത് എനിക്കിഷ്ടമില്ല. ഞാനെന്റെ ശിഷ്യ ന്മാർക്ക് രണ്ടു മാസത്തോളം ബോധനം നൽകുന്നു. പിന്നീട് അവ രോട് കാശ്മീരിലോ ഉത്തരകാശിയിലോ ചെന്ന് ഏകാന്തതയിലി രുന്ന് ധ്യാനിക്കുവാനുപദേശിക്കുന്നു. ധ്യാനസിദ്ധികളെല്ലാം സ്വയം പ്രകടിപ്പിച്ച് അത്ഭുതമുളവാക്കുന്നതിനും അസാധാരണത്വം കാട്ടു ന്നതിനും സ്വാമിജി അനുകൂലിച്ചിരുന്നില്ലെന്നു മാത്രമല്ല, അത്തരം ഭാവങ്ങളും വൃത്തികളുംകൊണ്ട് താൽക്കാലികലാഭമുണ്ടാക്കി പ്രാര ബ്ധം വർദ്ധിപ്പിക്കാനും സ്വയം പതനത്തിനും വഴിയൊരുക്കുന്നതാ ണെന്നും അഭിപ്രായപ്പെട്ടിരുന്നു. ഭഗവന്നാമസങ്കീർത്തനവും ജപവും നടത്തുന്നതിൽ അദ്ദേഹം എല്ലാവരെയും പ്രോത്സാഹിപ്പിച്ചുകൊ ണ്ടിരുന്നു. "എന്നെക്കുറിച്ച് അതിശയോക്തികളൊന്നും പ്രയോഗി ക്കരുത്. അതിലെ നീരുമുഴുവനും ആവിയായിപ്പോകും. ലോകഗു രുവെന്നും മണ്ഡലേശ്വരനെന്നും ഭഗവാനെന്നും മറ്റുള്ള സ്ഥാന ങ്ങളൊന്നും എനിക്ക് തരേണ്ട. സത്യത്തെ തുറന്നുകാണിക്കൂ. സത്യം തിളങ്ങും. ഞാൻ ലളിതവും സ്വാഭാവികവുമായ ഒരു ജീവിതം നയിക്കുന്നു. ഞാൻ സേവനത്തിൽ അത്യന്തം സന്തുഷ്ടി കണ്ടെത്തു

ന്നു. സേവനം എനിക്ക് ഔന്നത്യം നൽകിയിരിക്കുന്നു. ഈ ശരീരം സേവനത്തിനുള്ളതാണ്. നരനാരായണസേവ ത്രികരണ ശുദ്ധിപ്രദമാണ്. ഞാൻ എല്ലാവരുടെയും സേവനത്തിനായും ലോകത്തിന് സന്തുഷ്ടിയും ഉത്സാഹവും നൽകുവാനും ജീവിക്കുന്നു. കഴുതകളുടെയും മറ്റു മൃഗങ്ങളുടെയും മുന്നിൽപ്പോലും ഞാൻ മനസ്സുകൊണ്ടു പ്രണമിക്കുന്നു. എന്റെ ശിഷ്യന്മാരെയും ഭക്തന്മാരെയും ഞാൻ നമസ്കരിക്കുന്നു. എല്ലാ നാമരൂപങ്ങളുടെയും പിന്നിലുള്ള തത്ത്വത്തെ ഞാൻ കാണുന്നു. അതാണ് പ്രായോഗിക ജീവിതത്തിലെ വേദാന്തം."

ഭാരതത്തിൽ സംന്യാസധർമിഷ്ഠരായ പുണ്യാത്മാക്കളെ പൊതുവെ സാധകസംന്യാസിമാരെന്നും സാദ്ധ്യ സംന്യാസിമാരെന്നും (സാധുക്കളും സംന്യാസിമാരും) നിർവ്വചിക്കാറുണ്ട്. സാധക സംന്യാസിമാർ എപ്പോഴും സേവനസന്നദ്ധരായിരിക്കും. ശ്രോത്രിയരും ബ്രഹ്മനിഷ്ഠരുമായ സംന്യാസിമാർ വ്യക്തികളുടെയും സമൂഹത്തിന്റെയുമാദ്ധ്യാത്മിക പ്രശ്നങ്ങൾക്ക് സമാധാനം നൽകുന്നവരും ശരിയായ മാർഗ്ഗദർശനം നൽകുന്നവരുമായിരിക്കും. "താൽക്കാലിക കാരണങ്ങളാൽ ഉണ്ടാകുന്ന വൈരാഗ്യം കണക്കാക്കി യുവാക്കൾക്ക് പ്രത്യേകിച്ചും സംന്യാസദീക്ഷ നൽകരുത്. കുറേയധികം പരീക്ഷണ നിരീക്ഷണങ്ങൾക്കു ശേഷമെ യുവാക്കൾക്ക് സംന്യാസദീക്ഷ നൽകാവൂ"വെന്ന അഭിപ്രായത്തോട് ശ്രീ ശിവാനന്ദസ്വാമികൾ പൂർണ്ണമായും യോജിക്കുന്നുണ്ട്. ലൗകിക ജീവിതത്തിന്റെ പല തുറകളിലും ഏറ്റുമുട്ടി സുഖദുഃഖങ്ങൾ അനുഭവിച്ച ഭക്തന്മാരെ സംബന്ധിച്ചിടത്തോളം സംന്യാസത്തോടുള്ള ബഹുമാനവും തീവ്രാഭിലാഷവും ഉണ്ടായാലുംമതി സന്യസിക്കുവാൻ. ഈ മോക്ഷധർമ്മനിരയിലെത്തുന്നവരിലും മനപ്പാകതയും പാവനതയും ഇല്ലാത്തവരുമുണ്ടാവാം. നിരന്തരമായ സത്സംഗവും സാധനയുംകൊണ്ട് കുറവുകളെ പരിഹരിച്ചു കൊള്ളുകയാണ് വേണ്ടത്.

ഒരു മഹാത്മാവിന്റെ നിരന്തരസമ്പർക്കം കിട്ടുന്ന മനുഷ്യൻ മഹാഭാഗ്യവാനാണ്. പൂർവ്വപുണ്യംകൊണ്ട് അയാൾക്ക് വിനയവും ഭക്തിയും കൂടിയുണ്ടെങ്കിൽ ലക്ഷ്യമാർഗ്ഗം തെറ്റാതെ മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യും. ത്യാഗത്തിനു പറ്റിയസന്ദർഭം യുവത്വമാണെന്ന് ശ്രുതി യുക്ത്യനുഭവങ്ങളെക്കൊണ്ട്: "ധ്യാനത്തിനും, സ്വച്ഛവും സ്പഷ്ടവുമായ സങ്കല്പശക്തിക്കും, മനസ്സ്, ഹൃദയം,

ശരീരം ഇവയുടെ ശുദ്ധിക്കും അതിപ്രബലമായ മനശ്ശക്തി ആവശ്യമാണെന്ന് അനുഭവത്തിൽനിന്നെനിക്കറിയാം. ധാരാളം മനശ്ശക്തിയും മനഃശുദ്ധിയുമുള്ള യുവത്വമാണ് സംസാരമുപേക്ഷിക്കുന്നതിനുള്ള ഏറ്റവും പ്രധാനമായ യോഗ്യതയെന്ന് ഞാൻ കരുതുന്നു......വിവേകം, വൈരാഗ്യം, ഷഡ്സമ്പത്ത്, മുമുക്ഷത്വം ഇവയാണ് വിദ്യാർത്ഥികൾക്ക് വേദം വിധിച്ചിട്ടുള്ള പ്രാഥമികയോഗ്യതകൾ. ലൗകിക ചുറ്റുപാടുകളിൽ ഭാരിച്ച ഉത്തരവാദിത്വങ്ങളും ആകാംക്ഷകളും ആശകളും നിറഞ്ഞ ജീവിതം നയിക്കുന്നവർക്ക് മേൽപ്പറഞ്ഞ യോഗ്യതകളെല്ലാം ഉണ്ടാവുക സാദ്ധ്യമല്ല. അവർ ഒരു സദ്ഗുണം പുഷ്ടിപ്പെടുത്തിയെടുക്കുകയോ ഒരു ദോഷം മാറ്റിയെടുക്കുകയോ ചെയ്യുമ്പോഴേക്കും മറ്റു പല വശങ്ങളിലും കുരുക്കിലകപ്പെട്ടിരിക്കും. ഭൗതികലോകത്തിന്റെ സ്പന്ദനങ്ങളൊന്നും ആദ്യഘട്ടത്തിലുള്ള ആദ്ധ്യാത്മിക പുരോഗതിക്ക് അനുകൂലമല്ല. അവരുടെ മനഃശക്തി മുഴവനും പ്രലോഭനങ്ങളെ ചെറുത്തുനിൽക്കുവാനുപയോഗിക്കേണ്ടിവരും.

"ഞാനെല്ലാതരത്തിലുള്ളവരെയും ഉള്ളഴിഞ്ഞു സ്വീകരിക്കുന്നു. പ്രായമായവർക്ക് പുണ്യനദിയായ ഗംഗയിൽ സ്നാനം ചെയ്ത് പ്രാർത്ഥനയും ഭജനയും നടത്തിസത്സംഗത്തിന്റെ പ്രയോജനം ആസ്വദിക്കാം. യുവാക്കൾക്കു ഊർജ്ജസ്വലമായ സാധനയിലൂടെ അതിവേഗത്തിൽ ആത്മീയമായ വളർച്ചയെ പ്രാപിക്കുകയും ലോകത്തിന് ആദ്ധ്യാത്മികമായ നന്മ കൈവരുത്തുകയും ചെയ്യാം. ജനങ്ങൾ ഇന്ദ്രിയ സുഖങ്ങളോടുള്ള വെറുപ്പിന്റെ ലക്ഷണങ്ങളെന്തെങ്കിലും അതോടൊപ്പം യോഗമാർഗ്ഗത്തിലഭിരുചിയും പ്രകടിപ്പിച്ചാൽ ഞാൻ ഉടനെ അവർക്ക് പങ്കുവെയ്ക്കുകയും അവരെ വളരെയധികം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു."

വിദേശികൾ ഭാരതം ഭരിച്ചിരുന്നപ്പോൾപ്പോലും സാധുക്കളെയും സംന്യാസിമാരെയും ഭയഭക്തിപൂർവ്വം ആദരിച്ചിരുന്നുവെങ്കിൽ രാഷ്ട്രീയ സ്വാതന്ത്ര്യലബ്ധിക്കു ശേഷം വികലവും വികടവുമായ പല അനുഭവങ്ങളുമുണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യവും ദുഃസ്വാതന്ത്ര്യവും താന്തോന്നിത്തമായിത്തീർന്നപ്പോൾ ദേശീയ സാംസ്കാരികതലങ്ങളിലെല്ലാം മായം ചേർക്കലുകളും അതിന്റെതായ ദുഷ്പരിണാമങ്ങളുമുണ്ടായിട്ടുണ്ട്. കാനേഷുമാരി കണക്കെടുപ്പിൽ യാചകന്മാരുടെയും നിരാധാരരുടെയും കൂട്ടത്തിൽ സാധു സംന്യാസി

മാരെയും ചേർത്തു സമർപ്പിക്കപ്പെട്ട സെൻസസ്സ് റിപ്പോർട്ടിൽ എഴുപതുലക്ഷം സാധുക്കൾ സമുദായത്തിൽ ഇത്തിൾക്കണ്ണികളായിക്കഴിയുന്നുവെന്നും. രേഖപ്പെടുത്തിയിരുന്നു. ശോചനീയമായ ഈ തെറ്റിദ്ധാരണ തിരുത്താനും കാര്യഗൗരവം വേണ്ടവിധം ഗ്രഹിച്ച് മുന്നോട്ടു പോവാനും പ്രേരിപ്പിച്ചുകൊണ്ട് ശിവാനന്ദസ്വാമികൾ അന്നത്തെ ഭരണാധികാരികൾക്കും രാഷ്ട്രീയ നേതാക്കൾക്കും എഴുതി. അതിന്റെ കൂടി ഫലമായിട്ടാണ് കേന്ദ്രമന്ത്രിമാരായ ഗാഡ്ഗിൽ, ശ്രീ. നന്ദാജി തുടങ്ങിയവർ ഗീതാമന്ദിർ പ്രസ്ഥാനവും സാധുസമാജവും മറ്റും സംഘടിപ്പിക്കുവാൻ മുന്നോട്ടിറങ്ങിയത്. സംന്യാസി വേഷത്തിൽ യാചകന്മാരും കള്ളന്മാരും കൊലപാതകികളും സമുദായത്തിൽ സ്വൈരവിഹാരം ചെയ്യുന്നുണ്ടെങ്കിൽ ധർമ്മബോധമില്ലാത്ത സമുദായത്തിന്റെയും സംസ്കാര ശൂന്യരായ ഹിന്ദുനേതാക്കന്മാരുടെയും ആപൽക്കരമായ അജ്ഞതയും അനാസ്ഥയുമാണതിന് കാരണം. മാനവസമുദായത്തിന്റെ സുഖസമാധാനങ്ങൾക്കും സത്യസാക്ഷാൽക്കാരത്തിനും നിദാനമായ ദൈവീസമ്പത്തിന്റെ ഉറവിടമാണ് ഭാരതം. തനതായ ഈ ആദ്ധ്യാത്മികസംസ്കാരം ഭാരതദേശീയതക്കുതന്നെ വേണ്ടവിധം ഉൾക്കൊള്ളാനോ അത് പ്രതിഫലിക്കുന്ന ജീവിതം നയിക്കാനോ സാധിച്ചില്ലെങ്കിൽപ്പിന്നെ എന്താണവശേഷിക്കുക? ദേശീയമായ ആത്മഹത്യയും അസ്വസ്ഥതകളുംകൊണ്ട് വിനാശോന്മുഖമായ ആസുരപ്രകൃതി നടമാടും. അതിനാൽ പക്വമതികളായ സംന്യാസിമാർ പരസ്പരഭാവത്തോടെ സംഘടിതരായി ഗുരുകുലങ്ങൾവഴി ആദ്ധ്യാത്മിക സംസ്കാരം പ്രചരിപ്പിക്കണമെന്നും സംന്യാസധർമ്മത്തിലന്തർഗ്ഗതമായ സ്വധർമ്മമാണിതെന്നും സ്വാമി ശിവാനന്ദസരസ്വതി നിർദ്ദേശിക്കുന്നു. സംന്യാസിമാരുടെ ത്യാഗ-നിവൃത്തി-ധർമ്മമാണിത്. കേവലമൊരു ആപദ്ധർമ്മമല്ലയിത്. അക്കാരണത്താൽത്തന്നെ സന്മനസ്സുള്ളവർക്ക് ഉദ്ദേശശുദ്ധിപൂർവ്വം ഇതിനോടു സഹകരിക്കാം. പക്ഷേ, കക്ഷിരാഷ്ട്രീയക്കാരുടെ ചട്ടുകങ്ങളാവാൻതക്കവിധം അവരുടെ കരുക്കുകളിലേക്കു വീഴാനിടയാവാതെ സംന്യാസിമാർ സൂക്ഷിച്ചു കൊള്ളണമെന്ന താക്കീതോടെ സ്വാമിജി തുടരുന്നു: "....യഥാർത്ഥ സംന്യാസിമാർ അപൂർവ്വമാണ്. അവർ കൈവിരലിൽ എണ്ണാനുള്ളതേയുള്ളൂ. ഒരു യഥാർത്ഥ സംന്യാസി ഭൂമിയിലെ മഹാശക്തിയാണ്. അദ്ദേഹം യാതൊന്നും ആവശ്യപ്പെടുന്നില്ല. ശ്രദ്ധാലുക്കളായ സജ്ജനങ്ങൾ സമർപ്പിക്കുന്നതെന്തും പാത്രമറിഞ്ഞുകൊടുക്കയാണ് പതിവ്. പഴയ കാലത്ത്

ഉൽക്കൃഷ്ടമായതെന്തും ചെയ്തിരുന്നത് സംന്യാസിമാരായിരുന്നു. ഇന്നും ഭാവിയിലും അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ സാധിക്കുന്നത് സംന്യാസികൾക്കാണ്. ലോകം നിലനിൽക്കുന്ന കാലത്തോളം ശ്രീശങ്കരന്റെ നാമം വിസ്മരിക്കാനാവില്ല. സ്വാമി രാമതീർത്ഥനാണ്, രാമകൃഷ്ണപരമഹംസരാണ് ഉപനിഷത്തുക്കളിലെ വിശിഷ്ടവിജ്ഞാനം പ്രചരിപ്പിച്ചതും ഹിന്ദുധർമ്മത്തെ നിലനിർത്തിയതും. സംന്യാസിക്കു മാത്രമേ ലോകക്ഷേമം നിലനിർത്താനാവൂ; എന്തെന്നാൽ അദ്ദേഹത്തിന് ദിവ്യജ്ഞാനമുണ്ട്;.. ത്യാഗപൂർണ്ണമായ ജീവിതം നയിക്കുന്ന ഇത്തരം സാധുക്കളുടെയും സംന്യാസിമാരുടെയും സാന്നിദ്ധ്യമില്ലെങ്കിൽ ഒരു മതത്തിന്റെയും മഹത്വം നിലനിൽക്കുന്നതല്ല. ഗൃഹസ്ഥന്മാർക്ക് കഷ്ടതകളും ദുഃഖങ്ങളും നേരിടുമ്പോൾ അവർക്ക് സമാധാനവും ശാന്തിയും നൽകുന്നത് ഈ സാധുക്കളാണ്. ദിവ്യജ്ഞാനത്തിന്റെയും ശാന്തിയുടെയും സന്ദേശവാഹകരാണവർ. അമൂല്യവസ്തുക്കളുടെ ഉദ്യാനമാകുന്നു ഭാരതം. സഹിഷ്ണുത, നന്മ, പ്രേമം എന്നീ സുഗന്ധകുസുമങ്ങളുടെയും ആത്മീയദിവ്യജ്ഞാനാദി വിശിഷ്ടഫലങ്ങളുടെയും ഉദ്യാനമാണിത്. മനുഷ്യസമുദായത്തിന്റെ ഏകതയുടെയും വിശ്വസാഹോദര്യത്തിന്റെയും ബോധത്തിൽ നിന്ന് മുളച്ചുവളർന്നതാണ്. ഭാരതത്തിനതിന്റെ മഹത്തായ പാരമ്പര്യം നിമിത്തം ശരിയായ മാർഗ്ഗം ഏവർക്കും കാണിച്ചുകൊടുക്കുന്നതിനും അവരെ ഐശ്വര്യത്തിലേക്കു നയിക്കുന്നതിനും കഴിയും. ഭാരതത്തിന്റെ ദേശീയമഹത്വത്തിനും ആത്മീയ സംസ്കാരത്തിനും പൗരാണികർ തെളിയിച്ചുകാണിച്ചിട്ടുള്ള അനന്തശാന്തിയുടെയും നിർമ്മാണാത്മകമായ മഹത്വത്തിന്റെയും പാതയ്ക്കും മാനവസമുദായത്തിന്റെ ഭാഗധേയത്തെ വഴിതെളിയിച്ചു നയിക്കുവാൻ കഴിയും. തന്റെ ആത്മജ്യോതിസ്സാകുന്ന ദീപശിഖ വഹിച്ചുകൊണ്ട് പ്രമാണംപോലെതന്നെ പ്രവൃത്തിയും നിറവേറ്റുന്നതിനുള്ള രാജപാത ധർമ്മത്തിന്റെ നാടാണ്. ഭാരതം ശ്വസിക്കുന്നതുതന്നെ ധർമ്മമാണ്. ഭാരതത്തിന്റെ ജീവിതവും പ്രകാശവും ധർമ്മം തന്നെ. ധർമ്മം ഭാരതത്തെയും ഭാരതം ധർമ്മത്തെയും സംരക്ഷിക്കുന്നു. സംന്യാസദീക്ഷയ്ക്ക് തയ്യാറാവുന്ന സാധകന്മാർ തങ്ങൾ അശ്രയിച്ചിരിക്കുന്ന സംന്യാസാശ്രമത്തിലെ നിബന്ധനകൾ പാലിക്കാൻ നിഷ്കർഷരായിരിക്കണമെന്നു സ്വാമിജി പ്രത്യേകം നിർദ്ദേശിക്കുന്നു. ഒരു പരിധിവരെ അവർക്കതു ആവശ്യമാണ്. എന്നാൽ മാത്രമേ അവർക്ക് മാതൃകാസംന്യാസിമാരാകാൻ കഴിയൂ. സുഖകരമായ സംന്യാസം വളരെ അപകടകരമാണ്. സംന്യാസിമാർ മന

സ്സിനോട് യാതൊരു ദയയും കാണിക്കരുത്. അവരുടെ ജീവിതത്തിലെ ഓരോ നിമിഷത്തിലും ജ്വലിക്കുന്ന വൈരാഗ്യവും സരള ജീവിതവും ഉത്കൃഷ്ട ചിന്തയും പ്രതിഫലിക്കണം. ത്യാഗം മാനസികമാണെന്നതു ശരിതന്നെ. അതിന്റെ അർത്ഥം നിങ്ങൾക്കിഷ്ടമായതൊക്കെ ചെയ്യാമെന്നോ, ഇഷ്ടംപോലെ ജീവിക്കാമെന്നോ അല്ല. അത് നിങ്ങളുടെ അധഃപതനത്തിന് ഹേതുവാകും. മനസ്സിനെയും ഇന്ദ്രിയങ്ങളെയും നിയന്ത്രിക്കുവാനുള്ള പരമ്പരാഗതമായ ശിക്ഷണവിധികളെ അനുസരിച്ചുകൊണ്ട് പൂർണ്ണതയ്ക്കുവേണ്ടി യത്നിക്കുക ഓരോ കാൽവയ്പിലും ശ്രദ്ധയോടുകൂടി ഇരിക്കുക."

ആന്തരിക പ്രകൃതിയെ എപ്പോഴും ശുദ്ധമാക്കുക. കുലീനത, ധൈര്യം, വിശാലമനസ്കത, ഔദാര്യം, സ്നേഹം, സരളത, സത്യസന്ധത മുതലായ സാത്വിക ഗുണങ്ങളെ വളർത്തിയെടുക്കുക; കാമം, ക്രോധം, ലോഭം, അത്യാർത്തി, രാഗദ്വേഷങ്ങൾ ഇത്യാദി നിങ്ങളുടെധാർമ്മിക വളർച്ചയ്ക്കും ആത്മസാക്ഷാൽക്കാരത്തിനും തടസ്സമായി നിൽക്കുന്ന ദുർഗുണങ്ങളെ നിർമ്മാർജ്ജനം ചെയ്യുക. ധാർമ്മികമായ പൂർണ്ണത ആത്മസാക്ഷാൽക്കാര സാധനയ്ക്ക് മുൻകൂട്ടി നേടിക്കൊള്ളേണ്ടതാണ്. സാധനയുടെ ഈ പ്രാഥമിക വശം അവഗണിച്ചാൽ എത്ര പരിശീലനംകൊണ്ടും സാധകന് പ്രയോജനമുണ്ടാവില്ല. എല്ലാവരെയും സ്നേഹിക്കുക. വിനയാന്വിതനായിരിക്കുക, സ്നേഹമധുരവും പ്രിയങ്കരവുമായ വാക്കുകൾ പറയുക, സ്വാർത്ഥവും ഗർവ്വും അഹങ്കാരവും ആത്മവഞ്ചനയും വെടിയുക, നിങ്ങളുടെ അധമപ്രകൃതിയെ സംസ്കരിച്ചെടുക്കുക, നിങ്ങൾ സത്സംഗനിരതരായിരിക്കുക, ആദ്ധ്യാത്മിക സ്പന്ദനങ്ങൾ തുടിക്കുന്ന അന്തരീക്ഷത്തിൽ ജീവിക്കുമ്പോൾ എല്ലാ യോഗ്യതകളും അനായാസേന ലഭ്യമാവും. പുരുഷന്മാർക്ക് മാത്രമല്ല, സ്ത്രീകൾക്കും സംന്യാസത്തിനർഹതയുള്ള കാര്യം സമർത്ഥിച്ചുകൊണ്ട് സ്വാമിജി പറയുന്നു:- അവരുടെതായ പ്രത്യേക ആശ്രമങ്ങളും സംന്യാസ സ്ഥാപനങ്ങളും ഗുരുകുലങ്ങളും ഉണ്ടായി വികസിക്കേണ്ടത് ഇക്കാലത്തിന്റെ ആവശ്യം കൂടിയാണ്. അവർ സമൂഹത്തിന്റെ നട്ടെല്ലുകളാണ്. അവർ പ്രചോദിതരാണെങ്കിൽ ലോകം മുഴുവൻ പ്രചോദിതമാകും. അവർക്ക് ഒരു പ്രത്യേക ധർമ്മവാസനയുണ്ട്; സ്വാഭാവികമായ, ജന്മസിദ്ധമായ ദിവ്യഗുണങ്ങളുണ്ട്. പുരാതന കാലത്ത് ഹിന്ദുസ്ത്രീകളും ബ്രഹ്മചര്യനിഷ്ഠരായി ഋഷിമാരെ പരിചരിക്കുകയും ആത്മാവിനെക്കുറിച്ച് മനനം ചെയ്യുകയും ബ്രഹ്മജ്ഞാനം നേടുകയും ചെയ്തിരുന്നു. അന്ന് സ്ത്രീകൾക്കിടയിൽ

അനവധി സിദ്ധകളും ബ്രഹ്മജ്ഞാനികളും വൈരാഗികളും ഭക്ത കളും, യോഗിനികളും ഉണ്ടായിരുന്നു. ഇന്നും ഹൃഷികേശത്തിലും ഹരിദ്വാരത്തിലും വൃന്ദാവനത്തിലും വാരണാസിയിലും മറ്റു പുണ്യ സ്ഥലങ്ങളിലും സംസാരമുപേക്ഷിച്ച് അദ്ധ്യാത്മജീവിതത്തിൽ വ്യാപൃതരായ അനേകം സ്ത്രീകളെ കാണാം.

രാഷ്ട്രീയകക്ഷികളും സാമൂഹിക സംഘടനകളും മറ്റും സംന്യാസിമാരെയും സംന്യാസാശ്രമങ്ങളെയും ബഹുമാനിച്ച് ആദ രിച്ചാൽ സാംസ്കാരികാധഃപതനത്തിൽ നിന്നും കരകേറാനും ആരോ ഗ്യകരമായ വളർച്ചയ്ക്കും വഴിയൊരുക്കുമെന്നും സൂചിപ്പിച്ചുകൊണ്ട് സ്വാമിജി ഉപദേശിക്കുന്നു:- "രാഷ്ട്രീയ പ്രക്ഷോഭങ്ങളുടെ ഈ കാല ഘട്ടത്തിൽ രാഷ്ട്രീയനേതാക്കന്മാർ സംന്യാസിമാരോടും പ്രക്ഷോ ഭങ്ങളിൽ പങ്കുകൊള്ളുവാൻ ആവശ്യപ്പെടുന്നു. ഇത് വലിയ തെറ്റാ ണ്. ശുദ്ധമായ നിവൃത്തിമാർഗ്ഗത്തിന്റെ മേന്മയും അർത്ഥവും ജന നേതാക്കന്മാർക്ക് ബോദ്ധ്യപ്പെടാത്തതുകൊണ്ടവർ സംന്യാസധർമ്മ ത്തെഅവമതിക്കുന്നു. സംന്യാസിമാർ ഹിമാലയത്തിലെ ഗുഹകളി ലിരുന്നാലും അവരുടെ ആത്മചിന്തനസ്പന്ദനങ്ങളാൽ അവർ ലോകത്തെ സംശുദ്ധമാക്കുന്നു. ഇങ്ങനെ അവർ ലോകത്തെ കൂടു തൽ സഹായിക്കുന്നു. എന്റെ രംഗം ആദ്ധ്യാത്മികമാർഗ്ഗമാണ്..." പരമത്യാഗസ്വരുപമായ സംന്യാസധർമ്മം കാലദേശാനുസൃതം എങ്ങനെ ആത്മമോക്ഷത്തിനും ലോകോപകാരത്തിനും നിദാനമാ യിത്തീരുന്നുവെന്നത് ശ്രീ സ്വാമി ശിവാനന്ദസരസ്വതി തിരുവടിക ളുടെ ദിവ്യ ജീവിതവും ലോകവ്യാപകമായ സ്ഥാപനങ്ങളും ശിഷ്യ പ്രശിഷ്യ പരമ്പരകളും വേണ്ടുവോളം തെളിവാണ്. സംശയരഹിത മായ നിഷ്കാമകർമ്മം, യോഗയുക്തനായ ഒരു സംന്യാസിയെ സംബ ന്ധിച്ചിടത്തോളം തന്റെ മോക്ഷമാർഗ്ഗത്തിൽ തടസ്സമാവില്ലെന്ന് ശ്രീ സ്വാമിജി ത്യാഗപൂർണ്ണമായ സ്വജീവിതത്തിലൂടെ പ്രകാശിപ്പിച്ചു. യോഗവേദാന്തങ്ങളുടെ സമന്വയാത്മകമായ സിദ്ധിയിലൂടെ ആത്മ ജ്ഞാനാഗ്നിയിൽ ഹോമിക്കപ്പെട്ട സ്വകർമ്മങ്ങൾക്കൊന്നും ഒരു മഹാ ത്മാവിനെ മായാക്കുടുക്കുകളിൽ അകപ്പെടുത്താൻ സാദ്ധ്യമല്ല. അദ്ദേഹം എല്ലായ്പ്പോഴും പരമാത്മപരായണനും സംശയമുക്തനു മായ ആത്മജ്ഞാനിയാണ്, സംന്യാസിയാണ്, സർവ്വതന്ത്രസ്വതന്ത്ര നാണ്, ബ്രഹ്മനിഷ്ഠനാണ്.

"യോഗസംന്യസ്തകർമ്മാണം ജ്ഞാനസംഛിന്ന സംശയം
ആത്മവന്തം ന കർമ്മാണി നിബധ്നന്തി ധനഞ്ജയ"

(ഗീത 4-41)

# 10. സംന്യാസവും ശങ്കരഭഗവൽപാദരും

1200 വർഷങ്ങൾക്കുമുമ്പ് കേരളത്തിൽ അവതരിച്ച ശ്രീ ശങ്കരഭഗവൽപാദരുടെ ആയുഷ്കാലം 32 വർഷമായിരുന്നു. അതിനിടയ്ക്ക് ആ മഹാത്മാവ് ആസേതുഹിമാചലം സഞ്ചരിച്ചും തത്വോപദേശങ്ങൾ ചെയ്തും ജനങ്ങളെ അദ്ധ്യാത്മിക പ്രബുദ്ധരാക്കി. പാരമാർത്ഥിക പ്രബോധനമുൾക്കൊള്ളുന്ന പല ഗ്രന്ഥങ്ങൾ രചിക്കുകയും ഭാരതത്തിന്റെ നാല് പുണ്യധാമങ്ങളെ കേന്ദ്രമാക്കി, നാലു ദിക്കുകളിലും സംന്യാസമഠങ്ങൾ സ്ഥാപിക്കുകയും ചെയ്തു. സർവോപരി അഴിഞ്ഞുലഞ്ഞുകൊണ്ടിരുന്ന സംന്യാസധർമ്മത്തെ പാരമാർത്ഥിക സത്യത്തിലേക്കു തിരിച്ചുവിടാൻ തക്കവിധം 'ദശനാമീസംന്യാസ' ക്രമവും ഷൺമത ഉപാസനാസമ്പ്രദായവും നടപ്പിലാക്കി.

ഓരോ മഹൽചരിത്രവും അതത് മഹാത്മാക്കൾ ജീവിച്ചിരുന്ന കാല-ദേശ-പശ്ചാത്തലങ്ങളെ വേണ്ടവിധം അറിഞ്ഞുകൊണ്ടു വേണം പഠിക്കുകയോ വിലയിരുത്തുകയോ ചെയ്യേണ്ടത്. മഹാത്മാക്കളുടെ ഉപദേശവാക്യങ്ങളും അനുഭൂതിവാക്യങ്ങളും അവർ ഉദ്ദേശിക്കുന്ന അർത്ഥത്തിൽ ഗ്രഹിക്കാതെ ജഡവാസനകളാൽ മലിനമായ അഹംബുദ്ധികൊണ്ട് ഗ്രഹിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്താൽ താൻ മാത്രമല്ല. മറ്റുള്ളവരും തെറ്റിവീഴാനിടയാകും. ബുദ്ധദേവന്റെ മഹാനിർവ്വാണശേഷം അവിടത്തെപ്പേരിൽ ഒരു മതം സ്ഥാപിക്കുവാനുള്ള ബദ്ധപ്പാടിലായി ഭിക്ഷുക്കൾ (സംന്യാസിമാർ) ആരംഭകാല ഭിക്ഷുക്കളും ഭിക്ഷുണികളും, (സംന്യാസിമാരും, സംന്യാസിനിമാരും) ധർമ്മപ്രചാരത്തിലൂടെ സാമൂഹിക നന്മ ഉളവാക്കുകയും സംന്യാസിസംഘങ്ങൾ രൂപീകരിച്ചു ജനസമുദായങ്ങളിലേക്കു ഇറക്കിവിടുകയും ചെയ്തു. പിന്നീട് ചില പ്രബലരുടെ പിൻതുണയോടുകൂടി ബുദ്ധോപദേശങ്ങളെ തന്നിഷ്ടംപോലെ പ്രചരിപ്പിക്കുവാൻ തുടങ്ങിയപ്പോൾ അഹിംസയുടെ സ്ഥാനത്ത്

ഹിംസയും ധർമ്മത്തിന്റെ സ്ഥാനത്ത് അനാചാരങ്ങളും വേരൂന്നാൻ തുടങ്ങി. ബൗദ്ധന്മാർ ഭാരതത്തിലെ സകലരെയും ഭിക്ഷുവോ ഭിക്ഷുണിയോ ആക്കാൻ നോക്കി നമുക്കത് എല്ലാവരിലും നിന്നു പ്രതീക്ഷിച്ചുകൂടാ. ഇതു ഭിക്ഷുക്കളുടെയും ഭിക്ഷുണികളുടെയും ഇടയ്ക്കു ക്രമേണ അയവിന്നിടയാക്കി. തിബത്തിലെയും മറ്റും പ്രാകൃതാചാരങ്ങളെ മതത്തിന്റെ പേരിൽ അവർ അനുകരിച്ചതും ഇതിനൊരു കാരണമാണ്. അവർ ആ വക സ്ഥലങ്ങളിൽ പ്രചാരത്തിനു പോയി, അവരുടെ ദുഷിച്ച ഏർപ്പാടുകൾ സ്വീകരിച്ചു; എന്നിട്ടവ ഭാരതത്തിൽ നടപ്പാക്കി, അങ്ങനെയാണ് ബുദ്ധമതം ദുഷ്ടമായ പാരമ്പര്യം ബാക്കിവച്ചു പോയത് എന്നു ഒരു ചോദ്യോത്തരമായി സ്വാമി വിവേകാനന്ദൻ പറഞ്ഞത് എത്രയോ അർത്ഥവത്താണെന്നു കാണാം.

അങ്ങനെ ശ്രീബുദ്ധനുശേഷം 1400 ആണ്ടുകൾ പിന്നിട്ടുപോയപ്പോഴാണ് ശ്രീശങ്കരഭാഗവൽപാദരുടെ പ്രാദുർഭാവം. ജന്മസിദ്ധനായ ശ്രീശങ്കരൻ മാതാപിതാക്കളുടെ ആറ്റുനോറ്റുണ്ടായ ഏകപുത്രനാണ്. ആ മകനെ വിട്ടിരിക്കുക, അമ്മയ്ക്കു സങ്കല്പിക്കുവാൻ പോലുമാവില്ല. എന്നാൽ ഇതൊരു അത്ഭുത ബാലനാണെന്നു അസാധാരണ പ്രകൃതംകണ്ടു ബോദ്ധ്യപ്പെട്ടിരുന്നു. അങ്ങനെ എട്ടാം വയസിൽത്തന്നെ സംന്യസിക്കുവാൻ മാതാവിന്റെ അനുമതിയും അനുഗ്രഹവും നേടാൻ ശ്രീശങ്കരനു സാധിച്ചു. 'സംന്യസ്തോഹം, സംന്യസ്തോഹം' എന്നു ആഹ്ലാദപൂർവ്വം പറഞ്ഞുകൊണ്ട് എട്ടു വയസ്സുള്ള ആ ബാലൻ വീടുവിട്ടിറങ്ങി. നർമ്മദാനദീതീരത്തിലെ ശ്രീഗോവിന്ദാചാര്യനിൽ തന്റെ ഗുരുനാഥനെ കണ്ടെത്തി. 12 വയസ്സായപ്പോഴേക്കും ആ ബാലസംന്യാസി പണ്ഡിത സദസ്സുകളിലും സംന്യാസാശ്രമങ്ങളിലും തന്റെ ദിവ്യത്വവും ജ്ഞാനശക്തിയും നിറഞ്ഞ പ്രവൃത്തികളിലൂടെ അത്ഭുതമുളവാക്കി. ഈശ്വരായത്തമായ ശ്രീശങ്കരന്റെ അവതാരോദ്ദേശ്യം അങ്ങനെ അന്വർത്ഥമാവുകയും ചെയ്തു.

ആത്മജ്ഞാനം ഒരു കീറാമുട്ടിയാണെന്നും അതു ജീവിത സുഖത്തെയും സന്തോഷത്തെയും മുരടിപ്പിക്കുമെന്നും പറഞ്ഞ് പുറം തിരിഞ്ഞിരുന്നവരും 'ഉദരനിമിത്തം ബഹുകൃതവേഷക്കാരും അക്കാലത്തും ഉണ്ടായിരുന്നു. പലപ്പോഴും ആചാര്യസ്വാമികൾ സ്വശിഷ്യമണ്ഡലത്തെവിട്ട് അത്തരം ആളുകൾകേൾക്കെ ഉറക്കെ പാടിയതാണ് അദ്ദേഹത്തിന്റെ ലഘുപ്രകരണങ്ങളിൽ പലതും. ഉദാഹരണത്തിനിതാ:-

മഹദിച്ഛയെക്കാൾ സ്വേച്ഛയ്ക്കു മുഖ്യത്വം കൊടുത്തിരുന്ന ഒരു ഭരണാധികാരി പ്രഭാതത്തിൽ കൊട്ടാരത്തിന്റെ നാലു ഭാഗത്തു മുള്ള പുമുഖത്തിലും ഇറങ്ങിനിന്നു ശ്രദ്ധിക്കാറുണ്ടായിരുന്നു —"തന്നെ എപ്രകാരം പ്രജകൾ സ്തുതിക്കുന്നു" വെന്നറിയാൻ! ഇത റിഞ്ഞ ആചാര്യസ്വാമികൾ കൊട്ടാര പ്രാകാരത്തിന്റെ ഓരോ പുമു ഖനടയിലും രാജാവ് കേൾക്കത്തക്കവിധം പ്രസംഗിച്ചതാണ്. 'വേദാ ന്തഡിണ്ഡിമ'മെന്ന ലഘുപ്രകരണം ഓരോ വ്യക്തിയുടെയും അർഹ താനർഹതകൾ അറിയാൻ ആ ത്രികാലജ്ഞാനിക്കു സാധിച്ചിരുന്ന തുകൊണ്ട് അദ്ദേഹത്തിന്റെ ആഹ്വാനവും ഫലിച്ചു. അവസാനം രാജാവ് ആചാര്യസ്വാമികളുടെ ശിഷ്യത്വം ഗ്രഹിച്ച് ക്രമേണ ജ്ഞാനിയും മുക്തനുമായിത്തീരുകയും ചെയ്തു. വേദാന്തഡിണ്ഡി മിത്തിലെ അവസാനശ്ലോകം ഇവിടെ ഉദ്ധരിക്കാം—

കാമക്രോധശ്ച ലോഭശ്ച
ദേഹേതിഷ്ഠന്തി തസ്ക്കരാഃ
ജ്ഞാനരത്നാനാപഹരന്തി
തസ്മാദ് ജാഗ്രത, ജാഗ്രത!

ഹേ മഹാജനങ്ങളെ, ഒളിച്ചിരിക്കുന്ന ആറു ശത്രുക്കളെ ഈ അപൂർവ്വജന്മത്തിൽത്തന്നെ തിരിച്ചറിഞ്ഞു രക്ഷപ്പെടുക. കാമം, ക്രോധം, ലോഭം, മദം, മാത്സര്യം, മോഹം എന്നീ ആറു ശത്രുക്കൾ നമ്മിൽ ഓരോരുത്തരുടെയും ശരീരത്തിലും ഒളിച്ചിരുന്നുകൊണ്ട് നമ്മിലെ 'ജ്ഞാനമെന്ന വിശിഷ്ടരത്നത്തെ അപഹരിക്കാൻ ശ്രമി ക്കുന്നു. ആ അജ്ഞാനനിദ്രയിൽ നിന്നു വളരെ കരുതലോടെ ഉണ രുവിൻ ഉണരുവിൻ!

ജന്മം ദുഃഖം ജരാദുഃഖം
ജായാദുഃഖം പുനഃ പുനഃ
സംസാരസാഗരം ദുഃഖം
തസ്മാത് ജാഗ്രത ജാഗ്രത!

മഹാജനങ്ങളെ ഏതു വശത്തിലൂടെ നോക്കിയാലും പ്രാപ ഞ്ചികജീവിതം ദുഃഖമയം തന്നെ. എവിടെയാണ് ദുഃഖമില്ലാത്തത്! വാർദ്ധക്യത്തിലും ദുഃഖം മരിക്കുന്നതും ദുഃഖം, മാറി മറിഞ്ഞുകൊ ണ്ടിരിക്കുന്ന ദുഃഖങ്ങൾ, സംസാരസാഗരം തന്നെ ദുഃഖസ്വരൂപം. അതിനാൽ അജ്ഞാനാന്ധകാരത്തിൽ നിന്നും ശുഭസ്യശീഘ്രം ഉണ രുവിൻ, ഉണരുവിൻ!

ആശയാ ബദ്ധ്യതേ ലോകോ
കർമ്മണാ ബഹുചിന്തയാ
ആയുഃക്ഷീണം ന ജാനന്തി
തസ്മാത് ജാഗ്രത, ജാഗ്രത!

മായയാകുന്ന ഇരുട്ടറകളിൽ മോഹനസ്വപ്നങ്ങളിലൂടെ കബളിപ്പിക്കപ്പെടുന്ന മഹാജനങ്ങളെ! ആശാപാശങ്ങളാൽ ബന്ധനസ്ഥരായ നിങ്ങൾ വീണ്ടും വീണ്ടും ആഗ്രഹങ്ങളെ കൂട്ടികൂട്ടി അധോഗതിയിലേക്ക് ആനയിക്കപ്പെടുന്നു. ഉള്ളുണർവ്വോടെ ജീവിക്കുവിൻ, മുൻകരുതലോടെ ഉണരുവിൻ!

മാതാ നാസ്തി പിതാ നാസ്തി
നാസ്തി ബന്ധുഃ സഹോദരാഃ
അർത്ഥം നാസ്തി ഗൃഹം നാസ്തി
തസ്മാത് ജാഗ്രത, ജാഗ്രത!

ഉറ്റവരും ഉടയവരും മിത്രങ്ങളും എല്ലാം താൽക്കാലികങ്ങൾ; എല്ലാം നശ്വരം, ഈശ്വരൻ മാത്രമാണ് സത്യം. അമ്മയും അച്ഛനും ബന്ധുക്കളും സഹോദരങ്ങളും എല്ലാം മരിക്കും വീടും സമ്പത്തും എല്ലാം നശിക്കും. അജ്ഞാനനിദ്രയിൽ നിന്നുണർന്നാൽ നിങ്ങളുടെ എല്ലാം എല്ലാമായ പാരമാർത്ഥിക സത്യം പ്രകാശിച്ചു കൃതാർത്ഥരും സന്തുഷ്ടരുമാവും. ആ പരംപൊരുൾ ഒന്നുമാത്രമാണ് പരമ സത്യം. അതിനാൽ എത്രയും വേഗം ജാഗ്രതയോടെ ഉണരുവിൻ!

ആർത്തന്മാരും അർത്ഥാർത്ഥികളും ജ്ഞാനജിജ്ഞാസുക്കളുമായ ഭക്തന്മാരെ അവരവരുടെ അർഹതയ്ക്കനുസരിച്ച് സഹായിച്ചുകൊണ്ട് പരമധർമ്മത്തിലേക്കു നയിക്കുന്ന സേവാധർമ്മാണ് ശ്രീശങ്കരഭഗവൽപാദർ പുനഃസ്ഥാപിച്ചത്. ഇതിന് ഉത്തേജനവും ഉള്ളുണർവും ഉളവാക്കുന്ന "ഷൺമത ഉപാസന" സമ്പ്രാദയവും വിവിധ ദേവമൂർത്തികളെ സ്തുതിക്കുന്ന സ്തോത്രങ്ങളും പ്രചരിപ്പിച്ചു. അന്തഃക്കരണശുദ്ധിക്ക് അവശ്യംവേണ്ടുന്ന കർമ്മവും ഭക്തിയും വേണ്ടവിധം ജീവിതാനുഷ്ഠാനമാക്കാത്തവരിൽ ആത്മജ്ഞാനം വേരുന്നാൻ പ്രയാസമാണെന്ന് ആചാര്യപാദർക്കറിയാം. ജന്മാന്തര സുകൃതങ്ങളാൽ ജന്മസിദ്ധരായ അപൂർവ്വം വ്യക്തിത്വങ്ങളുടെ കഥ ഒന്നുവേറെ.

തന്റെ മഹദിച്ഛയ്ക്കനുസൃതമാംവിധം ജഗൽഗുരുവിന് ശിഷ്യന്മാരുണ്ടായി. സർവ്വസംഗപരിത്യാഗികളും ശ്രൗതികളും ബ്രഹ്മനി

ഷ്ഠരുമായ സംന്യാസിമാർ അഞ്ചുപേർമതി, മറ്റുവിധത്തിലുള്ള അൻപതിനായിരം സാമൂഹികസേവകന്മരെക്കാൾ സമൂഹത്തിനും, രാജ്യത്തിനും നന്മചെയ്തു സുഖസമാധാനങ്ങൾ പുലർത്താൻ. ത്യാഗോജ്ജ്വലമായ സ്വജീവിതത്തിലൂടെ അദ്ദേഹം അതു തെളിയിച്ചു. വേദജനനിയായ ഭാരതത്തിന്റെ ചതുർധാമങ്ങളിൽ തന്റെ പ്രഥമശിഷ്യരിൽ നാലുപേരെ ഭരമേല്പിച്ചുകൊണ്ട് ജ്ഞാനനിഷ്ഠരും വിവേക-വൈരാഗ്യസമ്പന്നരുമായവരുടെ ഒരു പ്രസ്ഥാനത്തിനു രൂപം കൊടുത്തു. അതാണ് 'ദശനാമി സംന്യാസ' സമ്പ്രദായം, കിഴക്ക് ജഗന്നാഥപുരിയിലെ ഗോവർദ്ധനമഠത്തിൽ നിന്ന് വനം, ആരണ്യ എന്നീ സംന്യാസിനാമങ്ങളും; തെക്ക് ശൃംഗേരി മഠത്തിൽ നിന്ന് സരസ്വതി, ഭാരതി, പുരി എന്നീ നാമങ്ങളും; പടിഞ്ഞാറ് ദ്വാരകാമഠത്തിൽ നിന്ന് തീർത്ഥം, ആശ്രമ എന്നീ നാമങ്ങളും; വടക്ക് ബദരി ജ്യോതിർമഠത്തിൽ നിന്ന് ഗിരി, സാഗര, പർവ്വത എന്നീ നാമങ്ങളും വിധിച്ചിരിക്കുന്നു. നാലു വേദങ്ങളെയും, യഥാക്രമം പ്രജ്ഞാനം ബ്രഹ്മ, അഹം ബ്രഹ്മാസ്മി, തത്ത്വമസി, അയമാത്മാബ്രഹ്മ എന്നീ മഹാവാക്യങ്ങളെയും ആസ്പദിച്ചാണീ വ്യവസ്ഥ. ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ശ്രീശങ്കരസംന്യാസപരമ്പര പിന്നീട് വന്ന പല ആചാര്യന്മാരും അവലംബിച്ചിട്ടുണ്ട്. വൈദിക-ശാസ്ത്രീയാടിസ്ഥാനമാണ് അതിന്റെ പ്രധാന ഘടകം.

സദ്ഗുരുനാഥന്റെ ശിക്ഷണത്തിൽ ബ്രഹ്മചര്യാശ്രമം നയിക്കുന്ന (വിദ്യാഭ്യാസം ചെയ്യുന്ന) ഒരു ശിഷ്യൻ തന്റെ ജന്മാന്തര കർമ്മവാസനകൾക്കനുസൃതമായി വിദ്യ സമ്പാദിച്ചുകൊണ്ട് ധർമ്മാർത്ഥകാമമോക്ഷങ്ങൾ സാധിക്കുന്നു. ജീവിതത്തിന്റെ ആധാരം ധർമ്മവും, ലക്ഷ്യം മോക്ഷവും (പരമപുരുഷാർത്ഥം) ആകുന്നു എന്ന ബോധപൂർവ്വം ജീവിച്ചാൽ അന്യായമായ ധനസമ്പാദനത്തിനോ അത്യാഗ്രഹങ്ങൾക്കോ വഴങ്ങേണ്ടിവരില്ല. കർത്തവ്യകർമ്മങ്ങളുടെ ആവശ്യത്തിനുള്ള ധനം സ്വയം അദ്ധ്വാനിച്ച് നേടുകയും തന്റെ ഹിതത്തോടൊപ്പം പരോപകാരപ്രദമാംവിധം വിനിയോഗിക്കുകയും ചെയ്യും. ഈശ്വരോന്മുഖമായ ഈവിധ ജീവിതത്തിൽ സ്വാഭാവികമായ സദാചാരനിഷ്ഠ കാണാം. സദാചാരത്തിൽ നിന്നാണ് ധർമ്മം പ്രകാശിക്കുന്നത്. ധർമ്മജീവിതം ആത്മനിഷ്ഠമായിത്തീരുമ്പോൾ ബഹിർമുഖ വ്യാപാരങ്ങൾ ഒന്നൊന്നായി അന്തർമുഖമായി ഭവിക്കുന്നു. അപ്പോഴാണ് ശ്രീശങ്കരഭഗവൽപാദർ കല്പിച്ചു

"സദാചാരാനുസന്ധാനം" എന്ന ലഘുപ്രകരണത്തിന്റെ ഉത്തമാധികാരികളാവുന്നത്.

ഇങ്ങനെ സ്വയം പ്രയത്നിക്കാതെ അലസരും മിഥ്യാചാരികളുമായി ജീവിതം നശിപ്പിക്കുന്നവരെനോക്കി ആചാര്യർ ശാസിക്കുന്നു. : —

ജടിലോ മുണ്ഡീ ലുഞ്ചിത കേശഃ
കാഷായാംബര ബഹുകൃതവേഷഃ
പശ്യന്നപി ച ന പശ്യതി മൂഢോ
ഉദരനിമിത്തം ബഹുകൃതവേഷഃ

വാർദ്ധക്യത്തിലും പ്രശസ്തി മോഹിച്ച് 'ഡുകൃഞ്കരണേ' എന്ന വ്യാകരണപദം ഉരുവിട്ടുകൊണ്ടിരുന്ന ഒരു വൈയാകരണനെ ക്ഷണികജീവിതമഹത്വം ഉൽബോധിപ്പിക്കുന്ന രീതിയിൽ ശ്രീശങ്കര ഭഗവൽപാദർ പാടിയ സ്തോത്ര പ്രകരണകൃതിയാണ് ദ്വാദശമഞ്ജരികാസ്തോത്രം. തുടർന്ന് അതേ രീതിയിൽ അദ്ദേഹത്തിന്റെ പ്രഥമശിഷ്യരായ ആചാര്യന്മാർ രചിച്ചതാണ് "ചതുർദ്ദശമഞ്ജരികാസ്തോത്രം" ഇവ രണ്ടും ചേർത്തു "ഭജഗോവിന്ദം" അഥവാ "മോഹമുദ്ഗരം" എന്നറിയപ്പെടുന്നു. മേലുദ്ധരിച്ച ശ്രീപദ്മപാദാചാര്യകൃത ശ്ലോകത്തിന്റെ സാരം:— ഒരുവൻ ജട വളർത്തിയും, മറ്റൊരുവൻ തല മുണ്ഡനം ചെയ്തും. വേറൊരുവൻ ശിരോരോമങ്ങൾ പിഴുതെറിഞ്ഞും, കാവി വസ്ത്രം ഉടുത്തും മറ്റും കാണപ്പെടുന്നുണ്ടെങ്കിലും അവർ ആത്മജ്ഞാനവിഹീനരാണെങ്കിൽ ഇതെല്ലാം വയറ്റിപ്പിഴപ്പിനുള്ള വേഷംകെട്ടൽ മാത്രം. തുടർന്നു ത്രോടകാചാര്യർ പാടുന്നു.--

അംഗം, ഗലിതം, പലിതം മുണ്ഡം
ദശനവിഹീനം ജാതം തുണ്ഡം
വൃദ്ധോ യാതി ഗൃഹീത്വാ ദണ്ഡം
തദപി ന മുഞ്ചത്യാശാപിണ്ഡം

(ദേഹം ചുക്കിച്ചുളിഞ്ഞ, തലനരച്ച, വായിൽ പല്ലുകൾ കൊഴിഞ്ഞ വൃദ്ധൻ വടി കുത്തിപ്പിടിച്ചാണ് നടക്കുന്നെങ്കിലും ആഗ്രഹങ്ങളുടെ മാറാപ്പ് വിടുന്നില്ല!)

ആശാപാശബ്ധരായി കഴിയുന്നവർക്കു ജീവിതമൂല്യം ബോദ്ധ്യപ്പെടുകയില്ല. അവർ ധനത്തിനു പരമപ്രാധാന്യം കല്പിക്കു

ന്തോറും പ്രശ്നങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കും. തനിക്കു സുഖവും സന്തോഷവും ഉണ്ടാവുമെന്ന് കരുതി എന്തെല്ലാം വിഷയവസ്തുക്കൾ സമ്പാദിക്കുവാൻ മനുഷ്യൻ ആഗ്രഹിക്കുന്നുവോ അവയെല്ലാം ധനത്തിന്റെ വിശാലാർത്ഥത്തിൽപ്പെടും. ആത്മജ്ഞാനപൂർവ്വം ഈശ്വരോന്മുഖമായി ജീവിക്കുന്നവർക്ക് ധനത്തെ ധാർമ്മികമായി വിനിയോഗിച്ച് ആഗ്രഹങ്ങളിൽ നിന്നു വിമുക്തരാവാനും അനായാസേന ജിവിതലക്ഷ്യം പ്രാപിച്ച് കൃതകൃത്യരാവാനും സാധിക്കും. ഇതാണ് ശ്രീശങ്കരഭഗവൽപാദർ "ഭജഗോവിന്ദ"ത്തിലെ ആദ്യ ശ്ലോകങ്ങളിൽ സംന്യാസിമാരെങ്കിലും ആഴത്തിൽ അനുസന്ധാനം ചെയ്തു പ്രചരിപ്പിക്കേണ്ടതാണ്.

മൂഢ ജഹീഹീ ധനാഗമതൃഷ്ണാം
കുരുസദ്ബുദ്ധിം മനസി വിതൃഷ്ണാം
യല്ലഭസേ നിജ കർമ്മോപാത്തം
വിത്തം തേന വിനോദയ ചിത്തം
ഭജ ഗോവിന്ദം ഭജ ഗോവിന്ദം
ഗോവിന്ദം ഭജ മൂഢമതേ
സംപ്രാപ്തേ സന്നിഹിതേ കാലേ
നഹി നഹി രക്ഷതി ഡുകൃഞ്കരണേ

ജഗത്-ജീവൻ-ഈശ്വരൻ, ഇവ മൂന്നും ശ്രുതി-യുക്തി-അനുഭവരീത്യാ വിചിന്തനം ചെയ്തു പ്രകാശിപ്പിച്ചതാണ്, അദ്വൈത ദർശനം. വൈരുദ്ധ്യങ്ങളും വൈവിധ്യങ്ങളും നിറഞ്ഞതാണ് പ്രപഞ്ചം. ഈ നാനാത്വങ്ങളിലെ ആകർഷണങ്ങളെല്ലാം വിവിധ ജീവോപാധികൾക്ക് ആവശ്യമായിരിക്കുന്നു. സുഖ-ദുഃഖ സമ്മിശ്രമായ ഈ നൈമിഷിക സത്യങ്ങൾ പാരമാർത്ഥികസത്യം അനുഭവപ്പെടുന്നതു വരെ സംഘർഷാത്മകവും ദുഃഖപര്യവസായിയുമാണ്. പാരമാർത്ഥികസത്യത്തിനുവേണ്ടി നശ്വരമായ പ്രാപഞ്ചിക വിഷയങ്ങളെ 'ന്യാസം' (ത്യജിച്ച്) ചെയ്ത് ആത്മജ്ഞാനാനുസന്ധാനത്തിൽ മുഴുകിയവർക്കു മാത്രമേ നാനാത്വത്തിലെ ഏകത്വം അനുഭവപ്പെടു; അവർക്കു മാത്രമേ യഥാർത്ഥസ്നേഹവും ഐക്യവും പകർന്നു കൊടുക്കാനും അങ്ങനെ സംഘർഷങ്ങളെ ഒഴിവാക്കാനും സാധിക്കൂ. ഈ ജീവിതലക്ഷ്യം പ്രാപിക്കുന്നതിനുള്ള പ്രയത്നം എങ്ങനെയാവണമെന്നു "വിവേകചൂഡാമണി" "പ്രബോധസുധാകരം" തുടങ്ങിയ പ്രകരണഗ്രന്ഥങ്ങളിലൂടെ ശ്രീശങ്കരൻ ഉൽബോധിപ്പിച്ചു:

മോക്ഷസ്യ ഹേതുഃ പ്രഥമോ നിഗദ്യതേ
വൈരാഗ്യമത്യന്തമനിത്യവസ്തുഷു
തതഃ ശമശ്ചാപി ദമസ്തിതിക്ഷാ
ന്യാസം പ്രസക്താഖില കർമ്മണാം ഭൃശം.

ശ്രീശങ്കരാചാര്യരുടെ ഉപദേശങ്ങളിൽ സംന്യാസിമാർ അവശ്യം അദ്ധ്യയനം ചെയ്ത് അനുഷ്ഠിക്കേണ്ടവയാണ് മിക്കതും. അവയിൽ ഉപദേശപഞ്ചകവും യതിപഞ്ചകവും സർവ്വപ്രാധാന്യമർഹിക്കുന്നുണ്ടെങ്കിലും സാധകസംന്യാസിമാർ സ്വായത്തമാക്കേണ്ട ഒന്നാണ് ഉപദേശപഞ്ചകം അഥവാ സാധനപഞ്ചകം.

“നിത്യവും വേദാദ്ധ്യയനം ചെയ്യുക. അദ്ധ്യാത്മശാസ്ത്രം പഠിക്കുക. അതിൽ പറയുന്ന കർമ്മങ്ങൾ നന്നായി ചെയ്യുക. ആ കർമ്മങ്ങൾകൊണ്ട് ഈശ്വരോപാസന ചെയ്യുക. കാമ്യകർമ്മങ്ങളിൽ മനസ്സുവയ്ക്കാതെ സൂക്ഷിക്കുക. പാപദോഷം തുടരെ ചിന്തിച്ചു കൊണ്ടിരിക്കുക. ആത്മജ്ഞാനത്തിൽ കൗതുകം വളർത്തുക. അങ്ങനെ ക്രമത്തിൽ പക്വതനേടി വീടിനോടുള്ള മമത വിട്ടുപോകുക.

സത് സംഗം-സജ്ജനങ്ങളോട് സംഗം പുലർത്തുക. ഭഗവൽഭക്തി ദൃഢപ്പെടുത്തുക. ശമദമാദിഗുണങ്ങൾ ശീലിക്കുക. കർമ്മവാസനകളുടെ പ്രചോദനങ്ങൾ കുറയ്ക്കുക. ഉറപ്പാർന്ന കർമ്മം വിട്ടുകളയുക. സത്യമറിയാവുന്ന ഗുരുവിനെ സമീപിക്കുക. നിത്യവും അദ്ദേഹത്തിന്റെ പാദശുശ്രൂഷ ചെയ്യുക. അവരിൽ നിന്നും നാശമറ്റ ജ്ഞാനം ഒന്നുമാത്രം ആവശ്യപ്പെടുക. ശ്രുതി പ്രധാനമായ ഉപദേശങ്ങൾ കേട്ടുമനനം ചെയ്യുക”. ഇത്യാദി.

വേദോ നിത്യമധീയതാം തദുദിതം
കർമ്മസ്വനുഷ്ഠീയതാം
തേനേശസ്യ വിധീ യതാമപചിതിഃ
കാമ്യേമതിസ്ത്യജ്യതാം
പാപൗഘഃ പരിധൂയതാം ഭവസുഖേ
ദോഷാനുസന്ധീയതാം
ആത്മേച്ഛാ വ്യവസീയതാം നിജഗൃഹാത്
തൂർണ്ണം വിനിർഗ്ഗമ്യതാം
സംഗ സത്സു വിധീയതാം ഭഗവതോ

ഭക്തിർദൃഢാ ധീയതാം
ശാന്ത്യാദിഃ പരിചീയതാം ദൃഢതരം
കർമ്മാശു സന്ത്യജ്യതാം
സദ് വിദ്വാനുപസർപ്പ്യതാം പ്രതിദിനം
തത്പാദുകേ സേവ്യതാം
ബ്രഹ്മൈകാക്ഷരമർത്ഥ്യതാം ശ്രുതിശിരോ
വാക്യംസമാകർണ്ണ്യതാം

ശ്രീശങ്കരഭഗവൽപാദരുടെ കാലത്ത് ഭാരതത്തിൽ മുസ്ലീം-ക്രസ്ത്യൻ-സിക്ക് മതങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ മതസമ്പ്രദായങ്ങൾ അനേകമുണ്ടായിരുന്നുതാനും. സാംഖ്യന്മാർ, വൈശേഷികന്മാർ, ന്യായവാദികൾ, മീമാംസകന്മാർ, ചാർവാകന്മാർ, വാമാചാരർ, പഞ്ചരാത്രക്കാർ, പാശുപതന്മാർ, ഹിരണ്യ ഗർഭോപാസകന്മാർ, വഹ്നമതാവലംബികൾ, കുബേരോപാസകന്മാർ, യമോപാസകന്മാർ, വേതാളോപാസകർ, ശൂന്യവാദികൾ, ജൈനമതക്കാർ, ബുദ്ധമതക്കാർ എന്നിങ്ങനെ ഒട്ടനവധി സമ്പ്രദായങ്ങൾ പരസ്പരം മത്സരബുദ്ധിയോടെ പ്രവർത്തിച്ചുവന്നിരുന്നു. അവരെയെല്ലാം തന്റെ ശ്രുതിയുക്തി അനുഭവസിദ്ധമായ തത്വബോധംകൊണ്ട് വീണ്ടും സനാതനധർമ്മപദത്തിലേക്കു തിരിച്ചുവിടാൻ ജഗൽഗുരു ശ്രീശങ്കരാചാര്യർക്കു സാധിച്ചു. ഈ ധർമ്മപുനഃസ്ഥാപനത്തിന്റെ മുഖ്യോപാധിആ ത്രികാലജ്ഞാനി പുനരുദ്ധരിച്ച ദശനാമിസംന്യാസക്രമം തന്നെ.

മേല്പറഞ്ഞ ചതുർധാമങ്ങളോടനുബന്ധിച്ചു വേറെയും പല ശങ്കരമഠങ്ങൾ അക്കാലത്തുതന്നെ സ്ഥാപിതമായിട്ടുണ്ടെന്ന് ശ്രീ ആനന്ദഗിരിയുടെ പ്രാചീന ശങ്കരവിജയത്തിൽ കാണുന്നു. അവയിൽ മദ്രാസിനടുത്തുള്ള മങ്കാട്, കുംഭകോണം, കാഞ്ചീപുരം എന്നീ മഠങ്ങളുടെ കേന്ദ്രീകൃത രൂപമാണ് ഇപ്പോഴത്തെ ശ്രീകാഞ്ചീകാമകോടി ശങ്കരപീഠം. ഉത്തരഖണ്ഡത്തിലെ അദ്വൈത പ്രചാരത്തിനു ശേഷം ശ്രീശങ്കരഭഗവൽപാദർ ഈ മഠത്തിലും വന്നു വസിച്ചിരുന്നതായി വേണ്ടുവോളം രേഖകളുണ്ട്.

ശ്രീശങ്കരസങ്കല്പപ്രകാരം ദശനാമിസംന്യാസിമാരുടെ ഓരോ നാമവും അർത്ഥവത്താണ്:-

1. **അരണ്യൻ:-** ലോകവ്യവഹാരങ്ങളിൽ വിരക്തനും ആത്മസാക്ഷാൽക്കാരത്തിൽ നിത്യാനന്ദലീനനുമായി ആരണ്യത്തിൽ

ഏകാന്തവാസം ചെയ്യുന്ന സംന്യാസി 'അരണ്യൻ' എന്ന സംജ്ഞയിലറിയപ്പെടുന്നു.

2. **ആശ്രമം:-** സാധന സംന്യാസിമാർക്കാണീപേര്. ഇവർക്ക് ഭിക്ഷാടനം വിധിച്ചിട്ടില്ല.

3. **ഭാരതി:-** അറിവിന്റെ നിറകുടം; എപ്പോഴും സന്തുഷ്ടനും സംതൃപ്തനുമായ സംന്യാസി.

4. **ഗിരി:-** ഗിരിപ്രാന്തങ്ങളിൽ നിവസിച്ചുകൊണ്ട് സ്ഥിരനിഷ്ഠയോടെ ശാസ്ത്രാർത്ഥവിചാരം ചെയ്യുന്ന സംന്യാസി.

5. **പർവ്വതം:-** ക്ഷണപ്രഭാചഞ്ചലമായ ഈ പ്രപഞ്ചത്തെപ്പറ്റി വേണ്ടവിധം ബോധവാനും ജ്ഞാനിയുമാണ്.

6. **പുരി:-** പാരമാർത്ഥികജ്ഞാനനിഷ്ഠനും ബ്രഹ്മജ്ഞാനം അർഹതയുള്ളവർക്ക് അനായാസം പകർന്നുകൊടുക്കാൻ തൽപരനുമായ സംന്യാസി.

7. **സരസ്വതി:-** ജ്ഞാനവിജ്ഞാനങ്ങൾ വേണ്ടവിധം ഗ്രഹിച്ച ഈ സംന്യാസി, ക്രാന്തദർശിയും വാഗ്മിയും ലൗകികരുടെയിടയിൽ ആത്മജ്ഞാനം പ്രചരിപ്പിക്കുവാൻ സമർത്ഥനുമായിരിക്കും.

8. **സാഗരം:-** സത്യാന്വേഷണത്തിന്റെ മർമ്മമറിഞ്ഞവൻ. ബ്രഹ്മജ്ഞാനത്തിന്റെ വിവിധ സമീപനക്രമങ്ങളറിഞ്ഞ് ഓരോരുത്തരുടെ വാസനകൾക്കനുസൃതമായി അത് ഉപദേശിക്കുകയും ചെയ്യും. എന്നാൽ സംന്യാസധർമ്മത്തിന്റെ സീമകളെ ലംഘിക്കുകയുമില്ല.

9. **തീർത്ഥൻ:-** ജീവാത്മ-പരമാത്മ ഐക്യം സാക്ഷാത്കരിച്ചുകൊണ്ട് സഞ്ചരിക്കുന്ന പരിവ്രാജകൻ.

10. **വനം:-** യാതൊരാഗ്രഹവുമില്ലാതെ മനോഹരവനാന്തരങ്ങളിലോ തത്തുല്യമായ പർണ്ണാശാലകളിലോ വൈരാഗ്യജീവിതം നയിക്കുന്നവർ.

# 11. സംന്യാസധർമ്മം

കാമക്രോധലോഭമോഹാദി കെട്ടുകളറുത്ത് ഈശ്വരൈകശരണ്യനായി ജീവിക്കുന്നതിന്റെ മുന്നോടിയായി ചെയ്യുന്ന കർമ്മസംസ്കാരത്തെ സംന്യാസസംസ്കാരമെന്നു പറയുന്നു.

സമ്യങ്ന്യസ്യന്ത്യ ധർമ്മാചരണാനി
യേന വാ സമ്യങ് നിത്യം സൽക്കർമ്മ
സ്വാസ്ത ഉപവിശതി സ്ഥിരീഭവതി
യേന സ സംന്യാസഃ
സംന്യാസോ വിദ്യതേ യസ്യ സംന്യാസി

മനുഷ്യജീവതത്തിന്റെ ഉദ്ദേശം ധർമ്മാചരണവും ലക്ഷ്യം മോക്ഷവുമാകുന്നു. ഇതിന്ന് ഉപയുക്തമായ ആശ്രമധർമ്മങ്ങളിൽ മൂന്നു ആശ്രമങ്ങളെയും കടന്ന് നാലാമത്തെതായ സംന്യാസം സ്വീകരിക്കണമെന്നതാണ് സാമാന്യ നിയമം. ബ്രഹ്മചര്യാശ്രമത്തിൽ വിദ്യാർത്ഥിയുടെ കർത്തവ്യങ്ങളാണ് അയാളുടെ സ്വധർമ്മം. അതുപോലെ ഗൃഹസ്ഥനും വാനപ്രസ്ഥിക്കും അവരവരുടെതായ കർത്തവ്യ കർമ്മങ്ങളുണ്ട്. സംന്യാസിയുടെ സ്വധർമ്മം പരമധർമ്മസ്പർശിയാണ്—നിവർത്തനസ്വരൂപം.

ജന്മാന്തരവാസനകളുടെ മുതൽകൂട്ടുമായി പിറക്കുന്ന മനുഷ്യരുടെ അഭിനിവേശവും അഭിരുചിയും വിഭിന്നങ്ങളാണ്. അതുകൊണ്ടാണ് പരമമായ ലക്ഷ്യപ്രാപ്തിക്ക് തദനുസരണമായ അഭ്യാസവും സത് സംഗവും അദ്ധ്വാനവുമെല്ലാം ഓരോരുത്തരുടെ പൂർവ്വസംസ്കാരാനുസരണം ആവശ്യമായിരിക്കുന്നത്.

വിഷയങ്ങളോടുള്ള തീവ്രവൈരാഗ്യവും വിവേകവും ഒരാൾക്ക് എപ്പോൾ ഉണ്ടാവുന്നുവോ ആ അനർഘനിമിഷത്തിൽത്തന്നെ സംന്യാസം ഗ്രഹിക്കാം; ഈശ്വരാനുഗ്രഹംമൂലമുണ്ടാവുന്ന ഈ ദൈവീപ്രചോദനത്തെ അവമതിക്കുന്നതു പാപവുമാകുന്നു.

യദാ മനസി വൈരാഗ്യം
ജാതം സർവ്വേഷു വസ്തുഷു
തദൈവ സംന്യസേ വിദ്വാ-
നന്യഥാ പതിതോ ഭവേത്
(മൈത്രേയോപനിഷത്ത്)
യദഹരേവ വിരജേത് തദ
രേവ പ്രവ്രജേദ്വ ഗൃഹാദ്വേ !!
ബ്രഹ്മചര്യാദേവ പ്രവ്രജേൽ !!
(ജാബാലോപനിഷത്)

ബ്രഹ്മചര്യം ഗാർഹപത്യം എന്നീ ആശ്രമങ്ങളിൽ നിന്നു തന്നെ നേരിട്ടു സംന്യാസം ഗ്രഹിക്കാം; പക്ഷേ, തീവ്രവൈരാഗ്യവും വിവേകവും ഉണ്ടായിരിക്കണം. ലൗകികവിഷയങ്ങളോട് അറിഞ്ഞു കൊണ്ടുള്ള വിരക്തിയും ജീവിതാവസാനംവരെ സംന്യാസധർമ്മം പാലിക്കുമെന്ന ദൃഢനിശ്ചയവുമുണ്ടെങ്കിൽ ക്രമസംന്യാസത്തിനു കാത്തിരിക്കണമെന്നില്ല.

ഈ പുണ്യാത്മാക്കളെ അഭിസംബോധന ചെയ്യുന്ന ഈശ്വരന്റെ അരുൾവചനങ്ങളായി ഋഗ്വേദം 9-ാം മണ്ഡലം 113-ാം സൂക്തത്തിലെ ചില മന്ത്രങ്ങൾ ഏറ്റവും ശ്രദ്ധേയമാണ്—

ശര്യണാവതി സോമമിന്ദ്രഃ പിബതു വൃത്രഹാ
ബലം ദധാന ആത്മനി കരിഷ്യൻ വീര്യം
മഹദിന്ദ്രായന്ദോ പരിസ്രവ!!
ആപവസ്വദിശാം പത ആർജികാത് സോമമീഢ്വഃ
ഋതുവാകേന സത്യേന ശ്രദ്ധയാ തപസാ
സുത ഇന്ദ്രായേന്ദോ പരിസ്രവ!!

സാരം:-

ഹേ സൗമ്യ, ഭൂതലത്തിലെ ദ്വന്ദ്വാത്മകത്വം സമീകരിക്കാനായി മേഘങ്ങളെ മഴയാക്കി വർഷിക്കുന്ന ഇന്ദ്രന്റെ അനുഗ്രഹം യോഗ-തപസ്സുകളുടെ സരളമാർഗ്ഗത്തിലൂടെ ഗ്രഹിക്കുക. ശമദമാദിഗുണയുക്തനായി യഥാർത്ഥജ്ഞാനം ഗ്രഹിക്കുക. സത്യധർമ്മനിഷ്ഠനായ നിന്നിൽനിന്ന് എല്ലാ ജീവരാശികൾക്കും പ്രീതിയുണ്ടാവട്ടെ. എല്ലാവരുടെയും പ്രിയങ്കരനായ ഭവാൻ ശാന്തിയും സമാധാനവും സുഖവും പ്രകാശിപ്പിച്ചുകൊണ്ട് പഞ്ചഭൂതാത്മകമായ സമസ്ത പദാർത്ഥങ്ങളെയും സന്ത്യജിച്ച് സംന്യാസിയായി ഭവിക്കുക.

ഇതേപോലെ ഭാവാർത്ഥസംപുഷ്ടമാണ് അടുത്ത മന്ത്രങ്ങളും—

ഋതം വദന്നൃതദ്യുമ്ന സത്യം വദൻ സത്യകർമ്മൻ
ശ്രദ്ധാം വദൻ സോമരാജൻ ധാത്രാ
സോമ പരിഷ്കൃത ഇന്ദ്രോയേന്ദോ പരിസ്രവ !!
യത്രബ്രഹ്മാ പവമാന ഛന്ദസ്യോം വാചം വദൻ
ഗ്രാവ്ണാ സോമേ മഹീയതേ സോമേനാനന്ദം
ജനയന്നിന്ദ്രായേന്ദോ പരിസ്രവ !!
യത്രജ്യോതിരശസ്ത്രം യസ്മിങ്ല്ലോകേ
സ്വർഹിതം തസ്മിൻ മാംധേഹി പവമാനാമൃതേലോകേ
അക്ഷിത ഇന്ദ്രായേന്ദോപരിസ്രവ !!

പാരമാർത്ഥികസത്യം ലക്ഷ്യമാക്കി വ്യാവഹാരികപ്രാതിഭാസിക സത്യങ്ങളിൽ ധർമ്മമാചരിച്ച് ജന്മ സാഫല്യംനേടിയ ഹേ! സംന്യാസി, പ്രപഞ്ചവിഷയങ്ങളുടെ ചൈതന്യാംശം (വെള്ളവും പാലും ചേർത്തു വച്ചാലും പാലിനെ തിരിച്ചറിയുന്ന ഹംസത്തെപ്പോലെ) സ്വാത്മീകരിച്ച ഭവാൻ പരമപുരുഷാർത്ഥം പ്രാപിച്ചിരിക്കുന്നു.

സൂര്യചന്ദ്രാദികൾ സ്വയംപ്രകാശ സ്വരൂപന്മാരാണെങ്കിലും അവയ്ക്കെല്ലാം ജ്യോതിയരുളുന്ന സർവ്വാന്തര്യാമിയും സച്ചിദാനന്ദസ്വരൂപനും ഏകനും അദ്വയനുമായ പരമാത്മ പരബ്രഹ്മമാണ് എല്ലാവർക്കും ആത്യന്തികാശ്രയം. ഈ പാരമാർത്ഥികസത്യം സാക്ഷാത്കരിച്ച സംന്യാസിമാരുടെ മാർഗ്ഗദർശനം സർവ്വർക്കും സുഖവും സന്തോഷവും പ്രദാനം ചെയ്യട്ടെ.

ഭദ്രമിച്ഛന്ത ഋഷയഃ സ്വർവ്വിദസ്തപോ
ദീക്ഷാമുപനിഷേ ദുരഗ്രേ!
തതോ രാഷ്ട്രം ബലമോജശ്ച ജാതം
തദസ്മൈ ദേവാ ഉപസം നമസ്തു !!
(അഥർവ്വം-കാണ്ഡം 19. സൂ 81 മന്ത്രം-1)

ബ്രഹ്മചര്യാശ്രമത്തിൽ വേദവിദ്യ ഏകാഗ്രതപൂർവ്വം ഗ്രഹിച്ച് സമചിത്തനായ വിദ്വാൻ, ജീവിതത്തിന്റെ ഈ പ്രഥമസോപാനത്തിൽത്തന്നെ സംന്യാസത്തിനു യോഗ്യനായി ഭവിക്കുന്നു. ആ പുണ്യാത്മക്കളെ അറിവുള്ളവർ യഥായോഗ്യം സൽക്കരിച്ച് ബഹുമാനിക്കട്ടെ. ത്യാഗികളും സമ്യക്ദൃഷ്ടികളുമായ ആ മഹാത്മാക്കളി

ലൂടെ സമൂഹവും രാഷ്ട്രവും ഐശ്വര്യപൂർണ്ണമായി ഭവിക്കട്ടെ. ഈ സംന്യാസധർമ്മത്തിന്റെ സംരക്ഷണം സർവ്വപ്രധാനമാകുന്നു.

'മനുസ്മൃതി' 6-ാം അദ്ധ്യായത്തിൽ സംന്യാസക്രമത്തെപ്പറ്റി വിധിക്കുന്ന ചില ശ്ലോകങ്ങളിതാ-

1. വനേഷു തു വിഹൃത്യൈവം തൃതീയം ഭാഗമായുഷഃ
ചതുർത്ഥമായുഷോഭാഗം ത്യക്ത്വാ സംഗാൻ പരിവ്രജേൽ
2. അധീത്യ വിധി വദ്വേദാൻ പുത്രാംശ്ചോൽപാദ്യ ധർമ്മതഃ
ഇഷ്ട വാചശക്തിതോ യജ്ഞൈർമനോമോക്ഷേ നിയോജയേൽ
3. പ്രാജാപത്യം നിരൂപ്യേഷ്ടി സർവ്വവേദ സദക്ഷിണാം
ആത്മന്യഗ്നീൻ സമാരോപ്യ ബ്രാഹ്മണഃ പ്രവ്രജേൽ ഗൃഹാൽ
4. യോ ദത്വാ സർവ്വഭൂതേഭ്യഃ പ്രവ്രജത്യഭയം ഗൃഹാൽ
തസ്യതേജോമയാ ലോകാ ഭവന്തി ബ്രഹ്മവാദിനഃ
5. ആഗാരാദഭിനിഷ്ക്രാന്തഃ പവിത്രോപചിതോ മുനിഃ
സമുപോഢേഷു കാമേഷു നിരപേക്ഷഃ പരിവ്രജേൽ
6. അനഗ്നിരനി കേതഃ സ്യാദ് ഗ്രാമമന്നാർത്ഥമാശ്രയേൽ
ഉപേക്ഷകോ/സംഗസുകോ മുനിർഭാവ സമാഹിതഃ
7. നാഭിനന്ദേതമരണം നാഭിനന്ദേത ജീവിതം
കാലമേവ പ്രതീക്ഷേത നിർദ്ദേശം ഭൃതകോ യഥാ
8. ദൃഷ്ടിപൂതം ന്യസേൽപാദം, വസ്ത്രപൂതം ജലം പിബേൽ
സത്യപൂതാം വദേദ്വാചം മനഃപൂതം സമാചരേൽ
9. അദ്ധ്യാത്മരതിരാസീനോ നിരപേക്ഷോ നിരാമി ഷഃ
ആത്മനൈവ സഹായേന സുഖാർത്ഥീ വിചരേദിഹ
10. ക്ലൃപ്തകേശ നഖ ശ്മശ്രുഃ പാത്രീദണ്ഡീ കുസുംഭവാൻ
വിചാരേന്നിയതോ നിത്യം സർവ്വഭൂതാന്യപഡീയൻ
11. ഇന്ദ്രിയാണാം നിരോധേന രാഗദ്വേഷ ക്ഷയേണച
അഹിംസയാ ച ഭൂതാനാമമൃതത്വായ കല്പതേ
12. ദുഷിതോ/പി ചരേദ്ധർമ്മം യത്രതത്രാശ്രമേരതഃ
സമഃ സർവ്വേഷു ഭൂതേഷു നലിംഗം ധർമ്മകാരണം
13. ഫലം കതകവൃക്ഷസ്യ യദ്യപ്യംബു പ്രസാദകം
ന നാമഗ്രഹണാദേവ തസ്യ വാരി പ്രസീദതി

14. പ്രാണായാമം ബ്രാഹ്മണസ്യ ത്രയോ$/$പി വിധിവൽകൃതാഃ
വ്യാഹൃതി പ്രണവൈർയ്യുക്താ വിജ്ഞേയം പരമം തപഃ

15. ദഹ്യന്തേ ധ്യായമാനാനാം ധാതുനാം ഹി യഥാ മലാഃ
തഥേന്ദ്രിയാണാം ദഹ്യന്തേ ദോഷാഃ പ്രാണസ്യ നിഗ്രഹാൽ

16. പ്രാണായാമൈർദ്ദഹേദ്ദോഷാൻ ധാരണാദിശ്ച കിൽബിഷം
പ്രത്യാഹാരേണ സംസർഗ്ഗാൻ ധ്യാനേനാനീശ്വരാൻ ഗുണാൻ

17. ഉച്ചാവചേഷു ഭുതേഷു ദുർജ്ഞേയാമകൃതാത്മഭിഃ
ധ്യാനയോഗേന സംപശ്യേദ്ഗതിമസ്യാന്തരാത്മനഃ

18. സമ്യഗ്ദർശന സമ്പന്നഃ കർമ്മഭിർന നിബദ്ധ്യതേ
ദർശനേന വിഹീനസ്തു സംസാരം പ്രതിപദ്യതേ

19. അഹിംസയേന്ദ്രിയാ സംഗൈ വൈദികൈശ്ചൈവ കർമ്മഭിഃ
തപസശ്ചരണൈശ്ചോഗ്രൈഃ സാധയന്തീഹ തൽപദം

20. യദാഭാവേന ഭവതി സർവ്വഭാവേഷു നിഃ സ്പൃഹഃ
തദാസുഖമവാപ്നോതി പ്രേത്യചേഹ ച ശാശ്വതം

21. അനേന വിധിനാ സർവ്വസ്ത്യക്ത്വാ സംഗാഞ്ഛനൈഃ ശനൈഃ
സർവ്വദ്വന്ദ്വവിനിർമുക്തോ ബ്രഹ്മണ്യേവാവതിഷ്ഠതേ

22 ഇദംശരണമജ്ഞാനമിദമേവ വിജാനതാം
ഇദമനുത്വിച്ഛതാം സ്വർഗ്യമിദമാനന്ത്യയമിഛതാം

23. അനേന ക്രമയോഗേന പരിവ്രജതി യോദ്വിജഃ
സവിധൂയേഹ പാപ്മാനം പരബ്രഹ്മാധിഗച്ഛതി

മേലുദ്ധരിച്ച 'മനുസ്മൃതി' ശ്ലോകങ്ങളുടെ സാരസംഗ്രഹം:

(മുൻ അദ്ധ്യായങ്ങളിൽ നിർദ്ദേശിച്ചപ്രകാരം)

1. ബ്രഹ്മചര്യ, ഗാർഹപത്യ, വാനപ്രസ്ഥാശ്രമ ജീവിതം യഥോചിതം നയിച്ച വ്യക്തി ലൗകീകവ്യവഹാരങ്ങളിൽ നിവൃത്തനായി എല്ലാവിധത്തിലും നിസ്സംഗനായി മദമോഹമത്സരാദി ദോഷരഹിതനായി സംന്യാസം എന്ന ചതുർത്ഥാശ്രമം ഗ്രഹിക്കണം.

2. (മനുഷ്യജീവിതം, ജീവന്റെ മോക്ഷോപായമാകയാൽ) മറ്റു മൂന്ന് ആശ്രമങ്ങളും യഥാവിധി ആചരിച്ച കൃതാർത്ഥതയോടെ പൂർണ്ണമോക്ഷമാർഗ്ഗമായ സംന്യാസം ഏകാഗ്രതാപൂർവ്വം ഗ്രഹിക്കുക.

3. പരമാത്മപ്രീത്യർത്ഥം, 'പ്രാജാപത്യേഷ്ടി' (ബ്രഹ്മചര്യത്തിലെ യജ്ഞോപവീതവും ശിഖയും ആഹുതി ചെയ്യുന്ന ചടങ്ങ്) ആഹവനീയ, ഗാർഹപത്യ, ദക്ഷിണാത്യഗ്നികളെ സ്വാത്മാവിൽസമാരോപിച്ചിട്ട് വിദ്വാനായ ബ്രഹ്മജ്ഞാനി ഗൃഹാശ്രമത്തിൽ നിന്നും നേരിട്ട് സംന്യാസം ഗ്രഹിക്കാവുന്നതാണ്-പരമാത്മാവിനെ പ്രജാപതിസ്വരൂപത്തിൽ ഉപാസനംചെയ്യുന്ന കർമ്മം ഇതിൽ മുഖ്യവുമാകുന്നു.

4. വഴിയാംവണ്ണം ഗുരുകുലവിദ്യാഭ്യാസം ചെയ്തു പഞ്ചമഹായജ്ഞാദികർമ്മങ്ങൾ യഥാവിധി അനുഷ്ഠിച്ച് കുടുംബ ജീവിതം നയിക്കുന്നവരിൽ (ഗുരുവിന്റെ അനുഗ്രഹവും ഈശ്വ രകാരുണ്യവും കൊണ്ട്) ബ്രഹ്മവിദ്യ പ്രകാശിക്കും. അവർ സർവ്വജീവികൾക്കും അഭയം നൽകാനും സത്യവാഗ്മിയും ആയിരിക്കും.

5. അങ്ങനെ ധർമ്മജീവിതംകൊണ്ട് എല്ലാവിധ ആഗ്രഹങ്ങളിൽനിന്നു വിമുക്തനാവുന്നു. ഈ ത്യാഗോജ്ജ്വലജീവിതത്തിൽ അന്തഃകരണം പരിശുദ്ധമാവുന്നു. ജീവാത്മാവ് ശുദ്ധമാവുന്നു. മനനശീലനായ ആ പുണ്യവാൻ ഗൃഹാശ്രമത്തിൽ നിന്നോ ബ്രഹ്മചര്യാശ്രമത്തിൽ നിന്നോ നേരിട്ട് സംന്യാസം ഗ്രഹിക്കാം.

6. ആ സംന്യാസി ആഹവനീയാദി അഗ്നികളെ ഉപേക്ഷിച്ചവനും സ്വാഭിമാനജന്യമായ അഹന്താമമതാദികളിൽ നിന്നു വിമുക്തനും അന്ന വസ്ത്രാദികളിൽ സ്വയം പര്യാപ്തനും, അധർമ്മികളുമായി സംസർഗ്ഗമില്ലാത്തവനും ആയിരിക്കും. സ്ഥിതപ്രജ്ഞനും മനനശീലനുമായ ആ സംന്യാസി പരമാത്മാവിങ്കൽ ദൃഢചിത്തനായി സഞ്ചരിക്കുന്നു. (ഈ ശ്ലോകത്തിലെ "അനഗ്നിഃ" പദം പലരും പ്രമാദത്താൽ തെറ്റിദ്ധാരണയ്ക്കു കരുവാക്കീട്ടുണ്ട്. സംന്യാസി അഗ്നി സ്പർശിക്കാൻ പാടില്ലെന്നും, മഹാസമാധിയായാൽ ശരീരത്തെ സമാധിയിരുത്തകയല്ലാതെ ദഹിപ്പിക്കുവാൻ പാടില്ലെന്നും മറ്റും. എന്നാൽ സംന്യാസ ഗ്രഹണത്തിനു മുമ്പു കൈകാര്യം ചെയ്തിരുന്ന ത്രിവിധ അഗ്നികളെ ത്യജിക്കണമെന്നുമാത്രമാണതിന്റെ താത്പര്യം)

7. ജീവിതാഹ്ലാദമോ മരണദുഃഖമോ കാര്യമാക്കാതെ അനുസരണയുള്ള ഭൃത്യൻ തന്റെ യജമാനന്റെ ആഗമനം പ്രതീക്ഷിക്കുന്നതുപോലെ കലാഗതിയേയും മൃത്യുവിനെയും കരുതണം.

8. തന്നെക്കൊണ്ട് ഒരെറുമ്പിനുപോലും ശല്യമുണ്ടാവാത്തവിധം സംന്യാസി പ്രശാന്തനായിരിക്കണം. സത്യം മാത്രം ഉപദേശി

ക്കുക. വ്യവഹാരത്തിൽ ഏർപ്പെടേണ്ടിവന്നാൽ അന്തഃകരണ ശുദ്ധിയോടുകൂടി മാത്രമാവട്ടെ.

9. സംസാരയാത്രയിൽ ആത്മനിഷ്ഠസ്ഥിതനായിരിക്കുക. ഏതു കാര്യത്തിലും തനിയ്ക്കെന്നു ഒരപേക്ഷയുമില്ലാതെ ആത്മസന്തുഷ്ടനായി ചുറ്റും കൂടുന്നവർക്കും ആത്മ നിഷ്ഠമായ ആശ്വാസവും ആനന്ദവും പകർന്നുകൊടുക്കുക.

10. തലമുണ്ഡനം, നഖച്ഛേദനം എന്നിവ യഥാസമയം ചെയ്തും കാവിമുക്കിയ വസ്ത്രം ധരിച്ചുകൊണ്ട് നിരുപദ്രവഭാവത്തിൽ സഞ്ചരിക്കുക.

11. ദുരാഗ്രഹങ്ങളിൽനിന്ന് ഇന്ദ്രിയങ്ങളെ നിരോധിച്ചുകൊണ്ട്, രാഗദ്വേഷാദിദോഷങ്ങൾ തീണ്ടാതെ സമസ്തജീവികൾക്കും സന്തോഷപ്രദനായി സഞ്ചരിക്കുന്ന സംന്യാസി പരമപുരുഷാർത്ഥമെന്ന മോക്ഷം പ്രാപിക്കുന്നു.

12. കേവലം പുറം ചിഹ്നങ്ങളെക്കൊണ്ട് മാത്രം ആരും സംന്യാസിയാണെന്ന് അഭിമാനിക്കേണ്ട. നിർമ്മലി വൃക്ഷഫലംകൊണ്ട് ജലം ശുദ്ധമാവുന്നതുപോലെ അതിന്റെ പേരു പറഞ്ഞതുകൊണ്ടു ശുദ്ധമാവുന്നില്ല. നിർമ്മലിക്കായ് അരച്ച് വെള്ളത്തിൽ കലക്കുമ്പോൾ ജലം ശുദ്ധമാവുന്നതുപോലെ ആശ്രമധർമ്മമനുസരിച്ച് ആചരിച്ചാലേ സഫലമാവൂ. അതത് ആശ്രമജീവിതവും പരിശുദ്ധമാവൂ സഫലമാവൂ.

13. സംന്യാസി സദാ സമചിത്തനും ജീവികളിൽ സ്നേഹവും കാരുണ്യവുമുള്ളവനുമായിരിക്കണം. ലൗകികരായ ജനങ്ങളുടെ നിന്ദയും സ്തുതിയും സംന്യാസിക്കു ബാധകമാവരുത്.

14. സംന്യാസി യോഗശാസ്ത്രമനുസരിച്ച് ഏഴ് വ്യാഹൃതികൾക്കു മുമ്പു പ്രാണായാമ മന്ത്രം ഏഴ് ഉരു മനസാ ജപിച്ചുകൊണ്ട് പ്രാണായാമം ചെയ്യുക. അത് ഉൽക്കൃഷ്ട തപസ്സാണ്.

15. ധാതുക്കളെ അഗ്നിയിൽ തപിപ്പിച്ച് മാലിന്യമകറ്റി ശുദ്ധമാക്കുന്നതുപോലെ പ്രാണ നിയന്ത്രണം കൊണ്ട് ഇന്ദ്രിയ ദോഷങ്ങൾ അകറ്റപ്പെടുന്നു.

16. അതിനാൽ സംന്യാസിമാർ പ്രാണായാമംകൊണ്ട് ഇന്ദ്രിയദോഷങ്ങളെയും സത്യതത്വധാരണകൊണ്ട് അന്തഃകരണമാലിന്യത്തെയും പ്രത്യാഹാരം (വിഷയങ്ങളിലേക്കു ഓടിക്കൊണ്ടിരി

ക്കുന്ന മനസ്സിനെ അടക്കുന്നതു) കൊണ്ട് സമ്പർക്കദോഷ ത്തെയും ധ്യാനംകൊണ്ട് അവിദ്യാജന്യമായ മമാകാര ദോഷ ങ്ങളും, അനീശ്വര ദോഷഭാവങ്ങളും ത്യജിച്ച് നിഷ്പക്ഷമാം വിധം ഐശ്വരഗുണങ്ങളെക്കൊണ്ട് ബ്രഹ്മനിഷ്ഠനായിരി ക്കുക.

17. സർവ്വ ജീവജാലങ്ങളിലും, സമസ്തസ്ഥാവര ജംഗമങ്ങളിലും സർവ്വാന്തര്യാമിയായി പ്രകാശിക്കുന്ന പരമാത്മാവിന്റെ ഗതിയും ആസ്തിക്യവും ധ്യാനയോഗംകൊണ്ട് സംന്യാസി അനുഭവ പ്പെടുത്തിയിരിക്കണം.

18. ആവുന്നത്ര ഷഡ്ദർശനങ്ങൾ അഭ്യസിച്ച് ജ്ഞാനം സമ്പാദിച്ച സംന്യാസി ദുഷ്ക്കർമ്മങ്ങളാൽ ബദ്ധനാവുകയില്ല. ധർമ്മാനു ഷ്ഠാനം, സത്സംഗം, യോഗജ്ഞാനാഭ്യാസം—ഇവയില്ലാതെ സംന്യാസം ഗ്രഹിക്കുന്നതു വ്യർത്ഥമെന്നുമാത്രമല്ല അധർമ്മവും ആസുരവുമാണ്.

19. യഥാവിധി സംന്യാസം ഗ്രഹിച്ചവർ ഈ ജന്മത്തിൽത്തന്നെ സന്തുഷ്ടനും കാരുണ്യപൂർണ്ണനും, മുക്തനുമായി ഭവിക്കുന്നു.

20. യാതൊരു പദാർത്ഥത്തിലും പ്രത്യേക ആഗ്രഹങ്ങളൊന്നുമി ല്ലാത്ത സംന്യാസി സദാ സുഖസ്വരൂപനാകുന്നു.

21. അദ്ദേഹം ദ്വന്ദ്വഭാവങ്ങളിൽനിന്നു മുക്തനായി ബ്രഹ്മനിഷ്ഠനാ യിരിക്കുന്നു.

22. സത്യതത്വം അറിയാനുള്ള തീവ്രഇച്ഛകൊണ്ട് വിവിദിഷാസം ന്യാസം സ്വീകരിക്കുന്നവരും സത്സംഗം ബ്രഹ്മവിദ്യാശ്രവണം മനനം, ജപതപാദികൾ, തത്വവിചാരം—ഇവയാൽ വിദ്വൽസം ന്യാസപദവിയിലെത്തി പരമഗുരുവായി സർവ്വർക്കും അഭയ പ്രദനായി ഭവിക്കുന്നു.

23. ഈ ക്രമപ്രകാരം ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യാദി വർഗ്ഗങ്ങ ളെല്ലാം സംന്യാസ സംസ്കാരം ഗ്രഹിച്ച് സർവ്വപാപങ്ങ ളിൽനിന്നും വിമോചിതരായി ഇഹത്തിലും പരത്തിലും സുഖി കളായി പരബ്രഹ്മത്തെ പ്രാപിക്കുന്നു.

# 12. സംന്യാസദീക്ഷ

പൂർവ്വാശ്രമങ്ങളിൽ സ്വധർമ്മാനുസൃതം അനുഷ്ഠിച്ചു സൽകർമ്മങ്ങളും, സത്സംഗം, സ്വാദ്ധ്യായം, ഈശ്വരോപാസനം തുടങ്ങിയ സാധനാനുഷ്ഠാനുങ്ങളുംകൊണ്ട് ത്രികരണശുദ്ധിസമ്പാദിക്കുന്ന പുണ്യാത്മാവ് സംന്യാസദീക്ഷയ്ക്ക് അർഹനാവുന്നുവെന്നതാണ് സാമാന്യനിയമം.

ലൗകികജീവിതത്തിൽ എല്ലാ രംഗങ്ങളിലും നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകന്മാരും ആചാര്യന്മാരും ഉണ്ടായിരിക്കുന്നതുപോലെ ഏതിനും ഒരു മാർഗ്ഗദർശിവേണം. ആദ്ധ്യാത്മികജീവിതത്തിന് ആദ്ധ്യാത്മിക ഗുരു ആവശ്യമെന്നല്ല അത്യന്താവശ്യമാകുന്നു. പഞ്ചേന്ദ്രിയ വിഷയങ്ങളായ പ്രാപഞ്ചിക പഠനത്തെപ്പോലെയല്ല അവയ്ക്കു വിപരിതമായ ആദ്ധ്യാത്മികവും ആധിദൈവികവുമായ ആത്മജ്ഞാനം. അതിനാൽ ശ്രോത്രിയനും ബ്രഹ്മനിഷ്ഠനുമായ ഒരു സദ്ഗുരുവിൽനിന്നു സംന്യാസദീക്ഷ ഗ്രഹിക്കുന്നതാണുത്തമം. ഇവിടെയാണ് നമ്മുടെ ആർഷമായ ഗുരു-ശിഷ്യബന്ധത്തിന്റെ മഹത്വം അനുഭവപ്പെടുന്നത്.

സംന്യാസദീക്ഷയ്ക്ക് സമീപിക്കുന്ന ശിഷ്യന്റെ പൂർവ്വസംസ്കാരവും തദനുസൃതമായ ഗുണദോഷങ്ങളും കണക്കാക്കി സദ്ഗുരു ഒരു മന്ത്രോപദേശം ചെയ്യുന്നു. ശിഷ്യന്റെ മനപ്പാകതയനുസരിച്ച് ഏതാനും ദിവസങ്ങളോ ആഴ്ചകളോ, മാസങ്ങളോ തന്നെ മന്ത്രപുരശ്ചരണം ചെയ്യുന്നതോടൊപ്പം ഗുരുമുഖത്തുനിന്നു ബ്രഹ്മജ്ഞാനം ശ്രവിച്ച് മനനനിദിദ്ധ്യാസങ്ങൾവഴി അതു സ്വാത്മീകരിക്കുകയും വേണം.

ഈ സന്ദർഭത്തിലും ബ്രഹ്മചര്യവ്രതത്തിൽ പ്രതിജ്ഞാബദ്ധനായിരിക്കും:-

പ്രഭാതം ബ്രാഹ്മമുഹൂർത്തത്തിനുമുമ്പേ ഞാൻ ഉണർന്ന് എഴുന്നേറ്റിരിക്കും.

നിശ്ചിതസമയങ്ങളിൽ യഥാക്രമം ആത്മസാധന ചെയ്യും.

അറിഞ്ഞോ അറിയാതെയോ മുമ്പുചെയ്ത തെറ്റുകളും കുറ്റങ്ങളും വിസ്മരിക്കും. അവ ഓർക്കാനിടയാവാത്തവിധം ആത്മനിഷ്ഠനാവും.

എനിക്കു നിശ്ചയിച്ചിട്ടുള്ള നിത്യകർത്തവ്യകർമ്മങ്ങൾ ശ്രദ്ധാപൂർവ്വം ചുറുചുറുപ്പോടുകൂടി ചെയ്യും.

ആരോടും ശത്രുഭാവംകാട്ടാതെ എല്ലാവരോടും സ്നേഹപൂർവ്വം സൗമ്യമായി സംസാരിക്കുകയും പെരുമാറുകയും ചെയ്യും. ആവശ്യത്തിനുമാത്രമേ സംസാരിക്കു.

മുൾച്ചെടികളിലെ മുള്ളിനെവകവയ്ക്കാതെ അവയിലെ പുഷ്പങ്ങളിൽ നിന്നു തേൻ നുകരുന്ന തേനീച്ചകളെപ്പോലെ ഞാൻ അന്യരുടെ ദോഷങ്ങളെക്കാണാതെ അവരിലുള്ള സൽഭാവം മാത്രം കാണട്ടെ.

ആവുന്നത്ര തെറ്റിദ്ധാരണകളും ആലസ്യവും അകറ്റി എപ്പോഴും പരമലക്ഷ്യത്തെ ഉന്നം വച്ചുകൊണ്ട് ഉന്മേഷവാനായി ഉത്സാഹപൂർവ്വം അദ്ധ്വാനിച്ചുകൊണ്ടിരിക്കും.

അത്യദ്ധ്വാനത്തിനു വിധേയമാകുന്ന മനസ്സിനെയും ശരീരത്തെയും സുസ്ഥിതിയിൽ നിലനിർത്തും.

എല്ലായ്പ്പോഴും വൈരാഗ്യപൂർവ്വം ആഗ്രഹങ്ങളെ നിയന്ത്രിച്ചും ധനസമ്പത്തുകളെ പാത്രമറിഞ്ഞു ദാനം ചെയ്തും ആത്മനിഷ്ഠയിൽ ഉറപ്പു വരുത്തും.

വൈരാഗ്യത്തിനും വിവേകത്തിനും സഹായകമല്ലാത്ത വിചാരവും പ്രവൃത്തിയും ചെയ്യുകയില്ല. ഇഷ്ടദേവതോപാസനത്തിലും ഗുരൂപദേശത്തിലും തീവ്രതയും ശ്രദ്ധയും ഉള്ളവനായിരിക്കും.

മനസാ, വാചാ, കർമ്മണാ ബ്രഹ്മചര്യവ്രതം പാലിക്കും. അംബപരാശക്തി സ്വരൂപമായി സ്ത്രീകളെയും പരമപിതാപരമേശ്വര പ്രതീകമായി പുരുഷന്മാരെയും കാണും.

മുമുക്ഷുക്കളായ പുണ്യാത്മാക്കൾ അർത്ഥവിചാരത്തോടുകൂടി ഉരുവിടുന്ന വൈദികമന്ത്രങ്ങളിൽ ചിലതാണ് ഇതോടൊപ്പം സാമാന്യസാരസഹിതം ചേർത്തിരിക്കുന്നത്. സംന്യാസ സംസ്കാരത്തിന്റെ അവസാനകർമ്മമായ 'വിരജാഹോമം' ചെയ്യുന്നതിനുമുമ്പ് സംന്യാസദീക്ഷവരിച്ച വ്യക്തി അർത്ഥം ഗ്രഹിച്ച് ചൊല്ലേണ്ടത്.

## ശാന്തിപാഠം

1. ഓം ആപ്യായന്തു മമാങ്കാനി വാക്ക് പ്രാണശ്ചക്ഷുഃ
ശ്രോത്രമഥോ ബലമിന്ദ്രിയാണി ച സർവ്വാണി
സർവ്വം ബ്രഹ്മൗപനിഷദം മാഹംബ്രഹ്മ
നിരാകുര്യം, മാ മാ ബ്രഹ്മ നിരാകരോദനിരാകരണമ
സ്ത്വനിരാകരണം മേ അസ്തു തദാത്മനി നിരതേയ
ഉപനിഷൽസു ധർമ്മാസ്തേ മയി സന്തു തേ മയി സന്തു
ഓം ശാന്തിഃ ശാന്തി ഃ ശാന്തിഃ

സാരം: സർവ്വേശ്വരാ! എന്റെ അവയവങ്ങൾ ബ്രഹ്മാംശഭാവത്തിൽ പുഷ്ടിപ്രാപിക്കട്ടെ, എന്റെ വാക്കും പ്രാണനും കണ്ണും ചെവിയും അതുപോലെ ബലവുംസർവ്വേന്ദ്രിയങ്ങളും പുഷ്ടി പ്രാപിക്കട്ടെ. ഇവയെല്ലാം ഉപനിഷദ് ധർമ്മത്തിലൂടെ അറിയപ്പെടുന്ന ബ്രഹ്മമാണ്. ഞാൻ ഒരിക്കലും ബ്രഹ്മത്തെ നിരാകരിക്കാതിരിക്കട്ടെ. ബ്രഹ്മം ഒരിക്കലും എന്നെ നിരാകരിക്കാതിരിക്കട്ടെ. ഇങ്ങനെ പരസ്പരം അനിരാകരണം (അനുപേക്ഷണീയഭാവം) നിലനിർത്തട്ടെ! എന്നിൽ അനിരാകരണം നിലനിൽക്കട്ടെ. ഉപനിഷത് പ്രോക്തമായ ധർമ്മങ്ങൾ എന്നിൽ പ്രകാശിച്ചുകൊണ്ടിരിക്കട്ടെ.

ഭഗവൻ! ആധിഭൗതികവും ആധ്യാത്മികവും ആധിദൈവികവുമായ ത്രിവിധ താപങ്ങൾക്കും ശാന്തിയുണ്ടാവട്ടെ!

2. ഓം പൂർണ്ണമദഃ പൂർണ്ണമിദം പൂർണ്ണാത് പൂർണ്ണമുദച്യതേ
പൂർണ്ണസ്യ പൂർണ്ണമാദായ പൂർണ്ണമേവാവശിഷ്യതേ

അത് (ഇഹത്തിന്നതീതമായിരിക്കുന്ന പരം) പൂർണ്ണമാകുന്നു. ഇത് (അതിൽ നിന്നും ഇഹത്തിൽ ജഗത്തായി വർത്തിക്കുന്ന ഇതും) പൂർണ്ണം. പൂർണ്ണത്തിൽനിന്നും പൂർണ്ണം ഉത്പന്നമാകുന്നു. പൂർണ്ണത്തിൽ നിന്നും പൂർണ്ണം എടുത്താലും പൂർണ്ണം തന്നെ അവശേഷിക്കുന്നു. മൂന്നു തരത്തിലുള്ള ദുഃഖങ്ങൾക്കും ശാന്തി ഉണ്ടാകുമാറാകട്ടെ.

## മേധാമന്ത്രം

1. മേധാ ദേവീ ജൂഷമാണാ ന ആഗദ്വിശ്വാചീ
ഭദ്രാ സുമനസ്യമാനാ
ത്വയാ ജൂഷ്ടാ ജൂഷമാണാ ദുരുക്താൻ ബൃഹദ്വദേമ
വിദഥേ സുവീരാഃ

അറിവിന്റെ അധിഷ്ടാനദേവതയ്ക്കു നമസ്കാരം. പ്രേമസ്വരൂപിണിയും, സർവ്വവ്യാപിയും നന്മ ചെയ്യുന്നവളും ഉത്തമ ഭാവത്തോടുകൂടിയവളും ആയ ജ്ഞാനശക്തി ഞങ്ങളിലേയ്ക്കു എഴുന്നള്ളി അനുഗ്രഹിക്കുമാറാകട്ടെ. പൂമന്ദഹാസമൊഴികളാൽ സന്തോഷനിർഭരരായ ഞങ്ങൾ നിന്തിരുവടിയാൽ അനുഗൃഹീതരായി ജ്ഞാനപ്രാപ്തരായി, ശിഷ്യരോടുകൂടി മഹത്തായ സത്യം ഓതുന്നവരായി ഭവിക്കട്ടെ.

2. ത്വയാ ജുഷ്ട ഋഷിർഭവതി ദേവി ത്വയാ ബ്രഹ്മാഗത
ശ്രീരുത ത്വയാ
ത്വയാ ജുഷ്ടശ്ചിത്രം വിന്ദതേ വസു സാ നോ
ജുഷസ്വ ദ്രവിണേന മേധേ

ഹേ ദേവീ! നിന്തിരുവടിയുടെ അനുഗ്രഹം സിദ്ധിച്ചവൻ ഋഷിയാവുന്നു. അവിടത്തെ അനുഗ്രഹത്തിനു പാത്രമായവൻ ബ്രഹ്മജ്ഞാനിയാകുന്നു; ദൈവീസമ്പത്തിന്റെ ഉടമയായിത്തീരുന്നു ആ അനുഗൃഹീതൻ ആകർഷകമായ സമ്പത്തുക്കളാൽ ഞങ്ങൾക്ക് ആനന്ദപ്രദമായ ദ്രവ്യം നൽകി അനുഗ്രഹിച്ചാലും

3. മേധാം മേ ഇന്ദ്രോദദാതു മേധാം ദേവീ സരസ്വതീ
മേധാം മേ അശ്വിനാവുഭാവാ ധത്താം പുഷ്കരസ്രജൗ

എനിക്ക് ഇന്ദ്രൻ അറിവു തന്നരുളട്ടെ, സരസ്വതീ ദേവി അറിവു തന്നനുഗ്രഹിക്കട്ടെ. ഇരുതരം താമരമാലകളാൽ വീഭൂഷിതരായ ഈ അശ്വിനീദേവതകളും എന്നെ വിവേകിയും ജ്ഞാനിയുമാക്കി അനുഗ്രഹിക്കട്ടെ.

4. അപ്സരാസു ച യാ മേധാ ഗന്ധർവ്വേഷു ച യന്മനഃ
ദൈവീ മേധാ സരസ്വതീ സാ മാം മേധാ
സുരഭിർജൂഷതാം സ്വാഹാ

അപ്സരസ്ത്രീകളിൽ ഏതൊരറിവുണ്ടോ ഗന്ധർവ്വന്മാരിൽ ഏതൊരറിവുണ്ടോ മനസ്ഥൈര്യമുണ്ടോ വേദം സത്യാന്വേഷണത്തിനുപയുക്തമായ സുഗന്ധപൂർണ്ണമായ ആ ജ്ഞാനം പ്രാപിക്കുവാൻ എന്നെ അനുഗ്രഹിച്ചാലും.

5. ആ മാം മേധാ സുരഭിർവിശ്വരൂപാ ഹിരണ്യവർണ്ണാ
ജഗതീ ജഗമ്യാ
ഊർജസ്വതീ പയസാ പിൻവമാനാ സാ മാം
മേധാം സുപ്രതീകാ ജൂഷതാം

സുഗന്ധപൂർണ്ണയും വിശ്വരൂപിണിയും, സുവർണ്ണലിപിബദ്ധയും, ഗവേഷണാഭിരുചി അരുളിക്കൊണ്ടിരിക്കുന്ന ജീവിക്കുന്നവരാൽ വീണ്ടും വീണ്ടും അന്വേഷിക്കപ്പെടുന്ന ഊർജ്ജസ്വരൂപിണിയായ ആ ജ്ഞാനാംബിക തന്റെ മുലപ്പാലൂട്ടി എന്നെ പോഷിപ്പിക്കുന്നവളായി വിരാജിക്കുമാറാകട്ടെ-എന്നിലെപ്പോഴും പ്രസന്നയായിരിക്കട്ടെ.

## ബ്രഹ്മമന്ത്രം (പഞ്ചവക്ത്രമന്ത്രം)

1. സദ്യോജാതം പ്രപദ്യാമി സദ്യോജാതായ വൈ നമോ നമഃ
ഭവേ ഭവേ നാതിഭവേ ഭവസ്വ മാം ഭവോദ് ഭവായ നമഃ

സദ്യോജാതനെ ശരണം പ്രാപിക്കുന്നു. ആത്മാർത്ഥമായി സദ്യോജാതനെ വീണ്ടും വീണ്ടും നമസ്കരിക്കുന്നു. ജന്മമൃത്യുക്കളിലേക്കു വീണ്ടും വീണ്ടും എന്നെ തള്ളിവിടാതെ അതിനെ അതിക്രമിച്ച ശാശ്വതസ്ഥിതിയിലേക്കു നയിക്കുവാൻ സദ്യോജാതനെ ഞാൻ പ്രാർത്ഥിക്കുന്നു.

ജീവോദ്ധാരണാർത്ഥം നവംനവമായി പ്രകാശിക്കുന്ന ശിവനെയാണ് ഇവിടെ സദ്യോജാതൻ എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. അതായത് ജന്മമൃത്യുക്കളുടേതായ സംസാരസാഗരത്തെ നിറയ്ക്കുന്ന ദേവത എന്നെ ഇതിൽ നിന്നും കരകേറ്റാനനുഗ്രഹിക്കട്ടെയെന്നു മന്ത്രസാരം.

2. വാമദേവായ നമോ ജ്യേഷ്ഠായ നമഃ ശ്രേഷ്ഠായ നമോ
രുദ്രായ നമഃ കാലായ നമഃ കലവികരണായ നമോ
ബലവികരണായ നമോ ബലായ നമോ
ബലപ്രമഥനായ നമഃ
സർവഭൂതദമനായ നമോ മനോന്മനായ നമഃ

ഔദാര്യനിധിയായ വാമദേവന് നമസ്കാരം. സൃഷ്ടിക്കുമുമ്പേയുള്ള മൂത്തമൂർത്തിക്കു നമസ്കാരം. ശ്രേഷ്ഠ ദേവതയ്ക്കു നമസ്കാരം. കാലദേവതയ്ക്കു നമസ്കാരം. പ്രകൃതി പരിണാമത്തിൽ പലപല മാറ്റങ്ങളുളവാക്കുന്ന ദേവതയ്ക്കു നമസ്കാരം. ബലവും വൈവിധ്യവുമുളവാക്കുന്ന ദേവതയ്ക്കു നമസ്കാരം. ബലത്തിന്റെ ആസ്ഥാനമേ നമസ്കാരം. പ്രളയത്തിൽ ബലത്തെ കേന്ദ്രീകരിക്കുന്ന ദേവന് നമസ്കാരം. സമസ്ത സൃഷ്ടിയുടെയും അധിപതിക്കു നമസ്കാരം. അന്തഃകരണദേവതയക്കു നമസ്കാരം.

3. അഘോരേഭ്യോ/ഥ ഘോരേഭ്യോ ഘോരഘോരതരേഭ്യഃ
സർവതഃ ശർവ സർവേഭ്യോ നമസ്തേ അസ്തു രുദ്രരൂപേഭ്യഃ

നന്മയുളവാക്കുന്നതായും തിന്മയുളവാക്കുന്നതായും അത്ഭുതകരവും ഭയാനകവുമായ സംഭവങ്ങൾ ഉളവാക്കുന്നവനുമായിരിക്കുന്ന അങ്ങയുടെ എല്ലാവിധരൗദ്രഭാവങ്ങൾക്കും ഹേ മംഗളസ്വരുപ! ഞാൻ എക്കാലത്തും എതവസ്ഥയിലും നമസ്കരിക്കുന്നവനായി ഭവിക്കട്ടെ!

4. തൽപുരുഷായ വിദ്മഹേ മഹാദേവായ ധീമഹീ
തന്നോ രുദ്രഃ പ്രചോദയാത്

ആ പരമപുരുഷനെ നാം അറിയുമാറാകട്ടെ; ആ മഹാദേവനെ ധ്യാനിക്കുമാറാകട്ടെ; ആ രുദ്രഭഗവാൻ നമ്മെ ധ്യാനനിഷ്ഠരാവാൻ പ്രചോദിപ്പിക്കട്ടെ (ശിവോപാസകർ ഇതിനെ രുദ്രഗായത്രി, ശിവഗായത്രി എന്നീ പേരുകളിൽ ധ്യാനമന്ത്രമായി ദീക്ഷിക്കുന്നു.)

5. ഈശാനഃ സർവവിദ്യാനാമീശ്വരഃ സർവഭൂതാനാം
ബ്രഹ്മാധിപതിർ ബ്രഹ്മമണോ/ധിപതിർ ബ്രഹ്മാ
ശിവോ മേ അസ്തു സദാശിവോം !!

സമസ്തവിദ്യകൾക്കും അധിപതിയും സർവ്വജീവരാശികൾക്കും ഈശ്വരനും ചതുർവ്വേദങ്ങൾക്കധിപതിയും സൃഷ്ടികർത്താവിന്നധിപതിയും ആയ പരബ്രഹ്മൻ! അവിടുന്നു എന്നിൽ ശാശ്വതമംഗളത്തെ ചെയ്യുന്ന ഓങ്കാര സ്വരൂപനായി അനുഭവപ്പെടട്ടെ.

## ത്രിസുപർണ്ണ മന്ത്രം

1. ബ്രഹ്മമേതു മാം മധുമേതുമാം ബ്രഹ്മമേവ
മധുമേതു മാം യാസ്തേ സോമ പ്രജാ വത്സോ/ഭി
സോ അഹം ദുഷ്വപ്നഹൻ ദൂരുഷ് ഷഹ യാസ്തേ
സോമ പ്രാണാം സ്താഞ്ജൂ ഹോമി

(ലൗകികമായ അഭിരുചികളെല്ലാം ദൈവീകാഭി നിവേശങ്ങളാക്കി മാറ്റുന്നതിനെ ത്രിസുപർണ്ണം എന്നു പറയുന്നു.)

ദുഃഖപൂർണ്ണമായ പ്രാപഞ്ചികജീവിതം ദീർഘമായ ഒരു ദുഃസ്വപ്നം.

പരബ്രഹ്മം എന്നെ ഏറ്റുകൊള്ളണമേ; മധുരപദാർത്ഥങ്ങൾ ഏറ്റുകൊള്ളട്ടെ; മധുരം മധുരംമാത്രമായ ബ്രഹ്മമേ എന്നെ ഏൽക്കേണമെ! ഹേ സർവ്വേശ്വരാ! അങ്ങയുടെ പ്രജകളിൽപ്പെട്ട എന്നെ ഈ ദുഃസ്വപ്നത്തിൽനിന്നും മോചിപ്പിച്ച് ദുഃഖനിവൃത്തനാക്കേണമേ. അങ്ങേയ്ക്കു പ്രിയമായ ശ്വാസങ്ങളെ (പ്രാണനെയും മനോഭാവത്തെയും) ഇതാ നിവേദിക്കുന്നു.

2. ത്രിസുപർണ്ണമയാചിതം ബ്രാഹ്മണായ ദദ്യാത്
ബ്രഹ്മഹത്യാം വാ ഏതേ ഘ്നന്തി യേ ബ്രാഹ്മണാ
സ്ത്രിസുപർണ്ണം പഠന്തി തേ സോമം പ്രാപ്നുവന്തി
ആസഹസ്രാത് പംക്തിം പുനന്തി !! ഓം

ഗുരുവിന്റെ അടുത്തുവന്നു അപേക്ഷിക്കുന്നവർക്കുമാത്രം ആത്മോപദേശം ചെയ്യണം. എന്നാൽ ലൗകികജീവിതത്തെ ദൈവീജീവിതമാക്കി മാറ്റാൻ വെമ്പൽകൊള്ളുന്ന സജ്ജനങ്ങൾക്കും തത്വോപദേശം ചെയ്യാം.)

ത്രിസുപർണ്ണത്തെ അറിഞ്ഞ് ആവശ്യപ്പെടാത്തവർക്കും ഉപദേശിക്കാം ത്രിസുപർണ്ണമന്ത്രസിദ്ധി വരുത്തിയവന്റെ ബ്രഹ്മഹത്യാദിപാപങ്ങളും നശിക്കുന്നു. അവർ മാത്രമല്ല. അവരുടെ കൂടെ സമ്പർക്കപ്പെടുന്നവരും സംശുദ്ധരാവുന്നു. ഓങ്കാരത്തോടു ത്രിസുപണ്ണർ ഐക്യപ്പെടുന്നു.

3. ഓം ബ്രഹ്മമേധയാ മധുമേധയാ ബ്രഹ്മമേവ മധുമേധയാ!!

ബ്രഹ്മത്തെ മേധാ (അതിസൂക്ഷമായ അറിവുകൊണ്ട്) ശക്തികൊണ്ട് പ്രാപിക്കുന്നു. അനശ്വരസുഖം മേധാശക്തികൊണ്ട് പ്രാപിക്കുന്നു. അനശ്വരാനന്ദസ്വരൂപമായ പരബ്രഹ്മം ശുദ്ധമേധാശക്തികൊണ്ട് അനുഭവപ്പെടുന്നു.

4. അദ്യാനോദേവ സവിതഃ പ്രജാവത്സാവീഃ സൗഭഗം !
പരാദുഃഷ്വപ്നിയം സുവ !! വിശ്വാനിദേവ സവിതർദുരി
താനി പരാസുവഃ യദ്ഭദ്രം തന്മ ആസുവ !!

ഓരോ ജീവനും അതതിന്റെ കർമ്മവാസനയനുസരിച്ച് ഉപാധി (ശരീരം) കൊടുത്തരുളുന്ന ദേവാ! ജ്ഞാന ജനനമെന്ന സൗഭാഗ്യം നൽകി അനുഗ്രഹിച്ചാലും ലൗകിക ജീവിതമെന്ന മായാസ്വപ്നം ഞങ്ങളെ വിട്ടുമാറട്ടെ. ഉത്പത്തിയുടെ കാരണസ്വരൂപാ! എല്ലാ പാപങ്ങളിൽ നിന്നും അകറ്റി എനിക്കു ഭദ്രമായതേതോ അതുമാത്രം തന്നുനുഗ്രഹിക്കുമാറാകണേ.

5. മധുവാതാ ഋതായതെ ! മധുക്ഷരന്തി സിന്ധവഃ !
മാധ്വീർനഃ സന്ത്വോഷധീഃ !! മധുനക്തമുതോഷസി
മധുമത് പാർഥിവം രജഃ മധുദ്യൗരസ്തുനഃ പിതാ!!
മധുമാന്നോ വനസ്പതിർമധുമാനേസ്തു സൂര്യഃ!
മാധ്വീർഗാവോ ഭവന്തു നഃ !!

സത്യവസ്തുവെ ആശ്രയിക്കുന്നവന്നനുകൂലമായി കാറ്റു വീശട്ടെ. നദികൾ അനുകൂലമായി ഒഴുകട്ടെ. ഔഷധികൾ നമുക്കു മധുരമായി ഭവിക്കട്ടെ. രാത്രിയും പകലും ഒരുപോലെ മധുരോദാരമായി ഭവിക്കട്ടെ. ഭൂമിയിലെ പൊടിപടലങ്ങൾ മധുരപ്രദമായി ഭവിക്കട്ടെ. പാല വൃക്ഷങ്ങൾ നമുക്കു മധുരപ്രദമായിരിക്കട്ടെ, സൂര്യൻ നമുക്കു സന്തോഷമൂട്ടുന്നതായിരിക്കട്ടെ. പശുക്കൾ നമുക്കു മധുരം പ്രദാനം ചെയ്യട്ടെ.

6. യ ഇമം ത്രിസുപർണ്ണമയാചിതം ബ്രാഹ്മണായദദ്യാത് !
ഭ്രൂണഹത്യാം വാ ഏതേഘ്നന്തി ! യേ ബ്രാഹ്മാസ്ത്രീ സുപർണ്ണം
പഠന്തി ! തേ സോമം പ്രാപ്നുവന്തി ! ആ സഹസ്രാൽ
പംക്തിം പുനന്തി !! ഓം !!

ഈ ത്രിസുപർണ്ണത്തെ ശ്രവണാധികാരിഭേദം നോക്കാതെ ചൊല്ലികേൾപ്പിക്കാം, താൽപര്യം ഉള്ളവരെയും ഇല്ലാത്തവരെയും ശ്രവിപ്പിക്കാം. പലവിധ പാപങ്ങളിൽ നിന്നും അങ്ങനെ പലരും രക്ഷപ്പെടട്ടെ. പവിത്രമാനസരാക്കിത്തീർക്കുന്ന ത്രിസുപർണ്ണം പ്രണവസ്വരൂപമാകുന്നു.

7. ഓം ബ്രഹ്മമേധവാ ! മധുമേധവാ, ബ്രഹ്മമേവ മധുമേധവാ
ബ്രഹ്മാ ദേവാനാം പദവീഃ കവീനാമൃഷിർ വിപ്രാണാം
മഹിഷോമൃഗാണാം ! ശ്യേനോ ഗൃധ്രാണാം സ്വധിതിർവ
നാനാം സോമഃ പവിത്രമത്യേതി ! രേഭൻ !

ബ്രഹ്മം യാഗത്താൽ (ത്യാഗത്താൽ) പ്രാപിക്കപ്പെടുന്നു. മാധുര്യവും മധുരബ്രഹ്മവും യാഗത്താൽ പ്രാപിക്കപ്പെടുന്നു. ദേവതകളിൽ വച്ച് ബ്രഹ്മവും കവികളിൽ വച്ച് വാഗീശ്വരനും പഠിപ്പും അറിവും ഉള്ളവരിൽ വച്ച് ഋഷിയും, മൃഗങ്ങളിൽ വച്ച് എരുമയും, പറവകളിൽ വച്ച് ഗരുഡനും, നശീകരണായുധങ്ങളിൽ വച്ച് കോടാലിയും യാഗങ്ങളിൽ വച്ച് സോമവും--ഇവയെല്ലാമായി പവിത്രശബ്ദബ്രഹ്മമായി അതിനെയും അതിവർത്തിക്കുന്നതു ബ്രഹ്മം.

8. ഹംസഃ ശുചിഷദ്വസുരന്തരിക്ഷസദ്ധോതാ വേദി ഷദതിഥിർ
ദുരോണസത് ! നൃഷദ്വരസദൃതസദ്വ്യോമസദബ്ജാ
ഗോജാ ഋതജാ അദ്രിജാ ഋതം ബൃഹത്!!

പരവസ്തുവായ പരബ്രഹ്മം സ്ഥൂല-സൂക്ഷ്മങ്ങളായ സർവ്വ പദാർത്ഥങ്ങളിലും ആത്മസ്വരൂപമായി പ്രകാശിക്കുന്നു. ശുദ്ധാകാശത്തിൽ സഞ്ചരിക്കുന്ന സൂര്യൻ അന്തരീക്ഷത്തിലെ വായു, ഹോമകുണ്ഡത്തിലെ അഗ്നി, ഭൂമിയിൽ അമർന്നിരിക്കുന്ന യാജ്ഞികൻ, വീട്ടിൽ വന്നിരിക്കുന്ന അതിഥി, മനുഷ്യരിലും ദേവതകളിലുമിരിക്കുന്നവൻ, ഭരണിയിലിരിക്കുന്ന സോമപാനം, യാഗത്തിലിരിക്കുന്നവൻ, അന്തർമുഖനെന്നപോലെ ആകാശത്തിലേക്കും നോക്കിയിരിക്കുന്നവൻ, ജലത്തിൽ മത്സ്യാദിരൂപങ്ങളിൽ ആവിർഭവിച്ചവൻ, ഭൂമിയിൽ സസ്യശ്യാമളാഭമായി വിരാജിക്കുന്നവൻ, യജ്ഞത്തിൽ പ്രാദുർഭവിച്ചവൻ, ഗിരികളിൽ വൃക്ഷലതാദികളായും നദികളായും മറ്റും ഉത്ഭവിച്ചവർ എന്നിങ്ങനെ അത് (പരംപൊരുൾ) ഋതവും ബൃഹത്തുമായി പ്രകാശിക്കുന്നു.

9. ഋചേത്വാ രുചേത്വാ സമിത് സ്രവന്തി സരിതോ നധേനാഃ
അന്തർഹൃദാ മനസാ പൂയമാനാഃ
ഘൃതസ്യ ധാരാ അഭിചാ കശീമി !!

ഹോമാഗ്നിയിൽ വിറക് (സമിത്തുക്കളെ) കൊള്ളികളെ അടുക്കുന്നു. ഋഗ്വേദമയമായ വേദങ്ങളെ അറിയുകയെന്നതാണതിന്റെ ഉദ്ദേശം. ഈ അഗ്നിയിൽ ധാരമുറിയാതെ സമർപ്പിക്കുന്ന നെയ്യ് നദിപോലെ ഒഴുകുന്നു. അകം നിറഞ്ഞ പ്രേമത്തോടുകൂടിയാണ് ഈ സമർപ്പണം. അമൃതപാനത്തിനു സമാനംതന്നെ നദീജലം. ഇവമൂലം ജ്ഞാനജ്യോതി ജ്വലിപ്പിക്കുന്നു.

10. ഹിരണ്യയോ വേതസോ മദ്ധ്യ ആസാം! തസ്മിൻ
സുപർണോ മധുകൃൽകുലായീ ഭജന്നാസ്തെ മധു ദേവതാഭ്യഃ
തസ്യാസതേ ഹരയഃ സപ്തതീരേ സ്വധാം ദുഹാനാ
അമൃതസ്യ ധാരാം!!

ഈ ഹോമാഗ്നിയിൽ നിർല്ലോഭം ഒഴുകുന്ന നെയ്യ് (യജ്ഞാഹുതി) ജ്വലിച്ച് ജ്യോതിസ്സാവുന്നു. അതിൽ ത്രിസുപർണ്ണം എന്നു വിശേഷിപ്പിക്കുന്ന പരവസ്തു പൂർണ്ണ മഹിമാവോടുകൂടി എഴുന്നള്ളിയിരിക്കുന്നു. ഈ പരവസ്തു അനന്തകോടി ജീവരാശികളുടെ അന്തരംഗത്തിലും വിരാജിച്ചരുളുന്നു. അവരവരുടെ കർമ്മങ്ങൾക്കനുസൃതമായി സുഖ പ്രാപ്തിയുളവാക്കുന്നതും ഈ പരവസ്തുത

ന്നെ. ദേവതകളോടുകൂടി ഈ ഹോമാഗ്നിയിലെ ഹവിസ്സിനെ ഏല്ക്കുന്നതും അതേ പരംപൊരുൾ. അമൃതസ്വരുപമായ ഹവിസ്സ് അവിടുന്നു സ്വീകരിക്കുന്നു. ഇവിടെ സപ്തർഷികൾ സന്നിഹിതരായിരിക്കുന്നു. സങ്കല്പശക്തിക്കനുസൃതമായി ആ ഋഷികൾ നമ്മുടെ പാപങ്ങളകറ്റുന്നു. ജീവരാശികളുടെ നന്മയ്ക്കായി അമൃതത്തെ ഹവിസ്സായി അവർ ഈ ഹോമാഗ്നിയിൽ നിവേദിക്കുന്നു.

11. യ ഇദം ത്രിസുപർണ്ണമയാചിതം ബ്രാഹ്മണായ ദദ്യാത്
വീരഹത്യാം വാ ഏതേ ഘ്നന്തി ! യേ ബ്രാഹ്മണാസ്ത്രി
സുപർണ്ണം
പഠന്തി ! തേ സോമം പ്രാപ്നുവന്തി ! ആ സഹസ്രാത്
പങ്ക്തിം പുനന്തി!! ഓം

ആറാംമന്ത്രംപോലെ ഫലശ്രുതിപ്രദമായ താൽപര്യം തന്നെ ഈ മന്ത്രത്തിനും

# 13. വിരജാഹോമം

സംന്യാസ സംസ്കാരത്തിലെ കർമ്മങ്ങൾ ശ്രൗതവും സ്മാർത്തവുമായ രീതിയിൽ ഓരോ ഗുരുസമ്പ്രദായമനുസരിച്ച് നടത്താറുണ്ട്. ഇതുതന്നെ ആചാര്യനിർദ്ദേശാനുസരണം ശിഷ്യന്റെ പൂർവ്വസംസ്കാരവും മനപ്പാകതയും, പ്രായവും കണക്കാക്കി ദീർഘമോ ഹ്രസ്വമോ ആക്കാം. ഒരു മദ്ധ്യമസമ്പ്രദായത്തിലുള്ള 'വിരജാഹോമ' മന്ത്രങ്ങളാണ് ഇവിടെ ചേർക്കുന്നത്.

വിരജാഹോമത്തിനു മൂന്നു ദിവസം മുൻകൂട്ടി സംന്യാസയജ്ഞത്തിലെ യജമാനനായ ശിഷ്യൻ വ്രതവും ഉപവാസവും അനുഷ്ഠിക്കണമെന്നുണ്ട്. ഉപവാസമെന്നാൽ ഭക്ഷണം തീരെ ഉപേക്ഷിക്കണമെന്നല്ല താത്പര്യം. ശുദ്ധവും സാത്വികവുമായ അല്പാഹാരം കഴിച്ചുകൊണ്ട് പരബ്രഹ്മനിഷ്ഠനായിരിക്കുകയെന്നർത്ഥം. വിരജാഹോമം നടത്തുന്ന അവസാനദിവസം അർദ്ധരാത്രിയിൽത്തന്നെ എണീറ്റു പ്രഭാതകൃത്യങ്ങളൊക്കെ കഴിച്ച്, ആചാര്യനെ സാഷ്ടാംഗപ്രണാമം ചെയ്തിട്ട് യജ്ഞവേദിയെ വലംവച്ച് ആചാര്യന് അഭിമുഖമായിരിക്കണം. തുടർന്ന് ആചാര്യാനുജ്ഞപ്രകാരം ഹവനം ചെയ്യാം.

വിരജാഹോമത്തിനുള്ള സമിത്ത്, പശുവിൻ നെയ്യ്, തേൻ, നവധാന്യങ്ങൾ (യജ്ഞദ്രവ്യങ്ങൾ) മുതലായവ നേരത്തെതന്നെ ഒരുക്കിവച്ചിരിക്കണം. വിരജാഹോമത്തെപ്പറ്റിയും പരിചയപ്പെടുത്തുന്ന മട്ടിൽ സാമാന്യവിവരണം മാത്രമാണ് ഇവിടെ നൽകുന്നത്. സദ്ഗുരുസാന്നിദ്ധ്യത്തിൽ നടത്തുന്നതാണ് വിരജാഹോമം.

ബാഹ്യകർമ്മങ്ങൾ അനുഷ്ഠിക്കുമ്പോഴും സംന്യാസാർത്ഥിയുടെ പ്രധാനയോഗ്യതകളായ വിവേകവും വൈരാഗ്യവും ആത്മനിഷ്ഠയും സ്വാഭാവികമായും ഉത്തേജനാത്മകമായിരിക്കണം.

സംന്യാസം ഗ്രഹിക്കണമെന്ന് വിചാരിച്ച് ആദ്ധ്യാത്മികജീവിതം നയിച്ചിരുന്ന ഒരാൾ മരണശയ്യയിലായാലും അന്യദേശസഞ്ചാരത്തിനിടയ്ക്കു പെട്ടെന്നു മരണത്തെ അഭിമുഖികരിക്കുമ്പോഴും. അവരുടെ ജീവിതേച്ഛയനുസരിച്ച് ആചാര്യന്മാർ അവർക്ക്

ആപദ്ധർമ്മ (ആതുര) സംന്യാസദീക്ഷ വിധിയാംവണ്ണം ചെയ്ത് അനുഗ്രഹിക്കണമെന്നും ശാസ്ത്രവിധിയുണ്ട്. അതു തീർത്ഥസ്ഥാനത്തോ ജലത്തിലോ ആവാം.

## പ്രാർത്ഥന

ഓം അസതോ മാ സദ്ഗമയ !
തമസോ മാ ജ്യോതിർഗമയ !
മൃത്യോർ മാ അമൃതം ഗമയ !
ആവിരാവീർമ ഏധി രുദ്രഃ യത്തേ
ദക്ഷിണം മുഖം തേന മാം പാഹി നിത്യം !

ഹേ പരമാത്മൻ! അസത്യത്തിൽനിന്ന് എന്നെ സത്യ വസ്തുവിലേയ്ക്കു നയിച്ചാലും. അജ്ഞാനാന്ധകാരത്തിൽ നിന്നു ജ്ഞാനസ്വരൂപത്തിലേയ്ക്കു എന്നെ കൊണ്ടുചെല്ലേണമെ. ജന്മ-മൃത്യുസ്വരുപമായ ഈ സംസാരത്തിൽ നിന്ന് ആത്മസ്വരൂപമായ അമരത്വത്തിലേയ്ക്ക് എന്നെ നയിക്കേണമേ. ജ്യോതിബ്രഹ്മസ്വരുപമേ എനിക്കു ദർശനം നൽകി അനുഗ്രഹിച്ചാലും ഹേ രുദ്രസ്വരൂപാ! അവിടത്തെ കൃപാ നിർഭരമായ മുഖം എന്നെ എപ്പോഴും സംരക്ഷിക്കുമാറാകണേ.

## സങ്കല്പ മന്ത്രം

ഓം അദ്യ ആത്മനോ മോക്ഷാർത്ഥം ജഗദ്ധിതായ ച
(സംന്യാസാശ്രമ ഗ്രഹണാർത്ഥം) പുരോവസ്ഥിതേ
ദക്ഷിണാമൂർത്ത്യാഗ്നൗ വിരജാഹോമമഹം കരിഷ്യേ

കയ്യിൽ ഒരു കടുക്കായ് വച്ചുകൊണ്ട് ഇപ്രകാരം സങ്കല്പം ചെയ്യുക. ഓം ഇന്ന് ആത്മമോക്ഷത്തിനായും ജഗത്ഹിത്തിനായും സംന്യാസാശ്രമം ഗ്രഹിക്കുന്നതിനായി എതിരെ ജ്വലിക്കുന്ന ദക്ഷിണാമൂർത്തി നാമാഗ്നിയിൽ (ഇവിടെ സമ്പ്രദായഗുരുനാഥനാമവുമാവാം) ഞാൻ വിരജാഹോമം ചെയ്യുന്നു.

യദ്ജാഗ്രതോ ദൂരം ഉദൈതിദൈവം
തദു സുപ്തസ്യ തഥൈവേതി ദൂരംഗമം
ജ്യോതിഷാം ജ്യോതിരേകം തന്മേ മനഃ ശിവ സങ്കല്പമസ്തു.

ജാഗ്രതാവസ്ഥയിലും സ്വപ്നാവസ്ഥയിലും ഉദിക്കുന്നസങ്കല്പങ്ങൾ ആത്മചൈതന്യപ്രകാശനിർഭരമായി ഉത്തമ നന്മകളായി ഭവിക്കട്ടെ.

## ആഹുതി മന്ത്രം

1. **ഓം അഗ്നയേ സ്വാഹാ:-** അഗ്നിഭഗവാന് നമസ്കാരം. ഹോമാഗ്നിയിൽ നെയ്യ്, നവധാന്യങ്ങൾ എന്നിവ അത്യന്തം ശ്രദ്ധയോടുകൂടി ക്രമപ്രകാരം ആഹൂതി ചെയ്യണം. ദേവതകൾക്ക് ആഹൂതി സമർപ്പിക്കുമ്പോൾ 'സ്വാഹാ' എന്നും പിതൃക്കൾക്കു പിണ്ഡം നിവേദിക്കുമ്പോൾ 'സ്വധാ' എന്നും ചൊല്ലപ്പെടുന്നു. നാനോന്മുഖമായി സംസ്കരിക്കപ്പെട്ട സ്വജീവിതം തികച്ചും ഐശ്വരമാക്കുകയെന്നതു യജ്ഞത്തിന്റെ ഉദ്ദേശ്യം.

   ജഡപദാർത്ഥങ്ങളായ പൃഥിവ്യാദി പഞ്ചഭൂതങ്ങളെ ആത്മചൈതന്യങ്ങളായി കരുതുന്നതും നല്ല സാധനയാകുന്നു.

2. **ഓം വിശ്വേഭ്യോ ദേവേഭ്യഃസ്വാഹാ:-** അഖിലാണ്ഡങ്ങളിലുമുള്ള ദേവതകൾക്കും ഈ ആരാധന പ്രിയപ്പെട്ടതാവട്ടെ; ദേവതകളെല്ലാം ഈ ഹോമയജ്ഞത്താൽ പ്രസാദിക്കട്ടെ.

   ദേവഗണങ്ങളെ ബ്രഹ്മസ്വരൂപമായി കാണുന്നതും ആത്മസാധനതന്നെ.

3. **ഓം ധ്രുവായ ഭൂമായ സ്വാഹാ:-** എവിടെയും എപ്പോഴും പൂർണ്ണമായിരിക്കുന്ന പരിപൂർണ്ണസ്വരുപന് നമസ്കാരം.

4. **ഓം ധ്രുവക്ഷിതയേ സ്വാഹാ:-** ഭൂലോകത്തിലെ വാസസ്ഥാനങ്ങൾ നിലയില്ലാത്തതാണെങ്കിലും അവയ്ക്കും നമസ്കാരം.

5. **ഓം അച്യുതക്ഷിതയേ സ്വാഹാ:-** ഒരിക്കലും നാശമില്ലാത്ത മോക്ഷമെന്ന പരമധാമത്തിനു നമസ്കാരം.

6. **ഓം അഗ്നയേ സ്വിഷ്ടകൃതേ സ്വാഹാ:-** വേണ്ടവിധം ജ്വലിപ്പിച്ച (അനുഷ്ഠിക്കപ്പെട്ട) ഹോമാഗ്നിക്കു നമസ്കാരം - ഒരു സംന്യാസി ഏതും എന്തും എവിടെയും ചെയ്യുന്നതെല്ലാം അറ്റകുറ്റമില്ലാതെയാവണമെന്നു താത്പര്യം.

7. **ഓം ധർമ്മായ സ്വാഹാ:-** ധർമ്മത്തെ ഈശ്വരനിൽ സമർപ്പിക്കുന്നു.

8. **ഓം അധർമ്മായ സ്വാഹാ:-** അധർമ്മത്തെ ഈശ്വരങ്കൽ സമർപ്പിക്കുന്നു. നന്മതിന്മകളെല്ലാം പരവസ്തുവിങ്കൽ ചേർത്തു കഴിയുമ്പോൾ അവയെല്ലാം ബ്രഹ്മമയമാവുന്നു.

9. **ഓം അദ്ഭ്യഃ സ്വാഹാ:-** ജലാശയങ്ങളെല്ലാം പരമാത്മാവിങ്കൽ സമർപ്പിക്കുന്നു. ജലത്തിലും ശുദ്ധാശുദ്ധങ്ങൾ ഉണ്ടെങ്കിലും അവയെല്ലാം ബ്രഹ്മത്തിൽ ലയിക്കുമ്പോൾ പരമ പവിത്രം.

10. **ഓം ഓഷധി വനസ്പതിഭ്യഃ സ്വാഹാ:-** ഔഷധവീര്യമുള്ള ചെടികൊടികൾക്കും വനത്തിലെ വൃക്ഷലതാദികൾക്കും നമസ്കാരം.

11. **ഓം രക്ഷോദേവജനേഭ്യഃ സ്വാഹാ:-** രാക്ഷസദേവ സമുദായങ്ങൾക്കു നമസ്കാരം. ലൗകികമായി ഇവരിൽ ഭേദം ഉണ്ടാവുമെന്നത് ന്യായം. എന്നാൽ സംന്യാസിമാർക്ക് ഇവർ തമ്മിലുള്ള ധ്രുവാന്തരഭേദഭാവമില്ല. എല്ലാം ബ്രഹ്മമയം.

12. **ഓം ഗൃഹ്യാഭ്യഃ സ്വാഹാ:-** ഗൃഹദേവതകൾക്കു നമസ്കാരം.

13. **ഓം അവസാനേഭ്യഃ സ്വാഹാ:-** കരഗ്രാമദേവതകൾക്കു നമസ്കാരം.

14. **ഓം അവസാനപതിഭ്യഃ സ്വാഹാ:-** ഗൃഹത്തിന്നടുത്തും ചുറ്റുമുള്ള ദേവതകളുടെ നാഥനായുള്ളോവേ അവടിത്തേക്കു നമസ്കാരം.

15. **ഓം സർവ്വഭൂതേഭ്യഃ സ്വാഹാ:-** പൃഥിവ്യാദി പഞ്ചഭൂതങ്ങളെ ഭരിക്കുന്ന ദേവതകൾ വിജയിപ്പൂതാക!

16. **ഓം കാമായ സ്വാഹാ:-** കാമദേവതയായ മന്മഥനു നമസ്കാരം (കാമദേവനെ ബ്രഹ്മസ്വരൂപമായി കാണുന്നവൻ കാമത്തിന്നടിമപ്പെടുകയില്ല.)

17. **ഓം അന്തരീക്ഷായ സ്വാഹാ:-** ചുറ്റും വീശിക്കൊണ്ടിരിക്കുന്ന വായുവിനു നമസ്കാരം.

18. **ഓം യദേജതി ജഗതി യച്ച ചേഷ്ടതി നാമ്നോ ഭാഗോഽയം നാമ്നേ സ്വാഹാ:-** ജഗത്തിൽ ജഡപദാർത്ഥമായും ചേതനസ്വരൂപമായും വർത്തിക്കുന്നതെന്തോ അതു നമ്മുടെ നല്ല സമ്പത്ത്. ഈ നാമത്തിനു നമസ്കാരം. (പൂജനീയരായവരെ കേവല നാമം കൊണ്ട് വിളിക്കാറില്ല. ബഹുമാന സൂചകമായി 'അദ്ദേഹം' 'അങ്ങ്' എന്നെല്ലാം പറയുന്നു. പരവസ്തുവിനെ 'അത്' എന്നും പറയാമെന്നു താത്പര്യം.)

19. **ഓം പൃഥിവ്യൈ സ്വാഹാ:-** ഭൂതലത്തിനു നമസ്കാരം

20. **ഓം അന്തരീക്ഷായ സ്വാഹാ:-** വാനംവാസികളായ ദേവതകൾക്ക് വന്ദനം (ഭൂലോകത്തിനും സ്വർഗ്ഗത്തിനും മദ്ധ്യേയുള്ള സ്ഥാനമാണിത്.)

21. **ഓം ദിവേ സ്വാഹാ:-** ഊർദ്ധ്വലോകമായ സ്വർഗ്ഗത്തിനു നമസ്കാരം.

22. **ഓം സൂര്യായ സ്വാഹാ:-** സൂര്യന് സ്വാഹാ.

23. **ഓം ചന്ദ്രമസേ സ്വാഹാ:-** ചന്ദ്രന് സ്വാഹാ.

24. **ഓം നക്ഷത്രേഭ്യഃ സ്വാഹാ:-** നക്ഷത്രങ്ങൾക്കു സ്വാഹാ.

25. **ഓം ഇന്ദ്രായ സ്വാഹാ:-** ഇന്ദ്രനു നിവേദിക്കുന്നു.

26. **ഓം ബൃഹസ്പതയേ സ്വാഹാ:-** ബൃഹസ്പതിക്കു സ്വാഹാ (ദേവന്മാരുടെ ഗുരു ബൃഹസ്പതി)

27. **ഓം പ്രജാപതയേ സ്വാഹാ:-** പ്രജാപതിക്കു സ്വാഹാ.

28. **ഓം ബ്രഹ്മണേ സ്വാഹാ:-** ചതുർമ്മുഖ സ്വരൂപനായ ബ്രഹ്മാവിന് സ്വാഹാ.

29. **ഓം സ്വധാ പിതൃഭ്യഃ സ്വാഹാ:-** തലമുറകൾക്കു മുൻപ് ദിവംഗതരായ പൂർവ്വീകരെ ദേവന്മാർക്കു തുല്യരായി കാണണം. അവർക്കു സ്വാഹാ എന്നുച്ചരിച്ച് ആഹൂതി ചെയ്യാം.

30. **ഓം നമോ രുദ്രായ പശുപതയേ സ്വാഹാ:-** രുദ്രനായ പശുപതിക്കു നമസ്കാരം അർപ്പിക്കുന്നു.

31. **ഓം ദേവേഭ്യഃ സ്വാഹാ:-** ദേവന്മാർക്കു സ്വാഹാ.

32. **ഓം പിതൃഭ്യഃ സ്വധാഽസ്തു :-** പിതൃക്കൾക്കു സ്വധാ അർപ്പിക്കുന്നു.

33. **ഓം ഭൂതേഭ്യോ നമഃ :-** ഭൂതഗണങ്ങളായ ദേവതകൾക്കു നമസ്കാരം.

34. **ഓം മനുഷ്യേഭ്യോ ഹന്താ:-** മനുഷ്യർക്കു വന്ദനം.

35. **ഓം പ്രജാപതയേ സ്വാഹാ:-** ജീവരാശികളുടെ അധിപതിക്കു സ്വാഹാ.

36. **ഓം പരമേഷ്ഠിനേ സ്വാഹാ:-** ബ്രഹ്മലോകത്തിൽ വിരാജിക്കുന്ന ബ്രഹ്മാവിനു സ്വാഹാ.

37. **ഓം യഥാകൂപഃ ശതധാരഃ സഹസ്രധാരോ അക്ഷിതഃ !**

**ഏവാ മേ അസ്തു ധാന്യം സഹസ്രധാരമക്ഷിതം!!**

**ധനധാന്യൈ സ്വാഹാ!!**

നൂറ്റുക്കണക്കിനും ആയിരംക്കണക്കിനും ഊറ്റുറവകളുള്ള കിണറുകളും അതുപോലെ അളവില്ലാത്ത പലതരം ധാന്യങ്ങളും മുട്ടുകൂടാതെ വിളഞ്ഞുകൊണ്ടിരിക്കട്ടെ. അങ്ങനെ ധാന്യങ്ങൾക്കും സമ്പത്തിനും അധിഷ്ഠാനദേവതയായുള്ളോവേ നമസ്കാരം.

38. **ഓം യേ ഭൂതാഃ പ്രചരന്തി ദിവാനക്തം, ബലിമിച്ഛന്തി വിതുദസ്യ പ്രേഷ്യഃ ! തേഭ്യോ ബലിം പുഷ്ടികാമോ ഹരാമി മയി പുഷ്ടിം പുഷ്ടിപതിർദധാതു സ്വാഹാ!!**

പ്രപഞ്ചത്തിലെ സംഹാരാത്മകമായ, ദുഃഖ-ദുരിതങ്ങളുടെയെല്ലാം രൗദ്രമൂർത്തിമംഗളസ്വരൂപനായ ഭഗവാൻ ശിവന്റെ രുദ്രഭാവത്തിൽ രുദ്രന്റേതായ ഭൂതഗണങ്ങളും പീഡനസ്വരൂപങ്ങളായിത്തീരുന്നു. ഈശ്വരന്റെ നിഗ്രഹാനുഗ്രഹവൃത്തികളെല്ലാം ആത്യന്തികമായി ജീവന്മാരുടെ ശുദ്ധീകരണമായിത്തീരുന്നു.

ഈ മന്ത്രത്തിന്റെ സാരമിതാണ്. രുദ്രന്റെ പരിചാരകന്മാരായ ഭൂതഗണങ്ങൾ രാത്രിയും പകലും ഭക്ഷണത്തിനായി അലഞ്ഞുതിരിയുമ്പോൾ എന്റെ ഈ സമർപ്പണം അവരിൽ ചെന്നുചേരട്ടെ. പുഷ്ടിപതിയായ ഭഗവാൻ എനിക്കു അതിനുള്ള സൗഭാഗ്യം തന്നനുഗ്രഹിക്കുമാറാകട്ടെ.

39. **ഓം ബുധേ സ്വാഹാ:-** വിശപ്പിന്റെ സ്വരൂപത്തിലിരിക്കുന്ന ബ്രഹ്മത്തിനു നമസ്കാരം.

40. **ഓം ക്ഷുത്പിപാസായ സ്വാഹാ:-** വിശപ്പും ദാഹവും കുറെയൊക്കെ സഹിക്കാൻ ശീലിക്കുന്നതും ആത്മസാധനയ്ക്കാവശ്യം. സഹിക്കുന്നതിനിടയ്ക്ക് അതിനെയും ബ്രഹ്മസ്വരുപമായറിയുന്നത് ഏറ്റവും ഉത്തമം.

41. **ഓം വിവിട്യൈ സ്വാഹാ:-** സർവ്വത്തിലും പൂർണ്ണസ്വരൂപമായി വിളങ്ങുന്ന അറിവെന്ന ദൈവത്തിനു നമസ്കാരം.

42. **ഓം ഋഗ്വിധാനായ സ്വാഹാ:**- ഋഗ്വേദ, മന്ത്രങ്ങൾ സ്തുതിക്കപ്പെടട്ടെ.

43. **ഓം കഷോൽക്കായ സ്വാഹാ:**- പരമേശ്വരന് സ്വാഹാ.

44. **ഓം ക്ഷുത് പിപാസാമലാം ജ്യേഷ്ഠാമലക്ഷ്മീം നാശയാമ്യഹം!**
**അഭൂതിമസമൃദ്ധിം ച സർവ്വാന്നിർണ്ണുദ മേ പാപ്മാനം സ്വാഹാ!**

വിശപ്പ്, ദാഹം എന്നീ മാലിന്യങ്ങളെയും, മൂത്തവളായ മൂധേവിയെയും, ലക്ഷ്മിയല്ലാത്തവളെയും, ദാരിദ്ര്യത്തെയും, ആത്മഭാവത്തിനു വിലങ്ങായിവരുന്ന എല്ലാറ്റിനെയും അനായാസം അകറ്റപ്പെടട്ടെ--സ്വാഹാ.

അമംഗലമായവയും, വേണ്ടപ്പെടാത്തവയും തിന്മകളുളവാക്കുന്നവയും, ഊർദ്ധഗതിക്കു പ്രതിബന്ധമായിരിക്കുന്നവയും മറ്റും സംന്യാസിയെ തീണ്ടാതിരിക്കട്ടെ.

45. **ഓം പ്രാണാപാന വ്യാനോദാന സമാനാമേ ശുദ്ധ്യന്താം!**
**ജ്യോതിരഹം വിരജാ വിപാപ്മാഭൂയാസം സ്വാഹാ!!**

പ്രാണൻ, അപാനൻ, വ്യാനൻ, ഉദാനൻ, സമാനൻ എന്നീ പഞ്ചപ്രാണന്മാരും സംശുദ്ധമായി ഭവിക്കട്ടെ. ഞാൻ ജ്യോതിർമയനും മാലിന്യമില്ലാത്തവനും, ആഗ്രഹങ്ങളില്ലാത്തവനും പാപമില്ലാത്തവനുമായി ഭവിക്കട്ടെ.

46. **ഓം വാങ്മനശ്ചക്ഷുഃ ശ്രോത്രജിഹ്വാഘ്രാണരേതോ**
**ബുദ്ധ്യാകൂതിഃ സങ്കല്പാ മേ ശുദ്ധ്യന്താം ജ്യോതിരഹം**
**വിരജാ വിപാപ്മാ ഭൂയാസം സ്വാഹാ!!**

വാക്ക്, മനം, കണ്ണ്, ചെവി, നാക്ക്, മൂക്ക്, ബിന്ദു (ബുദ്ധി), സങ്കല്പം എന്നിവ ശുദ്ധിപ്രാപിക്കട്ടെ; ഞാൻ ജ്യോതിർമ്മയനും മാലിന്യമറ്റവനും ദുഃഖരഹിതനും ആയി ഭവിക്കട്ടെ.

47. **ഓം ത്വക് ചർമ്മ മാംസ രുധിര മേദോ മജ്ജാ**
**സ്നായവോ അസ്ഥീനി**
**മേ ശുദ്ധ്യന്താം ജ്യോതിരഹം വിരജാ വിപാപ്മാ**
**ഭൂയാസം സ്വാഹാ!!**

എന്റെ ശരീരത്തിലെ തൊലി, മാംസം, രക്തം, കൊഴുപ്പ്, മജ്ജ, നാഡി ഞരമ്പുകൾ, അസ്ഥി ഇത്യാദി ശുദ്ധമാവട്ടെ. ഞാൻ ജ്യോതിർമ്മയനും മാലിന്യമില്ലാത്തവനും ആഗ്രഹങ്ങളറ്റവനും പാപരഹിതനുമായി ഭവിക്കട്ടെ.

48. **ഓം ശിരഃപാണി പാദപാർശ്വ പൃഷ്ടോരുദര ജങ്ഘാ ശിശ്നോപസ്തപായവോ മേ ശുദ്ധ്യന്താം ജ്യോതിരഹം വിരജാവിപാപ്മാ ഭൂയാസം സ്വാഹാ!!**

എന്റെ തല, കൈ, കാൽ (പാദം), പാർശ്വനാഡികൾ, തുട, വയ റ്, കണങ്കാൽ, ആൺ-പെൺ ജനനേന്ദ്രിയങ്ങൾ, ഉപസ്ഥം, പയ്വാദി എല്ലാ അവയങ്ങളും ആത്മഭാവത്തിൽ ശുദ്ധമാവട്ടെ. ജ്യോതിസ്വരൂപനും പാപരഹിതനും ആശയറ്റവനുമായ എന്നിൽ ശുദ്ധഭാവം ഉണരട്ടെ.

49. **ഓം ഉത്തിഷ്ഠം പുരുഷ ഹരിതപിംഗല ലോഹിതാക്ഷി ദേഹി ദേഹി ദദാപയിതാ മേ ശുദ്ധ്യന്താം ജോതിരഹം വിരജാ വിപാപ്മാ ഭൂയാസം സ്വാഹാ!!**

പരമാത്മൻ! ഉള്ളിലിരുന്നുകൊണ്ട് പച്ച, സുവർണ്ണ നിറങ്ങ ളോടും ചുവന്ന കണ്ണുകളോടും കൂടി നൽകുക. നൽകിയനുഗ്ര ഹിക്കണേ എന്നു പ്രേരിപ്പിക്കുന്ന പുരുഷൻ, എണീറ്റിരുന്ന് എന്നെ ശുദ്ധദാതാവാക്കിത്തീർക്കട്ടെ. ആ ഈ ഞാൻ ജ്യോതി സ്വരൂപൻ, മാലിന്യം പറ്റാത്ത ശുദ്ധസ്വരുപൻ.

50. **ഓം പൃഥിവ്യപ്തേജോ വായുരാകാശാ മേ ശുദ്ധ്യന്താം ജ്യോതിരഹം വിരജാ വിപാപ്മാ ഭൂയാസം സ്വാഹാ!!**

പൃഥിവി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങ ളുടെ ശുദ്ധാംശങ്ങൾ മാത്രം എന്റെ ജീവിതത്തിനു പ്രേരക മായി ഭവിക്കട്ടെ. ആത്മജ്യോതിയും മലിനമേശാത്തവനും കേടു പാടുകളില്ലാത്തവനുമായി ഭവിക്കട്ടെ.

51. **ഓം ശബ്ദസ്പർശ രൂപ രസഗന്ധാ മേ ശുദ്ധ്യന്താം ജ്യോതിരഹം വിരജാ വിപാപ്മാ ഭൂയാസം സ്വാഹാ!!**

ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം മുതലായ തന്മാത്രകൾ എന്നിൽ എപ്പോഴും ശുദ്ധീകരണസ്ഥിതിയിലിരിക്കട്ടെ ആത്മ ജ്യോതിയും അഴുക്കില്ലാത്തവനുമായ എന്നെ യാതൊന്നിനും പങ്കിലമാക്കാനാവാതിരിക്കേണമേ.

52. **ഓം മനോ വാക്ക് കായകർമ്മാണി മേ ശുദ്ധ്യന്താം ജ്യോതിരഹം വിരജാ വിപാപ്മാ ഭൂയാസം സ്വാഹാ!!**

മനസ്സ്, വാക്ക്, ശരീരം എന്നിവ സദാ പുണ്യ നിർഭരമായിരിക്കട്ടെ. ഞാൻ ജ്വലിക്കുന്ന ജ്യോതി, വിക്ഷിപ്താവരണങ്ങൾ വിലകട്ടെ, തിന്മകൾക്കെല്ലാമതീതനായിത്തീർന്നവൻ-സ്വാഹാ.

53. **ഓം അവ്യക്ത ഭാവൈരഹങ്കാരൈ ജ്യോതിരഹം വിരജാ വിപാപ്മാ ഭൂയാസം സ്വാഹാ!!**

അഹങ്കാരം ഏതൊരു പരിതഃസ്ഥിതിയിലും എന്നിൽ തലയുയർത്താതിരിക്കട്ടെ. ആത്മാവായ ശുദ്ധസ്വരൂപനാണ്, പ്രകാശദീപമാണ് ഞാൻ. (ശരീരത്തെ താൻ എന്നു കരുതുന്നത് അഹങ്കാരം) ഒരു സാധകൻ സൂക്ഷ്മ സ്വരൂപമായ അഹങ്കാരത്തിനു വശംവദനാവാതെ എപ്പോഴും കരുതലോടിരിക്കണമെന്നു താൽപര്യം.

54. **ഓം ആത്മാ മേ ശുദ്ധ്യന്താം ജ്യോതിരഹം വിരജാ വിപാപ്മാ ഭൂയാസം സ്വാഹാ!!**

ആത്മസ്വരൂപനായ ഞാൻ എല്ലാവിധത്തിലും സംശുദ്ധമായിരിക്കട്ടെ--സ്വാഹാ.

55. **ഓം അന്തരാത്മാമേ ശുദ്ധ്യന്താം ജ്യോതിരഹം വിരജാ വിപാപ്മാ ഭൂയാസം സ്വാഹാ!!**

അകത്തെ കരണങ്ങളെയാണ് ഇവിടെ അന്തരാത്മാപദംകൊണ്ട് സൂചിപ്പിക്കുന്നത് (അന്തഃകരണം) അവ എപ്പോഴും ശുദ്ധമായിരിക്കട്ടെയെന്നു താൽപര്യം.

56. **ഓം പരമാത്മാ മേ ശുദ്ധ്യന്താം. ജോതിരഹം വിരജാ വിപാപ്മാ ഭൂയാസം സ്വാഹാ!!**

പരമാത്മാവിനുയോജിച്ച പരമപവിത്രം എനിക്കു സ്വന്തം. തേജോമയനും നിർമ്മലനും പാപരഹിതനുമായിരിക്കട്ടെ--സ്വാഹാ.

57. **ഓം അന്നമയ പ്രാണമയ-മനോമയ-വിജ്ഞാനമയ മാനന്ദമയ-മാത്മാ മേ ശുദ്ധ്യന്താം ജ്യോതിരഹം വിരജാ വിപാപ്മാ ഭൂയാസം സ്വാഹാ!!**

അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയം എന്നീ നിലകളിൽ വർത്തിക്കുന്ന ഞാൻ—ശുദ്ധസ്വരൂപൻ—എന്നെ വലയം ചെയ്യുന്ന മലിനവസ്തുക്കളെല്ലാം ശുദ്ധമായി ഭവിക്കട്ടെ—സ്വാഹാ.

58. **ഓം ചിത്തേഷണ വിത്തേഷണ ലോകേഷണ ദാരേഷണ പുത്രേഷണ ശരീരേഷണ ലോമേഷണ ത്വചേഷണ അസ്ഥീഷണ സർവ്വേഷണ സംന്യസ്തോഽഹം ചിദാഭാസ തസ്മൈ ബ്രഹ്മണേ സ്വാഹാ!!**

ജീവവ്യക്തിത്വത്തിൽ ആശ അഥവാ അഭിമാനം പുലർത്തുകയെന്നത് ഇടുങ്ങിയനിലയിലായാലും വിശാല ഭാവത്തിലായാലും പാരമാർത്ഥികദൃഷ്ടിയിൽ അജ്ഞാനമാണ്. അതുപോലെ യശസ്സിൽ അഥവാ കീർത്തിയിൽ ആഗ്രഹിക്കുക, എന്റെ നാട്, ഭാഷ എന്നെല്ലാം ആശിക്കുന്നതും, തന്റെ ഭാര്യ, പുത്രൻ, ബന്ധുത്വാദികളിൽ അഭിമാനംകൊള്ളുന്നതും, ശരീരത്തിൽ വാസനദ്രവ്യങ്ങൾ പുരട്ടി മണമുള്ള ശരീരത്തിൽ അഭിമാനിക്കുന്നതും സംന്യാസിക്കു യോജിച്ചതല്ല. "അസ്ഥീഷണ"—അസ്ഥിപഞ്ജരമായ ശരീരത്തെ ശവത്തെ സുസ്ഥിരമാക്കിവയ്ക്കാൻ പലർക്കും ആശ. അഥവാ താൻ മരിച്ചശേഷം തന്റെ ശരീരത്തെ ദഹിപ്പിച്ചിട്ട് അസ്ഥികൾ ശേഖരിച്ചുവച്ച് പിൻഗാമികൾ വണങ്ങണമെന്ന ആശ, തന്റെ ശവത്തെ സമാധിയിലിരുത്തി ഭൂമിയിൽ പുതഞ്ഞുകിടക്കുന്ന എലുമ്പിൻ കൂട്ടിനെ നിത്യ-നിദാനപൂജ നടത്തണമെന്ന ആശ—ഈ വിധമുള്ള ആശകളെയും സമ്പൂർണ്ണ ത്യാഗം (സംന്യാസം) ചെയ്യുന്നു. പ്രതിബിംബിക്കുന്ന ചൈതന്യത്തെയും സംന്യസിക്കുന്നു. അവസാനം അവശേഷിക്കുന്ന ബ്രഹ്മത്തിനു—സ്വാഹാ.

59. **ഓം അഭയം സർവ്വഭൂതേഭ്യഃ മത്തഃ സർവ്വം പ്രവർത്തതേ സ്വാഹാ !!**

സർവ്വജീവരാശികൾക്കും എന്നിൽ നിന്ന് അഭയം അഥവാ സുരക്ഷിതത്വമുണ്ടാവട്ടെ—സ്വാഹാ.

60. **ഓം സ്വാഹാ !!**

ഹേ പരമാത്മൻ! സമസ്തവും അങ്ങയുടെതുമാത്രം അങ്ങ് മാത്രം.

61. **ഓം ഐം സർവ്വദേവദേവീസ്വരൂപായ !!**

ഇഷ്ടദേവതയും ഗുരുനാഥന്മാരും ആയി എന്നെ പാര

മാർത്ഥിക നിലയ്ക്കു നയിച്ച എല്ലാമെല്ലാം അവിടത്തെ പ്രതി രൂപങ്ങൾ—സ്വാഹാ.

**അഗ്നിദേവതയ്ക്കു നമസ്കാരം**

ഓം ഋതം സത്യം പരംബ്രഹ്മപുരുഷം കൃഷ്ണപിംഗലം
ഊർദ്ധ്വരേതം വിരൂപാക്ഷം വിശ്വരൂപായ വൈ നമഃ !!

ഓം പരബ്രഹ്മം പരമസത്യസ്വരൂപം, ശിവശക്തി ഐക്യസ്വ രൂപം, തേജസ്സും, ഓജസ്സുമുറ്റത്. മുക്കണ്ണോടുകൂടിയത് (മൂന്നു കാല ത്തെയും കണ്ടുകൊണ്ടിരിക്കുന്നവൻ—സൃഷ്ടി, സ്ഥിതി, ലയകാര ണസ്വരുപൻ) വിശ്വരൂപ സ്വരൂപത്തിലിരിക്കുന്ന ആ പരമപുരുഷന് നമസ്കാരം.

ഓം ഐം ക്ലീം ഹംസ

ഈ മന്ത്രം ഉച്ചരിച്ചുകൊണ്ട് യജ്ഞോപവീതം (പൂണൂൽ) മുറിക്കണം.

ഓം ഭൂർഭൂവഃ സ്വഃ സ്വാഹാ!

ഈ മന്ത്രം ഉച്ചരിച്ചുകൊണ്ട് യജ്ഞോപവീതം ഹോമാഗ്നി യിൽ സമർപ്പിക്കണം.

ഓം ബ്രഹ്മപുത്രീ ശിഖേ ത്വം ഹി ബാലരൂപാ തപസ്വിനീ
ദീയതേ പാവകേ സ്ഥാനം ഗച്ഛ ദേവീ നമോസ്തുതേ !!

ബ്രഹ്മചര്യാദീക്ഷയുടെ അടയാളമായി വച്ചിരുന്ന 'ശിഖ' ഈ മന്ത്രം ഉച്ചരിച്ചുകൊണ്ട് മുറിച്ച് നെയ്യിൽമുക്കി ഹോമാഗ്നിയിൽ സമർപ്പിക്കണം.

**ഗുരുപ്രണാമഃ**

ഓം യോ ബ്രഹ്മാണം വിദധാതി യോ വൈവേദാംശ്ച
പ്രഹിണോതി തസ്മൈ തം ഹ ദേവമാത്മബുദ്ധി
പ്രകാശം മമുക്ഷുർവൈ ശരണമഹം പ്രപദ്യേ!!

ബ്രഹ്മദേവനെ സൃഷ്ടിച്ച്, വീണ്ടും വേദങ്ങളെ ആ ബ്രഹ്മദേ വന് നൽകിയ അറിവിനെ ആത്മജ്ഞാനത്തിലേക്കുതിരിച്ചുവിടുന്ന ആ പരമഗുരുവിന്നായ്ക്കൊണ്ട് പ്രണാമം. മോക്ഷേച്ഛുവായ ഞാൻ തന്തിരുവടിയെ ശരണം പ്രാപിക്കുന്നു ഇത് എന്റെ ദൃഢനിശ്ചയം.

തുടർന്ന് സംന്യാസദീക്ഷ നൽകുന്ന ഗുരുനാഥൻ ശിഷ്യനെ തന്റെ അടുത്തേക്കു വിളിച്ചിരുത്തി പ്രേഷ മന്ത്രം, മഹാവാക്യം,

ഗായത്രീമന്ത്രം, ബ്രഹ്മമന്ത്രം എന്നിവ ശിഷ്യന്റെ മേധാബലത്തിന്നനു സൃതമായി ഉപദേശിക്കുന്നു. ഗോപ്യമായ ഈ മന്ത്രങ്ങൾ ഗുരുവി ങ്കൽനിന്നു ശ്രവിച്ച് ഗ്രഹിക്കേണ്ടതാകയാൽ ഇവിടെ എഴുതുന്നില്ല.

വിരജാഹോമാവസാനത്തിൽ പ്രേഷമന്ത്രം ഗ്രഹിച്ചിട്ടു കല ശത്തിൽ പൂജിച്ചുവച്ചിരിക്കുന്ന ജലത്താൽ അഭിഷേകം ചെയ്തിരി ക്കണം.

പിന്നീട് ഗുരുവിങ്കൽനിന്നു സംന്യാസവസ്ത്രവും ദണ്ഡ വും വിഭൂതിധാരണവും ഏറ്റ് പ്രദക്ഷീണംവച്ച് നമസ്കരിക്കണം. ഗുരുദക്ഷിണയും അപ്പോൾ സമർപ്പിക്കാം.

### സംന്യാസവസ്ത്ര (കൗപീന) ധാരണ മന്ത്രം

ഓം സഖാ മേ ഗോപായോജ സഖാംസി
ഇന്ദ്രസ്യവജ്രോ*ƒ*സി

### ദണ്ഡധാരണ മന്ത്രം

ഓം ഇന്ദ്രസ്യ വജ്രോ*ƒ*സി വാർത്രഘ്ന ശർമ്മ മേ ഭവ
യത്പാപം തന്നിവാരയ സഖാ മേ ഗോപായോജ

### വിഭൂതിധാരണ മന്ത്രം

ഓം ത്രയംബകം യജാമഹേ സുഗന്ധിം. പുഷ്ടിവർദ്ധനം
ഉർവാരുകമിവ ബന്ധനാൽ മൃത്യോർമുക്ഷീയ മാ*ƒ*മൃതാത്

### പൂർണ്ണാഹൂതിഃ

ശേഷിച്ച ഹോമദ്രവ്യങ്ങളെല്ലാം ഇരുകരത്തിലും താങ്ങി ഹോമാഗ്നിയിൽ പൂർണ്ണാഹൂതി അർപ്പിക്കുമ്പോൾ ശാന്തിമന്ത്രം ജപി ക്കുക—

ഓം പൂർണ്ണമദഃ പൂർണ്ണമിദം പൂർണ്ണാൽ പൂർണ്ണമുദച്യതേ
പൂർണ്ണസ്യ പൂർണ്ണമാദായ പൂർണ്ണമേവാവശിഷ്യതേ!!
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ
ഓം ബ്രഹ്മ ശാന്തിഃ ഓം വിഷ്ണു ശാന്തിഃ

### സ്നാനമന്ത്രം

ഓം ഭൂര സാവിത്രീം പ്രവിശാമി ! തത്സവിതുർ
വരേണ്യം ഭർഗ്ഗോദേവസ്യ ധീമഹി ധിയോയോനഃ
പ്രചോദയാത്

*ഓം ശാന്തിഃ ശാന്തിഃ ശാന്തി*



കേരളത്തിന്റെ ആധ്യാത്മിക, സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ അതുല്യമായ സാന്നിദ്ധ്യമാണ് സ്വാമി പരമേശ്വരാനന്ദ. 2006 ജൂലൈ 26-ാം തീയതി അദ്ദേഹത്തിന്റെ 86-ാം ജന്മദിനം ആഘോഷിക്കുകയാണ്. ആ പുണ്യദിനത്തോടനുബന്ധിച്ച് പുറത്തിറക്കുന്ന രണ്ടാംപതിപ്പായ സംന്യാസം, സംന്യാസി, സമുദായം എന്ന ഈ ഗ്രന്ഥം സംന്യാസ മാർഗ്ഗത്തെ സംബന്ധിച്ച കനപ്പെട്ട ലേഖനങ്ങളുടെ ഒരു സമാഹാരം കൂടിയാണ്.

ജ്ഞാനാനന്ദകുടീരം പ്രവർത്തകർ